വെളിച്ചം
സൗദി ഓൺലൈൻ
ഖുർആൻ പഠന പദ്ധതി

വെളിച്ചം സൗദി ഓൺലൈൻ ഖുർആൻ പഠന പദ്ധതി

ആറാംഘട്ടം

പാഠഭാഗം

സൂറ: അൻകബൂത്ത്, റൂം, ലുഖ്മാൻ

GET IT ON Google Play
Velicham Online

velichamsaudionline.com

സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ

Saudi Indian Islahi Center

facebook.com/velichamsaudionline youtube.com/velichamsaudionline

سورة العنكبوت

29. സൂറതുല്‍ അന്‍കബൂത്ത്

മക്കഃയില്‍ അവതരിച്ചത് - വചനങ്ങള്‍ 69 - വിഭാഗം (റുകൂഉ്) 7

(ആദ്യത്തെ 11 ആയത്തുകള്‍ മദീനഃയില്‍ അവതരിച്ചതാണെന്നും പറയപ്പെട്ടിട്ടുണ്ട്.)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തില്‍.

الٓمٓ ﴿١﴾

﴿1﴾ 'അലിഫ്- ലാം- മീം'

أَحَسِبَ ٱلنَّاسُ أَن يُتۡرَكُوٓاْ أَن يَقُولُوٓاْ ءَامَنَّا وَهُمۡ لَا يُفۡتَنُونَ ﴿٢﴾

﴿2﴾ 'ഞങ്ങള്‍ വിശ്വസിച്ചിരിക്കുന്നു' എന്ന് പറയുന്നത് കൊണ്ട് (മാത്രം)- തങ്ങള്‍ പരീക്ഷിക്കപ്പെടാതെ- വിട്ടുകളയപ്പെടുമെന്ന് മനുഷ്യര്‍ ധരിച്ചിരിക്കുന്നുവോ?!

وَلَقَدۡ فَتَنَّا ٱلَّذِينَ مِن قَبۡلِهِمۡۖ فَلَيَعۡلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُواْ وَلَيَعۡلَمَنَّ ٱلۡكَٰذِبِينَ ﴿٣﴾

﴿3﴾ തീര്‍ച്ചയായും, അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷണം ചെയ്തിട്ടുണ്ട്; അങ്ങനെ, സത്യം പറഞ്ഞവരെ അല്ലാഹു അറിയുകതന്നെ ചെയ്യും; വ്യാജം പറയുന്നവരെയും അവന്‍ അറിയും.

أَمۡ حَسِبَ ٱلَّذِينَ يَعۡمَلُونَ ٱلسَّيِّـَٔاتِ أَن يَسۡبِقُونَاۚ سَآءَ مَا يَحۡكُمُونَ ﴿٤﴾

﴿4﴾ അഥവാ, തിന്മകള്‍ പ്രവര്‍ത്തിക്കുന്നവര്‍ നമ്മെ (തോല്‍പിച്ചു) മുന്‍കടന്നു കളയാമെന്ന് ധരിച്ചിട്ടുണ്ടോ?! അവര്‍ വിധി കല്‍പിക്കുന്നത് എത്ര ചീത്ത!

﴾1﴿ الم 'അലിഫ്- ലാം- മീം' ﴾2﴿ أَحَسِبَ ധരിച്ചുവോ, കണക്കാക്കിയോ النَّاسُ മനു
ഷ്യർ أَنْ يُتْرَكُوا അവർ വിട്ടുകളയപ്പെടുമെന്ന്, ഉപേക്ഷിക്കപ്പെടുമെന്ന് أَنْ يَقُولُوا അവർ
പറയുന്നതിനാൽ آمَنَّا ഞങ്ങൾ വിശ്വസിച്ചു എന്ന് وَهُمْ لَا يُفْتَنُونَ അവർ പരീക്ഷിക്കപ്പെടാതെ
﴾3﴿ وَلَقَدْ فَتَنَّا തീർച്ചയായും നാം പരീക്ഷിച്ചിട്ടുണ്ട് الَّذِينَ യാതൊരു കൂട്ടരെ مِنْ قَبْلِهِمْ
അവരുടെ മുമ്പുള്ള فَلَيَعْلَمَنَّ اللَّهُ അങ്ങനെ അല്ലാഹു അറിയുകതന്നെ ചെയ്യും الَّذِينَ صَدَقُوا
സത്യം പറഞ്ഞവരെ وَلَيَعْلَمَنَّ അവൻ അറിയുകയും ചെയ്യും الْكَاذِبِينَ വ്യാജം പറയുന്ന
വരെ ﴾4﴿ أَمْ حَسِبَ അഥവാ ധരിച്ചുവോ الَّذِينَ يَعْمَلُونَ പ്രവർത്തിക്കുന്നവർ السَّيِّئَاتِ തിന്മ
കൾ, ദുഷ്പ്രവൃത്തികൾ أَنْ يَسْبِقُونَا നമ്മെ മുൻകടന്നു (തോൽപ്പിച്ചു) കളയുമെന്ന് سَاءَ
എത്ര ചീത്ത, വളരെ മോശം مَا يَحْكُمُونَ അവർ വിധി കൽപിക്കുന്നത്

ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ, സത്യവിശ്വാസം സ്വീകരിച്ച പല സ്വഹാബികൾക്കും മുശ്‌രിക്കുകളിൽനിന്ന് അനുഭവിക്കേണ്ടിവന്ന മർദ്ദനങ്ങളും അക്രമങ്ങളും പ്രസിദ്ധമാണല്ലോ. അമ്മാർ (റ), സ്വുഹൈബ് (റ), ബിലാൽ (റ) മുതലായ മഹാൻമാർ കൂടുതൽ കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടി വന്നവരായിരുന്നു. അങ്ങനെ വിവിധ തരത്തിലുള്ള പരീക്ഷണങ്ങൾക്ക് വിധേയരായ ആദ്യമുസ്‌ലിംകളുടെ കാര്യത്തിലാണ് ഈ വചനങ്ങൾ അവതരിച്ചത്. ഈ വിഷയത്തിൽ വ്യത്യസ്തങ്ങളായ രിവായത്തുകൾ കാണാമെങ്കിലും, അവയുടെ ആകെസാരം അതാണ്. ഒരു സംഭവത്തെക്കുറിച്ച് അവതരിക്കുന്ന ആയത്തുകളും, കൽപനകളും അത്പോലെയുള്ളതിനെല്ലാം ബാധകമാണെന്ന് പറയേണ്ടതില്ല. അത് കൊണ്ട് ഈ വചനങ്ങളിൽ അടങ്ങിയ പാഠങ്ങൾ എല്ലാ കാലത്തേക്കും ബാധകം തന്നെ.

വിശ്വസിച്ചിരിക്കുന്നുവെന്ന് വായകൊണ്ട് പറഞ്ഞതിന്റെ പേരിൽ മാത്രം ഒരാൾ വിശ്വാസിയാകുമെന്ന് ആരും ധരിക്കേണ്ടതില്ല. അതിന്റെ അടിസ്ഥാനത്തിൽ മാത്രം അയാളെ അല്ലാഹു വിട്ടുകളയുന്നതുമല്ല. വിശ്വാസികൾ പലവിധ പരീക്ഷണങ്ങളെയും നേരിടേണ്ടിവരും. മുമ്പുണ്ടായിരുന്ന സത്യവിശ്വാസികളും അങ്ങനെ പരീക്ഷണങ്ങൾക്ക് വിധേയരാകേണ്ടി വന്നിട്ടുണ്ട്. പരീക്ഷണത്തിൽ ക്ഷമയും, സഹനവും, സ്ഥിരചിത്തതയും കൈക്കൊള്ളുന്നത് കൊണ്ടാണ് വിശ്വാസം യഥാർത്ഥീകരിക്കുന്നതും, അതിന് ദാർഢ്യം വർദ്ധിക്കുന്നതും. യഥാർത്ഥ വിശ്വാസികളും, കപടൻമാരും ആരൊക്കെയാണെന്നും മറ്റുമുള്ള വസ്തുത അല്ലാഹുവിന് മുൻകൂട്ടിത്തന്നെ തികച്ചും അറിയാവുന്നതാണ്. എങ്കിലും, പരീക്ഷണങ്ങൾ മുഖേന സത്യവാദികളും, അസത്യവാദികളും തമ്മിൽ വ്യക്തമായി വേർതിരിയുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. എനി, പരീക്ഷണങ്ങൾക്ക് വിധേയരായിട്ടില്ലാത്ത കുറ്റവാളികളായ ആളുകൾ തൽക്കാലം രക്ഷപ്പെട്ടത് പോലെ മേലിലും തങ്ങൾ രക്ഷപ്പെടുമെന്നും, അങ്ങനെ തങ്ങളുടെ ദുഷ്ചെയ്തികളുടെ ഫലം അനുഭവിക്കാതെ അല്ലാഹുവിനെ തോൽപിച്ചു കളയാമെന്നും കരുതുന്നുണ്ടെങ്കിൽ, ആ വിചാരവും പരമാബദ്ധമാണ്. അല്ലാഹു അവരുടെ മേൽ തക്ക ശിക്ഷാനടപടി എടുക്കുക തന്നെ ചെയ്യും എന്നൊക്കെയാണ് ആയത്തുകളുടെ ചുരുക്കം.

ഹിജ്റഃ (സ്വരാജ്യം ത്യജിച്ചുപോകൽ), സമരം, ദേഹേച്ഛകൾ വർജ്ജിക്കൽ, നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാകൽ, അനുഷ്ഠാന കർമങ്ങൾ നിർവ്വഹിക്കൽ, ദേഹത്തിലും, ധനത്തിലും, മാനത്തിലും നേരിടുന്ന കഷ്ടനഷ്ടങ്ങൾ എന്നിങ്ങനെയുള്ള പല കാര്യങ്ങൾ മുഖേനയും സത്യവിശ്വാസികൾ പരീക്ഷിക്കപ്പെടുന്നതാകുന്നു. വിശ്വാസത്തിന്റെ ഏറ്റക്കുറവനുസരിച്ചായിരിക്കും പരീക്ഷണത്തിന്റെ ഏറ്റക്കുറവും. കൂടുതൽ പരീക്ഷണത്തിന് പാത്ര

മാകുന്നവർക്ക് അല്ലാഹു കൂടുതൽ പ്രതിഫലം നൽകുന്നതുമാകുന്നു. പല ഹദീഥുകളിലും നബിﷺ ഇക്കാര്യം ഉണർത്തിയിട്ടുള്ളത് കാണാം.

ഇമാം ബുഖാരി (റ)യും മറ്റും രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിന്റെ സാരം ഇപ്രകാരമാകുന്നു: ഖബ്ബാബ് (خباب بن الارت - رض) പറയുകയാണ്: ഞങ്ങൾക്ക് ക്വുറൈശികളുടെ മർദ്ദനം കഠിനമായിത്തീർന്നപ്പോൾ, ഞങ്ങൾക്ക് വേണ്ടി അവിടുന്ന് പ്രാർത്ഥിക്കുന്നില്ലേ, രക്ഷ തേടുന്നില്ലേ എന്നൊക്കെ ഞങ്ങൾ നബിﷺയോട് സങ്കടപ്പെടുകയുണ്ടായി. തിരുമേനി ഒരു പുതപ്പ് തലയണയാക്കിക്കൊണ്ട് കഅ്ബഃയുടെ നിഴലിൽ വിശ്രമിക്കുകയായിരുന്നു. അപ്പോൾ തിരുമേനി പറഞ്ഞു: 'നിങ്ങളുടെ മുമ്പ് (മുൻ സമുദായങ്ങളിൽ) ഒരാളെ പിടിച്ചു ഭൂമിയിൽ കുഴിവെട്ടി അതിൽ നിറുത്തി അവന്റെ തലയിൽ വാളുളി വെച്ചു അവനെ രണ്ട് പൊളിയാക്കുമായിരുന്നു; ഇരുമ്പിന്റെ ചീർപ്പുകൊണ്ട് അവന്റെ മാംസവും എല്ലുമല്ലാത്ത ഭാഗം മുഴുവനും വാർന്നെടുക്കുകയും ചെയ്തിരുന്നു. അതൊന്നുംതന്നെ അവന്റെ മതത്തിൽനിന്നും അവനെ തടയുമായിരുന്നില്ല. അല്ലാഹുവാണ സത്യം! ഒരു വാഹനക്കാരൻ (യമനിലെ) സ്വൻആഇൽ നിന്ന് ഹദ്വർമൗത്തിലേക്ക് *(*)* പോകുമ്പോൾ അല്ലാഹുവിനെയും, ആടുകളെ സംബന്ധിച്ച് ചെന്നായയെയും അല്ലാതെ മറ്റൊന്നും പേടിക്കാനില്ലാത്തവണ്ണം ഇക്കാര്യം (ഇസ്‌ലാമിന്റെ നില) പരിപൂർണമാകുകതന്നെ ചെയ്യും. പക്ഷേ, നിങ്ങൾ ധൃതിപ്പെടുകയാണ് ചെയ്യുന്നത്.' തിരുമേനിയുടെ ഈ പ്രവചനം അൽപ വർഷങ്ങൾക്കകം സാക്ഷാൽക്കരിക്കപ്പെട്ടുവെന്ന് പറയേണ്ടതില്ല.

വേറൊരു ഹദീഥിൽ നബിﷺ ഇപ്രകാരം അരുളിച്ചെയ്യുന്നു:

عجبا لأمر المؤمن إن أمره كله خير له وليس ذلك لأحد إلا للمؤمن إن أصابته سرّاء شكر فكان خيرا له وإن أصابته ضراء صبر فكان خيرا له - مسلم

"സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ കാര്യങ്ങളെല്ലാം അവന് ഗുണകരമാണ്. ഇത് സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കും ഇല്ലതന്നെ. അവന്നൊരു സന്തോഷകരമായ സംഭവം ബാധിച്ചാൽ അവൻ നന്ദികാണിക്കും. അങ്ങനെ അതവന് ഗുണകരമായിത്തീരുന്നു. അവന്നൊരു വിഷമസംഭവം ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു. അങ്ങനെ അതും അവന് ഗുണമായിത്തീരുന്നു."(മു.) മറ്റൊരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: 'മനുഷ്യൻ അവന്റെ മതപ്പറ്റനുസരിച്ച് പരീക്ഷണം ചെയ്യപ്പെടുന്നതാണ്. അവന് തന്റെ മതത്തിൽ ദൃഢതയുണ്ടെങ്കിൽ പരീക്ഷണത്തിലും അവന് വർദ്ധനവുണ്ടായിരിക്കും.'

يبتلى الرجل على حسب دينه فان كان فى دينه صلابة زيد له فى البلاء - حكاه ابن كثير وقال صحيح

مَن كَانَ يَرْجُوا۟ لِقَآءَ ٱللَّهِ فَإِنَّ أَجَلَ

﴾5﴿ ആരെങ്കിലും അല്ലാഹുവുമായി കണ്ടുമുട്ടുന്നതിന് ആശിക്കുന്നുവെങ്കിൽ (അഥവാ കാണുമെന്ന് പ്രതീക്ഷിക്കുന്നുവെങ്കിൽ), നിശ്ചയമായും അല്ലാഹുവിന്റെ (നിശ്ചിത) അവധി വരാനിരിക്കു

(*) صنعاء ൽ നിന്ന് حضرموت ലേക്ക് അക്കാലത്തുള്ള യാത്രാമാർഗം ഭയാനകമായിരുന്നു.

ٱللَّهِ لَـَٔاتٍۚ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ۝٥

ന്നത് തന്നെയാകുന്നു. അവനത്രെ (എല്ലാം) കേൾക്കുന്നവനും, അറിയുന്നവനും.

وَمَن جَـٰهَدَ فَإِنَّمَا يُجَـٰهِدُ لِنَفْسِهِۦٓۚ إِنَّ ٱللَّهَ لَغَنِىٌّ عَنِ ٱلْعَـٰلَمِينَ ۝٦

《6》 ആരെങ്കിലും സമരം ചെയ്യുന്നതായാൽ, അവന്ന് വേണ്ടിത്തന്നെയാണവൻ സമരം ചെയ്യുന്നത്. നിശ്ചയമായും, അല്ലാഹു ലോകരിൽ നിന്നും അനാശ്രയനാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ لَنُكَفِّرَنَّ عَنْهُمْ سَيِّـَٔاتِهِمْ وَلَنَجْزِيَنَّهُمْ أَحْسَنَ ٱلَّذِى كَانُوا۟ يَعْمَلُونَ ۝٧

《7》 വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവർക്ക് അവരുടെ തിന്മകളെ നാം (പൊറുത്തു) മായിച്ചു കൊടുക്കുക തന്നെ ചെയ്യുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെക്കാൾ മെച്ചപ്പെട്ടത് നാം അവർക്ക് പ്രതിഫലം നൽകുകയും ചെയ്യും.

《5》 مَنْ كَانَ ആരെങ്കിലും ആണെങ്കിൽ يَرْجُوا പ്രതീക്ഷിക്കുന്നു, ആശിക്കുന്നു (എങ്കിൽ) لِقَاءَاللهِ അല്ലാഹുവുമായി കണ്ടുമുട്ടുന്നതിന്, കാണുന്നതിനെ فَإِنَّ എന്നാൽ നിശ്ച യമായും أَجَلَ اللهِ അല്ലാഹുവിന്റെ അവധി لَآتٍ വരുന്നത് (വരാനിരിക്കുന്നത്) തന്നെ وَهُوَ അവൻ, അവനത്രെ السَّمِيعُ കേൾക്കുന്നവൻ الْعَلِيمُ അറിയുന്നവൻ 《6》 وَمَنْ جَاهَدَ ആരെ ങ്കിലും സമരം ചെയ്യുന്നതായാൽ فَإِنَّمَا يُجَاهِدُ നിശ്ചയമായും അവൻ സമരം ചെയ്യുന്നു لِنَفْسِهِ തനിക്ക് വേണ്ടിത്തന്നെ, അവന്റെ ആത്മാവിന് വേണ്ടി മാത്രം إِنَّ اللهَ നിശ്ചയമായും അല്ലാഹു لَغَنِيٌّ അനാശ്രയനാകുന്നു, ധന്യൻ തന്നെ عَنِ الْعَالَمِينَ ലോകരിൽനിന്ന്, ലോകരോട് 《7》 وَالَّذِينَ آمَنُوا വിശ്വസിച്ചിട്ടുള്ളവർ وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കയും ചെയ്ത لَنُكَفِّرَنَّ നാം മായിച്ചുകൊടുക്കുകതന്നെ ചെയ്യും, പൊറുക്കും, മൂടിവെക്കും عَنْهُمْ അവർക്ക് അവരിൽനിന്ന് سَيِّئَاتِهِمْ അവരുടെ തിന്മകളെ, ദുഷ്കർമങ്ങളെ وَلَنَجْزِيَنَّهُمْ അവർക്ക് നാം പ്രതിഫലം നൽകുകയും ചെയ്യും أَحْسَنَ الَّذِي യാതൊന്നിൽവെച്ച് നല്ലതിന്, യാതൊന്നിനെ ക്കാൾ മെച്ചമായത് كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചിരുന്ന

അല്ലാഹുവിനെ കണ്ടുമുട്ടണം, അവന്റെ പ്രീതിയും പ്രതിഫലവും ലഭിക്കണം എന്ന ആശയും, അതുണ്ടാകുമെന്ന പ്രതീക്ഷയും വല്ലവർക്കുമുണ്ടെങ്കിൽ, അത് വിദൂരമൊന്നുമല്ല; അതിനുള്ള അവധി ഇതാ ആസന്നമാണ്. അതിനുള്ള ഒരുക്കങ്ങൾ അവർ ചെയ്തുകൊള്ളട്ടെ. ദേഹംകൊണ്ടോ, ധനം കൊണ്ടോ ചെയ്യുന്ന എല്ലാ സമരങ്ങളും– ശത്രുക്കളുമായുള്ള

ധർമസമരമോ, ദേഹേച്ഛയോടോ, പിശാചിനോടോ ഉള്ള കർമസമരമോ ഏതായാലും ശരി-വാസ്തവത്തിൽ അത്, ചെയ്യുന്നവരുടെ തന്നെ ഗുണത്തിന് വേണ്ടിയുള്ളതാണ്; അതിന്റെ ഫലം അവർക്കല്ലാതെ മറ്റാർക്കുമല്ല. അല്ലാഹുവിന് അത് മൂലം യാതൊരു ഗുണവും ഉണ്ടാകാനില്ല. അവന് ആരുടെയും ആശ്രയമോ സഹായമോ ആവശ്യമില്ല. ശരിയായ വിശ്വാസത്തോടുകൂടി സൽക്കർമങ്ങൾ പ്രവർത്തിച്ചുവന്നിട്ടുള്ളവരിൽനിന്ന് ആ പ്രവർത്തനങ്ങൾ സ്വീകരിക്കുകമാത്രമല്ല അവൻ ചെയ്യുന്നത്; അവരുടെ പക്കൽ വന്നുപോയിട്ടുള്ള തെറ്റുകുറ്റങ്ങൾ മൂടിമറച്ചു മാപ്പാക്കിക്കൊടുക്കുകയും, അവരുടെ സൽപ്രവർത്തനങ്ങൾക്ക് ഏറ്റവും മികച്ച രീതിയിലുള്ള പ്രതിഫലം നൽകുകയും ചെയ്യുന്നതാകുന്നു.

7-ാം വചനത്തിലെ അവസാനഭാഗം (وَلَنَجْزِيَنَّهُمْ أَحْسَنَ الَّذِي كَانُوا يَعْمَلُونَ) രണ്ട് പ്രകാരത്തിൽ വിവക്ഷിക്കപ്പെടാവുന്നതാണ്: (1) സൽക്കർമങ്ങൾ പ്രവർത്തിക്കുന്നവർക്ക് അവരുടെ പ്രവർത്തനങ്ങളുടെ തോതിനെക്കാൾ കവിഞ്ഞ നിലക്കുള്ള പ്രതിഫലം അല്ലാഹു കൊടുക്കുന്നതാണ് എന്നും, (2) അവരുടെ പ്രവർത്തനങ്ങളിൽവെച്ച് ഏറ്റവും നല്ല കർമങ്ങളുടെ തോതനുസരിച്ച് മൊത്തത്തിൽ എല്ലാ കർമങ്ങൾക്കും നല്ല പ്രതിഫലം നൽകുമെന്നും. (كَمَا فِي الرازى)

وَوَصَّيْنَا ٱلْإِنسَٰنَ بِوَٰلِدَيْهِ حُسْنًا ۖ وَإِن جَٰهَدَاكَ لِتُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَآ ۚ إِلَىَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿٨﴾

(8) മനുഷ്യനോട് അവന്റെ മാതാപിതാക്കളെ സംബന്ധിച്ച്- (അവർക്ക്) നന്മ ചെയ്യാൻ -നാം ആജ്ഞ നൽകിയിരിക്കുന്നു; (ഹേ, മനുഷ്യാ) നിനക്ക് (യഥാർത്ഥത്തിൽ) യാതൊരു അറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്ക് ചേർക്കുന്നതിന് അവർ നിന്നോട് നിർബന്ധം ചെലുത്തുന്ന പക്ഷം നീ അവരെ (രണ്ടാളെയും) അനുസരിച്ചു പോകരുത്. എന്റെ അടുക്കലേക്കാണ് നിങ്ങളുടെ (എല്ലാവരുടെയും) മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങൾക്ക് വൃത്താന്തം അറിയിച്ചു തരുന്നതാകുന്നു.

وَٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَنُدْخِلَنَّهُمْ فِى ٱلصَّٰلِحِينَ ﴿٩﴾

(9) വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, നിശ്ചയമായും നാം അവരെ സദ്വൃത്തൻമാരിൽ ഉൾപ്പെടുത്തുന്നതാകുന്നു.

﴾8﴿ وَوَصَّيْنَا നാം വസിയ്യത്ത് ചെയ്തിരിക്കുന്നു, ആജ്ഞ (ശാസന, നിർദ്ദേശം) നൽകിയിരിക്കുന്നു الْإِنْسَانَ മനുഷ്യനോട് بِوَالِدَيْهِ അവന്റെ മാതാപിതാക്കളെപ്പറ്റി, حُسْنًا നന്മയെ, നന്മ ചെയ്യാൻ وَإِنْ جَاهَدَاكَ അവർ രണ്ടാളും നിന്നോട് നിർബന്ധം ചെലുത്തിയാൽ, ബുദ്ധിമുട്ടിച്ചാൽ لِتُشْرِكَ بِي നീ എന്നോട് പങ്കുചേർക്കുവാനായി مَا യാതൊന്നിനെ لَيْسَ لَكَ നിനക്കില്ല بِهِ അതിനെക്കുറിച്ച് عِلْمٌ ഒരറിവ്, വിവരം فَلَا تُطِعْهُمَا എന്നാൽ നീ അവരെ അനുസരിക്കരുത് إِلَيَّ എന്റെ അടുക്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടക്കം, മടക്കസ്ഥാനം فَأُنَبِّئُكُمْ അപ്പോൾ ഞാൻ നിങ്ങൾക്ക് വൃത്താന്തം അറിയിക്കും, ബോധ്യപ്പെടുത്തും بِمَا كُنْتُمْ നിങ്ങളായിരുന്നതിനെക്കുറിച്ച് تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചു വരുന്ന ﴾9﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത لَنُدْخِلَنَّهُمْ നിശ്ചയമായും നാമവരെ പ്രവേശിപ്പിക്കും, ഉൾപ്പെടുത്തും فِي الصَّالِحِينَ സദ്‌വൃത്തരിൽ, സജ്ജനങ്ങളിൽ

ക്വുർആനിൽ അല്ലാഹു വളരെ ഊന്നിപ്പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് മാതാപിതാക്കളോടുള്ള കടമ. മാതാപിതാക്കളോടുള്ള കടമ എത്ര വമ്പിച്ചതാണെങ്കിൽപോലും, അതിലുപരിയായ ഒന്നത്രെ അല്ലാഹുവിനോട് മനുഷ്യനുള്ള കടമ. അത് കൊണ്ടാണ് മാതാപിതാക്കളുടെ കടമയെപ്പറ്റി ഉപദേശിക്കുന്നതോടൊപ്പം, അല്ലാഹുവിനോട് പങ്കുചേർക്കുന്ന വിഷയത്തിൽ അവരെ അനുസരിച്ചുപോകരുതെന്ന് കൂടി പ്രത്യേകം ഉണർത്തുന്നത്.

സഅ്ദ് (سَعْد بن ابى وقاص رضـ) ഇസ്‌ലാമിന്റെ ആരംഭഘട്ടത്തിൽ വിശ്വസിച്ച ഒരു സ്വഹാബിയാകുന്നു. അദ്ദേഹം നബിﷺയിൽ വിശ്വസിച്ചത് നിമിത്തം അദ്ദേഹത്തിന്റെ മാതാവ് (അബൂസുഫ്‌യാൻ മകൾ ഹംനഃ) അദ്ദേഹത്തോട് ഇങ്ങനെ പറഞ്ഞു: 'മാതാവിനോട് നന്മ ചെയ്യണമെന്ന് നിന്നോട് അല്ലാഹു കൽപിച്ചിട്ടില്ലേ?! അതുകൊണ്ട് ഒന്നുകിൽ ഞാൻ മരണമടയുക, അല്ലെങ്കിൽ നീ ഇസ്‌ലാമിൽ അവിശ്വസിക്കുക, ഈ രണ്ടിലൊന്നുണ്ടാകുന്നതുവരെ ഞാൻ ഭക്ഷണപാനീയമൊന്നും കഴിക്കുകയില്ല.' അങ്ങനെ ഒന്ന് രണ്ട് ദിവസം കഴിഞ്ഞു. മാതാവിന് ഭക്ഷണം കൊടുക്കുവാനായി അദ്ദേഹം അവരുടെ വായ നിർബന്ധിച്ചു പിളർത്തിക്കൊണ്ടിരിക്കുകയായി. ഈ അവസരത്തിലാണ് ഈ ആയത്ത് അവതരിച്ചത്. അദ്ദേഹം പിൻമാറുന്നില്ലെന്ന് കണ്ടപ്പോൾ മാതാവ് തന്റെ സത്യവ്രതത്തിൽനിന്ന് പിൻമാറി. സഅ്ദ് (റ) തന്റെ മാതാപിതാക്കളെ വളരെയധികം സ്നേഹിക്കുന്ന ഒരാളായിരുന്നു. എന്നാൽ ഈ സന്ദർഭത്തിൽ അദ്ദേഹം പ്രസ്താവിച്ചത് 'എന്റെ ഉമ്മാ! നിങ്ങൾ നൂറുവട്ടം മരിച്ചാലും എനിക്ക് എന്റെ മതം വിടുവാൻ നിവൃത്തിയില്ല' എന്നായിരുന്നു. (الترمذى، واحمد، ومسلم وغيرهم)

'നിനക്ക് യാതൊരറിവുമില്ലാത്തതിനെ എന്നോട് പങ്കുചേർക്കുവാൻ' (لِتُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ) എന്ന് പറഞ്ഞത് ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന് യാതൊരു പങ്കുകാരും ഇല്ലെന്നുള്ളത് സുസ്ഥാപിതമായ ഒരു പരമാർത്ഥമത്രെ. എന്നിരിക്കെ, പിന്നെയെങ്ങനെയാണ് അവനോട് വല്ലതിനെയും പങ്കുചേർക്കുന്ന വിഷയത്തിൽ അവരെ അനുസരിക്കുക?! ഏതെങ്കിലും തരത്തിലുള്ള ഒരു പങ്കുകാരൻ അവന് യഥാർത്ഥത്തിൽ ഉള്ളതായി നിനക്കറിയാമായിരുന്നുവെങ്കിൽ അതനുസരിക്കുവാൻ ന്യായമുണ്ടായിരുന്നു. പക്ഷേ, അതില്ലല്ലോ. അപ്പോൾ മാതാപിതാക്കളോടുള്ള കടമ വളരെ വമ്പിച്ചതാണെങ്കിലും ഇക്കാര്യത്തിൽ അവരെ

അനുസരിക്കുന്ന പ്രശ്നമേയില്ല. എന്നൊക്കെയാണ് ആ വാക്ക് ചൂണ്ടിക്കാട്ടുന്നത്. നിങ്ങൾ എല്ലാവരും അല്ലാഹുവിങ്കലേക്ക് മടങ്ങി വരുന്നവരാകകൊണ്ട് ഓരോരുത്തരുടെയും കർമഫലങ്ങൾ– മാതാപിതാക്കളുടെ ശിർക്കിന്റെ ഫലവും, നീ അവർക്ക് ചെയ്ത നന്മയുടെയും, നിന്റെ മതവിശ്വാസത്തിന്റെയും ഫലവും– അപ്പോൾ നിങ്ങളെ ബോധ്യപ്പെടുത്തിക്കൊള്ളാമെന്നും അല്ലാഹു തുടർന്നു പ്രസ്താവിക്കുന്നു. ഈ ആയത്തുമായി ബന്ധപ്പെട്ട കൂടുതൽ വിവരം സൂ: ലുക്മാനിലും മറ്റും വരുന്നതാണ്. إِنْ شَاءَ الله

وَمِنَ ٱلنَّاسِ مَن يَقُولُ ءَامَنَّا بِٱللَّهِ فَإِذَآ أُوذِىَ فِى ٱللَّهِ جَعَلَ فِتْنَةَ ٱلنَّاسِ كَعَذَابِ ٱللَّهِ

﴾10﴿ മനുഷ്യരിലുണ്ട് ചില ആളുകൾ: 'ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു' എന്ന് അവർ പറയും. എന്നാൽ, അല്ലാഹുവിന്റെ കാര്യത്തിൽ തങ്ങൾക്ക് (വല്ലതും) ഉപദ്രവം ബാധിച്ചാൽ, ജനങ്ങളുടെ പരീക്ഷണം [മർദ്ദനം] അവർ അല്ലാഹുവിന്റെ ശിക്ഷക്ക് സമമാക്കിത്തീർക്കുന്നു!

وَلَئِن جَآءَ نَصْرٌ مِّن رَّبِّكَ لَيَقُولُنَّ إِنَّا كُنَّا مَعَكُمْ ۚ أَوَلَيْسَ ٱللَّهُ بِأَعْلَمَ بِمَا فِى صُدُورِ ٱلْعَٰلَمِينَ ﴿١٠﴾

നിന്റെ രക്ഷിതാവിങ്കൽനിന്ന് വല്ല സഹായവും വന്നുവെങ്കിലോ, അവർ പറയും: 'നിശ്ചയമായും ഞങ്ങൾ നിങ്ങളുടെ [സത്യവിശ്വാസികളുടെ] കൂടെയായിരുന്നു' എന്ന്. ലോകരുടെ ഹൃദയങ്ങളിൽ ഉള്ളതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനല്ലയോ?!

وَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ ءَامَنُوا۟ وَلَيَعْلَمَنَّ ٱلْمُنَٰفِقِينَ ﴿١١﴾

﴾11﴿ വിശ്വസിച്ചിട്ടുള്ളവരെ അല്ലാഹു തീർച്ചയായും അറിയുന്നു; കപടവിശ്വാസികളെയും അവൻ തീർച്ചയായും അറിയും.

﴾10﴿ وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَنْ ചിലർ, ഒരു തരക്കാർ يَقُولُ അവർ (അവൻ) പറയും, പറയുന്ന آمَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു بِاللَّهِ അല്ലാഹുവിൽ فَإِذَا أُوذِيَ എന്നാൽ അവൻ ഉപദ്രവിക്കപ്പെട്ടാൽ, അവന് ഉപദ്രവം ബാധിച്ചാൽ فِي اللَّهِ അല്ലാഹുവിന്റെ കാര്യത്തിൽ جَعَلَ അവൻ (അവർ) ആക്കും (ഗണിക്കും) فِتْنَةَ النَّاسِ മനുഷ്യരുടെ പരീക്ഷണം, കുഴപ്പം (മർദ്ദനം) كَعَذَابِ اللَّهِ അല്ലാഹുവിന്റെ ശിക്ഷയെപ്പോലെ, ശിക്ഷക്ക് സമം وَلَئِنْ جَاءَ വന്നുവെങ്കിൽ نَصْرٌ വല്ല സഹായവും مِنْ رَبِّكَ നിന്റെ റബ്ബിന്റെ പക്കൽനിന്ന് لَيَقُولُنَّ നിശ്ചയമായും

أَوَلَيْسَ اللَّهُ നിങ്ങളുടെ കൂടെ مَعَكُمْ ഞങ്ങളായിരുന്നു നിശ്ചയമായും إِنَّا كُنَّا അവർ പറയും
فِي صُدُورِ യാതൊന്നിനെപ്പറ്റി بِمَا അറിയുന്നവൻ നല്ലവണ്ണം بِأَعْلَمَ അല്ലാഹു അല്ലയോ
തീർച്ചയായും وَلَيَعْلَمَنَّ اللَّهُ ﴾11﴿ ലോകരുടെ الْعَالَمِينَ ഉള്ള നെഞ്ചുകളിൽ (ഹൃദയങ്ങളിൽ)
അല്ലാഹു തീർച്ച وَلَيَعْلَمَنَّ വിശ്വസിച്ചവരെ الَّذِينَ آمَنُوا അറിയുന്നു അല്ലാഹു അറിയും,
യായും അറിയുകയും ചെയ്യും الْمُنَافِقِينَ കപടവിശ്വാസികളെ

സത്യവിശ്വാസത്തെ സംബന്ധിച്ചിടത്തോളം, യഥാർത്ഥവിശ്വാസി (മുഅ്മിൻ), അവിശ്വാസി (കാഫിർ), കപടവിശ്വാസി (മുനാഫിക്വ്) ഇങ്ങനെ മൂന്ന് തരക്കാരാണുള്ളത്. പ്രധാനമായും ആദ്യത്തെ രണ്ട് തരക്കാരെക്കുറിച്ചായിരുന്നു ഇതിനുമുമ്പ് പ്രസ്താവിച്ചത്. മുനാഫിക്വുകളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. താൽക്കാലിക ഗുണത്തെ ഓർത്തു ഞാനും വിശ്വസിച്ചിരിക്കുന്നുവെന്ന് പറഞ്ഞു സത്യവിശ്വാസികളുടെ കൂട്ടത്തിൽ നടക്കുമെങ്കിലും, വിശ്വാസത്തിന്റെ പേരിൽ ജനങ്ങളിൽനിന്ന് വല്ല ഉപദ്രവമോ മർദ്ദനമോ ബാധിച്ചാൽ അക്ഷമനായിത്തീരുക, കേവലം തുച്ഛവും, സ്വാഭാവികവുമായ ആ വിഷമങ്ങളെ അല്ലാഹുവിങ്കൽനിന്നുള്ള ഭയങ്കര ശിക്ഷയെന്നോണം പരിഗണിക്കുക, നേരെമറിച്ച് സത്യവിശ്വാസികളുടെ ഭാഗത്ത് വല്ല വിജയമോ മറ്റ് ഗുണമോ കിട്ടിക്കാണുമ്പോൾ തങ്ങളും അതിൽ അവകാശികളും പങ്കുകാരുമാണെന്ന് അഭിനയിക്കുകയും ചെയ്യുക ഇതാണിവരുടെ പ്രധാനലക്ഷണം. എന്നാൽ, എല്ലാ രഹസ്യപരസ്യങ്ങളും അറിയുന്ന അല്ലാഹുവിന്നുണ്ടോ ഇതെല്ലാം അജ്ഞാതമായിത്തീരുന്നു?!

وَقَالَ الَّذِينَ كَفَرُوا لِلَّذِينَ آمَنُوا اتَّبِعُوا سَبِيلَنَا وَلْنَحْمِلْ خَطَايَاكُمْ وَمَا هُم بِحَامِلِينَ مِنْ خَطَايَاهُم مِّن شَيْءٍ ۖ إِنَّهُمْ لَكَاذِبُونَ ﴿١٢﴾

﴾12﴿ അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പറയുകയാണ്: 'നിങ്ങൾ ഞങ്ങളുടെ മാർഗം പിൻപറ്റുവിൻ, നിങ്ങളുടെ തെറ്റുകുറ്റങ്ങൾ ഞങ്ങൾ ഏറ്റെടുക്കുകയും ചെയ്തുകൊള്ളാം' എന്ന്! (വാസ്തവത്തിൽ) അവരുടെ തെറ്റുകുറ്റങ്ങളിൽനിന്ന് യാതൊന്നും തന്നെ അവർ ഏറ്റെടുക്കുന്നവരല്ലതന്നെ. നിശ്ചയമായും അവർ കളവ് പറയുന്നവരാകുന്നു.

وَلَيَحْمِلُنَّ أَثْقَالَهُمْ وَأَثْقَالًا مَّعَ أَثْقَالِهِمْ ۖ وَلَيُسْأَلُنَّ يَوْمَ الْقِيَامَةِ عَمَّا كَانُوا يَفْتَرُونَ ﴿١٣﴾

﴾13﴿ (അത്രയുമല്ല,) തങ്ങളുടെ ഭാരങ്ങളും, തങ്ങളുടെ ഭാരങ്ങളോടൊപ്പം (വേറെ) കുറെ ഭാരങ്ങളും തീർച്ചയായും അവർ വഹിക്കേണ്ടതായിവരും. അവർ (കളവ്) കെട്ടിച്ചമച്ചിരുന്നതിനെപ്പറ്റി ക്വിയാമത്ത് നാളിൽ അവർ തീർച്ചയായും ചോദ്യം ചെയ്യപ്പെടുന്നതുമാണ്.

﴾12﴿ وَقَالَ പറയുന്നു الَّذِينَ كَفَرُوا അവിശ്വസിച്ചവർ لِلَّذِينَ آمَنُوا വിശ്വസിച്ചവരോട് اتَّبِعُوا നിങ്ങൾ പിൻപറ്റുവിൻ سَبِيلَنَا ഞങ്ങളുടെ മാർഗം وَلْنَحْمِلْ ഞങ്ങൾ ഏറ്റെടുക്കുകയും ചെയ്യാം خَطَايَاكُمْ നിങ്ങളുടെ തെറ്റുകളെ وَمَاهُمْ അവരല്ലതാനും بِحَامِلِينَ ഏറ്റെടുക്കുന്നവർ مِنْ خَطَايَاهُمْ അവരുടെ തെറ്റുകുറ്റങ്ങളിൽനിന്ന് مِنْ شَيْءٍ യാതൊന്നുംതന്നെ إِنَّهُمْ നിശ്ചയമായും അവർ لَكَاذِبُونَ കളവ് പറയുന്നവർതന്നെ ﴾13﴿ وَلَيَحْمِلُنَّ നിശ്ചയമായും അവർ ഏറ്റെടുക്കും, വഹിക്കേണ്ടിവരും, പേറും أَثْقَالَهُمْ തങ്ങളുടെ ഭാരങ്ങളെ وَأَثْقَالًا കുറെ ഭാരങ്ങളും مَعَ أَثْقَالِهِمْ അവരുടെ ഭാരങ്ങളുടെ കൂടെ وَلَيُسْأَلُنَّ നിശ്ചയമായും അവർ ചോദ്യം ചെയ്യപ്പെടും يَوْمَ الْقِيَامَةِ ക്വിയാമത്ത് നാളിൽ عَمَّا كَانُوا അവരായിരുന്നതിനെപ്പറ്റി يَفْتَرُونَ കെട്ടിച്ചമച്ചിരുന്ന, കളവ് കെട്ടിയിരുന്ന

സത്യവിശ്വാസികളോട് അവിശ്വാസികൾ പറയാറുള്ള ഒരു വാക്യവും, അതിന് അല്ലാഹുവിന്റെ പക്കൽനിന്നുള്ള മറുപടിയുമാണ് മുകളിൽ കാണുന്നത്. മറ്റുള്ളവരെ സൽപന്ഥാവിൽനിന്ന് തെറ്റിച്ചു കളയുവാൻ വേണ്ടി വക്രബുദ്ധികളാൽ അനുവർത്തിക്കപ്പെടുന്ന വിവിധ നയങ്ങളിൽപെട്ട ഒന്നാണ് ഇതും. തങ്ങളെപ്പോലെ എല്ലാവരും വഴിപിഴച്ചു കാണണമെന്നാഗ്രഹിക്കുക ദുർജ്ജനങ്ങളുടെ സ്വഭാവമാണ്. മതഭക്തിയില്ലാത്ത മുസ്‌ലിം നാമധാരികളായ ചില ആളുകൾ, അല്പജ്ഞരും, ശുദ്ധഗതിക്കാരുമായ ആളുകളോടും ഈ നയം ഉപയോഗിക്കാറുണ്ട്. യഥാർത്ഥത്തിൽ ഇസ്‌ലാം വിരോധിച്ചതും തങ്ങളുടെ യുക്തിന്യായങ്ങൾക്ക് യോജിക്കാത്തതുമായ ചില കാര്യങ്ങളെ സാധാരണക്കാരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻവേണ്ടി, അതൊന്നും മതദൃഷ്ട്യാ വിരോധമില്ലാത്തതാണെന്നും, അത് അംഗീകരിച്ചതുകൊണ്ടുണ്ടാകുന്ന കുറ്റം തങ്ങൾ ഏറ്റുകൊള്ളാമെന്നും പറഞ്ഞു അവർ പൊതുജനങ്ങളെ ധൈര്യപ്പെടുത്തുന്നത് കാണാം. അങ്ങനെയുള്ളവർക്കും ഈ വചനങ്ങളിൽ താക്കീതുണ്ട്.

എന്നാൽ, ഓരോരുത്തന്റെയും കുറ്റം അവൻതന്നെ വഹിക്കണമെന്നും, ഒരാൾ ചെയ്ത കുറ്റത്തിന് വേറൊരാൾ ശിക്ഷിക്കപ്പെടുകയില്ലെന്നും ഉള്ളത് അല്ലാഹുവിന്റെ ഉറച്ച നിയമമത്രെ. എന്നാൽ, സ്വയം ദുർമാർഗത്തിൽ പതിക്കുകയും, മറ്റുള്ളവരെക്കൂടി വഴിപിഴപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്ന ഇവർ കൂടുതൽ കുറ്റഭാരം വഹിക്കേണ്ടിവരുന്നതുമാകുന്നു. കാരണം, മറ്റുള്ളവരെ വഴിപിഴപ്പിക്കുവാൻ പരിശ്രമം നടത്തിയതിന്റെ പേരിലും, ദുർമാർഗത്തിന് വേണ്ടി പ്രചാരം ചെയ്തതിന്റെ പേരിലും, അതിനായി കളവ് കെട്ടിച്ചമച്ചതിന്റെ പേരിലും ഇവർ ശിക്ഷാർഹരാകുന്നു. 'തങ്ങളുടെ ഭാരങ്ങളോടൊപ്പം വേറെയും കുറെ ഭാരങ്ങൾ അവർ വഹിക്കേണ്ടിവരും' എന്ന് പറഞ്ഞത് അതുകൊണ്ടാണ്. നബിﷺ പറയുന്നത് കാണുക:

من دعا إلى هدى كان له من الأجر مثل أجور من تبعه لا ينقص ذلك من أجورهم شيئا ومن دعا إلى ضلالة كان عليه من الإثم مثل آثام من تبعه لا ينقص ذلك من آثامهم شيئا – مسلم

(ഒരാൾ സൻമാർഗത്തിലേക്ക് ക്ഷണിക്കുന്നപക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന പ്രതിഫലം പോലെയുള്ള പ്രതിഫലം അവന്നുണ്ടായിരിക്കുന്നതാണ്. അവരുടെ പ്രതിഫലങ്ങളിൽ അത് യാതൊരു കുറവും വരുത്തുന്നതല്ല. ഒരാൾ ദുർമാർഗത്തിലേക്ക് ക്ഷണിക്കുന്ന പക്ഷം അവനെ പിൻപറ്റുന്നവർക്കുണ്ടാകുന്ന കുറ്റം പോലെയുള്ള കുറ്റം അവന്നുമുണ്ടായിരിക്കും. അവരുടെ കുറ്റങ്ങളിൽ അത് യാതൊരു കുറവും വരുത്തുകയുമില്ല. (മു.) ചില

'രിവായത്തു'കളിൽ من تبعه الى يوم القيمة (ക്വിയാമത്ത് നാൾവരെ അവനെ പിൻപറ്റുന്നവരുടെ) എന്നാണുള്ളത്. ഈ ഹദീഥിൽനിന്ന് 13-ാം ആയത്തിന്റെ ഉദ്ദേശ്യം കൂടുതൽ വ്യക്തമാകുന്നു.

വിഭാഗം - 2

وَلَقَدْ أَرْسَلْنَا نُوحًا إِلَىٰ قَوْمِهِۦ فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا خَمْسِينَ عَامًا فَأَخَذَهُمُ ٱلطُّوفَانُ وَهُمْ ظَٰلِمُونَ ﴿١٤﴾

﴾14﴿ നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി; എന്നിട്ട് അദ്ദേഹം അവരിൽ അമ്പത് സംവത്സരം ഒഴിച്ച് ആയിരം കൊല്ലം കഴിഞ്ഞുകൂടി. അങ്ങനെ, അവർ അക്രമികളായിരിക്കവെ ജലപ്രളയം അവരെ പിടികൂടി.

فَأَنجَيْنَٰهُ وَأَصْحَٰبَ ٱلسَّفِينَةِ وَجَعَلْنَٰهَآ ءَايَةً لِّلْعَٰلَمِينَ ﴿١٥﴾

﴾15﴿ അപ്പോൾ, അദ്ദേഹത്തെയും, (അദ്ദേഹത്തോടൊപ്പം) കപ്പലിലുള്ളവരെയും നാം രക്ഷപ്പെടുത്തി. അത് [ആ സംഭവം] നാം ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു.

﴾14﴿ وَلَقَدْ أَرْسَلْنَا തീർച്ചയായും നാം അയക്കുകയുണ്ടായി نُوحًا നൂഹിനെ إِلَىٰ قَوْمِهِ തന്റെ ജനതയിലേക്ക് فَلَبِثَ എന്നിട്ട് അദ്ദേഹം കഴിഞ്ഞുകൂടി, താമസിച്ചു فِيهِمْ അവരിൽ أَلْفَ سَنَةٍ ആയിരം കൊല്ലം إِلَّا خَمْسِينَ അമ്പതൊഴിച്ച് عَامًا സംവത്സരം فَأَخَذَهُمُ എന്നിട്ട് അവർക്ക് പിടിപെട്ടു الطُّوفَانُ ജലപ്രളയം وَهُمْ അവരായിരിക്കെ ظَالِمُونَ അക്രമികൾ ﴾15﴿ فَأَنجَيْنَاهُ അപ്പോൾ നാം അദ്ദേഹത്തെ രക്ഷപ്പെടുത്തി وَأَصْحَابَ السَّفِينَةِ കപ്പലിലുള്ളവരെയും وَجَعَلْنَاهَا നാമതിനെ ആക്കുകയും ചെയ്തു آيَةً ഒരു ദൃഷ്ടാന്തം لِلْعَالَمِينَ ലോകർക്ക്

---

950 കൊല്ലക്കാലം ബഹുമാനപ്പെട്ട നൂഹ് നബി (അ) തന്റെ ജനതയെ തൗഹീദിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ചത് മുതൽ ജലപ്രളയം ഉണ്ടായത് വരെയുള്ള കാലമായിരിക്കും ഇത് എന്നാണ് ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത്. അപ്പോൾ അതിന് മുമ്പും പിമ്പുമായി കുറച്ച് കാലംകൂടി അദ്ദേഹം ജീവിച്ചിരുന്നിരിക്കണം. (*) ഏതായാലും മുൻകാലത്തുള്ളവർ ഇന്നത്തെക്കാൾ അധികം ജീവിച്ചിരിക്കാറുണ്ടായിരു

(*) ബൈബ്ൾ പറയുന്നത് ഇങ്ങനെയാണ്: 'ജലപ്രളയത്തിന്റെ ശേഷം നോഹ മുന്നൂറ്റമ്പത് സംവത്സരം ജീവിച്ചിരുന്നു. നോഹയുടെ ആയുഷ്ക്കാലം ആകെ തൊള്ളായിരത്തമ്പത് സംവത്സരമായിരുന്നു. പിന്നെ അവൻ മരിച്ചു (ഉൽപ്പത്തി 9: 28, 29.)

ന്നുവെന്ന വസ്തുത ചരിത്രങ്ങളിൽനിന്നറിയാവുന്നതാണ്. ഇതിന് ശാസ്ത്രീയമായി ത്തന്നെ ചില കാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെട്ടുകാണാം. നൂഹ് നബി (അ)യുടെ ആയുഷ്ക്കാലം ചരിത്രത്തിൽ ഒറ്റപ്പെട്ടുനിൽക്കുന്ന ഒരു ഉദാഹരണമായിരിക്കുകയും ചെയ്യാം. الله اعلم

ഇത്രയും ദീർഘിച്ച കാലത്തെ പ്രബോധനം അദ്ദേഹം നടത്തിയിട്ടും കുറഞ്ഞ ആളുകൾ- ഏറെക്കുറെ എൺപത് പേരാണെന്ന് പറയപ്പെടുന്നു -മാത്രമാണ് അദ്ദേഹത്തിൽ വിശ്വസിച്ചത്. ജനത ആകമാനം അദ്ദേഹത്തെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്തപ്പോഴാണ് അല്ലാഹുവിന്റെ കൽപന പ്രകാരം അദ്ദേഹം കപ്പൽ നിർമിച്ചതും ജലപ്രളയമുണ്ടായതും. ഹൂദ്, ശുഅറാഅ് തുടങ്ങിയ സൂറത്തുകളിൽ ഈ സംഭവത്തെപ്പറ്റി കുറെ വിവരം നാം കാണുകയുണ്ടായി. എനിയും ചില സൂറത്തുകളിൽ വീണ്ടും കൂടുതൽ വിവരം കാണാവുന്നതുമാണ്. إنْ شَاء الله

وَإِبْرَٰهِيمَ إِذْ قَالَ لِقَوْمِهِ ٱعْبُدُوا۟ ٱللَّهَ وَٱتَّقُوهُ ۖ ذَٰلِكُمْ خَيْرٌ لَّكُمْ إِن كُنتُمْ تَعْلَمُونَ ﴿١٦﴾

﴿16﴾ **ഇബ്‌റാഹീമിനെയും (ഓർക്കുക), അദ്ദേഹം തന്റെ ജനതയോട് (ഇ പ്രകാരം) പറഞ്ഞ സന്ദർഭം: 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ. അതാണ് നിങ്ങൾക്ക് നല്ലത്- നിങ്ങൾ (വാസ്തവം) അറിയുന്നുവെങ്കിൽ!**

إِنَّمَا تَعْبُدُونَ مِن دُونِ ٱللَّهِ أَوْثَٰنًا وَتَخْلُقُونَ إِفْكًا ۚ إِنَّ ٱلَّذِينَ تَعْبُدُونَ مِن دُونِ ٱللَّهِ لَا يَمْلِكُونَ لَكُمْ رِزْقًا فَٱبْتَغُوا۟ عِندَ ٱللَّهِ ٱلرِّزْقَ وَٱعْبُدُوهُ وَٱشْكُرُوا۟ لَهُۥٓ ۖ إِلَيْهِ تُرْجَعُونَ ﴿١٧﴾

﴿17﴾ **'നിങ്ങൾ അല്ലാഹുവിന് പുറമെ (ചില) വിഗ്രഹങ്ങളെയാണ് ആരാധിച്ചുവരുന്നത്; നിങ്ങൾ വ്യാജം സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്നു. നിശ്ചയമായും അല്ലാഹുവിന്ന് പുറമെ നിങ്ങൾ ആരാധിച്ചുവരുന്നവർ (ആരും) നിങ്ങൾക്ക് യാതൊരു ഉപജീവനവും അധീനമാക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ ഉപജീവനത്തിന് അല്ലാഹുവിങ്കൽ അന്വേഷിക്കുവിൻ, അവനെ നിങ്ങൾ ആരാധിക്കുകയും, അവനോട് നന്ദികാണിക്കുകയും ചെയ്യുവിൻ. അവങ്കലേക്കത്രെ നിങ്ങൾ മടക്കപ്പെടുന്നത്.**

وَإِن تُكَذِّبُوا۟ فَقَدْ كَذَّبَ أُمَمٌ مِّن

﴿18﴾ **'നിങ്ങൾ കളവാക്കുകയാണെങ്കിൽ, നിങ്ങളുടെ മുമ്പ് പല സമുദായങ്ങളും കളവാക്കുകയുണ്ടായിട്ടുണ്ട്.**

ഇതിൽ ഖുർആന്റെ പ്രസ്താവനക്ക് യോജിക്കാത്ത ഭാഗം നമുക്ക് സ്വീകരിപ്പാൻ നിവൃത്തിയില്ല.

قَبۡلِكُمۡۖ

وَمَا عَلَى ٱلرَّسُولِ إِلَّا ٱلۡبَلَٰغُ ٱلۡمُبِينُ ﴿١٨﴾

'റസൂലിന്റെ [ദൈവദൂതന്റെ] മേൽ വ്യക്തമായ പ്രബോധനമല്ലാതെ (കടമ) ഇല്ല.'

وَإِبۡرَٰهِيمَ ﴿16﴾ ഇബ്റാഹീമിനെയും إِذۡقَالَ അദ്ദേഹം പറഞ്ഞപ്പോൾ لِقَوۡمِهِ തന്റെ ജനതയോട് اعۡبُدُوا۟ٱللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ وَٱتَّقُوهُ അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ ذَٰلِكُمۡ അതാണ് خَيۡرٌلَّكُمۡ നിങ്ങൾക്ക് നല്ലത് إِن كُنتُمۡ നിങ്ങളാണെങ്കിൽ تَعۡلَمُونَ നിങ്ങൾ അറിയുന്നു (എങ്കിൽ) ﴿17﴾ إِنَّمَاتَعۡبُدُونَ നിശ്ചയമായും നിങ്ങൾ ആരാധിക്കുന്നു مِن دُونِ ٱللَّهِ അല്ലാഹുവിന് പുറമെ أَوۡثَٰنًا ചില വിഗ്രഹങ്ങളെ وَتَخۡلُقُونَ നിങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു, പടച്ചുണ്ടാക്കുന്നു إِفۡكًا വ്യാജം إِنَّ ٱلَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ تَعۡبُدُونَ നിങ്ങൾ ആരാധിക്കുന്നു مِن دُونِ ٱللَّهِ അല്ലാഹുവിന് പുറമെ لَا يَمۡلِكُونَ അവർ സ്വാധീനമാക്കുന്നില്ല, ഉടമയാക്കുന്നില്ല (ശക്തരല്ല) لَكُمۡ നിങ്ങൾക്ക് رِزۡقًا ആഹാരം, ഉപജീവനം فَٱبۡتَغُوا۟ അതുകൊണ്ട് നിങ്ങൾ അന്വേഷിക്കുവിൻ عِندَٱللَّهِ അല്ലാഹുവിങ്കൽ ٱلرِّزۡقَ ഉപജീവനം, ആഹാരം وَٱعۡبُدُوهُ അവനെ ആരാധിക്കുകയും ചെയ്യുവിൻ وَٱشۡكُرُوا۟لَهُۥٓ അവനോട് നന്ദികാണിക്കയും ചെയ്യുവിൻ إِلَيۡهِ അവങ്കലേക്കത്രെ, അവനിലേക്ക് തന്നെ تُرۡجَعُونَ നിങ്ങൾ മടക്കപ്പെടുന്നു ﴿18﴾ وَإِن تُكَذِّبُوا۟ നിങ്ങൾ വ്യാജമാക്കുന്ന പക്ഷം فَقَدۡ كَذَّبَ എന്നാൽ കളവാക്കിയിട്ടുണ്ട് أُمَمٌ പല സമുദായങ്ങൾ مِّن قَبۡلِكُمۡ നിങ്ങൾക്ക് മുമ്പ് وَمَاعَلَى ٱلرَّسُولِ റസൂലിന്റെ മേൽ ഇല്ല إِلَّاٱلۡبَلَٰغُ എത്തിച്ചുകൊടുക്കൽ (പ്രബോധനം) അല്ലാതെ ٱلۡمُبِينُ സ്പഷ്ടമായ

'നിങ്ങൾ വ്യാജം സൃഷ്ടിച്ചുണ്ടാക്കുകയും ചെയ്യുന്നു' (وَتَخۡلُقُونَ إِفۡكًا) എന്ന് ഇബ്റാഹീം നബി (അ) അവരോട് പറഞ്ഞത് വളരെ അർത്ഥവത്താകുന്നു. സ്വന്തം കൈകളാൽ നിർമിക്കപ്പെട്ടതും, കേൾക്കുകയോ കാണുകയോ ചെയ്യാത്തതും, ഉപകാരമോ അപകാരമോ ചെയ്യാൻ കഴിവില്ലാത്തതുമായ നിർജ്ജീവ വസ്തുക്കളെ ദൈവങ്ങളെന്നും, ആരാധ്യൻമാരെന്നും നിശ്ചയിച്ചു അവയുടെ മുമ്പിൽ അങ്ങേഅറ്റത്തെ ഭക്തിയാരാധനകളും, അപേക്ഷകളും അർപ്പിക്കുന്നതിൽപരം വ്യാജനിർമാണം മറ്റെന്താണുള്ളത്?! ചില പ്രത്യേക ദേവീദേവൻമാരുടെ പ്രതിമയെന്ന സങ്കൽപത്തിൽ അവയ്ക്ക് ചില നാമകരണങ്ങൾ ചെയ്യുന്നതും, അവയുടെ പേരിൽ -അവയുടെ പ്രസാദം, അനുഗ്രഹം, കോപശാപങ്ങൾ ആദിയായവയെ സ്ഥാപിക്കുന്ന- പലതരം കള്ളക്കഥകൾ പ്രചരിപ്പിക്കുന്നതും വിഗ്രഹകാരാധകൻമാരുടെ പതിവാണ്. ഓരോ വിഗ്രഹത്തിനും മറ്റേതിന്നില്ലാത്ത മഹത്വങ്ങളും കഴിവുകളും അവർ വെച്ചുകെട്ടിയിട്ടുണ്ടാവും. ചുരുക്കിപ്പറഞ്ഞാൽ അടിതൊട്ട് മുടിയോളം വ്യാജത്തിൻമേൽ കെട്ടിപ്പടുത്തു വ്യാജത്തിൽമാത്രം നിലകൊള്ളുന്ന ഒരു പ്രസ്ഥാനമാണ് വിഗ്രഹപ്രസ്ഥാനമെന്ന് നിഷ്പക്ഷമായി ചിന്തിക്കുന്ന ഏത് ബുദ്ധി ജീവികൾക്കും മനസ്സിലാക്കാവുന്നതാണ്.

ഏതാണ്ട് മുശ്‌രിക്കുകൾക്കിടയിൽ നിലനിന്നുവരുന്ന അതേമാതിരി പല കള്ളക്കഥകളും, വ്യാജ പ്രസ്താവനകളും ചില മഹാത്മാക്കളുടെ പേരിൽ ഇന്ന് മുസ്‌ലിംകൾക്കിടയിലും പ്രചാരത്തിലുണ്ടെന്നത് ഏറ്റവും ഖേദകരമായ ഒരു പരമാർത്ഥമത്രെ. അവയുടെ അടിസ്ഥാനത്തിലാണ് ശിർക്ക്പരമായ പല പ്രവർത്തനങ്ങളും കാലക്രമത്തിൽ മുസ്‌ലിംകൾക്കിടയിൽ പടർന്നുപിടിച്ചത്. ചിലപ്പോൾ, മരണപ്പെട്ടുപോയ മഹാത്മാക്കളോ, ജീവിച്ചിരിപ്പുള്ള വ്യക്തികളോ അല്ലാത്ത- തനി സങ്കൽപ്പിതമായ- അജ്ഞാത നാമങ്ങളെച്ചൊല്ലിയും ഇത്തരം കെട്ടുകഥകളും പ്രാർത്ഥനാ വഴിപാടുകളും, കർമങ്ങളും നടന്നുവരുന്നു. معاذ الله (അല്ലാഹുവിൽ ശരണം!)

അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിച്ചുവരുന്നവരാരും തന്നെ നിങ്ങളുടെ ജീവിതത്തിന് അനിവാര്യമായ ആഹാരം തരുവാൻ ശക്തരല്ല. ആഹാരം നൽകുന്നവൻ അല്ലാഹു മാത്രമാണ്. ആകാശത്ത് നിന്ന് മഴ പെയ്യിപ്പിച്ചു ഭൂമിയെ ഉൽപാദനയോഗ്യമാക്കുന്നതും, ആഹാരങ്ങൾ ഉൽപ്പാദിപ്പിക്കുന്നതും അവൻ മാത്രമാണ്. എന്നിരിക്കെ, ഉപജീവനമാർഗം അന്വേഷിക്കേണ്ടതും, അതിനപേക്ഷിക്കേണ്ടതും അവനോടത്രെ. അത് പോലെത്തന്നെ, ജനങ്ങളുടെ സ്രഷ്ടാവും, രക്ഷിതാവുമെല്ലാം അവൻ മാത്രമായിരിക്കെ ജനങ്ങളുടെ എല്ലാ വിധേയത്വമുള്ള ആരാധനയും, കൂറും, ഭക്തിയും അവന് മാത്രം അവകാശപ്പെട്ടതാണ്. ഈ നഗ്നമായ യാഥാർത്ഥ്യത്തിനും, സ്പഷ്ടമായ യുക്തിത്വത്തിനും കടകവിരുദ്ധമാണ് നിങ്ങളുടെ പ്രവർത്തനങ്ങൾ. ഈ നില നിങ്ങൾ കൈവിടാത്തപക്ഷം, നിങ്ങൾക്ക് രക്ഷകിട്ടുമെന്ന് നിങ്ങൾ കരുതേണ്ട. നിങ്ങളെല്ലാം അല്ലാഹുവിങ്കലേക്ക് തന്നെ മടങ്ങിച്ചെല്ലേണ്ടതുണ്ട്. അവൻ നിങ്ങളുടെമേൽ തീർച്ചയായും നടപടിയെടുക്കും. ഇതൊക്കെ അറിഞ്ഞിട്ട് പിന്നെയും നിങ്ങൾ നിങ്ങളുടെ ഇതേ നിലപാട് തുടരുകയാണെങ്കിൽ, നിങ്ങളുടെ മുമ്പും ഇത് പോലെ ദൈവദൂതൻമാരെ നിഷേധിച്ച ജനങ്ങളുടെ അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാവും. ദൈവദൂതൻമാർക്ക് സത്യപ്രബോധനം ചെയ്യുക എന്ന ബാദ്ധ്യത മാത്രമേയുള്ളൂ എന്നൊക്കെ ഇബ്റാഹീം നബി (അ) ജനങ്ങളെ താക്കീത് ചെയ്യുകയാണ്.

ഇബ്റാഹീം നബി (അ)യുടെ പ്രസ്താവന ഉദ്ധരിച്ചശേഷം- അതിനൊരു വിശദീകരണമെന്നോണം- തൗഹീദിൽ വിശ്വസിക്കാത്ത എല്ലാ സത്യനിഷേധികളെയും അഭിമുഖീകരിച്ചുകൊണ്ട്- അല്ലാഹു പറയുന്നു:-

أَوَلَمْ يَرَوْا۟ كَيْفَ يُبْدِئُ ٱللَّهُ ٱلْخَلْقَ ثُمَّ يُعِيدُهُۥٓ ۚ إِنَّ ذَٰلِكَ عَلَى ٱللَّهِ يَسِيرٌ ﴿١٩﴾

﴾19﴿ അല്ലാഹു സൃഷ്ടിയെ ആദ്യമായുണ്ടാക്കുന്നത് എങ്ങനെയാണെന്ന് അവർ കാണുന്നില്ലേ?! പിന്നീട് അവനത് (രണ്ടാമതും) ആവർത്തിക്കുന്നു. നിശ്ചയമായും അത് അല്ലാഹുവിന് നിസ്സാരമാണ്.

قُلْ سِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ بَدَأَ ٱلْخَلْقَ ۚ ثُمَّ ٱللَّهُ يُنشِئُ

﴾20﴿ പറയുക: 'നിങ്ങൾ ഭൂമിയിൽ സഞ്ചരി(ച്ചു നോ)ക്കുവിൻ, എന്നിട്ട് അവൻ എങ്ങനെയാണ് സൃഷ്ടി തുടങ്ങിയിരിക്കുന്നതെന്ന് നോ(ക്കി മനസ്സിലാ)

ٱلنَّشۡأَةَ ٱلۡأٓخِرَةَۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ﴿٢٠﴾

ക്കുവിൻ!' പിന്നീട്, അല്ലാഹു അവസാനത്തെ ഉത്ഭവം ഉത്ഭവിപ്പിക്കുന്നതാണ്. നിശ്ചയമായും, അല്ലാഹു എല്ലാ കാര്യത്തിന്നും കഴിവുള്ളവനാകുന്നു.

﴾19﴿ أَوَلَمۡ يَرَوۡا അവർ കാണുന്നില്ലേ, കണ്ടിട്ടില്ലേ كَيۡفَ എങ്ങനെയാണ് يُبۡدِئُ ٱللَّهُ
അല്ലാഹു ആദ്യമായുണ്ടാക്കുന്നത്, ആരംഭമാക്കുന്നത് ٱلۡخَلۡقَ സൃഷ്ടിയെ ثُمَّ പിന്നെ يُعِيدُهُۥ
അവനത് ആവർത്തിക്കുന്നു, മടക്കിയുണ്ടാക്കുന്നു إِنَّ ذَٰلِكَ നിശ്ചയമായും അത് عَلَى ٱللَّهِ അല്ലാഹു
വിന്റെ മേൽ يَسِيرٞ നിസ്സാരമാണ് ﴾20﴿ قُلۡ നീ പറയുക سِيرُوا۟ നിങ്ങൾ സഞ്ചരിക്കുവിൻ, നട
ക്കുവിൻ فِي ٱلۡأَرۡضِ ഭൂമിയിൽ فَٱنظُرُوا۟ എന്നിട്ട് നിങ്ങൾ നോക്കുവിൻ كَيۡفَ എങ്ങനെയാണ്
بَدَأَ അവൻ ആരംഭിച്ചിരിക്കുന്നത്, ആദ്യം ചെയ്തത് ٱلۡخَلۡقَ സൃഷ്ടിയെ ثُمَّ ٱللَّهُ പിന്നീട്
അല്ലാഹു يُنشِئُ ഉത്ഭവിപ്പിക്കുന്നു ٱلنَّشۡأَةَ ٱلۡأٓخِرَةَ അവസാനത്തെ ഉത്ഭവിപ്പിക്കൽ, ഉണ്ടാക്കൽ إِنَّ ٱللَّهَ
നിശ്ചയമായും അല്ലാഹു عَلَىٰ كُلِّ شَيۡءٖ എല്ലാ കാര്യത്തിനും قَدِيرٞ കഴിവുള്ളവനാണ്

മനുഷ്യൻ കണ്ണ് തുറന്നു വെളിയിലേക്ക് ദൃഷ്ടിപതിക്കട്ടെ! കാലെടുത്ത് ഭൂമിയിലൂടെ സഞ്ചരിച്ചുനോക്കട്ടെ! ഉന്നതമായ ആകാശം, കണക്കറ്റ നക്ഷത്രഗ്രഹങ്ങൾ, ചലിക്കുന്നതും അല്ലാത്തതുമായ വൻഗോളങ്ങൾ, പർവ്വതങ്ങൾ, മൈതാനങ്ങൾ, വൃക്ഷങ്ങൾ, കായ്കനികൾ, അരുവികൾ, സമുദ്രങ്ങൾ, മനുഷ്യനടക്കമുള്ള ലക്ഷോപലക്ഷം ജീവികൾ എന്നിങ്ങനെ എണ്ണിപ്പറഞ്ഞവസാനിപ്പിക്കുവാൻ കഴിയാത്ത പലതും അവർക്ക് കാണാം. അവയെല്ലാം ശുദ്ധശൂന്യതയിൽനിന്ന് സൃഷ്ടിച്ചുണ്ടാക്കിയ ഒരു മഹാ ശക്തിയുണ്ടല്ലോ. വ്യവസ്ഥാപിതമായ നിലയിൽ നിലനിന്നുപോരുന്ന ഇവയെല്ലാം സ്വയമങ്ങ് അസ്തിത്വം പൂണ്ടതാണെന്നുവെച്ച് തൃപ്തിയടയുവാൻ മനുഷ്യബുദ്ധിക്ക് സാദ്ധ്യമല്ലതന്നെ. തൃപ്തിയടയുവാൻ കഴിയുന്നവരുണ്ടെങ്കിൽ അവരുടെ ബുദ്ധി മനുഷ്യബുദ്ധിയല്ലെന്ന് വേണം പറയുവാൻ. മുമ്പുണ്ടായിരുന്ന ഒരു മാതൃകയോ, ഏതെങ്കിലും ഒന്നിന്റെ സഹായമോ കൂടാതെ പുത്തനായും, ആദ്യമായും അവയെല്ലാം നിർമിച്ചുണ്ടാക്കിയ ആ സർവ്വശക്തനായ കർത്താവ് തന്നെ, അവയുടെ നാശത്തിന് ശേഷം അവയ്ക്കൊരു പുതിയ ഘടനാവ്യവസ്ഥയും നൽകും. അവരുടെ മരണത്തിന് ശേഷം അവർക്കൊരു പുതിയ ജീവിതവും നൽകും. ആദ്യത്തെ സൃഷ്ടിയുടെ കർത്താവായ അവന് രണ്ടാമത്തെ സൃഷ്ടിയുടെ കാര്യം കൂടുതൽ നിസ്സാരമായിരിക്കുമല്ലോ. (وَهُوَ الَّذِي يَبْدَأُ الْخَلْقَ ثُمَّ يُعِيدُهُ وَهُوَ أَهْوَنُ عَلَيْهِ - الروم)

يُعَذِّبُ مَن يَشَآءُ وَيَرۡحَمُ مَن يَشَآءُۖ وَإِلَيۡهِ تُقۡلَبُونَ ﴿٢١﴾

﴾21﴿ അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കും; അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ കരുണ ചെയ്യും. അവങ്കലേക്ക് തന്നെ നിങ്ങൾ തിരിച്ചുകൊണ്ടുവരപ്പെടുകയും ചെയ്യും.

وَمَآ أَنتُم بِمُعْجِزِينَ فِي ٱلْأَرْضِ وَلَا فِي ٱلسَّمَآءِ ۖ وَمَا لَكُم مِّن دُونِ ٱللَّهِ مِن وَلِيٍّ وَلَا نَصِيرٍ ﴿٢٢﴾

﴿22﴾ ഭൂമിയിലാകട്ടെ, ആകാശത്തിലാകട്ടെ, നിങ്ങൾ (അവനെ) അസാദ്ധ്യമാക്കുന്നവരല്ല: അല്ലാഹുവിന് പുറമെ ഒരു രക്ഷകർത്താവാകട്ടെ, ഒരു സഹായകനാകട്ടെ, നിങ്ങൾക്കില്ലതാനും.

വിഭാഗം - 3

وَٱلَّذِينَ كَفَرُوا۟ بِـَٔايَٰتِ ٱللَّهِ وَلِقَآئِهِۦٓ أُو۟لَٰٓئِكَ يَئِسُوا۟ مِن رَّحْمَتِى وَأُو۟لَٰٓئِكَ لَهُمْ عَذَابٌ أَلِيمٌ ﴿٢٣﴾

﴿23﴾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലും, അവനുമായി കണ്ടുമുട്ടുന്നതിലും അവിശ്വസിച്ചവരാകട്ടെ, അക്കൂട്ടർ എന്റെ [അല്ലാഹുവിന്റെ] കാരുണ്യത്തെസംബന്ധിച്ച് ആശ വെടിഞ്ഞിരിക്കുകയാണ്: അക്കൂട്ടർക്ക് വേദനയേറിയ ശിക്ഷയും ഉണ്ട്.

﴿21﴾ يُعَذِّبُ അവൻ ശിക്ഷിക്കും, ശിക്ഷിക്കുന്നു مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَيَرْحَمُ അവൻ കരുണയും ചെയ്യുന്നു مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَإِلَيْهِ അവനിലേക്ക് തന്നെ تُقْلَبُونَ നിങ്ങൾ തിരിച്ചുകൊണ്ടുവരപ്പെടുകയും ചെയ്യും ﴿22﴾ وَمَا أَنتُمْ നിങ്ങളല്ല بِمُعْجِزِينَ അസാധ്യമാക്കുന്നവർ (പരാജയപ്പെടുത്തുന്നവർ) فِي الْأَرْضِ ഭൂമിയിൽ وَلَا فِي السَّمَاءِ ആകാശത്തിലുമില്ല وَمَا لَكُمْ നിങ്ങൾക്ക് ഇല്ലതാനും مِن دُونِ اللَّهِ അല്ലാഹുവിനെക്കൂടാതെ مِن وَلِيٍّ ഒരു രക്ഷകർത്താവും, ബന്ധുവും وَلَا نَصِيرٍ ഒരു സഹായകനും ഇല്ല ﴿23﴾ وَالَّذِينَ كَفَرُوا അവിശ്വസിച്ചവർ بِآيَاتِ اللَّهِ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ وَلِقَائِهِ അവനുമായി കണ്ടുമുട്ടുന്നതിലും أُولَٰئِكَ അക്കൂട്ടർ يَئِسُوا നിരാശപ്പെട്ടിരിക്കുന്നു, ആശ വെടിഞ്ഞിരിക്കുന്നു مِن رَّحْمَتِي എന്റെ കാരുണ്യത്തിൽനിന്ന് وَأُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കുണ്ട് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ

മേൽ പ്രസ്താവിച്ചത് പോലുള്ള യാഥാർത്ഥ്യങ്ങളും, വ്യക്തമായ ന്യായങ്ങളും നിരത്തിവെച്ചുകൊണ്ട് ഇബ്റാഹീം നബി (അ) തന്റെ ജനതയെ വളരെ ശക്തിപൂർവ്വം ഉപദേശിച്ചു.

فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوا۟ ٱقْتُلُوهُ أَوْ حَرِّقُوهُ فَأَنجَىٰهُ

﴿24﴾ എന്നാൽ, അദ്ദേഹത്തിന്റെ ജനതയുടെ മറുപടി, 'അവനെ കൊലപ്പെടുത്തുവിൻ, അല്ലെങ്കിൽ അവനെ ചുട്ടെരിക്കുവിൻ' എന്ന് അവർ പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല. എന്നിട്ട്, അല്ലാഹു അദ്ദേഹത്തെ

ٱللَّهُ مِنَ ٱلنَّارِ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٢٤﴾

അഗ്നിയിൽനിന്ന് രക്ഷപ്പെടുത്തി. നിശ്ചയമായും, വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്.

﴿24﴾ فَمَا كَانَ എന്നാൽ ആയിരുന്നില്ല جَوَابَ قَوْمِهِ അദ്ദേഹത്തിന്റെ ജനതയുടെ മറുപടി إِلَّا أَن قَالُوا അവർ പറഞ്ഞതല്ലാതെ اقْتُلُوهُ നിങ്ങളവനെ കൊല്ലുവിൻ أَوْ حَرِّقُوهُ അല്ലെങ്കിൽ നിങ്ങളവനെ (ചുട്ടു) കരിക്കുവിൻ فَأَنجَاهُ اللَّهُ അപ്പോൾ അല്ലാഹു അദ്ദേഹത്തെ രക്ഷപ്പെടുത്തി مِنَ النَّارِ അഗ്നി (തീ)യിൽ നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ ദൃഷ്ടാന്തങ്ങൾ لِّقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ വിശ്വസിക്കുന്ന

ഇബ്റാഹീം നബി (അ)യുടെ ചരിത്രവും, അദ്ദേഹം അഗ്നികുണ്ഡത്തിൽനിന്ന് രക്ഷപ്പെട്ട സംഭവവും സൂ: അൻബിയാഇൽവെച്ച് വിസ്തരിച്ചു പറഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ അത് ആവർത്തിക്കേണ്ടതില്ല. അഗ്നിയിൽനിന്ന് രക്ഷപ്പെട്ടശേഷവും അദ്ദേഹം പ്രബോധനം തുടർന്നുകൊണ്ടിരുന്നു. സ്വജനതക്കിടയിൽ താമസിക്കുവാൻ കഴിയാതെ വന്നപ്പോൾ അദ്ദേഹം നാട്വിട്ടുപോകുകയും ചെയ്തു. താഴെ വചനങ്ങൾ ഇതിനെക്കുറിച്ച് പ്രസ്താവിക്കുന്നു.

وَقَالَ إِنَّمَا ٱتَّخَذْتُم مِّن دُونِ ٱللَّهِ أَوْثَٰنًا مَّوَدَّةَ بَيْنِكُمْ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ ثُمَّ يَوْمَ ٱلْقِيَٰمَةِ يَكْفُرُ بَعْضُكُم بِبَعْضٍ وَيَلْعَنُ بَعْضُكُم بَعْضًا وَمَأْوَىٰكُمُ ٱلنَّارُ وَمَا لَكُم مِّن نَّٰصِرِينَ ﴿٢٥﴾

﴿25﴾ (വീണ്ടും) അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന് പുറമെ നിങ്ങൾ വിഗ്രഹങ്ങളെ (ആരാധ്യവസ്തുക്കളായി) സ്വീകരിച്ചിട്ടുള്ളത് ഐഹികജീവിതത്തിൽ നിങ്ങൾ തമ്മിലുള്ള താൽപര്യത്തിനായി മാത്രമാകുന്നു. പിന്നെ, ക്വിയാമത്ത് നാളിൽ നിങ്ങളിൽ ചിലർ ചിലരെ നിഷേധിക്കുന്നതും, ചിലർ ചിലരെ ശപിക്കുന്നതുമാകുന്നു; നിങ്ങളുടെ സങ്കേതം നരകവുമായിരിക്കും; സഹായികളായിട്ട് നിങ്ങൾക്ക് (ആരും തന്നെ) ഉണ്ടാവുകയുമില്ല.'

۞ فَـَٔامَنَ لَهُۥ لُوطٌ ۘ وَقَالَ إِنِّى مُهَاجِرٌ إِلَىٰ رَبِّىٓ ۖ

﴿26﴾ അപ്പോൾ, ലൂത്വ് അദ്ദേഹത്തെ വിശ്വസിച്ചു. അദ്ദേഹം [ഇബ്റാഹീം] പറഞ്ഞു: 'ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് 'ഹിജ്റഃ' [നാട്വിട്ടു] പോകുകയാണ്;

إِنَّهُۥ هُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٦﴾

നിശ്ചയമായും, അവന്‍ തന്നെയാണ്, പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവന്‍.'

﴾25﴿ وَقَالَ അദ്ദേഹം പറയുകയും ചെയ്തു إِنَّمَا اتَّخَذْتُم നിശ്ചയമായും നിങ്ങള്‍ സ്വീകരിച്ചിരിക്കുന്നു, ആക്കിയിരിക്കുന്നു مِّن دُونِ اللَّهِ അല്ലാഹുവിന് പുറമെ أَوْثَانًا വിഗ്രഹങ്ങളെ مَّوَدَّةَ بَيْنِكُمْ നിങ്ങള്‍ക്കിടയിലുള്ള താല്‍പര്യത്തിന്, സ്നേഹബന്ധത്തിന് (മാത്രം) فِي الْحَيَاةِ الدُّنْيَا ഐഹിക ജീവിതത്തില്‍ ثُمَّ പിന്നെ يَوْمَ الْقِيَامَةِ കിയാമത്ത് നാളില്‍ يَكْفُرُ നിഷേധിക്കും بَعْضُكُم നിങ്ങളില്‍ ചിലര്‍ بِبَعْضٍ ചിലരെ, ചിലരില്‍ وَيَلْعَنُ ശപിക്കുകയും ചെയ്യും بَعْضُكُم നിങ്ങളില്‍ ചിലര്‍ بَعْضًا ചിലരെ وَمَأْوَاكُمُ നിങ്ങളുടെ സങ്കേതം, അഭയസ്ഥാനം النَّارُ നരകമാകുന്നു, അഗ്നിയാണ് وَمَا لَكُم നിങ്ങള്‍ക്കില്ലതാനും مِّن نَّاصِرِينَ സഹായികളായി (ആരും), സഹായികളില്‍പെട്ട(വര്‍) ﴾26﴿ فَآمَنَ അപ്പോള്‍ വിശ്വസിച്ചു لَهُ അദ്ദേഹത്തെ لُوطٌ ലൂത്വ് وَقَالَ അദ്ദേഹം പറയുകയും ചെയ്തു إِنِّي مُهَاجِرٌ നിശ്ചയമായും ഞാന്‍ ഹിജ്‌റഃ (നാട്‌വിട്ടു) പോകുന്നവനാണ് إِلَىٰ رَبِّي എന്റെ റബ്ബിങ്കലേക്ക് إِنَّهُ هُوَ നിശ്ചയമായും അവന്‍ തന്നെയാണ് الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞന്‍

വിഗ്രഹാരാധനയുടെ നിരര്‍ത്ഥതയും, കൊള്ളരുതായ്മയും നിങ്ങള്‍ക്ക് മനസ്സിലാക്കുവാന്‍ കഴിഞ്ഞിട്ട് പിന്നെയും നിങ്ങളതില്‍ മുടുറച്ചുകൊണ്ടിരിക്കുന്നത് നിങ്ങള്‍ തമ്മതമ്മിലുള്ള സ്നേഹതാല്‍പര്യബന്ധങ്ങള്‍ നിലനിറുത്തുവാനും, അതിന്ന് ഭംഗം നേരിടാതിരിക്കുവാനും വേണ്ടി മാത്രമാണെന്നാണ്, ആ മനഃശാസ്ത്രപടുവായ പ്രവാചകവര്യന്‍ അവരോട് പറയുന്നത്. ഈ ആവശ്യാര്‍ത്ഥം ഏറ്റവും കടുത്ത ഈ മഹാപാപം നിങ്ങളിപ്പോള്‍ ന്യായീകരിച്ചുകൊണ്ടിരിക്കുന്നുവല്ലോ. എന്നാല്‍ കിയാമത്ത് നാളില്‍ നിങ്ങള്‍ തമ്മിലുള്ള ഈബന്ധംമുറിഞ്ഞുപോകും. നിങ്ങള്‍ പരസ്പരം വൈരികളും, നിഷേധികളുമായി മാറും. നിങ്ങള്‍ അന്യോന്യം ശപിക്കും. ഒടുക്കം സഹായത്തിനും രക്ഷക്കും ആരുമില്ലാതെ എല്ലാവരും കാലാകാലം നരകശിക്ഷ അനുഭവിക്കേണ്ടതായും വരും എന്നൊക്കെ അദ്ദേഹം ജനങ്ങളെ താക്കീത് ചെയ്യുന്നു.

എത്ര അര്‍ത്ഥവത്തായ ഒരു താക്കീതാണിത്?! തെറ്റായ ആദര്‍ശങ്ങളും, പിഴച്ച നടപടിക്രമങ്ങളും സ്വീകരിച്ചു വരുന്ന ജനങ്ങള്‍ക്കിടയില്‍ അനുഭവത്തില്‍ കണ്ടുവരുന്ന ഒരു യാഥാര്‍ത്ഥ്യമാണ് ഇബ്‌റാഹീം നബി (അ) എടുത്തുകാട്ടിയത്. തങ്ങള്‍ സ്വീകരിച്ച ആദര്‍ശത്തിന്റെയോ ചെയ്തികളുടെയോ ചീത്തത്തം ശരിക്കും മനസ്സിലായാല്‍പോലും– സഹവര്‍ത്തികളുടെയും, സ്വകക്ഷിയുടെയും അലോഗ്യവും വെറുപ്പും സമ്പാദിക്കാതിരിക്കുവാന്‍ വേണ്ടി– അതില്‍ തന്നെ പറ്റിപ്പിടിച്ചുകൂടുകയും, മനസ്സാക്ഷിയെ വഞ്ചിച്ചുകൊണ്ട് അതിന് ന്യായീകരണമുണ്ടാക്കുകയും ചെയ്യുക മിക്കവരുടെയും പതിവാകുന്നു. ചിലപ്പോള്‍, ചുറ്റുപാടുകള്‍ മാറുന്നതോടെ ഇത്തരം ആളുകള്‍ അവരുടെ നിലപാടില്‍ മാറ്റം വരുത്തുവാന്‍ തയ്യാറായെന്നും വരും. സമനിലയിലുള്ളവര്‍ തമ്മിലുള്ള സ്നേഹബന്ധങ്ങള്‍ മാത്രമല്ല, ഉയര്‍ന്ന നിലവാരത്തിലും താഴ്ന്ന നിലവാരത്തിലുമുള്ളവര്‍ തമ്മിലുള്ള കൂട്ടുബന്ധങ്ങളും ഇതിന് കാരണമായിത്തീരാറുണ്ട്. മേലേക്കിടയിലുള്ളവരുമായി ബന്ധപ്പെട്ടുകൊണ്ടിരുന്നാല്‍ മാത്രമേ തങ്ങള്‍ക്ക് കാര്യലാഭം കൈവരികയുള്ളു, അല്ലെങ്കില്‍, അവരുടെ മര്‍ദ്ദനപരമായ പെരുമാറ്റത്തില്‍നിന്ന് രക്ഷ കിട്ടുകയുള്ളൂവെന്ന് താഴേക്കിടയിലുള്ളവര്‍ ധരിക്കുന്നു. മേലേക്കിടയിലുള്ളവരാകട്ടെ, തങ്ങളുടെ നേതൃത്വവും, സ്വാധീനവും, സ്വാര്‍ത്ഥതാല്‍പര്യങ്ങളും സംരക്ഷിക്കുവാനായി താഴേ

ക്കിടയിലുള്ളവരുടെ അപ്രീതി സമ്പാദിക്കാതിരിക്കുവാൻ അവരും മുതിരുന്നു. ഇതാണ് ഈ രണ്ട് വിഭാഗക്കാരെയും തമ്മിൽ ആ ദുഷിച്ച സഹവർത്തിത്വത്തിൽ കൂട്ടിയിണക്കുന്നത്. ഏത് വിഷയത്തിലാണോ ഒരാൾക്ക് മറ്റെവരെക്കാൾ ഉന്നതി ലഭിച്ചിട്ടുള്ളത് എങ്കിൽ, ആ വിഷയത്തിൽ അയാളെക്കാൾ താണ പടിയിലുള്ളവരുടെ എണ്ണം കുറഞ്ഞുപോകാതെ നിലനിൽക്കുന്നത് അയാളുടെ നേതൃത്വത്തിന്റെ നിലനിൽപ്പിന് ആവശ്യമാണല്ലോ.

ഇബ്റാഹീം നബി (അ)യുടെ സുദീർഘമായ സദുപദേശങ്ങളും അദ്ദേഹം അഗ്നിയിൽനിന്ന് അത്ഭുതകരമാം വണ്ണം രക്ഷപ്പെട്ടതും അദ്ദേഹത്തിന്റെ നാട്ടുകാരെ സംബന്ധിച്ചിടത്തോളം പ്രയോജനപ്പെട്ടില്ല. എങ്കിലും ലൂത്വ് (അ) അദ്ദേഹത്തെ വിശ്വസിക്കുകയും, അദ്ദേഹത്തിന്റെ മാർഗം സ്വീകരിക്കുകയും ചെയ്തു. എനി, ആ നാട്ടിൽ അദ്ദേഹത്തിന് ആശക്ക് വകയില്ലാതായി. അദ്ദേഹം തന്റെ റബ്ബിങ്കലേക്ക് –അഥവാ റബ്ബ് അനുഗ്രഹിച്ചരുളുകയും കൽപിച്ചരുളുകയും ചെയ്യുന്ന ഒരിടത്തേക്ക്– നാടുവിട്ടുപോകുവാൻ ഉറച്ചു. അതെ, ഇറാകിൽ നിന്ന് ശാമിലേക്ക് നീങ്ങി. സഹോദരപുത്രനായ ലൂത്വ് (അ) അല്ലാതെ, സ്വദേശത്ത് നിന്ന് തന്റെ അനുയായികളായി മറ്റാരും ഉണ്ടായിരുന്നില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തിന് പിന്നീട് പ്രദാനംചെയ്ത അനുഗ്രഹങ്ങൾ അളവറ്റതും, ഇണയറ്റതുമായിരുന്നു. അല്ലാഹു പറയുന്നു:

وَوَهَبْنَا لَهُۥٓ إِسْحَٰقَ وَيَعْقُوبَ وَجَعَلْنَا فِى ذُرِّيَّتِهِ ٱلنُّبُوَّةَ وَٱلْكِتَٰبَ وَءَاتَيْنَٰهُ أَجْرَهُۥ فِى ٱلدُّنْيَا ۖ وَإِنَّهُۥ فِى ٱلْءَاخِرَةِ لَمِنَ ٱلصَّٰلِحِينَ ﴿٢٧﴾

﴾27﴿ അദ്ദേഹത്തിന് ഇസ്ഹാകിനെയും, യഅ്ക്വൂബിനെയും നാം പ്രദാനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിന്റെ സന്തതിയിൽ നാം പ്രവാചകത്വവും, വേദഗ്രന്ഥവും ഏർപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ പ്രതിഫലം ഇഹത്തിൽ നാം അദ്ദേഹത്തിന് നൽകി. അദ്ദേഹം പരലോകത്തിലാകട്ടെ, നിശ്ചയമായും സദ്വൃത്തൻമാരിൽ പെട്ടവനുമാകുന്നു.

﴾27﴿ وَوَهَبْنَا لَهُ അദ്ദേഹത്തിന് നാം പ്രദാനം ചെയ്തു إِسْحَاقَ ഇസ്ഹാകിനെ وَيَعْقُوبَ യഅ്ക്വൂബിനെയും وَجَعَلْنَا നാം ആക്കുകയും, ഏർപ്പെടുത്തുകയും ചെയ്തു فِي ذُرِّيَّتِهِ അദ്ദേഹത്തിന്റെ സന്തതിയിൽ النُّبُوَّةَ പ്രവാചകത്വം وَالْكِتَابَ വേദഗ്രന്ഥവും وَآتَيْنَاهُ അദ്ദേഹത്തിന് നാം നൽകുകയും ചെയ്തു أَجْرَهُ തന്റെ പ്രതിഫലം فِي الدُّنْيَا ഇഹത്തിൽ وَإِنَّهُ നിശ്ചയമായും അദ്ദേഹം فِي الآخِرَةِ പരലോകത്തിൽ لَمِنَ الصَّالِحِينَ സദ്വൃത്തരിൽ പെട്ടവൻതന്നെ

സ്വന്തം നാട്ടിൽ നിന്നും സ്വന്തം കുടുംബത്തിൽനിന്നും ഇബ്റാഹീം നബി (അ) ബഹിഷ്കൃതനായി. അദ്ദേഹം നാടും വീടും വിട്ടുപോയി. പക്ഷേ, അല്ലാഹു അദ്ദേഹത്തെ പാഴാക്കിയില്ല. ശാമിൽ വന്നശേഷം അദ്ദേഹത്തിന് പുത്രനായി ഇസ്ഹാക്വ് നബി (അ)യെയും, പൗത്രനായി യഅ്ക്വൂബ് നബി (അ)യെയും അവൻ പ്രദാനം ചെയ്തു.

അവരുടെ സന്താനപരമ്പരയെ വർദ്ധിപ്പിച്ചു നാളിതുവരെ നിലനിറുത്തുകയും ചെയ്തു. പ്രവാചകത്വവും വേദഗ്രന്ഥവും നൽകി ആ പരമ്പരയെ അനുഗ്രഹിക്കുകയും ചെയ്തു. അദ്ദേഹത്തിന് ശേഷം അന്ത്യപ്രവാചകനായ മുഹമ്മദ് നബിﷺവരെ അറിയപ്പെട്ടിട്ടുള്ള പ്രവാചകൻമാരെല്ലാം ആ പരമ്പരയിൽ ഉൾപ്പെട്ടവരാകുന്നു. പിതാവില്ലാതെ ജനിച്ച ഈസാ നബി (അ)യുടെ മാതാവും അതിൽപെട്ടവരാണ്. അദ്ദേഹത്തിന് ശേഷം ലോകത്ത് നിലവിൽ വന്ന എല്ലാ സനാതന തത്വങ്ങളുടെയും ഉറവിടം ആ പരമ്പരയാകുന്നു. ഇങ്ങനെയുള്ള മഹത്തായ അനുഗ്രഹങ്ങൾ പലതും ഈ ലോകത്ത് അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ, പരലോകത്തിൽ അദ്ദേഹം അല്ലാഹുവിന്റെ സദ്‌വൃത്തരായ അടിയാൻമാരിൽ പെട്ടവനാണെന്ന സാക്ഷ്യപത്രം നൽകുകയും ചെയ്തിരിക്കയാണ്. صَلَّى اللهُ عَلَيْهِ وَعَلَى نبينا وسلم

وَلُوطًا إِذْ قَالَ لِقَوْمِهِۦٓ إِنَّكُمْ لَتَأْتُونَ ٱلْفَـٰحِشَةَ مَا سَبَقَكُم بِهَا مِنْ أَحَدٍ مِّنَ ٱلْعَـٰلَمِينَ ﴿٢٨﴾

﴿28﴾ ലൂത്വിനെയും (ഓർക്കുക). അതായത് അദ്ദേഹം തന്റെ ജനതയോട് (ഇപ്രകാരം) പറഞ്ഞ സന്ദർഭം: 'നിശ്ചയമായും, നിങ്ങൾ നീചകൃത്യം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു; ലോകരിൽ നിന്ന് ഒരാളും തന്നെ അത് നിങ്ങൾക്ക് മുമ്പ് ചെയ്കയുണ്ടായിട്ടില്ല!

أَئِنَّكُمْ لَتَأْتُونَ ٱلرِّجَالَ وَتَقْطَعُونَ ٱلسَّبِيلَ وَتَأْتُونَ فِى نَادِيكُمُ ٱلْمُنكَرَ ۖ

﴿29﴾ 'നിങ്ങൾ (കാമനിവാരണാർത്ഥം) പുരുഷൻമാരുടെ അടുക്കൽ തന്നെ ചെല്ലുകയും, വഴി മുറിക്കുകയും [വഴിപോക്കരെ അക്രമിക്കുകയും] നിങ്ങളുടെ സദസ്സിൽവെച്ച് നിഷിദ്ധകൃത്യം പ്രവർത്തിക്കുകയും ചെയ്യുന്നുവോ?!'

فَمَا كَانَ جَوَابَ قَوْمِهِۦٓ إِلَّآ أَن قَالُوا۟ ٱئْتِنَا بِعَذَابِ ٱللَّهِ إِن كُنتَ مِنَ ٱلصَّـٰدِقِينَ ﴿٢٩﴾

അപ്പോൾ, അദ്ദേഹത്തിന്റെ ജനതയുടെ മറുപടി, 'നീ സത്യവാദികളിൽപെട്ടവനാണെങ്കിൽ അല്ലാഹുവിന്റെ ശിക്ഷ ഞങ്ങൾക്ക് കൊണ്ടു വാ!' എന്ന് പറഞ്ഞതല്ലാതെ (മറ്റൊന്നും) ആയിരുന്നില്ല

﴿28﴾ وَلُوطًا ലൂത്വിനെയും إِذْقَالَ അദ്ദേഹം പറഞ്ഞ സന്ദർഭം, പറഞ്ഞപ്പോൾ لِقَوْمِهِ തന്റെ ജനതയോട് إِنَّكُمْ لَتَأْتُونَ നിശ്ചയമായും നിങ്ങൾ കൊണ്ടുവരുന്നു (പ്രവർത്തിക്കുന്നു) الْفَاحِشَةَ നീചവൃത്തി مَاسَبَقَكُمْ നിങ്ങൾക്ക് മുൻകടന്നിട്ടില്ല (മുമ്പ് ചെയ്തിട്ടില്ല) بِهَا അതുകൊണ്ട് مِنْ أَحَدٍ ഒരാളും തന്നെ مِنَ الْعَالَمِينَ ലോകരിൽനിന്ന്

﴾29﴿ أَئِنَّكُمْ لَتَأْتُونَ നിങ്ങൾ ചെല്ലുക തന്നെ ചെയ്യുകയോ الرِّجَالَ പുരുഷൻമാരുടെ അടുക്കൽ وَتَقْطَعُونَ നിങ്ങൾ മുറിക്കുകയും (തടസ്സമുണ്ടാക്കുകയും) السَّبِيلَ വഴി, മാർഗം وَتَأْتُونَ നിങ്ങൾ കൊണ്ടുവരികയും فِي نَادِيكُمُ നിങ്ങളുടെ സദസ്സിൽ, സഭയിൽ الْمُنكَرَ ദുരാചാരം, നിഷിദ്ധം فَمَا كَانَ അപ്പോൾ ആയിരുന്നില്ല جَوَابَ قَوْمِهِ അദ്ദേഹത്തിന്റെ ജനതയുടെ മറുപടി إِلَّا أَن قَالُوا അവർ പറഞ്ഞതല്ലാതെ ائْتِنَا നീ ഞങ്ങൾക്ക് കൊണ്ടുവാ بِعَذَابِ اللَّهِ അല്ലാഹുവിന്റെ ശിക്ഷയെ إِن كُنتَ നീ ആണെങ്കിൽ مِنَ الصَّادِقِينَ സത്യവാൻമാരിൽ പെട്ടവൻ

മൂന്ന് കാര്യങ്ങളെക്കുറിച്ചാണ് ലൂത്വ് നബി (അ) അങ്ങേഅറ്റത്തെ അറപ്പോടും, വെറുപ്പോടുംകൂടി അദ്ദേഹത്തിന്റെ ജനതയെ ആക്ഷേപിക്കുന്നത്:

1. സ്ത്രീകൾക്ക് പകരം പുരുഷൻമാരെ കാമനിവാരണ മാർഗമായി സ്വീകരിച്ചത്. പ്രകൃതിവിരുദ്ധവും, തികച്ചും മൃഗീയവുമായ ഈ നിചകൃത്യം ആദ്യമായി സ്വീകരിച്ചത് അവരായിരുന്നു. അവരുടെ മുമ്പ് ആരും പ്രവർത്തിക്കാത്ത ആ നീചവൃത്തി അവരിൽ സർവ്വത്ര പടർന്നു പിടിച്ചിരുന്നു. മാനമര്യാദയോ, മനുഷ്യസഹജമായ ലജ്ജാശീലമോ അവരെ തടഞ്ഞിരുന്നില്ല. നീചവും നികൃഷ്ടവുമായ ഈ ഏർപ്പാട് ആദ്യമായി നടപ്പാക്കിയവരെന്ന നിലക്ക് ലോകാവസാനംവരെ ആ കൃത്യത്തിന് മുതിരുന്ന ആളുകൾക്കുണ്ടാകുന്ന കുറ്റങ്ങളിൽ അവർക്കും തുല്യപങ്കുണ്ടായിരിക്കും. معاذ الله

2. വഴിമുറിക്കൽ, അഥവാ വഴിപോക്കരായ ആളുകളെ ,സ്വൈര്യസഞ്ചാരത്തിനനുവദിക്കാതെ, അവരുടെ ദേഹത്തിനും, ധനത്തിനും, മാനത്തിനും ഭംഗം വരുത്തുന്ന അക്രമങ്ങൾ നടത്തുക.

3. സദസ്സുകളിൽ– ആളുകൾ കൂടിയ സ്ഥലങ്ങളിൽ– വെച്ച് ദുരാചാരങ്ങളും, നിഷിദ്ധങ്ങളുമായ കൃത്യങ്ങൾ ചെയ്യുക.

അസഭ്യമായ വാക്കും ഭാഷയും ഉപയോഗിക്കൽ, പരസ്യമായി പുരുഷഭോഗം നടത്തൽ, അനിയന്ത്രിതമായി ചിരിച്ചുപുളച്ചും, ബഹളംകൂട്ടിയുംകൊണ്ടിരിക്കൽ, ആട്, കോഴി തുടങ്ങിയ ജന്തുക്കൾക്കിടയിൽ പന്തയപരീക്ഷകൾ നടത്തൽ, വൃഥാ കൂക്കും വിളിയുമുണ്ടാക്കൽ എന്നിങ്ങനെ പലതരം ദുർന്നടപ്പുകളും ആ ജനങ്ങൾക്കിടയിൽ പതിവായിരുന്നുവെന്നാണ് പല നിവേദനങ്ങളിൽ നിന്നുമായി മനസ്സിലാക്കാൻ കഴിയുന്നത്. നിവേദനങ്ങൾ വെവ്വേറെ പരിശോധിക്കുമ്പോൾ പലതും വിമർശനാർഹമായിരിക്കാമെങ്കിലും, ഖുർആൻ അവരെ സംബന്ധിച്ച് ചെയ്യുന്ന പ്രസ്താവനകൾ വെച്ച് നോക്കുമ്പോൾ അത്തരം സ്വഭാവങ്ങൾ അവരിൽ ഉണ്ടായിരിക്കുകയെന്നത് ഒട്ടും അസംഭവ്യമായി തോന്നുന്നില്ല. *(*)* الله اعلم

(*) നമ്മുടെ രാജ്യങ്ങളിൽ ഇന്ന് -പരിഷ്കാരത്തിന്റെയും ഉൽബുദ്ധതയുടെയും ഉച്ചകോടിയിൽ മനുഷ്യൻ എത്തിയിരിക്കുന്നുവെന്ന് ഘോഷിക്കപ്പെടുന്ന ഇക്കാലത്ത് -അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും, പുരോഗമനത്തിന്റെയും പേരിൽ-നടമാടിക്കൊണ്ടിരിക്കുന്ന പല പേക്കൂത്തുകളും, അച്ചടക്കരാഹിത്യവും, ധാർമിക അരാജകത്വവും, മാനുഷിക മൂല്യങ്ങളുടെ നേരെയുള്ള പരിഹാസവും കാണുമ്പോൾ, ഏറെക്കുറെ ▶▶ ▶▶ നാലായിരം കൊല്ലം

ഇമാം തിർമദീ (റ) മുതലായവർ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിൽ ഉമ്മുഹാനീ (ام هانئ بنت ابي طالب - رضـ) ഇപ്രകാരം പറയുന്നു: 'ഞാൻ റസൂൽ തിരുമേനി ﷺ യോട് وَتَأْتُونَ فِي نَادِيكُمُ الْمُنكَرَ (നിങ്ങൾ നിങ്ങളുടെ സദസ്സിൽവെച്ച് നിഷിദ്ധകൃത്യം പ്രവർത്തിക്കുന്നു) എന്ന വാക്യത്തെക്കുറിച്ച് ചോദിച്ചു. തിരുമേനി പറഞ്ഞു: 'അവർ വഴിയിൽ ഇരുന്നു ജനങ്ങളെ ചരൽക്കല്ലെടുത്തു എറിയുകയും, പരിഹസിക്കുകയും ചെയ്തിരുന്നു.' (والطبراني الترمذى واحمد والبيهقى)

മനുഷ്യന്റെ ധിക്കാരവും, നിഷിദ്ധബുദ്ധിയും മുഴുത്തുകഴിഞ്ഞാൽ പിന്നെ അവനെ ഉപദേശിക്കുന്നവരുടെ നേരെയും അതേ നിലതന്നെ അവൻ കൈകൊള്ളും. ഭവിഷ്യത്തുകളെപ്പറ്റി അവൻ ചിന്തിക്കുകയില്ല. ചിന്തിച്ചിട്ട് ഫലമില്ലാതാകുന്ന സമയത്തേ അവന് ബോധം വരികയുള്ളൂ. ലൂത്വ് നബി (അ)യുടെ ഉപദേശങ്ങൾക്കും താക്കീതിനും ആ ജനത കൊടുത്ത മറുപടിയുടെ രത്നച്ചുരുക്കമാണ് അല്ലാഹു ഇവിടെ ഉദ്ധരിച്ചത്: 'നീ സത്യവാദിയാണെങ്കിൽ അല്ലാഹുവിന്റെ ശിക്ഷ ഞങ്ങൾക്ക് കൊണ്ടുവാ' എന്ന്! എനി, ലൂത്വ് (അ) അല്ലാഹുവിന്റെ മുമ്പിൽ സങ്കടം ബോധിപ്പിക്കുകയല്ലാതെ എന്ത് ചെയ്യാനാണ്?!

قَالَ رَبِّ ٱنصُرْنِى عَلَى ٱلْقَوْمِ ٱلْمُفْسِدِينَ ﴿٣٠﴾

﴾30﴿ അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവേ, (ഈ) നാശകാരികളായ ജനങ്ങളുടെ മേൽ എന്നെ നീ സഹായിക്കണേ!'

﴾30﴿ قَالَ അദ്ദേഹം പറഞ്ഞു رَبِّ എന്റെ റബ്ബേ انْصُرْنِي എന്നെ നീ സഹായിക്കണേ عَلَى الْقَوْمِ ജനങ്ങളുടെ മേൽ الْمُفْسِدِينَ നാശകാരികളായ, കുഴപ്പക്കാരായ

അല്ലാഹു അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിച്ചു. അത് നടപ്പിൽ വരുത്തിയതെങ്ങിനെയാണെന്ന് തുടർന്നുള്ള ആയത്തുകളിൽ വിവരിക്കുന്നു:-

വിഭാഗം - 4

وَلَمَّا جَآءَتْ رُسُلُنَآ إِبْرَٰهِيمَ بِٱلْبُشْرَىٰ قَالُوٓا۟ إِنَّا مُهْلِكُوٓا۟ أَهْلِ

﴾31﴿ നമ്മുടെ ദൂതൻമാർ [മലക്കുകൾ] ഇബ്റാഹീമിന്റെ അടുക്കൽ സന്തോഷവാർത്തയും കൊണ്ടുവന്നപ്പോൾ അവർ പറഞ്ഞു: 'നിശ്ചയമായും, ഞങ്ങൾ ഈ രാജ്യക്കാരെ നശിപ്പിക്കുന്ന

മുമ്പുണ്ടായിരുന്ന ആ ജനതയുടെ മിക്ക സ്വഭാവങ്ങളും ഇന്നത്തെ ആളുകൾ മാതൃകയാക്കിയിരിക്കുകയാണെന്ന് തോന്നിപ്പോകുന്നു. നിലവിലുള്ള നിയമങ്ങളുടെ കുത്തയവും, നേതാക്കളുടെയും, അധികാരസ്ഥൻമാരുടെയും കൊള്ളരുതായ്മയും കാരണം ദിനംപ്രതി സമുദായത്തിന്റെ സൈ്വര്യജീവിതം കടങ്കഥയായി അവശേഷിപ്പിച്ചുകൊണ്ട് അതിദാരുണമായ ഒരാപൽഗർത്തത്തിലേക്ക് നാം നീങ്ങിക്കൊണ്ടിരിക്കുകയാണെന്ന് പറയേണ്ടിയിരിക്കുന്നു. അല്ലാഹു കാക്കട്ടെ, ആമീൻ.

هَٰذِهِ ٱلْقَرْيَةِ ۖ إِنَّ أَهْلَهَا كَانُوا۟ ظَٰلِمِينَ ﴿٣١﴾

വരാകുന്നു. (കാരണം) അതിലെ ആൾക്കാർ അക്രമകാരികളായി ത്തീർന്നിരിക്കുന്നു.'

﴿31﴾ وَلَمَّا جَاءَتْ വന്നപ്പോൾ رُسُلُنَا നമ്മുടെ ദൂതൻമാർ إِبْرَاهِيمَ ഇബ്റാഹീമിന്റെ
അടുക്കൽ بِالْبُشْرَىٰ സന്തോഷവാർത്തയുംകൊണ്ട് قَالُوا അവർ പറഞ്ഞു إِنَّا مُهْلِكُو നിശ്ചയ
മായും ഞങ്ങൾ നശിപ്പിക്കുന്നവരാണ് أَهْلِ هَٰذِهِ الْقَرْيَةِ ഈ രാജ്യക്കാരെ إِنَّ أَهْلَهَا നിശ്ചയമായും
അതിലെ ആൾക്കാർ كَانُوا അവർ ആയിരിക്കുന്നു ظَالِمِينَ അക്രമികൾ

ഇബ്റാഹീം നബി (അ)ക്ക് അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്ത് ഒരു പുത്രൻ (ഇസ്ഹാക്- അ) ജനിക്കുവാൻ പോകുന്നുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുവാൻ ചെന്ന ദൈവ ദൂതൻമാരായ മലക്കുകൾ, ആ കൃത്യം നിർവ്വഹിച്ചശേഷം, തങ്ങൾ ലൂത്വ് നബി (അ)യുടെ രാജ്യം നശിപ്പിക്കുവാൻകൂടി നിയോഗിക്കപ്പെട്ടവരാണെന്ന് അദ്ദേഹത്തെ അറിയിച്ചു. (രണ്ട് പ്രവാചകൻമാരും രണ്ട് രാജ്യത്തായിരുന്നു താമസമുറപ്പിച്ചിരുന്നതെന്നും മറ്റുമുള്ള വിവ രങ്ങൾ 6-ാം വ്യാഖ്യാനക്കുറിപ്പിൽ നാം വിവരിച്ചിട്ടുണ്ട്.)

قَالَ إِنَّ فِيهَا لُوطًا ۚ قَالُوا۟ نَحْنُ أَعْلَمُ بِمَن فِيهَا ۖ لَنُنَجِّيَنَّهُۥ وَأَهْلَهُۥٓ إِلَّا ٱمْرَأَتَهُۥ كَانَتْ مِنَ ٱلْغَٰبِرِينَ ﴿٣٢﴾

﴿32﴾ അദ്ദേഹം പറഞ്ഞു: 'അതിൽ ലൂത്വ് ഉണ്ടല്ലോ?!' അവർ പറഞ്ഞു: 'അതിലുള്ളവരെക്കുറിച്ച് ഞങ്ങൾ നല്ലവണ്ണം അറിയുന്നവരാണ്; അദ്ദേഹത്തെയും, അദ്ദേഹത്തിന്റെ ഭാര്യ ഒഴികെയുള്ള വീട്ടുകാരെയും ഞങ്ങൾ രക്ഷപ്പെടുത്തുകതന്നെ ചെയ്യും. അവൾ അവശേഷിക്കുന്ന [ശിക്ഷയിൽ അകപ്പെടുന്ന]വരിൽ പെട്ടവളാകുന്നു.'

﴿32﴾ قَالَ അദ്ദേഹം പറഞ്ഞു إِنَّ فِيهَا നിശ്ചയമായും അതിലുണ്ട് لُوطًا ലൂത്വ് قَالُوا അവർ
പറഞ്ഞു نَحْنُ أَعْلَمُ ഞങ്ങൾ കൂടുതൽ (നല്ലവണ്ണം) അറിയുന്നവരാണ് بِمَنْ فِيهَا അതിലുള്ളവരെ
പ്പറ്റി لَنُنَجِّيَنَّهُ ഞങ്ങൾ അദ്ദേഹത്തെ രക്ഷപ്പെടുത്തുകതന്നെ ചെയ്യും وَأَهْلَهُ അദ്ദേഹത്തിന്റെ
വീട്ടുകാരെയും, ആൾക്കാരെയും إِلَّا امْرَأَتَهُ അദ്ദേഹത്തിന്റെ സ്ത്രീ (ഭാര്യ) ഒഴികെ كَانَتْ
അവൾ ആകുന്നു, ആയിരിക്കുന്നു مِنَ الْغَابِرِينَ അവശേഷിക്കുന്നവരിൽ, കഴിഞ്ഞുപോകുന്നവ
രിൽ, പിന്തി നിൽക്കുന്നവരിൽ

രാജ്യം ഒന്നാകെ നശിപ്പിക്കുവാൻ പോകുകയാണെന്ന വാർത്ത കേട്ടപ്പോൾ ഇബ്റാഹീം നബി (അ)ക്ക് ലൂത്വ് നബി (അ)യുടെ കാര്യത്തിൽ ഉൽകണ്ഠ തോന്നുക സ്വാഭാവികമാണല്ലോ. അതുകൊണ്ടാണദ്ദേഹം അവരോട് 'അതിൽ ലൂത്വുണ്ടല്ലോ' എന്ന് പറയുന്നത്. ലൂത്വ് നബി (അ)യുടെ ഭാര്യ ശത്രുപക്ഷക്കാരിയായിരുന്നുവെന്നും, അത് കൊണ്ടാണ് അദ്ദേഹത്തിന്റെ വീട്ടുകാരുടെ കൂട്ടത്തിൽ അവൾക്ക് രക്ഷ കിട്ടാതെ പോയതെന്നും നാം ഇതിന്

മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

وَلَمَّآ أَن جَآءَتْ رُسُلُنَا لُوطًا سِيٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالُوا۟ لَا تَخَفْ وَلَا تَحْزَنْ ۖ إِنَّا مُنَجُّوكَ وَأَهْلَكَ إِلَّا ٱمْرَأَتَكَ كَانَتْ مِنَ ٱلْغَٰبِرِينَ ﴿٣٣﴾

﴿33﴾ നമ്മുടെ ദൂതൻമാർ ലൂത്വിന്റെ അടുക്കൽ വരുകയുണ്ടായപ്പോൾ, അവർ മൂലം അദ്ദേഹത്തിന് വ്യസനം പിടിപെടുകയും, അവരെകൊണ്ട് മനസ്സ് മുട്ടുകയും ചെയ്തു. അവർ പറഞ്ഞു: 'താങ്കൾ പേടിക്കേണ്ട, വ്യസനിക്കുകയും വേണ്ട! താങ്കളെയും, താങ്കളുടെ ഭാര്യ ഒഴികെയുള്ള വീട്ടുകാരെയും ഞങ്ങൾ രക്ഷപ്പെടുത്തുന്നവരാകുന്നു. അവൾ അവശേഷിക്കുന്ന[ശിക്ഷയിൽ അകപ്പെടുന്ന]വരിൽ പെട്ടവളാകുന്നു.

إِنَّا مُنزِلُونَ عَلَىٰٓ أَهْلِ هَٰذِهِ ٱلْقَرْيَةِ رِجْزًا مِّنَ ٱلسَّمَآءِ بِمَا كَانُوا۟ يَفْسُقُونَ ﴿٣٤﴾

﴿34﴾ 'ഈ രാജ്യക്കാർ തോന്നിവാസം പ്രവർത്തിച്ചുവരുന്നത് കൊണ്ട് ആകാശത്ത് നിന്ന് അവരുടെ മേൽ ഞങ്ങൾ ഒരു ആപത്ത് [ശിക്ഷ] ഇറക്കുന്നവരാണ്.'

وَلَقَد تَّرَكْنَا مِنْهَآ ءَايَةًۢ بَيِّنَةً لِّقَوْمٍ يَعْقِلُونَ ﴿٣٥﴾

﴿35﴾ മനസ്സിരുത്തുന്ന ജനങ്ങൾക്ക് അതിൽ [ആ രാജ്യത്തിൽ] നിന്ന് ഒരു വ്യക്തമായ ദൃഷ്ടാന്തം നാം തീർച്ചയായും ബാക്കിയാക്കി വെച്ചിട്ടുണ്ട്.

﴿33﴾ وَلَمَّا أَنْ جَاءَتْ വരികയുണ്ടായപ്പോൾ رُسُلُنَا നമ്മുടെ ദൂതൻമാർ لُوطًا ലൂത്വിന്റെ അടുക്കൽ سِيءَ അദ്ദേഹത്തിന് വ്യസനം (അനിഷ്ടം) പിടിപെട്ടു بِهِمْ അവർ മൂലം, അവരെകൊണ്ട് وَضَاقَ ഇടുങ്ങുകയും ചെയ്തു بِهِمْ അവർ മൂലം ذَرْعًا മുഴങ്കൈ [മനസ്സ്] وَقَالُوا അവർ പറഞ്ഞു لَا تَخَفْ താങ്കൾ പേടിക്കേണ്ട وَلَا تَحْزَنْ വ്യസനിക്കുകയും വേണ്ട إِنَّا നിശ്ചയമായും ഞങ്ങൾ مُنَجُّوكَ താങ്കളെ രക്ഷപ്പെടുത്തുന്നവരാണ് وَأَهْلَكَ താങ്കളുടെ വീട്ടുകാരെയും, കുടുംബത്തെയും إِلَّا امْرَأَتَكَ താങ്കളുടെ സ്ത്രീ (ഭാര്യ) ഒഴികെ كَانَتْ അവളാകുന്ന مِنَ الْغَابِرِينَ അവശേഷിക്കുന്നവരിൽ ﴿34﴾ إِنَّا مُنزِلُونَ നിശ്ചയമായും ഞങ്ങൾ ഇറക്കുന്നവരാണ് عَلَىٰ أَهْلِ ആൾക്കാരുടെ മേൽ هَٰذِهِ الْقَرْيَةِ ഈ രാജ്യത്തിന്റെ رِجْزًا ആപത്ത്, ശിക്ഷ

مِنَ السَّمَاءِ ആകാശത്ത് നിന്ന് بِمَا كَانُوا അവരായത് കൊണ്ട് يَفْسُقُونَ തോന്നിയവാസം (തെമ്മാടിത്തം) പ്രവർത്തിക്കുന്ന(വർ) ﴾35﴿ وَلَقَدْ تَرَكْنَا തീർച്ചയായും നാം ഒഴിവാക്കി (ബാക്കിയാക്കി)വെച്ചിട്ടുണ്ട് مِنْهَا അതിൽ നിന്ന്, അത് നിമിത്തം آيَةً بَيِّنَةً വ്യക്തമായ ഒരു ദൃഷ്ടാന്തം لِقَوْمٍ ഒരു ജനതക്ക് يَعْقِلُونَ മനസ്സിരുത്തുന്ന, ബുദ്ധികൊടുക്കുന്ന

ഇബ്‌റാഹീം നബി (അ)യുടെ അടുക്കൽ ചെന്ന ദൂതൻമാർ പിന്നീട് ലൂത്വ് നബി (അ) യുടെ അടുക്കൽ വന്നു. അതിസുന്ദരമായ മനുഷ്യരൂപത്തിലായിരുന്നു അവർ പ്രത്യക്ഷപ്പെട്ടത്. അവരെ കണ്ടപ്പോൾ തന്റെ നാട്ടുകാരായ തെമ്മാടികളുടെ നില ഓർത്തു അദ്ദേഹത്തിന് അസ്വാസ്ഥ്യം തോന്നി. അപ്പോഴാണ് അവർ തങ്ങളെക്കുറിച്ച് പരിചയപ്പെടുത്തുന്നത്. ലൂത്വ് നബി (അ)യുടെ രാജ്യക്കാർക്ക് പിണഞ്ഞ അതിഭയങ്കരമായ ശിക്ഷയെക്കുറിച്ച് അൻബിയാഉ്, 'ശുഅറാഉ്' മുതലായ സൂറത്തുകളിൽ വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കേണ്ടതില്ല. അത് കേവലം ഒരു 'പൊട്ടിത്തെറിയായിരുന്നു' എന്ന് ചിലർ പറഞ്ഞുകാണുന്നത് ശരിയല്ലെന്ന് ആ സംഭവത്തെക്കുറിച്ച് അല്ലാഹു പ്രസ്താവിച്ചിട്ടുള്ള വാക്യങ്ങൾ പരിശോധിച്ചാൽ ആർക്കും അറിയാവുന്നതാണ്. 34-ാം വചനവും ഇതിന് തെളിവാകുന്നു.

ضَاقَ ذَرْعًا എന്ന വാക്കിനാണ് 'മനസ്സ് മുട്ടി' എന്ന് സാരാർത്ഥം കൊടുത്തത്. 'മുഴുങ്കൈ ഇടുങ്ങി' എന്നും മറ്റുമാണതിന് വാക്കർത്ഥം നൽകേണ്ടത്. 'ബുദ്ധിമുട്ടി, കഴിവില്ലാതെ കുഴങ്ങി' എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തിലാണ് ആ വാക്ക് അറബിയിൽ പ്രയോഗിക്കപ്പെടാറുള്ളത്. നേരെമറിച്ച് 'കഴിവുണ്ടായി, സാധ്യമായി' എന്നിങ്ങനെയുള്ള ഉദ്ദേശ്യത്തിൽ طال ذرعا (മുഴുങ്കൈ നീണ്ടു) എന്നും ഉപയോഗിക്കപ്പെടാറുണ്ട്.

وَإِلَىٰ مَدْيَنَ أَخَاهُمْ شُعَيْبًا فَقَالَ يَٰقَوْمِ ٱعْبُدُوا۟ ٱللَّهَ وَٱرْجُوا۟ ٱلْيَوْمَ ٱلْءَاخِرَ وَلَا تَعْثَوْا۟ فِى ٱلْأَرْضِ مُفْسِدِينَ ﴿٣٦﴾

﴾36﴿ മദ്‌യനിലേക്ക് അവരുടെ [മദ്‌യൻകാരുടെ] സഹോദരൻ ശുഅയ്ബിനെയും അയച്ചു. എന്നിട്ട്, അദ്ദേഹം പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും, അന്ത്യദിനത്തെ പ്രതീക്ഷിക്കുക (അഥവാ ഭയപ്പെടുക)യും ചെയ്യുവിൻ! നിങ്ങൾ നാശകാരികളായിക്കൊണ്ട് നാട്ടിൽ കുഴപ്പമുണ്ടാക്കരുത്.'

فَكَذَّبُوهُ فَأَخَذَتْهُمُ ٱلرَّجْفَةُ فَأَصْبَحُوا۟ فِى دَارِهِمْ جَٰثِمِينَ ﴿٣٧﴾

﴾37﴿ അപ്പോൾ, അവർ അദ്ദേഹത്തെ വ്യാജമാക്കി: അതിനാൽ അവരെ കഠിനകമ്പനം പിടികൂടി; അങ്ങനെ, അവർ തങ്ങളുടെ വസതികളിൽ ചത്തൊടുങ്ങിയവരായി.

﴾36﴿ وَإِلَىٰ مَدْيَنَ മദ്‌യനിലേക്ക് أَخَاهُمْ شُعَيْبًا അവരുടെ സഹോദരൻ ശുഅയ്ബിനെയും فَقَالَ എന്നിട്ട് അദ്ദേഹം പറഞ്ഞു يَا قَوْمِ എന്റെ ജനങ്ങളേ اعْبُدُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ وَارْجُوا നിങ്ങൾ പ്രതീക്ഷിക്കുകയും, (ഭയപ്പെടുകയും) ചെയ്യുവിൻ الْيَوْمَ الْآخِرَ അന്ത്യദിനത്തെ وَلَا تَعْثَوْا നിങ്ങൾ കുഴപ്പമുണ്ടാക്കരുത് فِي الْأَرْضِ ഭൂമിയിൽ (നാട്ടിൽ) مُفْسِدِينَ നാശകാരികളായിക്കൊണ്ട് ﴾37﴿ فَكَذَّبُوهُ എന്നിട്ട് അദ്ദേഹത്തെ അവർ വ്യാജമാക്കി فَأَخَذَتْهُمُ അപ്പോൾ അവർക്ക് പിടിപെട്ടു الرَّجْفَةُ കഠിനകമ്പനം (കുലുക്കം) فَأَصْبَحُوا അങ്ങനെ അവരായി, രാവിലെയായി فِي دَارِهِمْ അവരുടെ പാർപ്പിടത്തിൽ (വസതികളിൽ) جَاثِمِينَ ചത്തൊടുങ്ങിയവരായി, ഭൂമിയിലമർന്നവരായി

ഈ സംഭവവും, ആദ്- ഥമൂദിന്റെ കഥയും ഇതിന് മുമ്പ് നാം വിവരിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ സൂറത്തിൽ അതെല്ലാം അല്ലാഹു വളരെ ചുരുക്കത്തിൽ ഓർമിപ്പിക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്

وَعَادًا وَثَمُودَا۟ وَقَد تَّبَيَّنَ لَكُم مِّن مَّسَـٰكِنِهِمْ ۖ وَزَيَّنَ لَهُمُ ٱلشَّيْطَـٰنُ أَعْمَـٰلَهُمْ فَصَدَّهُمْ عَنِ ٱلسَّبِيلِ وَكَانُوا۟ مُسْتَبْصِرِينَ ﴿٣٨﴾

﴾38﴿ ആദിനെയും, ഥമൂദിനെയും (നശിപ്പിക്കുകയുണ്ടായി); അവരുടെ വാസസ്ഥലങ്ങളിൽനിന്ന് നിങ്ങൾക്കത് വ്യക്തമായിട്ടുമുണ്ട്, തങ്ങളുടെ പ്രവൃത്തികളെ പിശാച് അവർക്ക് ഭംഗിയാക്കിക്കൊടുക്കുകയും, അങ്ങനെ (ശരിയായ) മാർഗത്തിൽനിന്ന് അവൻ അവരെ തടയുകയും ചെയ്തു. അവർ കണ്ടറിയാവുന്നവരായിരുന്നുതാനും. (പക്ഷേ, അവരത് ചെയ്തില്ല.)

﴾38﴿ وَعَادًا ആദിനെയും وَثَمُودَ ഥമൂദിനെയും وَقَدْ تَبَيَّنَ അത് വ്യക്തമായിട്ടുമുണ്ട് لَكُمْ നിങ്ങൾക്ക് مِنْ مَسَاكِنِهِمْ അവരുടെ വാസസ്ഥലങ്ങളിൽനിന്ന് وَزَيَّنَ لَهُمُ അവർക്ക് ഭംഗിയാക്കിക്കൊടുത്തു الشَّيْطَانُ പിശാച് أَعْمَالَهُمْ അവരുടെ പ്രവൃത്തികളെ, കർമങ്ങളെ فَصَدَّهُمْ അങ്ങനെ അവൻ അവരെ തടഞ്ഞു, തിരിച്ചു عَنِ السَّبِيلِ മാർഗത്തിൽനിന്ന് وَكَانُوا അവരായിരുന്നുതാനും مُسْتَبْصِرِينَ കണ്ടറിയുന്നവർ.

ആദിന്റെ വാസസ്ഥലം യമനിലും, ഥമൂദിന്റേത് ഹിജ്‌റിലും ആയിരുന്നു. (*) രണ്ട്സ്ഥലങ്ങളിലും അവരവരുടെ അവശിഷ്ടങ്ങൾ അറബികൾക്ക് കണ്ട് മനസ്സിലാക്കുവാൻ സാധിച്ചിരുന്നു.

وَقَـٰرُونَ وَفِرْعَوْنَ وَهَـٰمَـٰنَ ۖ

﴾39﴿ ക്വാറൂനെയും, ഫിർഔനെയും, ഹാമാനെയും(നശിപ്പിച്ചു.)

(*) പടം 8 നോക്കുക

وَلَقَدْ جَآءَهُم مُّوسَىٰ بِٱلْبَيِّنَٰتِ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ وَمَا كَانُوا۟ سَٰبِقِينَ ﴿٣٩﴾

മൂസാ അവർക്ക് തെളിവുകളുമായി വരികയുണ്ടായി; അപ്പോൾ അവർ നാട്ടിൽ അഹംഭാവം നടിച്ചു. അവർ (നമ്മെ) തോല്പിച്ചു മുൻകടന്നുപോകുന്നവരായിരുന്നില്ല.

فَكُلًّا أَخَذْنَا بِذَنۢبِهِۦ ۖ فَمِنْهُم مَّنْ أَرْسَلْنَا عَلَيْهِ حَاصِبًا وَمِنْهُم مَّنْ أَخَذَتْهُ ٱلصَّيْحَةُ وَمِنْهُم مَّنْ خَسَفْنَا بِهِ ٱلْأَرْضَ وَمِنْهُم مَّنْ أَغْرَقْنَا ۚ وَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿٤٠﴾

﴿40﴾ അതിനാൽ, എല്ലാവരെയും അവനവന്റെ കുറ്റത്തിന് നാം പിടിച്ചു (ശിക്ഷിച്ചു). അങ്ങനെ, നാം ചരൽക്കാറ്റ് അയച്ചിട്ടുള്ളവർ അവരിലുണ്ട്; ഘോര ശബ്ദം പിടിപെട്ടവരും അവരിലുണ്ട്; നാം ഭൂമിയിൽ ആഴ്ത്തിയവരും അവരിലുണ്ട്; നാം (വെള്ളത്തിൽ) മുക്കി നശിപ്പിച്ചവരും അവരിലുണ്ട്. അല്ലാഹു അവരോട് അക്രമം ചെയ്യുകയായിരുന്നില്ല; പക്ഷേ, അവർ തങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കുകയായിരുന്നു ചെയ്തത്.

﴿39﴾ وَقَارُونَ ക്വാറൂനെയും وَفِرْعَوْنَ ഫിർഔനെയും وَهَامَانَ ഹാമാനെയും وَلَقَدْ جَاءَهُمْ തീർച്ചയായും അവർക്ക് വരികയുണ്ടായി مُوسَىٰ മൂസാ بِالْبَيِّنَاتِ തെളിവുകളും കൊണ്ട് فَاسْتَكْبَرُوا എന്നിട്ട് അവർ അഹംഭാവം നടിച്ചു فِي الْأَرْضِ ഭൂമിയിൽ, നാട്ടിൽ وَمَا كَانُوا അവരായിരുന്നില്ല سَابِقِينَ മുൻകടക്കുന്നവർ, കവച്ചുവെക്കുന്നവർ ﴿40﴾ فَكُلًّا അതിനാൽ എല്ലാവരെയും أَخَذْنَا നാം പിടിച്ചു, പിടികൂടി بِذَنْبِهِ അവനവന്റെ കുറ്റത്തിന്, പാപത്തിന് فَمِنْهُمْ അങ്ങനെ അവരിലുണ്ട് مَنْ ഒരു കൂട്ടർ أَرْسَلْنَا عَلَيْهِ അവരിൽ നാം അയച്ചു حَاصِبًا ചരൽകാറ്റ് وَمِنْهُمْ അവരിലുണ്ട് مَنْ ഒരു കൂട്ടരും أَخَذَتْهُ അവർക്ക് പിടിപെട്ടു الصَّيْحَةُ ഘോരശബ്ദം, അട്ടഹാസം وَمِنْهُمْ അവരിലുണ്ട് مَنْ ഒരു കൂട്ടരും خَسَفْنَا بِهِ അവരെ നാം ആഴ്ത്തി الْأَرْضَ ഭൂമിയിൽ, ഭൂമിയെ وَمِنْهُمْ അവരിലുണ്ട് مَنْ أَغْرَقْنَا നാം മുക്കിനശിപ്പിച്ചവരും وَمَا كَانَ اللَّهُ അല്ലാഹു അല്ല, ആയിരുന്നില്ല لِيَظْلِمَهُمْ അവരെ അക്രമിക്കുക, അക്രമിക്കുവാൻ (തയ്യാർ) وَلَٰكِنْ كَانُوا എങ്കിലും അവരായിരുന്നു أَنْفُسَهُمْ അവരോട് തന്നെ, തങ്ങളുടെ ആത്മാക്കളെ يَظْلِمُونَ അക്രമം ചെയ്യുക, അനീതി ചെയ്യുന്നവ(ർ)

അല്ലാഹുവിന്റെ ആജ്ഞകളെ ധിക്കരിക്കുകയും, നബിമാരെ നിഷേധിക്കുകയും ചെയ്തവർ ഈ ലോകത്ത് വെച്ച് അനുഭവിക്കേണ്ടിവന്ന നാലുതരം ശിക്ഷകളെയാണ് അല്ലാഹു ഇവിടെ എടുത്തുപറഞ്ഞത്.

1) ചരൽക്കാറ്റ്: ലൂത്വ് നബി (അ)യുടെ രാജ്യം അടിമേലായി മറിക്കപ്പെടുന്നതിനുമുമ്പ് അവിടെ അതിഭയങ്കരമായ ചരൽക്കാറ്റടിക്കുകയുണ്ടായി.

2) ഘോരശബ്ദം: മദ്‌യൻ നിവാസികൾക്കും, ഥമൂദ് ഗോത്രത്തിനും ബാധിച്ച ശിക്ഷ ഇതായിരുന്നു.

3) ഭൂമിയിൽ ആഴ്ത്തുക: ക്വാറൂനും അവന്റെ വസതിയും ഭൂമിയിൽ ആഴ്ത്തപ്പെട്ട സംഭവം കഴിഞ്ഞ സൂറത്തിൽ പ്രസ്താവിക്കുകയുണ്ടായി.

4) മുക്കി നശിപ്പിക്കൽ: നൂഹ് നബി (അ)യുടെ ജനത ജലപ്രളയത്തിലും, ഫിർഔനും സൈന്യവും ചെങ്കടലിലും മുക്കിനശിപ്പിക്കപ്പെട്ടു.

مَثَلُ ٱلَّذِينَ ٱتَّخَذُوا۟ مِن دُونِ ٱللَّهِ أَوْلِيَآءَ كَمَثَلِ ٱلْعَنكَبُوتِ ٱتَّخَذَتْ بَيْتًا ۖ وَإِنَّ أَوْهَنَ ٱلْبُيُوتِ لَبَيْتُ ٱلْعَنكَبُوتِ ۖ لَوْ كَانُوا۟ يَعْلَمُونَ ﴿٤١﴾

﴿41﴾ അല്ലാഹുവിന് പുറമെ (ഏതെങ്കിലും) രക്ഷകർത്താക്കളെ സ്വീകരിച്ചിട്ടുള്ളവരുടെ ഉപമ, (വലകെട്ടി) വീടുണ്ടാക്കിയ എട്ടുകാലിയുടെ മാതിരിയാകുന്നു. വീടുകളിൽ വെച്ച് ഏറ്റവും ദുർബ്ബലമായത് എട്ടുകാലിയുടെ വീട് തന്നെ, അവർക്ക് അറിയാമായിരുന്നെങ്കിൽ!

﴾41﴿ مَثَلُ ഉപമ الَّذِينَ اتَّخَذُوا സ്വീകരിച്ചവരുടെ مِن دُونِ اللَّهِ അല്ലാഹുവിന് പുറമെ أَوْلِيَاءَ രക്ഷകർത്താക്കളെ, കാര്യകർത്താക്കളെ كَمَثَلِ الْعَنكَبُوتِ എട്ടുകാലിയുടെ മാതിരിയാണ് اتَّخَذَتْ ഉണ്ടാക്കിയ بَيْتًا വീട് وَإِنَّ أَوْهَنَ الْبُيُوتِ നിശ്ചയമായും വീടുകളിൽ ഏറ്റവും ദുർബ്ബലമായത് لَبَيْتُ الْعَنكَبُوتِ എട്ടുകാലിയുടെ വീട് തന്നെ لَوْ كَانُوا അവരായിരുന്നെങ്കിൽ يَعْلَمُونَ അറിയും.

എട്ടുകാലിയുടെ വീടാകുന്ന വലയുടെ ദൗർബ്ബല്യത്തെപ്പറ്റി ആർക്കും അറിയാവുന്നതാണ്. ചൂടോ, തണുപ്പോ, മഴയോ, വെയിലോ, കാറ്റോ ഒന്നുംതന്നെ തടുക്കുവാൻ അത് പര്യാപ്തമല്ല. കാറ്റോ, മറ്റേതെങ്കിലും വസ്തുക്കളോ അതിനെ സ്പർശിക്കുമ്പോഴേക്കും അത് കേട്വന്നു പോകയും ചെയ്യും. ഇതുപോലെത്തന്നെയാണ് അല്ലാഹു അല്ലാത്തവരെ രക്ഷകർത്താക്കളായി സ്വീകരിക്കുകയും, അവരെ ആരാധിക്കുകയും, അവരോട് പ്രാർത്ഥിക്കുകയും, അവർക്ക് നേർച്ചവഴിപാടുകൾ നടത്തുകയും ചെയ്യുന്നവരുടെ സ്ഥിതിയും. യാതൊരു രക്ഷയും സഹായവും അത്മൂലം അവർക്ക് ലഭിക്കുവാനില്ല. ഒന്നിനെയും ഇതിൽനിന്ന് ഒഴിവാക്കാനുമില്ല. കാരണം:

إِنَّ ٱللَّهَ يَعْلَمُ مَا يَدْعُونَ مِن دُونِهِۦ مِن شَىْءٍ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٤٢﴾

《42》 നിശ്ചയമായും, തനിക്ക് പുറമെ അവർ വിളി(ച്ചു പ്രാർത്ഥി)ക്കുന്ന ഏതൊരു വസ്തുവിനെയും അല്ലാഹു അറിയുന്നു. പ്രതാപശാലിയും, അഗാധജ്ഞനുമായുള്ളവൻ അവനത്രെ.

《42》 إِنَّ اللَّهَ നിശ്ചയമായും അല്ലാഹു يَعْلَمُ അവൻ അറിയും, അറിയുന്നു مَا يَدْعُونَ അവർ വിളിക്കുന്നതിനെ, പ്രാർത്ഥിക്കുന്നത് مِنْ دُونِهِ അവന് പുറമെ مِنْ شَيْءٍ ഏതൊരു വസ്തുവെയും وَهُوَ അവൻ, അവനത്രെ الْعَزِيزُ പ്രതാപശാലി الْحَكِيمُ അഗാധജ്ഞൻ

അവർ രക്ഷകർത്താക്കളായി ഗണിച്ചു വരുന്നവർ ആരാവട്ടെ- വിഗ്രഹങ്ങളോ, ദേവീദേവൻമാരോ, മനുഷ്യരോ, മലക്കുകളോ, മഹാത്മാക്കളോ ആരായാലും ശരി- ഓരോരുത്തനെക്കുറിച്ചും, അവരുടെ എല്ലാ സ്ഥിതിഗതികളെക്കുറിച്ചും അല്ലാഹുവിന് നല്ലപോലെ അറിയാം. അവർക്കാർക്കും തന്നെ സ്വന്തം നിലക്ക് യാതൊരു ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിവില്ലെന്നും അവന് പരിപൂർണമായും അറിയാം. അതുകൊണ്ട് തന്നെയാണ് ഈ ഉപമയിൽനിന്ന് ഒരാളെയും ഒഴിവാക്കുവാനില്ലാതിരുന്നതും. ഇതും, ഇത്പോലെ ക്വുർആനിൽ കാണുന്ന മറ്റ് ഉപമകളും ചൂണ്ടിക്കാട്ടിക്കൊണ്ട് അല്ലാഹു പറയുന്നു:-

وَتِلْكَ ٱلْأَمْثَٰلُ نَضْرِبُهَا لِلنَّاسِ ۖ وَمَا يَعْقِلُهَآ إِلَّا ٱلْعَٰلِمُونَ ﴿٤٣﴾

《43》 ആ ഉപമകൾ (എല്ലാംതന്നെ) നാം മനുഷ്യർക്ക് വേണ്ടി വിവരിക്കുകയാണ്. അറിവുള്ളവരല്ലാതെ അവയെ (ചിന്തിച്ചു) മനസ്സിലാക്കുകയില്ല.

خَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ إِنَّ فِى ذَٰلِكَ لَءَايَةً لِّلْمُؤْمِنِينَ ﴿٤٤﴾

《44》 ആകാശങ്ങളെയും, ഭൂമിയെയും അല്ലാഹു മുറപ്രകാരം സൃഷ്ടിച്ചിരിക്കുന്നു. നിശ്ചയമായും അതിൽ സത്യവിശ്വാസികൾക്ക് ദൃഷ്ടാന്തമുണ്ട്.

《43》 وَتِلْكَ الْأَمْثَالُ ആ ഉദാഹരണങ്ങൾ نَضْرِبُهَا നാം അവയെ വിവരിക്കുന്നു, ഏർപ്പെടുത്തുന്നു لِلنَّاسِ മനുഷ്യർക്ക് وَمَا يَعْقِلُهَا അവയെ മനസ്സിലാക്കുകയില്ല, ഗ്രഹിക്കുകയില്ല إِلا الْعَالِمُونَ അറിവുള്ളവരല്ലാതെ, ജ്ഞാനികളല്ലാതെ 《44》 خَلَقَ اللَّهُ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു السَّمَاوَاتِ ആകാശങ്ങളെ وَالْأَرْضَ ഭൂമിയെയും بِالْحَقِّ മുറപ്രകാരം, ന്യായപ്രകാരം, യഥാർത്ഥമനുസരിച്ച് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَةً ദൃഷ്ടാന്തം لِلْمُؤْمِنِينَ സത്യവിശ്വാസികൾക്ക്

ഓരോന്നും അതതിന്റെ ചിട്ടയും, ക്രമവും അനുസരിച്ച് -നീക്ക്പോക്കും, ഏറ്റക്കുറവും കൂടാതെ- യുക്തവും ലക്ഷ്യപൂർണവുമായ വിധത്തിൽ സൃഷ്ടിച്ചിട്ടുള്ളതിനെ ഉദ്ദേശിച്ചാണ് 'മുറപ്രകാരം സൃഷ്ടിച്ചു' എന്ന് പറഞ്ഞിരിക്കുന്നത്.

'ചാണകം ഒട്ടകത്തെയും, കാൽപാടുകൾ നടന്നുപോയതിനെയും കുറിക്കുന്നു' (البعرة تدل على البعير واثار الاقدام تدل على المسير) എന്ന് അറബിയിൽ ഒരു ഉപമ വാക്യമുണ്ട്. അത്പോലെ ഈ ലോകത്തിലെ ഓരോ മണൽതരിയിലും, അതിന്റെ സ്രഷ്ടാവിന്റെ സൃഷ്ടി വൈഭവത്തിനും, അപാരമായ കഴിവിനും മതിയായ ദൃഷ്ടാന്തങ്ങൾ അടങ്ങിയിരിക്കുന്നു. വിശ്വാസപൂർവ്വം ചിന്തിക്കുന്നവർക്കെല്ലാം കണ്ടറിയാവുന്ന ഒരു പരമാർത്ഥമത്രെ അത്.

വിഭാഗം - 5

ٱتْلُ مَآ أُوحِىَ إِلَيْكَ مِنَ ٱلْكِتَٰبِ وَأَقِمِ ٱلصَّلَوٰةَ ۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾

《45》 (നബിയേ) വേദഗ്രന്ഥത്തിൽനിന്ന് നിനക്ക് 'വഹ്‌യ്' [ബോധനം] നൽകപ്പെട്ടിട്ടുള്ളത് നീ പാരായണം ചെയ്യുക. നമസ്കാരം നിലനിറുത്തുകയും ചെയ്യുക; നിശ്ചയമായും നമസ്കാരം, നീചവൃത്തിയിൽനിന്നും, നിഷിദ്ധമായതിൽനിന്നും തടയുന്നു. അല്ലാഹുവിനെ ഓർമിക്കുന്നത് ഏറ്റവും വലിയ കാര്യം തന്നെ. നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നതാണ്.

《45》 اتْلُ നീ പാരായണം ചെയ്യുക, ഓതുക مَاأُوحِيَ വഹ്‌യ് നൽകപ്പെട്ടത് إِلَيْكَ നിനക്ക് مِنَ الْكِتَابِ വേദഗ്രന്ഥത്തിൽ നിന്ന്, വേദഗ്രന്ഥമായിട്ട് وَأَقِمِ الصَّلَاةَ നീ നമസ്കാരം നിലനിറുത്തുകയും ചെയ്യുക إِنَّ الصَّلَاةَ നിശ്ചയമായും നമസ്കാരം تَنْهَى തടയുന്നു, നിരോധിക്കുന്നു عَنِ الْفَحْشَاءِ നീചവൃത്തി (ദുഷ്പ്രവൃത്തി)യിൽ നിന്ന് وَالْمُنْكَرِ നിഷിദ്ധമായ (നികൃഷ്ടമായ- വെറുക്കപ്പെട്ട)തിൽനിന്നും وَلَذِكْرُ اللهِ അല്ലാഹുവിനെ ഓർമിക്കൽ, സ്മരിക്കൽ أَكْبَرُ ഏറ്റവും വലിയ (മഹത്തായ) കാര്യംതന്നെ وَاللهُ يَعْلَمُ അല്ലാഹു അറിയുന്നു مَاتَصْنَعُونَ നിങ്ങൾ പ്രവർത്തിക്കുന്നത്

വിശുദ്ധ ക്വുർആനാകുന്ന വേദഗ്രന്ഥം പാരായണം ചെയ്യാനും, നമസ്കാരം നിലനിറുത്തുവാനുമുള്ള ഈ കൽപന ബാഹ്യത്തിൽ നബിﷺയെ അഭിമുഖീകരിച്ചുകൊണ്ടുള്ളതാണെങ്കിലും, വാസ്തവത്തിൽ അത് നബിﷺക്ക് മാത്രം ബാധകമായതല്ല, എല്ലാവർക്കും ബാധകമായതാണ്. ക്വുർആൻ പാരായണം ചെയ്യുന്നത് സ്വയം തന്നെ ഒരു പുണ്യകർമമാകുന്നു. അതിലടങ്ങിയ തത്വങ്ങൾ, ദൃഷ്ടാന്തങ്ങൾ, നിയമനിർദ്ദേശങ്ങൾ ആദിയായ വശങ്ങൾ മനസ്സിലാക്കുകയും, അവയെക്കുറിച്ച് ചിന്തിക്കുകയുമാണ് വായനയുടെ ആവശ്യം. അത് പ്രവർത്ത

നത്തിലും, പ്രയോഗത്തിലും വരുത്തുകയാണ് അതിന്റെ പരമമായ ലക്ഷ്യം. നമസ്കാരം നിലനിറുത്തുവാൻ കൽപിച്ചതിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ അല്ലാഹുതന്നെ ഇവിടെ ഉണർത്തുന്നു. നീചവും നിഷിദ്ധവുമായ കാര്യങ്ങളിൽനിന്ന് നമസ്കാരം മനുഷ്യനെ തടയുന്നുവെന്നുള്ളതാണ് അതിലൊന്ന്. പക്ഷേ, നാമമാത്ര നമസ്കാരംകൊണ്ട് ഈ ഉദ്ദേശ്യം സാദ്ധ്യമാവുകയില്ല. അതുകൊണ്ടാണ് 'നമസ്കരിക്കണ'മെന്ന് പറഞ്ഞു മതിയാക്കാതെ 'നമസ്കാരം നിലനിറുത്തുക' (أَقِمِ الصَّلَاةَ) എന്ന് പറഞ്ഞിരിക്കുന്നത്. പതിവായും, കൃത്യമായും, പരിപൂർണമായും, ഹൃദയസാന്നിധ്യത്തോടും ഭക്തിയോട് കൂടിയും ആയിരിക്കണം നമസ്കാരം. എന്നാൽ മാത്രമേ നമസ്കാരം യഥാർത്ഥത്തിൽ നിലനിറുത്തലാവുകയുള്ളൂ. അല്ലാഹുവിനെ ഓർമിക്കുകയാണ് നമസ്കാരത്തിന്റെ മറ്റൊരു ഉദ്ദേശ്യം. 'അല്ലാഹുവിനെ ഓർമിക്കൽ ഏറ്റവും വലിയ കാര്യമാണ്' (وَلَذِكْرُ اللَّهِ أَكْبَرُ) എന്ന് തുടർന്നു പറഞ്ഞിട്ടുള്ളതിൽനിന്നും 'എന്നെ സ്മരിക്കുവാനായി നമസ്കാരം നിലനിറുത്തുക' (اقم الصلوة لذكرى) എന്ന് സൂ:ത്വാഹയിൽ മൂസാ നബി (അ)യോട് പറഞ്ഞിട്ടുള്ളതിൽനിന്നും മറ്റും ഇത് വ്യക്തമാണ്. നമസ്കാരത്തിൽ അടങ്ങിയിട്ടുള്ള ഓരോ ഘടകവും- വാക്ക് കൊണ്ടും പ്രവൃത്തികൊണ്ടും നിർവ്വഹിക്കുന്ന ഓരോ കർമവും- പരിശോധിച്ചാലും അവയെല്ലാം ഈ ഉദ്ദേശ്യലക്ഷ്യങ്ങളിൽ അധിഷ്ഠിതമാണെന്ന് കാണാം.

അപ്പോൾ, നമസ്കാരംകൊണ്ട് ഈ ഉദ്ദേശ്യങ്ങൾ- നീച, നികൃഷ്ടകൃത്യങ്ങളിൽനിന്ന് വിരമിക്കലും, അല്ലാഹുവിനെക്കുറിച്ചുള്ള ബോധം ഉണ്ടായിരിക്കലും- കൈവരുന്നില്ലെങ്കിൽ അതിന്റെ അർത്ഥം, നമസ്ക്കാരം അതിന്റെ യഥാർത്ഥരൂപത്തിലായിരുന്നില്ലെന്നതാകുന്നു. 'ഒരുവന്റെ നമസ്കാരം അവനെ നീചവൃത്തിയിൽനിന്നും, നിഷിദ്ധമായതിൽനിന്നും തടഞ്ഞില്ലെങ്കിൽ അവന്ന് നമസ്ക്കാരമില്ല' (من لم تنهه صلوته عن الفحشاء والمنكر فلاصلوة له - ابوحاتم وغيره) എന്ന ഹദീഥ് ഈ വസ്തുതയാണ് ചൂണ്ടിക്കാട്ടുന്നത്. ഈ ആയത്തിലെ അവസാനഭാഗവും ഇതിലേക്ക് സൂചന നൽകുന്നു: وَاللَّهُ يَعْلَمُ مَا تَصْنَعُونَ (നിങ്ങൾ പ്രവർത്തിക്കുന്നത് അല്ലാഹു അറിയുന്നു.)

ذِكر(ദിക്ർ) എന്ന വാക്കിന് 'സ്മരിക്കുക, നിരൂപിക്കുക, ഓർമിക്കുക, പറയുക, ധ്യാനിക്കുക എന്നിങ്ങനെ സന്ദർഭോചിതം പല അർത്ഥവും പറയാവുന്നതാണ്. 'അല്ലാഹുവിന്റെ ദിക്ർ' (ذِكْرُ الله) എന്ന് പറയുമ്പോൾ അതിൽ, മനസ്സുകൊണ്ടും വാക്ക്കൊണ്ടും ഉണ്ടാകുന്ന ദിക്റുകൾ ഉൾപ്പെടുന്നു. അഥവാ, അല്ലാഹുവിന്റെ മഹൽ ഗുണങ്ങളെയും, സൃഷ്ടിമാഹാത്മ്യങ്ങളെയും കുറിച്ചുള്ള ചിന്താവിചാരങ്ങളും, അവനോടുള്ള മാനസികമായ ഭയഭക്തിയും, 'തസ്ബീഹ്, തഹ്‌ലീൽ, തക്ബീർ, ഹംദ്, ദുആ' (*) മുതലായ ധ്യാനവാക്യങ്ങളും- എല്ലാംതന്നെ-ദിക്റുകളാകുന്നു. വാഗ്മൂലമുള്ള ഈ ദിക്റുകൾക്കും ഹൃദയ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണ്. അല്ലാഹു പ്രസ്താവിക്കുന്നതായി നബിﷺ ഇപ്രകാരം ഉദ്ധരിക്കുന്നു:-

أَنَا عِنْدَ ظَنِّ عَبْدِي بِي وَأَنَا مَعَهُ إِذَا ذَكَرَنِي فَإِنْ ذَكَرَنِي فِي نَفْسِهِ ذَكَرْتُهُ فِي نَفْسِي وَإِنْ ذَكَرَنِي فِي مَلَإٍ ذَكَرْتُهُ فِي مَلَإٍ خَيْرٍ مِنْهُمْ -متفق عليه

സാരം: എന്റെ അടിയാൻ എന്നെപ്പറ്റി വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ. അവൻ എന്നെ ഓർക്കുമ്പോൾ ഞാൻ അവന്റെ കൂടെയുണ്ടായിരിക്കും. അവൻ സ്വയം (മനസ്സിൽ) എന്നെ ഓർത്താൽ ഞാൻ അവനെയും സ്വയം ഓർക്കും. ഒരു സംഘ

(*) التسبيح والتهليل والتكبير والحمد والدعاء

ത്തിൽവെച്ച് അവൻ എന്നെ ഓർത്താൽ (എന്നെക്കുറിച്ച് പ്രസ്താവിച്ചാൽ) അവരെക്കാൾ ഉത്തമമായ ഒരു സംഘത്തിൽവെച്ച് ഞാൻ അവനെയും ഓർക്കും (പ്രസ്താവിക്കും.) (ബു; മു.) 'എന്നെപ്പറ്റി വിചാരിക്കുന്നതിനനുസരിച്ചായിരിക്കും ഞാൻ' എന്ന് പറഞ്ഞിട്ടുള്ളത് വളരെ ശ്രദ്ധേയമാകുന്നു. അല്ലാഹുവിന്റെ കാരുണ്യത്തിലും, കൃപാകടാക്ഷത്തിലും ഒരാൾക്ക് എത്രകണ്ട് ശുഭാപ്തിവിശ്വാസവും, സുപ്രതീക്ഷയും ഉണ്ടോ ആ തോതനുസരിച്ചായിരിക്കും അല്ലാഹു അവനോട് ഇടപെടുക എന്ന് താൽപര്യം. അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയനുസരിച്ചായിരിക്കും ഈ വിശ്വാസവും, പ്രതീക്ഷയും ഉണ്ടാവുക.

'കർമങ്ങളിൽവെച്ച് ഏതാണ് കൂടുതൽ ശ്രേഷ്ഠമായത്?' എന്ന് ഒരാൾ നബിﷺയോട് ചോദിച്ചപ്പോൾ അവിടുന്ന് ഇങ്ങനെ മറുപടി കൊടുക്കുകയുണ്ടായി: 'അല്ലാഹുവിന്റെ 'ദിക്ർ' നിമിത്തം നിന്റെ നാവ് നനഞ്ഞതായിക്കൊണ്ട്- നാവിനാൽ ദിക്ർ നടത്തിക്കൊണ്ടിരിക്കെ- നീ ഇഹലോകവുമായി പിരിഞ്ഞുപോകലാകുന്നു.

(ان تفارق الدنيا ولسانك رطب من ذكر الله-احمد والترمذى)

ولذكر الله اكبر (അല്ലാഹുവിന്റെ സ്മരണ ഏറ്റവും വലിയത് തന്നെ.) എന്ന വാക്യത്തെ ചിലർ വ്യാഖ്യാനിച്ചിട്ടുള്ളത് ഇപ്രകാരമാകുന്നു: അല്ലാഹു അവന്റെ കാരുണ്യവും, അനുഗ്രഹവും വഴി നിങ്ങളെ- മനുഷ്യരെ -സ്മരിക്കുന്നത്, നിങ്ങൾ അവനെ അനുസരണവും, കർമങ്ങളും വഴി സ്മരിക്കുന്നതിനെക്കാൾ എത്രയോ വമ്പിച്ചതും ശ്രേഷ്ഠമായതുമാകുന്നു. الله اعلم

ജുസ്ഉ് - 21

۞ وَلَا تُجَٰدِلُوٓاْ أَهۡلَ ٱلۡكِتَٰبِ إِلَّا بِٱلَّتِي هِيَ أَحۡسَنُ إِلَّا ٱلَّذِينَ ظَلَمُواْ مِنۡهُمۡۖ وَقُولُوٓاْ ءَامَنَّا بِٱلَّذِيٓ أُنزِلَ إِلَيۡنَا وَأُنزِلَ إِلَيۡكُمۡ وَإِلَٰهُنَا وَإِلَٰهُكُمۡ وَٰحِدٞ وَنَحۡنُ لَهُۥ مُسۡلِمُونَ ﴿٤٦﴾

﴾46﴿ വേദക്കാരോട് ഏറ്റവും നല്ല രീതിയിലല്ലാതെ നിങ്ങൾ തർക്കം നടത്തരുത്; അവരിൽനിന്ന് അക്രമം പ്രവർത്തിച്ചവരോടൊഴികെ. നിങ്ങൾ (അവരോട്) പറയുകയും ചെയ്യണം: 'ഞങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു; ഞങ്ങളുടെ ആരാധ്യനും, നിങ്ങളുടെ ആരാധ്യനും ഒരുവനാകുന്നു; ഞങ്ങൾ അവന് കീഴ്പ്പെട്ടവരും (മുസ്ലികളും) ആകുന്നു.'

﴾46﴿ وَلَا تُجَادِلُوا നിങ്ങൾ തർക്കം നടത്തരുത്, വാഗ്വാദം ചെയ്യരുത് أَهْلَ الْكِتَابِ വേദക്കാരോട് إِلَّا بِالَّتِي യാതൊന്നുകൊണ്ടല്ലാതെ (യാതൊരു രീതിയിലല്ലാതെ) هِيَ അത് أَحْسَنُ ഏറ്റവും നല്ലതാണ് إِلَّا الَّذِينَ യാതൊരു കൂട്ടരോടൊഴികെ ظَلَمُوا അക്രമം പ്രവർത്തിച്ച

مِنۡهُمۡ അവരിൽ നിന്ന് وَقُولُوٓا۟ നിങ്ങൾ പറയുകയും ചെയ്യണം ءَامَنَّا ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു بِٱلَّذِىٓ أُنزِلَ إِلَيۡنَا ഞങ്ങളിലേക്ക് ഇറക്കപ്പെട്ടിട്ടുള്ളതിൽ وَأُنزِلَ إِلَيۡكُمۡ നിങ്ങളിലേക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും وَإِلَٰهُنَا ഞങ്ങളുടെ ഇലാഹും (ആരാധ്യനും) وَإِلَٰهُكُمۡ നിങ്ങളുടെ ഇലാഹും وَٰحِدٌ ഒരുവനാണ്, ഏകനാണ് وَنَحۡنُ ഞങ്ങൾ لَهُۥ അവന് مُسۡلِمُونَ കീഴ്പ്പെട്ടവരുമാണ്, അനുസരണമുള്ളവരാണ്

ജൂതൻമാരും, ക്രിസ്ത്യാനികളുമാകുന്ന വേദക്കാരെ ഇസ്‌ലാമിലേക്ക് പ്രേരിപ്പിക്കുവാൻ വേണ്ടി അവരുമായി വാഗ്വാദം നടത്തുമ്പോൾ, യുക്തവും ഹൃദ്യവുമായ ന്യായങ്ങളും, ലക്ഷ്യങ്ങളും മുഖേന സൗമ്യമായ രൂപത്തിലായിരിക്കണം അത് നടത്തുന്നത് എന്ന് ഈ വചനം മുസ്‌ലിംകളെ ശാസിക്കുന്നു. കുതർക്കങ്ങൾ നടത്തുന്നവർ, അപമര്യാദയോടെ പെരുമാറുന്നവർ, ന്യായത്തിനും ലക്ഷ്യത്തിനും വില കല്പിക്കാത്തവർ എന്നിങ്ങനെയുള്ളവരെ സംബന്ധിച്ചിടത്തോളം ഈ കല്പന ബാധകമല്ല. അവരോട് പരുഷമായും, ഗൗരവപൂർവ്വവും ഇടപെടേണ്ടതായി വരുന്നതാണ്. إِلَّا ٱلَّذِينَ ظَلَمُوا۟ مِنۡهُمۡ (അവരിൽ നിന്നും അക്രമം പ്രവർത്തിച്ചവരോടൊഴികെ) എന്ന വാക്ക് അതാണ് കാണിക്കുന്നത്. അക്രമം അതിരുകവിഞ്ഞു വാളെടുക്കുന്നതുവരെ നില എത്തിച്ചേർന്നിട്ടുള്ളപക്ഷം, അങ്ങനെയുള്ളവരോട് വാദപ്രതിവാദം വാൾമുഖേന ആയിരിക്കേണ്ടതാകുന്നു.

വാസ്തവമോ അവാസ്തവമോ എന്ന് തീരുമാനിക്കുവാൻ നിവൃത്തിയില്ലാത്ത വല്ല വാർത്തയും അവർ- വേദക്കാർ- കൊണ്ടുവരുന്നപക്ഷം അത് സ്വീകരിക്കുവാനും, നിഷേധിക്കുവാനും നിവൃത്തിയില്ല. വാസ്തവത്തിൽ അത് സത്യമായേക്കാനിടയുള്ളത് കൊണ്ട് നിഷേധിക്കാൻ പാടില്ല; അസത്യമായിരിക്കാനിടയുള്ളത് കൊണ്ട് സ്വീകരിക്കാനും പാടില്ല. അത് കൊണ്ട് അത്തരം സന്ദർഭങ്ങളിൽ മുസ്‌ലിംകൾ കൈകൊള്ളേണ്ടുന്ന നയമാണ് وَقُولُوٓا۟ ءَامَنَّا بِٱلَّذِىٓ أُنزِلَ إِلَيۡنَا وَأُنزِلَ إِلَيۡكُمۡ (ഞങ്ങൾക്ക് ഇറക്കപ്പെട്ടതിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറയണം.) എന്ന വാക്യം ചൂണ്ടിക്കാട്ടുന്നത്. അതായത്: ഞങ്ങൾ ക്വുർആനിൽ വിശ്വസിക്കുന്നത് പോലെത്തന്നെ നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ള എല്ലാ യഥാർത്ഥ വേദഗ്രന്ഥങ്ങളിലും മൊത്തത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു; ഒന്നു പോലും ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ, ക്വുർആനെപ്പോലെ അവ സുരക്ഷിതമല്ലാത്തത് കൊണ്ട്- പല ഏറ്റക്കുറവുകളും കൈകടത്തലുകളും അവയിൽ നടത്തപ്പെട്ടിട്ടുള്ളത് കൊണ്ട്- ഇന്നത്തെ രൂപത്തിൽ നിങ്ങളുടെ വേദഗ്രന്ഥങ്ങൾ അപ്പടി സ്വീകരിക്കുവാനോ, വിശദരൂപത്തിൽ ഓരോന്നിലും വിശ്വസിക്കുവാനോ ഞങ്ങൾക്ക് നിവൃത്തിയില്ല. എന്നിങ്ങനെയാണ് വേദക്കാർ തൗറാത്തിൽനിന്നോ, ഇൻജീലിൽ നിന്നോ വല്ല ഭാഗവും ഉദ്ധരിച്ചു കാണിക്കുമ്പോൾ മുസ്‌ലിംകൾക്ക് പറയുവാനുള്ളത്.

അബൂഹുറയ്റഃ (റ) പ്രസ്താവിച്ചതായി ബുഖാരി (റ) ഇപ്രകാരം ഉദ്ധരിക്കുന്നു:

كان اهل الكتاب يقرءون التوراة بالعبرانية ويفسرونها بالعربية لاهل الاسلام فقال رسول الله صلى الله عليه وسلم لا تصدقوا اهل الكتاب ولا تكذبوهم وقولوا امنا بالله وما انزل الينا -الاية - رواه البخارى

'ഇസ്‌ലാമിന്റെ ആൾക്കാർക്ക് (മുസ്‌ലിംകൾക്ക്) വേദക്കാർ അബ്റാനീ (ഹിബ്രു) ഭാഷയിൽ തൗറാത്ത് വായിച്ചു അറബിയിൽ വിവരിച്ചുകൊടുക്കാറുണ്ടായിരുന്നു. അപ്പോൾ നബി ﷺ പറഞ്ഞു: 'നിങ്ങൾ വേദക്കാരെ (അവരുടെ പ്രസ്താവനകളെ) സത്യമാക്കുകയും കളവാക്കുകയും ചെയ്യരുത്. നിങ്ങൾ ءَامَنَّا بِٱللَّهِ الخ എന്ന് (ഈ വചനത്തിന്റെ അവസാനം വരെ) പറ

ഞ്ഞേക്കുവിൻ.' (ബു.)

വേദക്കാരിൽനിന്നും, നിലവിലുള്ള തൗറാത്ത് - ഇൻജീലുകളിൽനിന്ന് (ബൈബ്ളിൽനിന്ന്) വാർത്തകൾ സ്വീകരിക്കുന്നതിനെക്കുറിച്ച് കൂടുതൽ വിവരം നാം മുഖവുരയിൽ പ്രതിപാദിച്ചിട്ടുള്ളത് നോക്കുക.

وَكَذَٰلِكَ أَنزَلْنَآ إِلَيْكَ ٱلْكِتَٰبَ ۚ فَٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ يُؤْمِنُونَ بِهِۦ ۖ وَمِنْ هَٰٓؤُلَآءِ مَن يُؤْمِنُ بِهِۦ ۚ وَمَا يَجْحَدُ بِـَٔايَٰتِنَآ إِلَّا ٱلْكَٰفِرُونَ ﴿٤٧﴾

﴾47﴿ അത്പോലെ, [മുൻവേദങ്ങൾ ഇറക്കിയത് പോലെ] നിനക്ക് നാം (ഈ) വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കയാണ്. എന്നാൽ നാം വേദഗ്രന്ഥം നൽകിയിട്ടുള്ളവർ [വേദക്കാർ] ഇതിൽ വിശ്വസിക്കുന്നതാണ്. ഇക്കൂട്ടരിലും തന്നെ ഇതിൽ വിശ്വസിക്കുന്നവരുണ്ട്. നമ്മുടെ ലക്ഷ്യങ്ങളെ അവിശ്വാസികളല്ലാതെ നിഷേധിക്കുകയില്ല.

﴾47﴿ وَكَذَٰلِكَ അപ്രകാരം, അത്പോലെ أَنزَلْنَا നാം ഇറക്കിയിരിക്കുന്നു, അവതരിപ്പിച്ചു إِلَيْكَ നിനക്ക്, നിന്നിലേക്ക് الْكِتَابَ വേദഗ്രന്ഥം, ഗ്രന്ഥം فَالَّذِينَ എന്നാൽ (അപ്പോൾ) യാതൊരുകൂട്ടർ آتَيْنَاهُمُ നാം അവർക്ക് നൽകിയിരിക്കുന്നു الْكِتَابَ വേദഗ്രന്ഥം يُؤْمِنُونَ അവർ വിശ്വസിക്കുന്നു, വിശ്വസിക്കും بِهِ ഇതിൽ, അതിൽ وَمِنْ هَٰؤُلَاءِ ഇക്കൂട്ടരിലുമുണ്ട്, ഇവരിൽ നിന്നുമുണ്ട് مَنْ يُؤْمِنُ വിശ്വസിക്കുന്നവർ بِهِ ഇതിൽ, അതിൽ وَمَا يَجْحَدُ നിഷേധിക്കയില്ല بِآيَاتِنَا നമ്മുടെ ആയത്തു (ലക്ഷ്യം, ദൃഷ്ടാന്തം)കളെ إِلَّا الْكَافِرُونَ അവിശ്വാസികളല്ലാതെ, (സത്യത്തെ) മൂടിവെക്കുന്നവരല്ലാതെ

വേദക്കാരായ എല്ലാവരും ക്വുർആനിൽ വിശ്വസിക്കും എന്നല്ല ഉദ്ദേശ്യം. തൗറാത്തിലും, ഇൻജീലിലും പ്രസ്താവിക്കപ്പെട്ടിട്ടുള്ള അടയാളങ്ങൾ നബി ﷺ യിൽ പുലർന്നു കണ്ടതിനെ നിഷേധിക്കുവാനും, അന്യഥാ വ്യാഖ്യാനിക്കാനും മുതിരാത്തവരും, ക്വുർആനെപ്പറ്റി ചിന്തിച്ചു മനസ്സിലാക്കുന്നവരുമായ എല്ലാവരും അതിൽ വിശ്വസിക്കുന്നതാണ് എന്ന് താൽപര്യം. അബ്ദുല്ലാഹിബ്നുസലാം (റ) തുടങ്ങിയ പല പണ്ഡിതൻമാരും മറ്റ് പലരും നബി ﷺ യിലും, ക്വുർആനിലും വിശ്വസിച്ചിരുന്നതും, നബി ﷺ യുടെ കാലശേഷവും എത്രയോ ആളുകൾ ഇസ്ലാമിൽ വന്നിട്ടുള്ളതും പ്രസ്താവ്യമാണ്. സൂ: ആലുഇംറാനിൽ അല്ലാഹു പറയുന്നു:

وَإِنَّ مِنْ أَهْلِ الْكِتَابِ لَمَن يُؤْمِنُ بِاللَّهِ وَمَا أُنزِلَ إِلَيْكُمْ وَمَا أُنزِلَ إِلَيْهِمْ خَاشِعِينَ لِلَّهِ لَا يَشْتَرُونَ بِآيَاتِ اللَّهِ ثَمَنًا قَلِيلًا أُولَٰئِكَ لَهُمْ أَجْرُهُمْ عِندَ رَبِّهِمْ إِنَّ اللَّهَ سَرِيعُ الْحِسَابِ – آل عمران

(സാരം: വേദക്കാരിൽ ചിലരുണ്ട്. അല്ലാ)ഹുവിനോട് ഭക്തി കാണിക്കുന്നവരായും കൊണ്ടും, അല്ലാഹുവിലും, നിങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും, തങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിലും വിശ്വസിക്കുന്നവർ, നിശ്ചയമായും വേദ

ക്കാരിലുണ്ട്. അവർ അല്ലാഹുവിന്റെ ലക്ഷ്യങ്ങൾക്ക് അൽപമായ വില വാങ്ങുന്നതല്ല. അക്കൂട്ടർക്ക് അവരുടെ പ്രതിഫലം തങ്ങളുടെ രക്ഷിതാവിന്റെ പക്കൽ ഉണ്ടായിരിക്കും.) ആലുഇംറാൻ മദനീസൂറത്തുകളിൽപെട്ടതും അൻകബൂത്ത് മക്കീസൂറത്തുകളിൽ ഉൾപ്പെട്ടതുമാണ്.

മക്കയിലെ മുശ്‌രിക്കുകളെ ചൂണ്ടിക്കാട്ടിക്കൊണ്ടാണ് وَمِنْ هَٰؤُلَاءِ (ഇക്കൂട്ടരിലുമുണ്ട്) എന്ന് പറഞ്ഞത്, വേദക്കാരായാലും അല്ലെങ്കിലും ശരി, ക്വുർആനെ നിഷേധിക്കുന്നവർ ഒരിക്കലും സത്യാന്വേഷികളും യഥാർത്ഥ ദൈവവിശ്വാസികളും ആയിരിക്കയില്ല; സത്യനിഷേധികളായ അവിശ്വാസികൾ മാത്രമേ അതിനെ നിഷേധിക്കുകയുള്ളൂ എന്ന് അല്ലാഹു തുറന്ന് പ്രഖ്യാപിച്ചിരിക്കയാണ്. 48-ാം വചനത്തിൽ അവരെക്കുറിച്ച് വ്യർത്ഥകാരികൾ- അഥവാ നിരർത്ഥവാദികൾ- എന്നും, 49 ൽ അക്രമകാരികൾ എന്നും പറയുന്നു. അപ്പോൾ ക്വുർആനിൽ വിശ്വസിക്കാത്ത ഒരാൾ ഒരു വിധേനയും അല്ലാഹുവിന്റെ അടുക്കൽ മോക്ഷത്തിന് വിധേയനാവുകയില്ലെന്നുള്ളതിൽ സംശയമില്ല- മറ്റ് വിധേന അവർ എത്ര നല്ലവരായാലും ശരി.

وَمَا كُنتَ تَتْلُوا۟ مِن قَبْلِهِۦ مِن كِتَٰبٍ وَلَا تَخُطُّهُۥ بِيَمِينِكَ ۖ إِذًا لَّٱرْتَابَ ٱلْمُبْطِلُونَ ﴿٤٨﴾

《48》 യാതൊരു ഗ്രന്ഥവും ഇതിന് മുമ്പ് നീ പാരായണം ചെയ്യുകയാകട്ടെ, നിന്റെ വലത് കൈകൊണ്ട് അതെഴുതുകയാകട്ടെ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ വ്യർത്ഥകാരികൾക്ക് സന്ദേഹപ്പെടാമായിരുന്നു.

بَلْ هُوَ ءَايَٰتٌۢ بَيِّنَٰتٌ فِى صُدُورِ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ ۚ وَمَا يَجْحَدُ بِـَٔايَٰتِنَآ إِلَّا ٱلظَّٰلِمُونَ ﴿٤٩﴾

《49》 എങ്കിലും അത് ജ്ഞാനം നൽകപ്പെട്ടിട്ടുള്ളവരുടെ ഹൃദയങ്ങളിൽ സുവ്യക്തമായി (തെളിഞ്ഞു) കിടക്കുന്ന ലക്ഷ്യങ്ങളാകുന്നു.

അക്രമകാരികളല്ലാതെ നമ്മുടെ ലക്ഷ്യങ്ങളെ നിഷേധിക്കുകയില്ല.

《48》 وَمَا كُنتَ നീ ആയിരുന്നില്ല تَتْلُو പാരായണം ചെയ്യും مِن قَبْلِهِ ഇതിനുമുമ്പ് مِن كِتَابٍ ഒരു ഗ്രന്ഥവും, ഗ്രന്ഥത്തിൽനിന്ന് (ഒന്നും) وَلَا تَخُطُّهُ നീ അത് എഴുതുകയും ചെയ്തിരുന്നില്ല بِيَمِينِكَ നിന്റെ വലകൈകൊണ്ട് إِذًا എന്നാൽ (അങ്ങനെയാണെങ്കിൽ) لَارْتَابَ സംശയിക്കാമായിരുന്നു, സന്ദേഹിക്കാമായിരുന്നു الْمُبْطِلُونَ വ്യർത്ഥകാരികൾ, നിരർത്ഥവാദികൾ(ക്ക്) 《49》 بَلْ എങ്കിലും, പക്ഷേ هُوَ അത് آيَاتٌ ലക്ഷ്യങ്ങളാണ്, ദൃഷ്ടാന്തങ്ങളാണ് بَيِّنَاتٌ സുവ്യക്തങ്ങളായ, തെളിഞ്ഞുകിടക്കുന്ന فِي صُدُورِ الَّذِينَ യാതൊരു കൂട്ടരുടെ

بِآيَاتِنَا നമ്മുടെ ആയതുകളെ إِلا الظَّالِمُونَ അക്രമകാരികളല്ലാതെ
നിഷേധിക്കുകയില്ല وَمَا يَجْحَدُ ജ്ഞാനം നൽകപ്പെട്ടുള്ള أُوتُوا الْعِلْمَ നെഞ്ഞ് (ഹൃദയം)കളിൽ

ജ്ഞാനികളായുള്ളവർ ക്വുർആനാകുന്ന ആ വേദഗ്രന്ഥം പഠിക്കുകയും, ഗ്രഹിക്കുകയും, മനഃപാഠമാക്കുകയും ചെയ്യുന്നു. അതിന്റെ സന്ദേശങ്ങളും മാർഗദർശനങ്ങളും അവരുടെ എല്ലാ ജീവിത തുറകളിലേക്കും അവർക്ക് വെളിച്ചം നൽകുകയും ചെയ്യുന്നു. അതുകൊണ്ട് ഇതര വേദഗ്രന്ഥങ്ങളെപ്പോലെ അതിനെ മാറ്റിമറിക്കുവാനോ, അതിൽ കയ്യേറ്റം നടത്തുവാനോ സാധ്യതയില്ല. ക്വുർആന്റെ പരിശുദ്ധതക്ക് യാതൊരു കളങ്കവും ബാധിക്കാതെ സുരക്ഷിതമായിരിക്കുവാൻ ഇതും കാരണമാകുന്നു. ലോകത്ത് നിലവിലുള്ള മുസ്ഹഫിന്റെ പ്രതികളെല്ലാം നഷ്ടപ്പെട്ടാലും ക്വുർആൻ -അതിന്റെ വള്ളിക്കോ പുള്ളിക്കോ മാറ്റംകൂടാതെ- യഥാരൂപത്തിൽതന്നെ സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ സുരക്ഷിതമായി അവശേഷിക്കുന്നതാണ്. ക്വുർആനോളം വലുപ്പം വരുന്ന ഏതൊരു ഗ്രന്ഥവും കാലവ്യത്യാസംകൂടാതെ ഇത്രയധികം മനഃപാഠമാക്കപ്പെടുന്നതായി കാണപ്പെടുകയില്ല എന്ന് തീർത്തുപറയാം. لله الحمد

وَقَالُوا لَوْلَآ أُنزِلَ عَلَيْهِ ءَايَٰتٌ مِّن رَّبِّهِۦ ۖ قُلْ إِنَّمَا ٱلْءَايَٰتُ عِندَ ٱللَّهِ وَإِنَّمَآ أَنَا۠ نَذِيرٌ مُّبِينٌ ﴿٥٠﴾

《50》 അവർ [അവിശ്വാസികൾ] പറയുകയാണ്: 'അവന് അവന്റെ രക്ഷിതാവിങ്കൽനിന്ന് വല്ല ദൃഷ്ടാന്തങ്ങളും ഇറക്കപ്പെട്ടുകൂടേ?!' (നബിയേ) പറയുക: 'ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽമാത്രമാണുള്ളത്; ഞാൻ സ്പഷ്ടമായ ഒരു താക്കീതുകാരൻ എന്നേയുള്ളൂ'

《50》 وَقَالُوا അവർ പറയുന്നു لَوْلَا أُنزِلَ ഇറക്കപ്പെട്ടുകൂടേ, ഇറക്കപ്പെടരുതോ عَلَيْهِ അവന്റെമേൽ, അവന് آيَاتٌ വല്ല ദൃഷ്ടാന്തങ്ങളും مِن رَّبِّهِ അവന്റെ റബ്ബിന്റെ പക്കൽനിന്ന് قُلْ നീ പറയുക إِنَّمَا الْآيَاتُ നിശ്ചയമായും ദൃഷ്ടാന്തങ്ങൾ عِندَ اللَّهِ അല്ലാഹുവിങ്കൽ (മാത്രമാണ്) وَإِنَّمَا أَنَا നിശ്ചയമായും ഞാൻ نَذِيرٌ താക്കീതുകാരൻ (മാത്രമാണ്, എന്നേയുള്ളൂ) مُبِينٌ സ്പഷ്ടമായ

എനിക്ക് തോന്നുമ്പോൾ ദൃഷ്ടാന്തങ്ങൾ കാണിക്കുവാൻ- അൽഭുത സംഭവങ്ങൾ വെളിപ്പെടുത്തുവാൻ- എനിക്ക് കഴിവില്ല. അല്ലാഹുവിന്റെ അനുമതിപ്രകാരം, അവനുദ്ദേശിക്കുമ്പോൾ മാത്രമേ അത് വെളിപ്പെടുകയുള്ളൂ. എന്റെ ചുമതല നിങ്ങളെ താക്കീത് ചെയ്യൽ മാത്രമാണ്. അത് ഞാൻ നിർവ്വഹിക്കുന്നു എന്ന് സാരം.

أَوَلَمْ يَكْفِهِمْ أَنَّآ أَنزَلْنَا عَلَيْكَ ٱلْكِتَٰبَ يُتْلَىٰ عَلَيْهِمْ ۚ إِنَّ فِى

《51》 അവർക്ക് ഓതിക്കേൾപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നിലയിൽ ഈ വേദഗ്രന്ഥം നിനക്ക് നാം അവതരിപ്പിച്ചു തന്നിട്ടുള്ളത് അവർക്ക് (ദൃഷ്ടാന്തത്തിന്) മതി

ذَٰلِكَ لَرَحْمَةً وَذِكْرَىٰ لِقَوْمٍ يُؤْمِنُونَ ﴿٥١﴾

യായിട്ടില്ലേ?! വിശ്വസിക്കുന്ന ജനതക്ക് നിശ്ചയമായും അതിൽ കാരുണ്യവും, ഉപദേശവുമുണ്ട്.

വിഭാഗം - 6

قُلْ كَفَىٰ بِٱللَّهِ بَيْنِى وَبَيْنَكُمْ شَهِيدًا ۖ يَعْلَمُ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۗ وَٱلَّذِينَ ءَامَنُوا۟ بِٱلْبَٰطِلِ وَكَفَرُوا۟ بِٱللَّهِ أُو۟لَٰٓئِكَ هُمُ ٱلْخَٰسِرُونَ ﴿٥٢﴾

《52》 (നബിയേ) പറയുക: 'എന്റെയും നിങ്ങളുടെയും ഇടയിൽ സാക്ഷിയായിക്കൊണ്ട് അല്ലാഹുതന്നെ മതി. ആകാശങ്ങളിലും, ഭൂമിയിലുമുള്ളത് (മുഴുവനും) അവൻ അറിയുന്നു. വ്യർത്ഥമായതിൽ വിശ്വസിക്കുകയും, അല്ലാഹുവിൽ അവിശ്വസിക്കുകയും ചെയ്യുന്നവരാകട്ടെ, അവർതന്നെയാണ് നഷ്ടപ്പെട്ടവർ.

وَيَسْتَعْجِلُونَكَ بِٱلْعَذَابِ ۚ وَلَوْلَآ أَجَلٌ مُّسَمًّى لَّجَآءَهُمُ ٱلْعَذَابُ وَلَيَأْتِيَنَّهُم بَغْتَةً وَهُمْ لَا يَشْعُرُونَ ﴿٥٣﴾

《53》 അവർ നിന്നോട് ശിക്ഷക്ക് ധൃതികൂട്ടുന്നു. നിർണയിക്കപ്പെട്ട ഒരവധി ഇല്ലായിരുന്നുവെങ്കിൽ അവർക്ക് (ഇപ്പോൾതന്നെ) ശിക്ഷ വരുമായിരുന്നു. അവർ അറിയാത്ത നിലയിൽ തീർച്ചയായും അതവർക്ക് പെട്ടെന്ന് വന്നെത്തുക തന്നെ ചെയ്യുന്നതാണ്.

يَسْتَعْجِلُونَكَ بِٱلْعَذَابِ وَإِنَّ جَهَنَّمَ لَمُحِيطَةٌۢ بِٱلْكَٰفِرِينَ ﴿٥٤﴾

《54》 അവർ നിന്നോട് ശിക്ഷക്ക് ധൃതിപ്പെട്ടുകൊണ്ടിരിക്കുന്നു; നരകമാകട്ടെ, നിശ്ചയമായും അവിശ്വാസികളെ വലയം ചെയ്യുന്നതുമാകുന്നു.

يَوْمَ يَغْشَىٰهُمُ ٱلْعَذَابُ مِن فَوْقِهِمْ وَمِن تَحْتِ أَرْجُلِهِمْ وَيَقُولُ ذُوقُوا۟ مَا كُنتُمْ تَعْمَلُونَ ﴿٥٥﴾

《55》 അവരുടെ മുകൾഭാഗത്തുകൂടിയും, അവരുടെ കാലുകളുടെ അടിയിൽ കൂടിയും ശിക്ഷ അവരെ മൂടുന്ന ദിവസം! (അന്നാണ് അതുണ്ടാകുക.) 'നിങ്ങൾ പ്രവർത്തിച്ചിരുന്നത് [പ്രവർത്തിച്ചതിന്റെ ഫലം] നിങ്ങൾ ആസ്വദിക്കുവിൻ.' എന്ന് അവൻ

[അല്ലാഹു] പറയുകയും ചെയ്യും.

عَلَيْكَ അവർക്ക് മതിയായിട്ടില്ലേ, പോരെയോ أَنَّا أَنزَلْنَا നാം ഇറക്കിയത് أَوَلَمْ يَكْفِهِمْ ﴿51﴾
നിനക്ക് الْكِتَابَ വേദഗ്രന്ഥം يُتْلَىٰ ഓതിക്കേൾപ്പിക്കപ്പെട്ടുകൊണ്ട് عَلَيْهِمْ അവർക്ക്, അവരിൽ
إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَرَحْمَةً കാരുണ്യം, അനുഗ്രഹം وَذِكْرَىٰ ഉപദേശവും,
സ്മരണയും لِقَوْمٍ ഒരു ജനതക്ക് يُؤْمِنُونَ വിശ്വസിക്കുന്ന ﴿52﴾ قُلْ നീ പറയുക كَفَىٰ മതി
بِاللَّهِ അല്ലാഹുതന്നെ بَيْنِي എന്റെ ഇടയിൽ وَبَيْنَكُمْ നിങ്ങളുടെ ഇടയിലും شَهِيدًا സാക്ഷി
യായിട്ട്, ദൃക്സാക്ഷിയായി يَعْلَمُ അവൻ അറിയുന്നു مَا فِي السَّمَاوَاتِ ആകാശങ്ങളിലു
ള്ളത് وَالْأَرْضِ ഭൂമിയിലും وَالَّذِينَ آمَنُوا വിശ്വസിച്ചവർ بِالْبَاطِلِ വ്യർത്ഥത്തിൽ (അയഥാർത്ഥ
മായതിൽ) وَكَفَرُوا അവർ അവിശ്വസിക്കുകയും ചെയ്ത بِاللَّهِ അല്ലാഹുവിൽ أُولَٰئِكَ هُمُ അക്കൂ
ട്ടർ തന്നെയാണ് الْخَاسِرُونَ നഷ്ടപ്പെട്ടവർ ﴿53﴾ وَيَسْتَعْجِلُونَكَ അവർ നിന്നോട് ധൃതി
പ്പെടുന്നു بِالْعَذَابِ ശിക്ഷക്ക്, ശിക്ഷയെപ്പറ്റി وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ أَجَلٌ ഒരവധി مُسَمًّى
നിർണയിക്കപ്പെട്ട لَجَاءَهُمُ അവർക്ക് വരികതന്നെ ചെയ്യുമായിരുന്നു الْعَذَابُ ശിക്ഷ وَلَيَأْتِيَنَّهُم
അതവർക്ക് വന്നെത്തുകയുംതന്നെചെയ്യും بَغْتَةً പെട്ടെന്ന്, യാദൃശ്ചികമായി وَهُمْ അവർ ആയി
രിക്കെ لَا يَشْعُرُونَ അവർ അറിയുന്നില്ല ﴿54﴾ يَسْتَعْجِلُونَكَ അവർ നിന്നോട് ധൃതിപ്പെടുന്നു
بِالْعَذَابِ ശിക്ഷക്ക് وَإِنَّ جَهَنَّمَ നിശ്ചയമായും ജഹന്നം, നരകം لَمُحِيطَةٌ വലയം ചെയ്യുന്നതാണ്
بِالْكَافِرِينَ അവിശ്വാസികളെ ﴿55﴾ يَوْمَ يَغْشَاهُمُ അവരെ മൂടുന്ന (പൊതിയുന്ന) ദിവസം
الْعَذَابُ ശിക്ഷ مِن فَوْقِهِمْ അവരുടെ മുകളിൽകൂടി, മീതെനിന്ന് وَمِن تَحْتِ അടിയിൽ (താഴെ)
നിന്നും أَرْجُلِهِمْ അവരുടെ കാലുകളുടെ وَيَقُولُ അവൻ പറയുകയും ചെയ്യും ذُوقُوا നിങ്ങൾ
ആസ്വദിക്കുവിൻ مَا كُنتُمْ تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നത്

ഈ താക്കീത് ചെയ്യുന്ന ശിക്ഷ എന്താണ് എനിയും വന്നുകാണാത്തത്?! എന്ന് പറഞ്ഞ് അവിശ്വാസികൾ നബിﷺയോട് പരിഹാസപൂർവ്വം ധൃതികൂട്ടുകയാണ്. എന്നാൽ, അല്ലാഹു അതിനൊരു അവധി നിർണയിച്ചിട്ടുണ്ട്. ഇല്ലായിരുന്നുവെങ്കിൽ തൽക്ഷണം തന്നെ അതവർക്ക് അനുഭവപ്പെടുമായിരുന്നു. ശിക്ഷ വരുന്നതാകട്ടെ, അപ്രതീക്ഷിതമായ നിലയിലും, വളരെ പെട്ടെന്നുമായിരിക്കും. നാനാഭാഗത്ത് കൂടിയും അതവരെ പിടികൂടുകയും ചെയ്യും. ഒരു ഭാഗത്തും രക്ഷക്ക് പഴുതുണ്ടായിരിക്കയില്ല. لَهُم مِّن جَهَنَّمَ مِهَادٌ وَمِن فَوْقِهِمْ غَوَاشٍ (നരകത്തിൽനിന്നും അവർക്കൊരു വിരിപ്പുണ്ടായിരിക്കും: അവരുടെ മേൽഭാഗത്ത് നിന്ന് മൂടിയും ഉണ്ടായിരിക്കും. 7: 41) لَهُم مِّن فَوْقِهِمْ ظُلَلٌ مِّنَ النَّارِ وَمِن تَحْتِهِمْ ظُلَلٌ (അവർക്ക് അവരുടെ മുകളിൽകൂടി നരകത്തിൽനിന്നുള്ള തണലുകൾ- മൂടികൾ- ഉണ്ടായിരിക്കും. അവരുടെ അടിയിൽകൂടിയും തണലുകൾ ഉണ്ടായിരിക്കും. 39: 16)

മുശ്‌രിക്കുകളെയും, വേദക്കാരെയും സംബന്ധിച്ച് പലതും പ്രസ്താവിച്ചശേഷം, അവരുടെ മർദ്ദനങ്ങളും അക്രമങ്ങളും ഹേതുവായി, അല്ലാഹുവിനെ ആരാധിക്കുന്നതിനും, മതാനു

ഷ്ഠാനങ്ങൾ നിർവ്വഹിക്കുന്നതിനും സാദ്ധ്യമാകാതെ വരുന്ന പരിതഃസ്ഥിതിയിൽ നാടുവിട്ടു (ഹിജ്റഃ) പോയിക്കൊള്ളുവാൻ സത്യവിശ്വാസികൾക്ക് അല്ലാഹു നിർദ്ദേശം നൽകുന്നു:-

يَٰعِبَادِيَ ٱلَّذِينَ ءَامَنُوٓاْ إِنَّ أَرۡضِي وَٰسِعَةٞ فَإِيَّٰيَ فَٱعۡبُدُونِ ﴿٥٦﴾

﴿56﴾ വിശ്വസിച്ചവരായ എന്റെ അടിയാൻമാരേ, നിശ്ചയമായും എന്റെ ഭൂമി വിശാലമായതാകുന്നു; അതുകൊണ്ട് നിങ്ങൾ എന്നെത്തന്നെ ആരാധിക്കുവിൻ.

كُلُّ نَفۡسٖ ذَآئِقَةُ ٱلۡمَوۡتِۖ ثُمَّ إِلَيۡنَا تُرۡجَعُونَ ﴿٥٧﴾

﴿57﴾ ഓരോ ആത്മാവും [ആളും] മരണം ആസ്വദിക്കുന്നതാണ്. പിന്നീട് നമ്മുടെ അടുക്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുന്നു.

وَٱلَّذِينَ ءَامَنُواْ وَعَمِلُواْ ٱلصَّٰلِحَٰتِ لَنُبَوِّئَنَّهُم مِّنَ ٱلۡجَنَّةِ غُرَفٗا تَجۡرِي مِن تَحۡتِهَا ٱلۡأَنۡهَٰرُ خَٰلِدِينَ فِيهَاۚ نِعۡمَ أَجۡرُ ٱلۡعَٰمِلِينَ ﴿٥٨﴾

﴿58﴾ വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, സ്വർഗത്തിൽനിന്നും അടിഭാഗത്ത് കൂടി നദികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ഉന്നത സൗധങ്ങളിൽ, നിശ്ചയമായും നാം അവർക്ക് താമസസൗകര്യം ചെയ്തുകൊടുക്കുന്നതാകുന്നു; അവരതിൽ നിത്യവാസികളായിക്കൊണ്ട്. പ്രവർത്തിക്കുന്നവരുടെ പ്രതിഫലം വളരെ വിശിഷ്ടം!

ٱلَّذِينَ صَبَرُواْ وَعَلَىٰ رَبِّهِمۡ يَتَوَكَّلُونَ ﴿٥٩﴾

﴿59﴾ അതായത്: സഹനം കൈകൊള്ളുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ (കാര്യങ്ങൾ) ഭരമേൽപിച്ചുകൊണ്ടിരിക്കുകയും ചെയ്തവർ.

وَكَأَيِّن مِّن دَآبَّةٖ لَّا تَحۡمِلُ رِزۡقَهَا ٱللَّهُ يَرۡزُقُهَا وَإِيَّاكُمۡۚ وَهُوَ ٱلسَّمِيعُ ٱلۡعَلِيمُ ﴿٦٠﴾

﴿60﴾ എത്രയോ ജീവികളാണ്, അവയുടെ ആഹാരം അവ (സ്വയം) വഹിക്കാത്തതായുള്ളത്?! അവയ്ക്കും, നിങ്ങൾക്കും അല്ലാഹു ആഹാരം നൽകുന്നു. അവൻ (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്.

﴾56﴿ يَا عِبَادِيَ നിശ്ചയ إِنَّ أَرْضِي എന്റെ അടിയാൻമാരെ الَّذِينَ آمَنُوا വിശ്വസിച്ചവരായ നിശ്ചയ
മായും എന്റെ ഭൂമി وَاسِعَةٌ വിശാലമായതാണ് فَإِيَّايَ അതുകൊണ്ട് എന്നെ فَاعْبُدُونِ
എന്നെ (ത്തന്നെ) നിങ്ങൾ ആരാധിക്കുവിൻ ﴾57﴿ كُلُّ نَفْسٍ എല്ലാ ആത്മാവും, ആളും,
ദേഹവും ذَائِقَةُ الْمَوْتِ മരണം ആസ്വദിക്കുന്നതാണ് ثُمَّ പിന്നീട് إِلَيْنَا നമ്മുടെ അടുക്കലേക്ക്
تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു ﴾58﴿ وَالَّذِينَ آمَنُوا വിശ്വസിച്ചവരാകട്ടെ وَعَمِلُوا പ്രവർത്തി
ക്കുകയും ചെയ്ത الصَّالِحَاتِ സൽക്കർമ്മങ്ങൾ لَنُبَوِّئَنَّهُمْ നിശ്ചയമായും നാം അവരെ താമസി
പ്പിക്കും, സൗകര്യം ചെയ്തുകൊടുക്കും مِنَ الْجَنَّةِ സ്വർഗത്തിൽനിന്ന് غُرَفًا ഉന്നത സൗധങ്ങ
ളിൽ, മണിമാളികകളിൽ تَجْرِي ഒഴുകും مِن تَحْتِهَا അതിന്റെ അടിയിൽ കൂടി الْأَنْهَارُ നദികൾ
خَالِدِينَ നിത്യവാസികളായിക്കൊണ്ട് فِيهَا അവയിൽ نِعْمَ എത്രയോ വിശിഷ്ടം أَجْرُ الْعَامِلِينَ
പ്രവർത്തിക്കുന്നവരുടെ പ്രതിഫലം, കൂലി ﴾59﴿ الَّذِينَ صَبَرُوا സഹനം കൈകൊണ്ടവർ
وَعَلَىٰ رَبِّهِمْ തങ്ങളുടെ രക്ഷിതാവിന്റെ മേൽ يَتَوَكَّلُونَ ഭരമേൽപിക്കുകയും ചെയ്യുന്ന ﴾60﴿
وَكَأَيِّن എത്രയോ, എത്രയാണ് مِن دَابَّةٍ ജീവിയായിട്ട് لَا تَحْمِلُ വഹിക്കാത്ത, ഏൽക്കാത്ത
رِزْقَهَا അതിന്റെ ആഹാരം, ഉപജീവനം اللَّهُ يَرْزُقُهَا അതിന് (അവയ്ക്ക്) അല്ലാഹു ആഹാരം
നൽകുന്നു وَإِيَّاكُمْ നിങ്ങൾക്കും وَهُوَ അവൻ السَّمِيعُ കേൾക്കുന്നവനാണ് الْعَلِيمُ അറിയുന്നവ
നാണ്

അല്ലാഹുവിന്റെ ഭൂമി കുടുസ്സായതല്ല- വിശാലമായതാണ്. എന്നിരിക്കെ, ഒരു നാട്ടിൽവെച്ച് അവനെ ആരാധിക്കുവാനും, അവന്റെ മതം അനുഷ്ഠിക്കുവാനും സാധ്യമാകാത്തപക്ഷം, സാധ്യമാകുന്ന മറ്റൊരു നാട്ടിൽ പോയിട്ടെങ്കിലും അത് ചെയ്യേണ്ടതാണ്. നാട്വിട്ടു പോകുകയെന്നത് വളരെ വിഷമം പിടിച്ചത് തന്നെ. എന്നാൽ അതാർക്കും കൂടാതെ കഴിയുകയില്ല. മരണാനന്തരം മടങ്ങിച്ചെല്ലുന്നത് അല്ലാഹുവിങ്കലേക്കാണ് താനും. ക്ഷമയും സഹനവും സ്വീകരിച്ചുകൊണ്ടും, കാര്യങ്ങളെല്ലാം അല്ലാഹുവിൽ അർപ്പിച്ചുകൊണ്ടും സൽക്കർമം ചെയ്യുന്ന സത്യവിശ്വാസികൾക്ക് നിശ്ചയമായും അവൻ സ്വർഗത്തിൽ അത്യുന്നതവും, ശാശ്വതവുമായ സുഖസൗകര്യങ്ങൾ നൽകുന്നു. മറ്റൊന്നുള്ളത് ഉപജീവനത്തിന്റെ കാര്യമാണ്. ഈ ലോകത്ത് എത്രയോ ജീവികൾ- അതിൽ മനുഷ്യരും മനുഷ്യേതരജീവികളും ഉൾപ്പെടുന്നു- അതതിന്റെ ഉപജീവനകാര്യം സ്വയം നടത്തുവാനോ, നികത്തുവാനോ കഴിയാത്തതായിട്ടുണ്ട്. അവയ്ക്കെല്ലാം ഓരോ വിധത്തിൽ ആഹാരം ലഭിക്കാതിരിക്കുന്നില്ല. അവയ്ക്ക് മാത്രമല്ല, വാസ്തവത്തിൽ എല്ലാവർക്കും തന്നെ ഭക്ഷണം നൽകുന്നത് അല്ലാഹുവാണ്. എവിടെയായാലും എല്ലാവർക്കും അവൻ അത് നൽകുന്നതാകുന്നു. അവൻ എല്ലാ കാര്യവും- എല്ലാവരുടെ കാര്യവും- അറിയുന്നവനത്രെ. എന്നൊക്കെയാണ് ചുരുക്കത്തിൽ ഈ വചനങ്ങളുടെ സാരം. ഇതനുസരിച്ച് സ്വഹാബികൾ ആദ്യം അബ്സീനിയായിലേക്കും, പിന്നീട് മദീനയിലേക്കും ഹിജ്റഃ പോയത് പ്രസിദ്ധമാണ്.

ജനപ്പെരുപ്പം നിമിത്തം ഭൂമിയിൽ മനുഷ്യൻ പാർപ്പിടമില്ലാതെ കുഴങ്ങുമെന്നും, ഭക്ഷണമില്ലാതെ കഷ്ടപ്പെടുമെന്നും പെരുമ്പറയടിച്ചുകൊണ്ട് അതിന്റെ പേരിൽ മനുഷ്യജനനം നിയന്ത്രിക്കുവാൻ പ്രകൃതിവിരുദ്ധവും, തികച്ചും ആഭാസകരവുമായ മാർഗങ്ങൾ ആസൂത്രണം ചെയ്യപ്പെടുകയും, അവ പ്രചാരത്തിൽവരുത്തി പരസ്യമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലമാണല്ലോ ഇത്. ഇതിന് ഏതെല്ലാം ന്യായീകരണങ്ങൾ സമർത്ഥി

ക്കപ്പെട്ടാലും ശരി, ഈ പ്രസ്ഥാനത്തിന്റെ തുടക്കം തന്നെ അല്ലാഹുവിനെക്കുറിച്ചുള്ള അവിശ്വാസത്തിൽ നിന്ന് ഉടലെടുത്തതാകുന്നു. അല്ലാഹുവാണ് ഭൂലോകത്തിന്റെയും മനുഷ്യവർഗത്തിന്റെയും സ്രഷ്ടാവെന്നും, അവൻ സർവ്വജ്ഞനും സർവ്വശക്തനുമാണെന്നും, അവനാണ് എല്ലാവർക്കും യഥാർത്ഥത്തിൽ ഉപജീവനം നൽകുന്നവനെന്നും വിശ്വസിക്കുന്ന ഒരാൾക്കും ഈ പ്രസ്ഥാനത്തെ അനുകൂലിക്കുവാൻ സാധ്യമല്ല. അല്ലാഹുവിന്റെ ഭൂമി വിശാലമാണെന്നും, എല്ലാവർക്കും ആഹാരം നൽകുന്നവൻ അവനാണെന്നും– ഈ ആയത്തുകളിലും മറ്റ് പല ആയത്തുകളിലുമായി -അല്ലാഹു ആവർത്തിച്ചു പറയുന്നതിനെ അവഗണിച്ചുകൊണ്ടല്ലാതെ ആ സംരംഭങ്ങളിൽ പങ്കുചേരുവാനോ അനുകൂലിക്കുവാനോ ഒരു മുസ്‌ലിമിനും നിർവ്വാഹമില്ലാത്തതാണ്. ഈ വിഷയം ഇവിടെ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. അല്ലാഹു സഹായിച്ചാൽ സൂ: സുഖ്റുഫിലും മറ്റും കൂടുതൽ സംസാരിക്കാം. والله الموفق

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴿٦١﴾

﴾61﴿ 'ആകാശങ്ങളെയും, ഭൂമിയെയും സൃഷ്ടിക്കുകയും, സൂര്യനെയും, ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തതാരാണ്' എന്ന് നീ അവരോട് [ബഹുദൈവവിശ്വാസികളോട്] ചോദിക്കുന്ന പക്ഷം, തീർച്ചയായും, അവർ പറയും: 'അല്ലാഹുവാണ്' എന്ന്. (അപ്പോൾ എങ്ങനെയാണ് അവർ (തൗഹീദിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്)?!

﴾61﴿ وَلَئِنْ سَأَلْتَهُمْ നീ അവരോട് ചോദിക്കുന്ന പക്ഷം مَنْ خَلَقَ സൃഷ്ടിച്ചതാരാണ് السَّمَاوَاتِ ആകാശങ്ങളെ وَالأَرْضَ ഭൂമിയെയും وَسَخَّرَ കീഴ്പ്പെടുത്തുകയും, നിയന്ത്രിക്കുകയും ചെയ്തത് الشَّمْسَ സൂര്യനെ وَالْقَمَرَ ചന്ദ്രനെയും لَيَقُولُنَّ നിശ്ചയമായും അവർ പറയും اللهُ അല്ലാഹു എന്ന് فَأَنَّى അപ്പോൾ എങ്ങനെയാണ് يُؤْفَكُونَ അവർ തെറ്റിക്കപ്പെടുന്നത്

ലോകസ്രഷ്ടാവും, ലോകകാര്യങ്ങൾ നിയന്ത്രിക്കുന്നവനും അല്ലാഹുവാണെന്ന് മുശ്രിക്കുകളും സമ്മതിക്കുന്നു. എന്നിരിക്കെ ആരാധ്യനായി അവനല്ലാത്തവരെ സ്വീകരിക്കുന്നതിൽ യാതൊരു ന്യായവുമില്ല, അത് തികച്ചും വിഡ്ഢിത്തം മാത്രമാണ് എന്ന് സാരം.

മനുഷ്യന്റെ ജീവിതപ്രശ്നങ്ങളിൽ അതിപ്രധാനമായ ഒന്നത്രെ ആഹാരത്തിന്റെ കാര്യം. എന്നാൽ ആഹാരത്തിന്റെ സാക്ഷാൽ കൈകാര്യകർത്താവ് അല്ലാഹുതന്നെയാണ്. മനുഷ്യൻ അതിനുവേണ്ടി എന്ത് നടപടിയെടുത്താലും ശരി, അല്ലാഹു കണക്കാക്കിയതേ ആർക്കും ലഭിക്കുകയുള്ളൂ. അവൻ ഉദ്ദേശിക്കുന്നതനുസരിച്ചായിരിക്കും അതിൽ ഏറ്റക്കുറവുകൾ അനുഭവപ്പെടുന്നത്. അവനല്ലാത്തവരെ ഇലാഹായി സ്വീകരിച്ചതുകൊണ്ട് ഇക്കാര്യത്തിലും യാതൊരു മാറ്റവും നേരിടുവാനില്ല. അപ്പോൾ, ആ നിലക്കും അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നതിൽ അർത്ഥമില്ലെന്ന് അടുത്ത വചനം ചൂണ്ടിക്കാട്ടുന്നു:–

ٱللَّهُ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ مِنْ عِبَادِهِۦ وَيَقْدِرُ لَهُۥٓ ۚ

إِنَّ ٱللَّهَ بِكُلِّ شَىْءٍ عَلِيمٌ ﴿٦٢﴾

《62》 അല്ലാഹു, തന്റെ അടിയാൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവന് ആഹാരം [ഉപജീവനമാർഗം] വിശാലപ്പെടുത്തിക്കൊടുക്കുകയും, അവന് [താൻ ഉദ്ദേശിക്കുന്നവന്] ഇടുക്കമാക്കുകയും ചെയ്യുന്നു.

നിശ്ചയമായും, അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാണ്.

《62》 ٱللَّهُ അല്ലാഹു يَبْسُطُ വിശാലമാക്കുന്നു ٱلرِّزْقَ ആഹാരം, ഉപജീവനം لِمَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِۦ തന്റെ അടിയാൻമാരിൽനിന്ന് وَيَقْدِرُ അവൻ ഇടുക്കമാക്കുക (കുടുസ്സാക്കുക, കണക്കാക്കുക)യും ചെയ്യുന്നു لَهُۥ അവന് إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു بِكُلِّ شَىْءٍ എല്ലാ വസ്തുവെ(കാര്യത്തെ)പ്പറ്റിയും عَلِيمٌ അറിയുന്നവനാണ്

അല്ലാഹുവിന്റെ ഉദ്ദേശം അനുസരിച്ച് ചിലർക്ക് വിശാലമായും, മറ്റ് ചിലർക്ക് കുടുസ്സായും അവൻ ആഹാരം നൽകുമെന്ന് പറഞ്ഞതിന്റെ താൽപര്യം, യാതൊരു തത്വദീക്ഷയുമില്ലാതെ തോന്നിയപോലെ അവൻ പ്രവർത്തിക്കുന്നുവെന്നല്ല. നേരെമറിച്ച് ആർക്കാണ്, എങ്ങനെയാണ് എത്രയാണ് അത് നൽകേണ്ടതെന്നും, മറ്റുമുള്ള എല്ലാ കാര്യങ്ങളും- ചെറുതും വലുതുമെന്ന വ്യത്യാസമില്ലാതെ- അറിയുന്നവനാണവൻ. ആ അറിവനുസരിച്ച് തികച്ചും യുക്തമായ നിലയിൽ അവനത് നിയന്ത്രിക്കുന്നു. ഈ പരമാർത്ഥമാണ് ആയത്തിലെ അവസാന വാക്യം വ്യക്തമാക്കുന്നത്. പക്ഷേ, മനുഷ്യന്റെ അനുമാനങ്ങൾക്കതീതമാണത്. മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല അതിന്റെ തോത് നിർണയിക്കുന്നത്- വാസ്തവത്തിൽ അവ രണ്ടും ഒഴിച്ചുകൂടാത്തതാണെങ്കിലും ശരി.

അറിവ്, ബുദ്ധി, സാമർത്ഥ്യം, പരിചയം, ശരീരസ്ഥിതി ആദിയായ ഗുണങ്ങളിലെല്ലാം സമനിലക്കാരെന്ന് കാണപ്പെടുന്ന രണ്ടുപേർ ഒരേ ദിവസം മുതൽ ഒരേതരം തൊഴിൽ ചെയ്തു തുടങ്ങിയെന്ന് വെക്കുക. അല്ലെങ്കിൽ ഒരേ തോതിൽ മുതലിറക്കി ഒരേ രീതിയിൽ വ്യവസായം ആരംഭിച്ചുവെന്ന് കരുതുക: കുറച്ച് ദിവസങ്ങളോ മാസങ്ങളോ കഴിയുമ്പോഴേക്ക് രണ്ടാളുടെയും അദ്ധ്വാനഫലങ്ങളിൽ തീർച്ചയായും വ്യത്യാസം കാണാം. ഒരുപക്ഷേ, ഒരുവൻ വലിയൊരു തുക സമ്പാദിച്ചിരിക്കുകയും, മറ്റെവൻ വലിയൊരു സംഖ്യക്ക് കടപ്പെട്ടിരിക്കുകയും ചെയ്തിരിക്കും. ഏതായാലും, രണ്ടാളുടെയും നില ശരിക്കും തുല്യമായിക്കാണുകയില്ല. എന്താണതിന് കാരണം? എടുക്കുന്നവനും, കൊടുക്കുന്നവനും, കണക്കാക്കുന്നവനുമെല്ലാം യഥാർത്ഥത്തിൽ അല്ലാഹുവാണ് എന്നത് തന്നെ. നമ്മുടെ പ്രവർത്തനങ്ങളും, ആസൂത്രണങ്ങളുമെല്ലാം തന്നെ കേവലം ബാഹ്യമായ ചില കാരണങ്ങൾ മാത്രമാണ്. ഒരേ കാരണത്താൽ- അല്ലെങ്കിൽ ഒരേ മാർഗത്തിലൂടെ- അനുഭവപ്പെടുന്ന ഫലം പരസ്പരം വ്യത്യസ്തമോ, വിരുദ്ധമോ ആയിട്ടാണ്

കാണപ്പെടുന്നതെങ്കിൽ, അതിന്റെയെല്ലാം പിന്നിൽ വേറെ ഒരു അദൃശ്യ ഹസ്തം കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് തീർച്ചതന്നെ. ഇല്ലായിരുന്നുവെങ്കിൽ ഓരോ മനുഷ്യന്റെയും അദ്ധ്വാനം, സാമർത്ഥ്യം, കഴിവ് ആദിയായവയുടെ തോതനുസരിച്ച് - കൃത്യമായിത്തന്നെ- സമ്പത്തും ജീവിതവിഭവങ്ങളും ഓരോരുത്തനും ഈ ലോകത്ത് ലഭ്യമാകേണ്ടിയിരുന്നു. അല്ലാഹു വേറൊരിടത്ത് പറയുന്നത് നോക്കുക: مَّن كَانَ يُرِيدُ الْعَاجِلَةَ عَجَّلْنَا لَهُ فِيهَا مَا نَشَاءُ لِمَن نُّرِيدُ... -الاسراء : ١٨ ക്ഷണികമായതിനെ- ഐഹിക വിഭവങ്ങളെ- ആരെങ്കിലും ഉദ്ദേശിക്കുന്നതായാൽ അവന്- അതായത് നാം ഉദ്ദേശിക്കുന്നവർക്ക് -അതിൽ വെച്ച് നാം ഉദ്ദേശിക്കുന്നത് വേഗം നൽകുന്നതാണ്.......... എന്ന് സാരം.

وَلَئِن سَأَلْتَهُم مَّن نَّزَّلَ مِنَ السَّمَاءِ مَاءً فَأَحْيَا بِهِ الْأَرْضَ مِن بَعْدِ مَوْتِهَا لَيَقُولُنَّ اللَّهُ ۚ قُلِ الْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْقِلُونَ ﴿٦٣﴾

﴿63﴾ 'ആകാശത്ത് നിന്ന് (മഴ) വെള്ളം ഇറക്കിയിട്ട് അത്മൂലം, ഭൂമിയെ- അത് നിർജ്ജീവമായതിന് ശേഷം- ജീവിപ്പിക്കുന്ന [ഉല്പാദന യോഗ്യമാക്കുന്ന]വൻ ആരാണ്?' എന്ന് അവരോട് ചോദിക്കുന്നപക്ഷം, നിശ്ചയമായും അവർ പറയും: 'അല്ലാഹുവാണ്' എന്ന്. നീ പറയുക: 'അല്ലാഹുവിനാണ് സ്തുതി!' പക്ഷേ, അവരിൽ അധികമാളും ബുദ്ധി കൊടു(ത്തു ചിന്തി)ക്കുന്നില്ല.

﴿63﴾ وَلَئِن سَأَلْتَهُم നീ അവരോട് ചോദിക്കുന്നപക്ഷം مَن نَّزَّلَ ആരാണ് ഇറക്കിയത് مِنَ السَّمَاءِ ആകാശത്ത് നിന്ന് مَاءً വെള്ളം فَأَحْيَا എന്നിട്ട് അവൻ ജീവിപ്പിച്ചു بِهِ അത്മൂലം الْأَرْضَ ഭൂമിയെ مِن بَعْدِ مَوْتِهَا അത് നിർജ്ജീവമായതിന് ശേഷം لَيَقُولُنَّ നിശ്ചയമായും അവർ പറയും اللَّهُ അല്ലാഹുവാണ് എന്ന് قُلِ നീ പറയുക الْحَمْدُ സ്തുതി, സ്തോത്രം لِلَّهِ അല്ലാഹുവിനാണ് بَلْ أَكْثَرُهُمْ എങ്കിലും അവരിലധികവും لَا يَعْقِلُونَ ബുദ്ധികൊടുക്കുന്നില്ല, മനസ്സിരുത്തുന്നില്ല

61-ാം വചനത്തിലെ ആശയം തന്നെയാണ് ഈ വചനം ഉൾക്കൊള്ളുന്നത്. അല്ലാഹുവല്ലാതെ സ്രഷ്ടാവില്ലെന്നും, സൂര്യചന്ദ്രാദികളെ നിയന്ത്രിക്കൽ, മഴ വർഷിപ്പിച്ചു ഭൂമിയെ ഉൽപാദനയോഗ്യമാക്കൽ തുടങ്ങിയ വൻകാര്യങ്ങളെല്ലാം നടത്തുന്നത് അവൻ തന്നെയാണെന്നും അവർക്കറിയാം. ഏറ്റവും അടിസ്ഥാനപരമായ ഈ യാഥാർത്ഥ്യം അവർ സമ്മതിക്കുന്നതിന്റെ പേരിലാണ് അല്ലാഹുവിനെ സ്തുതിക്കുവാൻ നബി ﷺ യോട് കൽപ്പിക്കുന്നത്. ഈ യാഥാർത്ഥ്യം സമ്മതിക്കുന്നതിന്റെ അനന്തരഫലമാണ് അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്ന തൗഹീദ് അംഗീകരിക്കൽ. രണ്ടും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പറ്റി ബഹുദൈവവിശ്വാസികൾ ഒട്ടും മനസ്സിലാക്കുന്നില്ല; ലവലേശം ചിന്തിക്കുന്നുമില്ല. ഇതാണവർക്ക് പിണഞ്ഞ ആപത്ത്.

വിഭാഗം - 7

وَمَا هَٰذِهِ ٱلْحَيَوٰةُ ٱلدُّنْيَآ إِلَّا لَهْوٌ وَلَعِبٌ ۚ وَإِنَّ ٱلدَّارَ ٱلْـَٔاخِرَةَ لَهِىَ ٱلْحَيَوَانُ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿٦٤﴾

﴾64﴿ ഈ ഐഹിക ജീവിതം, വിനോദവും, കളിയും അല്ലാതെ (മറ്റൊന്നും) അല്ല. നിശ്ചയമായും പരലോകഭവനമാകട്ടെ, അതാണ് (യഥാർത്ഥത്തിലുള്ള) ജീവിതം. അവർക്കറിയാമായിരുന്നുവെങ്കിൽ (അവർ ഐഹിക ജീവിതത്തിന് പ്രാധാന്യം നൽകുമായിരുന്നില്ല)!

﴾64﴿ وَمَاهَٰذِهِ الْحَيَاةُ ഈ ജീവിതമല്ല الدُّنْيَا ഐഹികമായ, ഇഹത്തിലെ إِلَا لَهْوٌ വിനോദമല്ലാതെ وَلَعِبٌ കളിയും, വിളയാട്ടും وَإِنَّ الدَّارَ الآخِرَةَ നിശ്ചയമായും പരലോകഭവനമാകട്ടെ لَهِيَ അത് തന്നെയാണ് الْحَيَوَانُ ജീവിതം, ജീവസ്സുള്ളത് لَوْ كَانُوا അവരായിരുന്നെങ്കിൽ يَعْلَمُونَ അറിയാം (എങ്കിൽ)

ഐഹികജീവിതത്തിൽ മനുഷ്യന്റെ സുഖസൗകര്യങ്ങൾക്കുള്ള മാർഗങ്ങളും, ഉപാധികളുമായി പലതുണ്ടെങ്കിലും, അവയുടെ ആകെത്തുക പരിശോധിച്ചു നോക്കിയാൽ വെറും കളിവിനോദമാണെന്ന് കാണാം. ഒന്നിനും നിലനിൽപില്ല. എല്ലാം ക്ഷണഭംഗുരങ്ങളാണ്. ഭാവിയിലേക്ക് നേട്ടമുണ്ടാക്കുന്നതോ, ശാശ്വതമായി നിലകൊള്ളുന്നതോ ഒന്നുംതന്നെ അതിലില്ല. അനശ്വരമായ പാരത്രിക ജീവിതമാണ് അവനെ സംബന്ധിച്ചിടത്തോളം യഥാർത്ഥമായ ജീവിതം. അത് കൊണ്ട് ആ ജീവിതത്തിലേക്ക് ഉപയോഗപ്രദമായിത്തീരുന്നതെന്തോ അത് സമ്പാദിക്കുവാൻ ശ്രമിക്കുകയാണ് അവൻ ഇവിടെവെച്ച് ചെയ്യേണ്ടത്. ഇഹലോകവും, പരലോകവും തമ്മിലുള്ള അന്തരം നബിﷺ ഒരു ഹദീഥിൽ ഇങ്ങനെ വിവരിക്കുന്നു:-

والله ما الدنيا فى الاخرة الامثل ما يجعل احدكم اصبعه في اليم فلينظر بم يرجع – مسلم

സാരം: അല്ലാഹുവാണ സത്യം! പരലോകത്തെ അപേക്ഷിച്ച് ഇഹലോകം, നിങ്ങളിലൊരാൾ അവന്റെ വിരൽ സമുദ്രത്തിൽ ഇടുന്നതിന് തുല്യമാണ്. എന്തുമാത്രം (വെള്ളം) കൊണ്ടാണ് അത് തിരിച്ചെടുക്കുന്നത് എന്ന് അവൻ പരിശോധിച്ചു നോക്കട്ടെ. (മുസ്‌ലിം)

فَإِذَا رَكِبُوا۟ فِى ٱلْفُلْكِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ إِذَا هُمْ يُشْرِكُونَ ﴿٦٥﴾

﴾65﴿ എന്നാൽ, അവർ [ബഹുദൈവവിശ്വാസികൾ] കപ്പലിൽ കയറിയാൽ, കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നതാണ്. എന്നിട്ട് കരയിലേക്ക് അവൻ അവരെ രക്ഷപ്പെടുത്തിക്കൊടുക്കുമ്പോഴോ- അപ്പോൾ അവരതാ- (അവനോട്) പങ്കു

ചേർക്കുന്നു!

لِيَكْفُرُوا۟ بِمَآ ءَاتَيْنَٰهُمْ وَلِيَتَمَتَّعُوا۟ ۖ فَسَوْفَ يَعْلَمُونَ ﴿٦٦﴾

《66》 നാം അവർക്ക് നൽകിയിട്ടുള്ളതിൽ അവർ നന്ദികേട് കാണിക്കട്ടെ! അവർ സുഖഭോഗമാസ്വദിക്കുകയും ചെയ്യട്ടെ! എന്നാൽ വഴിയെ അവർക്ക് അറിയാറാകും!

《65》 فَإِذَا رَكِبُوا എന്നാൽ അവർ കയറിയാൽ فِي الْفُلْكِ കപ്പലിൽ دَعَوُا അവർ വിളിക്കും, പ്രാർത്ഥിക്കും اللَّهَ അല്ലാഹുവിനെ مُخْلِصِينَ നിഷ്കളങ്കമാക്കിക്കൊണ്ട് لَهُ അവന് الدِّينَ കീഴ്വണക്കം, അനുസരണം, മതം فَلَمَّا نَجَّاهُمْ എന്നിട്ട് അവരെ അവൻ രക്ഷപ്പെടുത്തുമ്പോൾ إِلَى الْبَرِّ കരയിലേക്ക് إِذَا അപ്പോഴതാ هُمْ അവർ يُشْرِكُونَ പങ്ക് ചേർക്കുന്നു, ശിർക്ക് വെക്കുന്നു 《66》 لِيَكْفُرُوا അവർ നന്ദികേട് കാണിക്കട്ടെ, കാണിക്കുവാൻ വേണ്ടി بِمَا آتَيْنَاهُمْ നാം അവർക്ക് നൽകിയതിൽ وَلِيَتَمَتَّعُوا അവർ സുഖഭോഗമാസ്വദിക്കുകയും ചെയ്യട്ടെ, ചെയ്യുവാനായിട്ടും فَسَوْفَ എന്നാൽ വഴിയെ يَعْلَمُونَ അവർ അറിയും

ബഹുദൈവവിശ്വാസികൾക്ക് അല്ലാഹു നൽകുന്ന ഒരു കനത്ത താക്കീതാണിത്. അവർ കപ്പലിൽ കയറി സമുദ്രയാത്ര ചെയ്യുമ്പോൾ കാറ്റിലും കോളിലും പെട്ടോ മറ്റോ വല്ല ആപത്തും പിണയുന്ന പക്ഷം, അവരുടെ ആരാധ്യൻമാരെയല്ല വിളിച്ചു പ്രാർത്ഥിക്കുക. നിഷ്കളങ്കമായ ഭയഭക്തിയോട് കൂടി അല്ലാഹുവിനെത്തന്നെ വിളിച്ചു പ്രാർത്ഥിക്കും. ആപത്ത് നീങ്ങി കരയിലേക്ക് രക്ഷപ്പെട്ടു കഴിയുന്നതോടെ അതെല്ലാം മറന്നു വീണ്ടും പഴയ ശിർക്ക് തന്നെ ആവർത്തിക്കുകയും ചെയ്യും. ആപൽഘട്ടങ്ങളിൽ അല്ലാഹുവിനോടാണ് തങ്ങൾക്ക് അഭയം തേടുവാനുള്ളതെന്നോ, അവനാണ് തങ്ങളെ രക്ഷപ്പെടുത്തിയതെന്നോ ഉള്ള ഭാവം പോലും അവരിൽ പ്രകടമാകുകയില്ല. ഈ മുശ്രിക്കുകളെ അല്ലാഹു താക്കീത് ചെയ്യുകയാണ്: അവരങ്ങനെ നന്ദികേട് കാണിച്ചും, സുഖജീവിതം നയിച്ചുകൊണ്ടും നടക്കട്ടെ, അതിന്റെ ഫലം അവർക്ക് വഴിയെ അറിയാം എന്ന്.

لِيَكْفُرُوا എന്നും, وَلِيَتَمَتَّعُوا എന്നുമുള്ള ക്രിയാരൂപങ്ങൾക്ക് 'അവർ നന്ദികേട് കാണിക്കുവാൻ വേണ്ടിയും, അവർ സുഖമാസ്വദിക്കുവാൻ വേണ്ടിയും' എന്നും അർത്ഥം വരാവുന്നതാണ്. അവർ കരയിലേക്ക് രക്ഷപ്പെട്ടശേഷം വീണ്ടും ശിർക്ക് തുടരുന്നതിന്റെ അനന്തര ഫലം അത് രണ്ടുമായിരിക്കും എന്നാണ് അപ്പോൾ അതിന്റെ സാരം. وَلِيَتَمَتَّعُوا എന്നതിലെ 'ലാമി'ന് 'സുകൂൻ' കൊടുത്തുകൊണ്ടും ഇവിടെ വായനയുണ്ട്. ഇതനുസരിച്ച് നാം ആദ്യം നൽകിയ അർത്ഥം തന്നെയാണ് നൽകേണ്ടതും.

വിഗ്രഹാരാധകൻമാരായ മുശ്രിക്കുകൾ ആപൽഘട്ടങ്ങളിലെങ്കിലും തങ്ങളുടെ പങ്കുകാരെ വിട്ടേച്ചു അല്ലാഹുവിനെമാത്രം വിളിച്ചു പ്രാർത്ഥിക്കുമെന്ന് അല്ലാഹു പറയുന്നു. എന്നാൽ, സാധാരണമായ ആവശ്യങ്ങളിൽ അല്ലാഹുവിനെമാത്രം വിളിക്കുകയും, ആപത്തുകളിൽ 'നേർച്ച'ക്കാരെയും മറ്റും വിളിക്കുകയും ചെയ്യുന്ന ചിലരെ മുസ്ലിംകൾക്കിടയിൽ കാണാമെന്നത് വളരെ ആശ്ചര്യകരവും വേദനാജനകവുമാണ്. ഇതും, ഇത് പോലുള്ളതുമായ ക്വുർആൻ വചനങ്ങൾ അവർക്കും വമ്പിച്ച താക്കീതാണെന്നുള്ളതിൽ സംശയമില്ല.

أَوَلَمْ يَرَوْا۟ أَنَّا جَعَلْنَا حَرَمًا ءَامِنًا وَيُتَخَطَّفُ ٱلنَّاسُ مِنْ حَوْلِهِمْ ۚ أَفَبِٱلْبَـٰطِلِ يُؤْمِنُونَ وَبِنِعْمَةِ ٱللَّهِ يَكْفُرُونَ ﴿٦٧﴾

﴾67﴿ നിർഭയമായ ഒരു 'ഹറം' [അലംഘ്യ സങ്കേതം] നാം ഏർപ്പെടുത്തിയിട്ടുള്ളത് അവർ കാണുന്നില്ലേ?! അവരുടെ ചുറ്റുപാടിൽനിന്ന് ജനങ്ങൾ റാഞ്ചി എടുക്കപ്പെടുകയും ചെയ്യുന്നു. എന്നിട്ടും, മിഥ്യയായിട്ടുള്ളതിൽ അവർ വിശ്വസിക്കുകയും, അല്ലാഹുവിന്റെ അനുഗ്രഹത്തിൽ അവർ അവിശ്വസിക്കുക (അഥവാ നന്ദികേട് കാണിക്കുക)യും ചെയ്യുകയാണോ?!

وَمَنْ أَظْلَمُ مِمَّنِ ٱفْتَرَىٰ عَلَى ٱللَّهِ كَذِبًا أَوْ كَذَّبَ بِٱلْحَقِّ لَمَّا جَآءَهُۥٓ ۚ أَلَيْسَ فِى جَهَنَّمَ مَثْوًى لِّلْكَـٰفِرِينَ ﴿٦٨﴾

﴾68﴿ അല്ലാഹുവിന്റെ മേൽ വ്യാജം കെട്ടിച്ചമക്കുകയോ, അല്ലെങ്കിൽ തനിക്ക് സത്യം വന്നെത്തുമ്പോൾ അതിനെ വ്യാജമാക്കുകയോ ചെയ്തവനെക്കാൾ കൂടുതൽ അക്രമിയായുള്ളവൻ ആരാണ്?! അവിശ്വാസികൾക്ക് നരകത്തിൽ പാർപ്പിടം ഇല്ലയോ?! (നിശ്ചയമായും ഉണ്ട്.)

﴾67﴿ أَوَلَمْ يَرَوْا അവർ കാണുന്നില്ലേ أَنَّا جَعَلْنَا നാം ഏർപ്പെടുത്തി (ആക്കി)യിട്ടുള്ളത് حَرَمًا ഒരു ഹറം, അലംഘ്യസ്ഥാനം, പരിപാവനസ്ഥലം آمِنًا നിർഭയമായ وَيُتَخَطَّفُ റാഞ്ചി എടുക്കപ്പെടുകയും ചെയ്യുന്നു النَّاسُ മനുഷ്യർ مِنْ حَوْلِهِمْ അവരുടെ ചുറ്റുപാടിൽ നിന്നും أَفَبِالْبَاطِلِ എന്നിട്ടും വ്യർത്ഥമായ (മിഥ്യയായ)തിലോ يُؤْمِنُونَ അവർ വിശ്വസിക്കുന്നു وَبِنِعْمَةِ اللَّهِ അല്ലാഹുവിന്റെ അനുഗ്രഹത്തിലോ يَكْفُرُونَ അവർ അവിശ്വസിക്കുന്നു, നന്ദികേട് കാണിക്കുന്നു ﴾68﴿ وَمَنْ أَظْلَمُ കൂടുതൽ അക്രമി ആരാണ് مِمَّنِ افْتَرَىٰ കെട്ടിച്ചമച്ച (കെട്ടിയുണ്ടാക്കിയ)വനെക്കാൾ عَلَى اللَّهِ അല്ലാഹുവിന്റെ മേൽ كَذِبًا വ്യാജം أَوْ كَذَّبَ അല്ലെങ്കിൽ വ്യാജമാക്കിയ بِالْحَقِّ സത്യത്തെ لَمَّا جَاءَهُ അത് തനിക്ക് വന്നപ്പോൾ أَلَيْسَ ഇല്ലയോ فِي جَهَنَّمَ നരകത്തിൽ مَثْوًى പാർപ്പിടം لِلْكَافِرِينَ അവിശ്വാസികൾക്ക്

സമുദ്രത്തിൽവെച്ചുണ്ടാകുന്ന ആപൽഘട്ടങ്ങളിൽ അല്ലാഹുവിനോട് മാത്രം സഹായത്തിന് പ്രാർത്ഥിച്ചു തൗഹീദ് പ്രകടിപ്പിക്കുന്ന ആ മുശ്രിക്കുകൾ നിവസിക്കുന്നത് മക്കഃ ഹറമിലാണല്ലോ. അതിന്റെ ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ ആക്രമണങ്ങളും, രക്തച്ചൊരിച്ചലും നിത്യേന നടമാടിക്കൊണ്ടിരിക്കുന്നു. അതേസമയത്ത് ക്വുറൈശികളാകട്ടെ, ഏറ്റവും ശക്തിമത്തായ കോട്ടകളിലെന്നപോലെ യുദ്ധഭീതിയും, ആക്രമണഭയവും നേരിടാതെ ഹറമിൽ സമാധാനപൂർവ്വം കഴിഞ്ഞുകൂടുന്നു. പരിശുദ്ധ കഅ്ബഃയുടെ പരിസരപ്രദേശമായ ആ

ആദരണീയ സ്ഥലത്തിന്റെ അതിർത്തിക്കുള്ളിൽവെച്ച് അക്രമങ്ങളും, കയ്യേറ്റവും പാടില്ലെന്നും, ഹറമിൽ പ്രവേശിച്ചവരെല്ലാം നിർഭയരായിരിക്കുമെന്നുമുള്ള അല്ലാഹുവിന്റെ നിയമം ക്വുറൈശികളും അല്ലാത്തവരും ഒരുപോലെ പാലിച്ചുവരുന്നു. കപ്പലുകളിലാകുമ്പോൾ തങ്ങളുടെ വിഗ്രഹാദി ദൈവങ്ങളെ വിട്ടേച്ചു അല്ലാഹുവിനെമാത്രം വിളിച്ചു രക്ഷക്കപേക്ഷിക്കുന്നത് പോലെ, ഹറമിൽ സുരക്ഷിതമായി സമാധാനത്തോടെ കഴിഞ്ഞുകൂടുന്ന അവസരത്തിലും എന്തുകൊണ്ട് അവർക്ക് അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർത്ഥിക്കുകയും, അവന് മാത്രം ആരാധന നടത്തുകയും ചെയ്തുകൂടാ?! അല്ലാഹു അവർക്ക് നൽകിയ ഈ മഹത്തായ അനുഗ്രഹത്തിന് നന്ദി കാണിക്കുന്നതിന് പകരം, വിഗ്രഹങ്ങളെ അല്ലാഹുവിന് സമമാക്കി ആരാധിക്കുകയും, അവയോട് പ്രാർത്ഥിക്കുകയുമാണല്ലോ അവർ ചെയ്യുന്നത്. ഇതിൽപരം അക്രമം മറ്റേതാണ്?! അതിനാൽ, അല്ലാഹു അവർക്ക് മരണാനന്തരം നരകത്തിലാണ് പാർപ്പിടം ഒരുക്കിവെച്ചിട്ടുള്ളത്. അവരെ ശിക്ഷിക്കുവാൻ അതിൽ ധാരാളം സ്ഥലമുണ്ട്!

അവിശ്വാസികളെക്കുറിച്ച് പലതും പ്രസ്താവിച്ചശേഷം വിശ്വാസികളായ സജ്ജനങ്ങളുടെ നേട്ടത്തെപ്പറ്റി ഓർമിപ്പിച്ചുകൊണ്ട് അല്ലാഹു ഈ സൂറത്ത് അവസാനിപ്പിക്കുന്നു:-

وَٱلَّذِينَ جَٰهَدُوا۟ فِينَا لَنَهْدِيَنَّهُمْ سُبُلَنَا ۚ وَإِنَّ ٱللَّهَ لَمَعَ ٱلْمُحْسِنِينَ ٦٩

《69》 നമ്മുടെ കാര്യത്തിൽ സമരം നടത്തുന്നവരാകട്ടെ, അവരെ നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുകതന്നെ ചെയ്യുന്നതാണ്. നിശ്ചയമായും, അല്ലാഹു സുകൃതവാൻമാരോട് കൂടെയായിരിക്കുന്നതുമാകുന്നു.

《69》 وَالَّذِينَ جَاهَدُوا സമരം നടത്തുന്നവർ فِينَا നമ്മുടെ കാര്യത്തിൽ لَنَهْدِيَنَّهُمْ നിശ്ചയമായും നാം അവരെ നയിക്കും سُبُلَنَا നമ്മുടെ മാർഗങ്ങളിൽ وَإِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَمَعَ الْمُحْسِنِينَ സുകൃതവാൻമാരുടെ (സൽഗുണവാൻമാരുടെ, പുണ്യവാൻമാരുടെ) കൂടെയായിരിക്കും.

അല്ലാഹുവിന്റെ മാർഗത്തിൽ അവന്റെ തൗഹീദിനെ ഉയർത്തുകയും, മതത്തെ സഹായിക്കുകയും ചെയ്യുന്ന വിഷയത്തിൽ- വേണ്ടിവന്നാൽ അടർക്കളത്തിലിറങ്ങി യുദ്ധം നടത്തുകവരെയുള്ള സമരങ്ങൾ നടത്തുവാൻ തയ്യാറുള്ള സത്യവിശ്വാസികൾക്ക് അവന്റെ പ്രീതിയും പ്രതിഫലവും കൂടുതൽ കൂടുതൽ ലഭിക്കുവാനുതകുന്ന മാർഗങ്ങളിൽ ചരിക്കുവാനുള്ള മാർഗദർശനവും സഹായവും അവൻ ചെയ്തുകൊടുക്കും. അവൻ, അങ്ങനെയുള്ള സൽഗുണവാൻമാരുടെ പക്ഷത്തായിരിക്കുന്നതുമാണ്. അല്ലാഹു ഏത് പക്ഷത്താണോ ആ പക്ഷത്തിലുള്ളവരത്രെ ഏറ്റവും വലിയ ഭാഗ്യവാൻമാർ. സൂ: മുഹമ്മദ് 7ൽ അല്ലാഹു ഇപ്രകാരം പറയുന്നു: وَالَّذِينَ اهْتَدَوْا زَادَهُمْ هُدًى وَآتَاهُمْ تَقْوَاهُمْ – محمد സൻമാർഗത്തിൽ ചരിക്കുന്നവർക്ക് അല്ലാഹു കൂടുതൽ മാർഗദർശനം നൽകുകയും, അവർക്ക് വേണ്ടുന്ന ഭയഭക്തിനൽകുകയും ചെയ്യുമെന്ന് സാരം.

അല്ലാഹു നമ്മെയെല്ലാം ഭയഭക്തരും, സുകൃതവാൻമാരുമായ അടിയാൻമാരിൽ ഉൾപ്പെടുത്തട്ടെ. آمين

《التسويد : ١٨ ربيع الاول ١٣٨٠؛ ٦٠/٨/٣١ م والتبييض : ٤ جمادى الاخرى ١٣٨٧؛ ٦٧/٨/٩م》

سورة الرّوم

30. സൂറതുർറൂം

മക്കഃയിൽ അവതരിച്ചത് – വചനങ്ങൾ 60 – വിഭാഗം (റുകൂഉ്) 6

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

الٓمٓ ﴿١﴾

غُلِبَتِ ٱلرُّومُ ﴿٢﴾

فِيٓ أَدۡنَى ٱلۡأَرۡضِ وَهُم مِّنۢ بَعۡدِ
غَلَبِهِمۡ سَيَغۡلِبُونَ ﴿٣﴾

فِي بِضۡعِ سِنِينَۗ لِلَّهِ ٱلۡأَمۡرُ مِن
قَبۡلُ وَمِنۢ بَعۡدُۚ وَيَوۡمَئِذٖ يَفۡرَحُ
ٱلۡمُؤۡمِنُونَ ﴿٤﴾

بِنَصۡرِ ٱللَّهِۚ يَنصُرُ مَن يَشَآءُۖ وَهُوَ
ٱلۡعَزِيزُ ٱلرَّحِيمُ ﴿٥﴾

പരമ കാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

《1》 'അലിഫ്-ലാം-മീം.'

《2》 റോമക്കാർ പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നു:-

《3》 അടുത്ത നാട്ടിൽ അവർ, തങ്ങളുടെ (ഈ) പരാജയത്തിനുശേഷം അടുത്ത് വിജയം നേടുകയും ചെയ്യും;-

《4》 ചില്ലറ കൊല്ലങ്ങൾക്കുള്ളിൽ മുമ്പും, പിമ്പും ആജ്ഞാധികാരം അല്ലാഹുവിന്നത്രെ. അന്നത്തെ ദിവസം, സത്യവിശ്വാസികൾ സന്തോഷം കൊള്ളുന്നതാകുന്നു;-

《5》 അല്ലാഹുവിന്റെ സഹായത്താൽ അവൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവൻ തന്നെയാണ് കരുണാനിധിയായ പ്രതാപശാലി.

《6》 അല്ലാഹുവിന്റെ വാഗ്ദത്തം!

وَعْدَ ٱللَّهِ ۖ لَا يُخْلِفُ ٱللَّهُ وَعْدَهُۥ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٦﴾

അല്ലാഹു അവന്റെ വാഗ്ദത്തത്തിന് വ്യത്യാസം ചെയ്യുന്നതല്ല. പക്ഷേ, മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

الرُّومُ ﴿1﴾ الم അലിഫ്-ലാം-മീം ﴿2﴾ غُلِبَتِ ജയിക്കപ്പെട്ടു, പരാജയപ്പെടുത്തപ്പെട്ടു الرُّومُ റോമാ, റോമക്കാർ ﴿3﴾ فِي أَدْنَى الْأَرْضِ അടുത്ത ഭൂമിയിൽ (നാട്ടിൽ) وَهُمْ അവർ مِنْ بَعْدِ غَلَبِهِمْ അവരെ ജയിച്ചതി (അവരുടെ പരാജയത്തി) നുശേഷം سَيَغْلِبُونَ വഴിയെ (അടുത്ത്) അവർ വിജയിക്കും ﴿4﴾ فِي بِضْعِ سِنِينَ ചില്ലറ (സ്വൽപം) കൊല്ലങ്ങളിൽ لِلَّهِ അല്ലാഹുവിനാണ് الْأَمْرُ ആജ്ഞ, അധികാരം, കാര്യം مِنْ قَبْلُ മുമ്പ് وَمِنْ بَعْدُ പിമ്പും وَيَوْمَئِذٍ അന്ന്, ആ ദിവസം يَفْرَحُ സന്തോഷംകൊള്ളും الْمُؤْمِنُونَ സത്യവിശ്വാസികൾ ﴿5﴾ بِنَصْرِ اللَّهِ അല്ലാഹുവിന്റെ സഹായത്താൽ يَنْصُرُ അവൻ സഹായിക്കും, രക്ഷിക്കും مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَهُوَ അവൻ തന്നെ الْعَزِيزُ പ്രതാപശാലി الرَّحِيمُ കരുണാനിധി ﴿6﴾ وَعْدَ اللَّهِ അല്ലാഹുവിന്റെ വാഗ്ദത്തം لَا يُخْلِفُ اللَّهُ അല്ലാഹു വ്യത്യാസം (ലംഘനം) ചെയ്കയില്ല وَعْدَهُ തന്റെ വാഗ്ദത്തത്തിന് وَلَٰكِنَّ പക്ഷേ أَكْثَرَ النَّاسِ മനുഷ്യരിൽ അധികവും, മിക്കവരും لَا يَعْلَمُونَ അവർ അറിയുന്നില്ല

വാചകഘടനയിൽ പരസ്പരബന്ധമുള്ള 2 മുതൽ 6 കൂടിയ ഈ വചനങ്ങളുടെ അർഥം മൊത്തത്തിൽ ഇങ്ങിനെ സംഗ്രഹിക്കാം:-

'അടുത്ത നാട്ടിൽ വെച്ച് റോമക്കാർ പരാജയപ്പെടുത്തപ്പെട്ടിരിക്കുന്നു. തങ്ങളുടെ (ഈ) പരാജയത്തിനുശേഷം, ഏതാനും (സ്വൽപം) കൊല്ലങ്ങൾക്കുള്ളിൽ അവർ വിജയം നേടുന്നതുമാണ്. മുമ്പും, പിമ്പും (എക്കാലത്തും) ആജ്ഞാധികാരം അല്ലാഹുവിന്നത്രെ. അന്ന് സത്യവിശ്വാസികൾ അല്ലാഹുവിന്റെ സഹായത്തിൽ സന്തോഷമടയുന്നതാണ്. അവൻ ഉദ്ദേശിക്കുന്നവരെ അവൻ സഹായിക്കുന്നു. അവൻ തന്നെയാണ് കരുണാനിധിയായ പ്രതാപശാലി. (ഇപ്പറഞ്ഞത്) അല്ലാഹുവിന്റെ വാഗ്ദത്തമത്രെ. അല്ലാഹു തന്റെ വാഗ്ദത്തം ലംഘിക്കുന്നതല്ല. എങ്കിലും, മനുഷ്യരിൽ അധികമാളും അറിയുന്നില്ല'.

അടുത്ത നാട് (أَدْنَى الْأَرْضِ) എന്ന് പറഞ്ഞത് റോമാ സാമ്രാജ്യത്തിൽനിന്ന് അറേബ്യയെ തൊട്ടുകിടക്കുന്ന പ്രദേശങ്ങളാകുന്നു. അറേബ്യാ ഉപദ്വീപിന്റെ രണ്ട് അയൽരാജ്യങ്ങളായിരുന്നു റോമാ സാമ്രാജ്യവും പേർഷ്യാ സാമ്രാജ്യവും. പലപ്പോഴും അവ തമ്മിൽ ഏറ്റുമുട്ടാറുണ്ടായിരുന്നു. ഹിജ്റഃയുടെ അൽപം മുമ്പ് നടന്ന ഒരു ഏറ്റുമുട്ടലിൽ പേർഷ്യക്കാർ ജയിക്കുകയും, റോമക്കാരുടെ കീഴിലുള്ള ചില സ്ഥലങ്ങൾ അവർ കയ്യടക്കുകയും ചെയ്തു. റോമക്കാർ വേദക്കാരായ ക്രിസ്ത്യാനികളും, പേർഷ്യക്കാർ ബഹുദൈവാരാധകൻമാരുമായിരുന്നു. അതുകൊണ്ട് റോമക്കാരുടെ വിജയത്തിൽ മുസ്‌ലിംകൾക്കും, പേർഷ്യക്കാരുടെ വിജയത്തിൽ മക്കാ മുശ്‌രിക്കുകൾക്കും താൽപര്യമുണ്ടാകുക സ്വാഭാവികമാണല്ലോ. മുശ്‌രിക്കുകൾക്ക് ഇസ്‌ലാമിനോടും മുസ്‌ലിംകളോടുമുള്ള വൈരം മൂർധന്യത്തിലെത്തിയിരുന്ന അക്കാലത്ത് വിശേ

ഷിച്ചും. അങ്ങനെ, പേർഷ്യക്കാരുടെ പ്രസ്തുത വിജയം, മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വ്യസനകരമായിരുന്നു. അതേ അവസരത്തിൽ ക്വുറൈശികളിൽ അത് അഹങ്കാരവും ആവേശവും ഉളവാക്കി. 'ഞങ്ങളുടെ സഹോദരങ്ങൾ നിങ്ങളുടെ സഹോദരങ്ങളെ പരാജയപ്പെടുത്തിയതുപോലെ, ഞങ്ങൾ നിങ്ങളെയും പരാജയപ്പെടുത്തും.' എന്നിങ്ങിനെ ക്വുറൈശികൾ അഭിമാനിക്കുകയുണ്ടായി.

ഈ അവസരത്തിലാണ് മേൽകണ്ട ക്വുർആൻ വചനങ്ങൾ അവതരിച്ചത്. താൽക്കാലികമായ ആ പരാജയത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് അധികമൊന്നും ആഹ്ലാദിക്കുവാൻ വകയില്ല. അൽപം വർഷങ്ങൾക്കുള്ളിൽ ഈ പരാജയം തിരിച്ചടിക്കുകതന്നെ ചെയ്യും; അന്ന് മുസ്‌ലിംകൾക്ക് തികച്ചും സന്തോഷിക്കാം; ലോകകാര്യങ്ങളെല്ലാം അല്ലാഹുവിന്റെ നിയന്ത്രണത്തിലാണുള്ളത്. അവന്റെ യുക്തംപോലെ അവൻ അവ കൈകാര്യം ചെയ്യുന്നു; അതിൽ മറ്റാരുടെയും ഇഷ്ടത്തിനോ അനുമാനത്തിനോ സ്ഥാനമില്ല; അടുത്തകാലത്ത് റോമക്കാർ വിജയം വരിക്കുമെന്ന ഈ പ്രവചനം കേവലം ഒരു അനുമാനമോ മതിപ്പോ അല്ല; അല്ലാഹുവിങ്കൽ നിന്നുള്ള വാഗ്ദത്തമാണത്; ഒരിക്കലും അതിൽ മാറ്റം സംഭവിക്കാൻ പോകുന്നില്ല എന്നൊക്കെയാണ് ഈ വചനങ്ങൾ മുഖേന അല്ലാഹു പ്രസ്താവിക്കുന്നത്.

റോമക്കാരുടെ വിജയം ഏത് കൊല്ലത്തിലായിരിക്കുമെന്ന് തിട്ടപ്പെടുത്തിപ്പറയാതെ فِي بِضۡعِ سِنِينَ (ചില്ലറ കൊല്ലങ്ങളിലായി) എന്നത്രെ അല്ലാഹു പറഞ്ഞിരിക്കുന്നത്. മൂന്നു മുതൽ ഒമ്പത് വരെയുള്ള എണ്ണത്തിനാണ് ആ വാക്ക് (بِضۡع) ഉപയോഗിക്കപ്പെടുന്നത്. അപ്പോൾ ഒമ്പതുകൊല്ലം കഴിയുന്നതിന് മുമ്പേ ഈ പ്രവചനം പുലരണം. അന്നത്തെ ചുറ്റുപാടും, ഇരുരാഷ്ട്രങ്ങളുടെയും പൊതു നിലപാടുകളും നോക്കുമ്പോൾ, ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ റോമക്കാർക്ക് വിജയം കൈവരുന്ന ഒരന്തരീക്ഷം ഉണ്ടാവുക അസംഭവ്യമായാണ് ക്വുറൈശികൾ കരുതിയത്. എന്നാൽ മുസ്‌ലിംകൾക്കാകട്ടെ-ക്വുർആന്റെ വ്യക്തമായ പ്രസ്താവനയുമുണ്ടായിരിക്കെ-ഒരു നേരിയ സംശയംപോലുമുണ്ടായില്ല. അങ്ങനെ, ക്വുർആനെ നിഷേധിക്കുവാനുള്ള ഒരവസരം മുശ്‌രിക്കുകളും, അതിന്റെ സത്യത സ്ഥാപിക്കുവാൻ പുതിയൊരവസരം മുസ്‌ലിംകളും കാത്തിരിപ്പായി. അത്രയുമല്ല, മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് അബൂബക്ർ സിദ്ദീക്വും (റ) മുശ്‌രിക്കുകളുടെ ഭാഗത്തുനിന്ന് ഉബയ്യുബ്നു ഖലഫും (ابى بن خلف) തമ്മിൽ ഒരു പന്തയം തന്നെ നടക്കുകയുണ്ടായി. (*) വിജയം മുസ്‌ലിംകൾക്കാണ് ഉണ്ടായതെന്ന് പറയേണ്ടതില്ലല്ലോ. ഹുദൈബിയ്യാ സന്ധിയുണ്ടായതിന്റെ അടുത്ത്-അതിനു മുമ്പാണെന്നും അഭിപ്രായമുണ്ട്-റോമക്കാർ പേർഷ്യക്കാരെ പരാജയപ്പെടുത്തി. മുസ്‌ലിംകൾ അതിൽ സന്തോഷിക്കുകയും ചെയ്തു. അതിനു മുമ്പായി ബദ്ർ യുദ്ധത്തിൽ വെച്ച് ക്വുറൈശീ നേതാക്കൾ പലരും കൊല്ലപ്പെട്ടുപോയിരുന്നു.

ഈ വചനങ്ങളുടെ അവസാനത്തിൽ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ (പക്ഷേ, മനുഷ്യരിൽ അധികമാളുകളും അറിയുന്നില്ല) എന്ന് പറഞ്ഞിട്ടുള്ളത് ശ്രദ്ധേയമാകുന്നു. റോമായുടെയും പേർഷ്യയുടെയും അന്നത്തെ നില വെച്ചുനോക്കുമ്പോൾ അടുത്ത കാലത്തൊന്നും റോമ

(*) അന്ന് ഇസ്‌ലാമിൽ പന്തയം വിരോധിക്കപ്പെട്ടിട്ടുണ്ടായിരുന്നില്ല. പന്തയം വിരോധിക്കപ്പെട്ടത് ഹിജ്‌റഃക്ക് ശേഷം മദീനഃയിൽ വെച്ചായിരുന്നു. പന്തയത്തിൽ പ്രതിഫലമായി നിശ്ചയിക്കപ്പെട്ടിരുന്ന ഒട്ടകങ്ങൾ നബിﷺയുടെ നിർദ്ദേശപ്രകാരം ധർമം കൊടുക്കപ്പെടുകയാണ് ചെയ്തത്. റോമക്കാരുടെ വിജയം ഉണ്ടായത് ഒമ്പതാമത്തെ കൊല്ലത്തിലാണെന്നും, ഏഴാമത്തെ കൊല്ലത്തിലാണെന്നും അഭിപ്രായങ്ങളുണ്ട്. الله اعلم

ക്കാർക്ക് വിജയം പ്രതീക്ഷിക്കുവാൻ വകയില്ലായിരുന്നു. പക്ഷേ, എല്ലാ കാര്യവും അല്ലാഹുവിന്റെ ആജ്ഞാധികാര പരിധിയിൽ മാത്രം ഉൾക്കൊള്ളുന്നതും, അവന്റെ ഉദ്ദേശ്യത്തിനും നിയന്ത്രണത്തിനും വിധേയമായതുമാണ്. ബാഹ്യമായ കാര്യകാരണബന്ധത്തിന്റെ ശൃംഖല ഇവിടെയുണ്ടെന്നുള്ളത് വാസ്തവം തന്നെ. എന്നാൽ ആ ശൃംഖലയുടെ തുടക്കവും, നീക്കവും, ഒടുക്കവും എല്ലാംതന്നെ, ആ നിയന്ത്രണത്തിൽ നിന്ന് ഒഴിവല്ല. ഒരു കാര്യത്തിന്റെ, കാരണങ്ങളുടെ ബാഹ്യമായ പട്ടിക പൂർത്തിയായിക്കഴിഞ്ഞത് കൊണ്ടു മാത്രം അക്കാര്യം സംഭവിക്കുകയില്ല. മനുഷ്യന് അദൃശ്യവും അജ്ഞാതവുമായ ചില ഉപാധികൾകൂടി സമ്മേളിക്കുമ്പോൾ മാത്രമേ അത് സംഭവിക്കുകയുള്ളൂ കാര്യകാരണ ബന്ധങ്ങൾ ഏർപ്പെടുത്തിയതുതന്നെ അല്ലാഹുവാണ്. അവക്ക് അടിസ്ഥാനവും നിദാനവുമായി മറ്റൊരു കാര്യകാരണ വ്യവസ്ഥയും അവന്റെ പക്കൽ ഉണ്ടായിരിക്കാം. എന്നിത്യാദി യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കയും, മനസ്സിലാക്കുകയും ചെയ്യുന്നവർ മനുഷ്യരിൽ തുലോം കുറവാണ്. അജ്ഞതയും ബുദ്ധികൊടുത്തു ചിന്തിക്കായ്കയുമാണതിന് കാരണം. കേവലം കണ്ണിൽകണ്ടതിനപ്പുറം മറ്റൊന്നുംതന്നെ സ്ഥിതി ചെയ്യുന്നില്ലെന്നും, മനുഷ്യന്റെ അറിവ് സമ്പൂർണമാണെന്നുമുള്ള ചിലരുടെ ധാരണയാണ് മറ്റൊരു കാരണം. മിക്ക മനുഷ്യരും ഇത്തരക്കാരാണ്. ഇവരുടെ അറിവിന്റെ പരിമിതി-അഥവാ ആകെത്തുക-അടുത്ത വചനത്തിൽ അല്ലാഹു ചൂണ്ടിക്കാട്ടുന്നത് നോക്കുക:-

يَعۡلَمُونَ ظَٰهِرٗا مِّنَ ٱلۡحَيَوٰةِ ٱلدُّنۡيَا وَهُمۡ عَنِ ٱلۡأٓخِرَةِ هُمۡ غَٰفِلُونَ ۝٧

《7》 ഐഹിക ജീവിതത്തിൽ നിന്നുള്ള ഒരു ബാഹ്യവശം അവർ അറിയുന്നു (അത്രമാത്രം); പരലോകത്തെ സംബന്ധിച്ച് അവരാകട്ടെ, ബോധരഹിതരാണ് താനും.

《7》 يَعۡلَمُونَ അവർ അറിയുന്നു ظَاهِرًا ഒരു ബാഹ്യവശം مِنَ الْحَيَاةِ ജീവിതത്തിൽ നിന്ന് الدُّنْيَا ഐഹികമായ, ഇഹത്തിന്റെ وَهُمْ അവരോ, അവരാകട്ടെ عَنِ الآخِرَةِ പരലോകത്തപ്പറ്റി هُمْ അവർ غَافِلُونَ ബോധരഹിതരാണ്, ശ്രദ്ധയില്ലാത്തവരാണ്

ഭക്ഷണം, പാർപ്പിടം, ധനസമ്പാദനം, സുഖഭോഗത്തിനുള്ള ഉപാധികൾ എന്നിങ്ങിനെ ഐഹികജീവിതത്തിന്റെ ചില ബാഹ്യവശങ്ങളെക്കുറിച്ചു മാത്രമേ മിക്ക ജനങ്ങൾക്കും അറിവുള്ളൂ. അവ മാത്രമാണവരുടെ ചിന്താവിഷയവും. ഈ ലോകത്ത് അല്ലാഹു നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന നടപടിക്രമങ്ങളെക്കുറിച്ചോ, അതിലടങ്ങിയ യുക്തിരഹസ്യങ്ങളെക്കുറിച്ചോ, സ്വന്തം ജീവിതത്തിന്റെ സാക്ഷാൽ ലക്ഷ്യത്തെക്കുറിച്ചോ, ഭാവിയിൽ നേരിടാനിരിക്കുന്ന അവസ്ഥകളെക്കുറിച്ചോ ഒന്നുംതന്നെ അവർക്ക് എത്തുംപിടിയുമില്ല. ഐഹിക ജീവിതത്തെ സംബന്ധിച്ചിടത്തോളം ഇതാണവരുടെ നിലപാടെങ്കിൽ, പരലോകത്തെ സംബന്ധിച്ച് അവരുടെ നില എന്തായിരിക്കുമെന്ന് പറയേണ്ടതുണ്ടോ?! അങ്ങിനെ ഒരു ജീവിതത്തെപ്പറ്റി അവർക്ക് വിഭാവനം ചെയ്‌വാൻപോലും സാധിക്കുന്നില്ല. അവരതിനെപ്പറ്റി തികച്ചും അശ്രദ്ധരാകുന്നു. വാസ്തവത്തിൽ, സ്വന്തം മനസ്സാക്ഷിയോടുകൂടി അവർ അൽപമൊന്ന് ചിന്തിച്ചുനോക്കിയിരുന്നുവെങ്കിൽ തങ്ങളുടെ ഈ ഭീമമായ അബദ്ധം ഏറെക്കുറെ അവർക്ക് ബോധ്യപ്പെടുമായിരുന്നു. അല്ലാഹു പറയുന്നു:-

أَوَلَمْ يَتَفَكَّرُوا۟ فِىٓ أَنفُسِهِم ۗ مَّا خَلَقَ ٱللَّهُ ٱلسَّمَـٰوَٰتِ وَٱلْأَرْضَ وَمَا بَيْنَهُمَآ إِلَّا بِٱلْحَقِّ وَأَجَلٍ مُّسَمًّى ۗ وَإِنَّ كَثِيرًا مِّنَ ٱلنَّاسِ بِلِقَآئِ رَبِّهِمْ لَكَـٰفِرُونَ ﴿٨﴾

﴾8﴿ അവർ തങ്ങളുടെ മനസ്സുകളിൽ [സ്വയം] ചിന്തിച്ചുനോക്കുന്നില്ലേ?! ആകാശങ്ങളും, ഭൂമിയും, അവ രണ്ടിനുമിടയിലുള്ളതും ന്യായമായ കാര്യത്തോടും, ഒരു നിശ്ചിത അവധിയോടും കൂടിയല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല.

മനുഷ്യരിൽ അധികപേരും തന്നെ, തങ്ങളുടെ രക്ഷിതാവുമായി കാണുന്നതിൽ അവിശ്വസിക്കുന്നവരാണ് താനും.

﴾8﴿ أَوَلَمْ يَتَفَكَّرُوا അവർ ചിന്തിച്ചുനോക്കുന്നില്ലേ فِي أَنْفُسِهِمْ അവരുടെ മനസ്സുകളിൽ, സ്വയംതന്നെ مَا خَلَقَ اللهُ അല്ലാഹു സൃഷ്ടിച്ചിട്ടില്ല السَّمَاوَاتِ ആകാശങ്ങളെ وَالأَرْضَ ഭൂമിയെയും وَمَا بَيْنَهُمَا അവ രണ്ടിനുമിടയിലുള്ളതും إِلا بِالْحَقِّ ന്യായത്തോടുകൂടിയല്ലാതെ, മുറപ്രകാരമല്ലാതെ وَأَجَلٍ ഒരു അവധിയോടും مُسَمًّى നിർണയിക്കപ്പെട്ട, നിശ്ചിതമായ وَإِنَّ كَثِيرًا നിശ്ചയമായും അധികപേരും مِنَ النَّاسِ മനുഷ്യരിൽ നിന്ന് بِلِقَاءِ കാണുന്നതിൽ رَبِّهِمْ തങ്ങളുടെ രക്ഷിതാവുമായി لَكَافِرُونَ അവിശ്വസിക്കുന്നവർ തന്നെ

أَجَلٍ مُسَمًّى (നിശ്ചിത അവധി) എന്ന് പറഞ്ഞത് ലോകാവസാനത്തെ-അഥവാ ഖിയാമത്ത് നാളിനെ-ഉദ്ദേശിച്ചാകുന്നു. അതിനുശേഷം ഒരു പുതിയ ലോകഘടനയായിരിക്കും നിലവിൽ വരിക. ഈ ഭൂമിയും ആകാശങ്ങളുമെല്ലാം മറ്റൊരു രൂപത്തിലായി മാറ്റപ്പെടുന്നതായിരിക്കും അന്ന്. (يَوْمَ تُبَدَّلُ الأَرْضُ غَيْرَ الأَرْضِ وَالسَّمَاوَاتُ... - ابراهيم)

أَوَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۚ كَانُوٓا۟ أَشَدَّ مِنْهُمْ قُوَّةً وَأَثَارُوا۟ ٱلْأَرْضَ وَعَمَرُوهَآ أَكْثَرَ مِمَّا عَمَرُوهَا وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَـٰتِ ۖ

﴾9﴿ ഭൂമിയിൽ അവർ സഞ്ചരിക്കുന്നില്ലേ? എന്നാലവർക്ക് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നെന്ന് നോക്കിക്കാണാമായിരുന്നുവല്ലോ! അവർ [മുമ്പുള്ളവർ] ഇവരെക്കാൾ ശക്തിയിൽ കേമൻമാരായിരുന്നു. അവർ ഭൂമിയെ ഉഴുതു മറി (ച്ചു കൃഷിയുണ്ടാ) ക്കുകയും, ഇവർ അതിനെ നിവാസയോഗ്യമാക്കിയതിനെക്കാൾ അവർ അതിനെ നിവാസയോഗ്യമാക്കുകയും ചെയ്തു. വ്യക്തമായ തെളിവുകളുംകൊണ്ട് അവരുടെ അടുക്കൽ അവരുടെ റസൂലുകൾ [ദൈവദൂ

തൻമാർ] ചെല്ലുകയും ചെയ്തിരുന്നു.

فَمَا كَانَ ٱللَّهُ لِيَظۡلِمَهُمۡ وَلَٰكِن كَانُوٓاْ أَنفُسَهُمۡ يَظۡلِمُونَ ﴿٩﴾

എന്നാൽ, അല്ലാഹു അവരോട് (യാതൊന്നും) അനീതി പ്രവർത്തിക്കുകയുണ്ടായിട്ടില്ല. പക്ഷേ, അവർ തങ്ങളോട് തന്നെ അനീതി പ്രവർത്തിക്കുകയായിരുന്നു ചെയ്തത്.

﴿9﴾ أَوَلَمۡ يَسِيرُوا അവർ സഞ്ചരിക്കുന്നില്ലേ فِي الأَرۡضِ ഭൂമിയിൽ فَيَنظُرُوا എന്നാലവർക്ക് നോക്കിക്കാണാമായിരുന്നു كَيۡفَ كَانَ എങ്ങിനെ ആയിരുന്നു عَاقِبَةُ പര്യവസാനം, കലാശം الَّذِينَ مِن قَبۡلِهِمۡ അവരുടെ മുമ്പുള്ളവരുടെ كَانُوا അവരായിരുന്നു أَشَدَّ مِنۡهُمۡ ഇവരെക്കാൾ ഊക്കൻമാർ, കേമൻമാർ قُوَّةً ശക്തിയാൽ وَأَثَارُوا അവർ ഉഴുതു (ഇളക്കി) മറിക്കുകയും ചെയ്തു الأَرۡضَ ഭൂമിയെ وَعَمَرُوهَا അതിൽ നിവസിക്കയും (കുടിയിരിക്കുകയും, നിവാസയോഗ്യമാക്കുകയും) ചെയ്തു أَكۡثَرَ കൂടുതൽ مِمَّا عَمَرُوهَا ഇവർ നിവസിച്ചതിനെക്കാൾ وَجَاءَتۡهُمۡ അവർക്ക് ചെല്ലുകയും ചെയ്തു رُسُلُهُمۡ അവരുടെ റസൂലുകൾ بِالۡبَيِّنَاتِ വ്യക്തമായ തെളിവുകളുംകൊണ്ട് فَمَا كَانَ എന്നാൽ ഉണ്ടായില്ല اللهُ അല്ലാഹു لِيَظۡلِمَهُمۡ അവരോട് അനീതി (അക്രമം) ചെയ്യുക وَلَٰكِن كَانُوا പക്ഷേ അവരായിരുന്നു أَنفُسَهُمۡ തങ്ങളോട് തന്നെ يَظۡلِمُونَ അവർ അനീതി ചെയ്യും

ഐഹികമായ പ്രാബല്യംകൊണ്ടും, നാഗരീകതകൊണ്ടും, ഈ മുശ്‌രിക്കുകളെക്കാൾ വളരെ കേമൻമാരായിരുന്നു ഇവരുടെ മുമ്പുണ്ടായിരുന്ന ആ സമുദായങ്ങൾ. ഇവരെക്കാളധികം കാലം അവർ ജീവിക്കുകയും, ഇവരെക്കാളധികം ഭൗതികനേട്ടങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. وَمَا بَلَغُوا مِعۡشَارَ مَا آتَيۡنَاهُمۡ- سبأ (നാം അവർക്ക് നൽകിയിട്ടുള്ളതിന്റെ പത്തിനൊന്നുകണ്ട് ഇവർ എത്തിച്ചേർന്നിട്ടില്ല.) എന്നാൽ, ദൈവദൂതൻമാർ അവരുടെ അടുക്കൽ ചെന്ന് ഉപദേശിച്ചപ്പോൾ അവരെ നിഷേധിക്കുകയും, അതുവഴി തങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കുകയുമാണവർ ചെയ്തത്.

ثُمَّ كَانَ عَٰقِبَةَ ٱلَّذِينَ أَسَٰٓـُٔواْ ٱلسُّوٓأَىٰٓ أَن كَذَّبُواْ بِـَٔايَٰتِ ٱللَّهِ وَكَانُواْ بِهَا يَسۡتَهۡزِءُونَ ﴿١٠﴾

﴿10﴾ പിന്നീട്, ദുഷ്പ്രവൃത്തി ചെയ്ത (ആ) കൂട്ടരുടെ പര്യവസാനം ഏറ്റവും ദുരവസ്ഥയായിത്തീർന്നു; (അതെ) അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ അവർ വ്യാജമാക്കുകയും, അവയെപ്പറ്റി പരിഹസിച്ചുകൊണ്ടിരിക്കുകയും ചെയ്തതിനാൽ!

﴿10﴾ ثُمَّ كَانَ പിന്നീട് ആയിത്തീർന്നു عَاقِبَةَ പര്യവസാനം الَّذِينَ أَسَاءُوا ദുഷ്പ്രവൃത്തി ചെയ്തവരുടെ السُّوءَىٰ ഏറ്റവും ദുഷിച്ചത് (വലിയ ദുരവസ്ഥ) أَن كَذَّبُوا അവർ കളവാക്കിയ

തിനാൽ بِآيَاتِ اللَّهِ അല്ലാഹുവിന്റെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ وَكَانُوا അവരായിരുന്നു بِهَا അവയെ, അവയെപ്പറ്റി يَسْتَهْزِؤُونَ അവർ പരിഹസിക്കും

ഏറ്റവും വലിയ ദുരവസ്ഥ (السُّوءَى) എന്ന് പറഞ്ഞത്, ഇഹത്തിൽ അവർക്ക് ബാധിച്ച നാശനഷ്ടങ്ങളും, പരലോകത്തിൽ ബാധിക്കുവാനിരിക്കുന്ന വമ്പിച്ച ശിക്ഷകളും ആകുന്നു. വരാനിരിക്കുന്ന കാര്യങ്ങൾക്ക് വന്നുകഴിഞ്ഞ കാര്യങ്ങൾ മുഖേനയും, കാണാത്ത കാര്യങ്ങൾക്ക് കണ്ടുകഴിഞ്ഞ വസ്തുതകൾ മുഖേനയുമാണല്ലോ തെളിവ് നൽകുക. ഇതനുസരിച്ച് പുനരുത്ഥാനത്തെ ആദ്യസൃഷ്ടിപ്പ് മുഖേന സ്ഥാപിച്ചുകൊണ്ട് അന്നത്തെ ദിവസം സംഭവിക്കുവാനിരിക്കുന്ന ചില ഭവിഷ്യത്തുകളെക്കുറിച്ച് അല്ലാഹു താക്കീത് നൽകുന്നു:-

വിഭാഗം - 2

اللَّهُ يَبْدَؤُا الْخَلْقَ ثُمَّ يُعِيدُهُ ثُمَّ إِلَيْهِ تُرْجَعُونَ ﴿١١﴾

﴿11﴾ അല്ലാഹു സൃഷ്ടിയെ ആദ്യമുണ്ടാക്കുന്നു; പിന്നീടത് ആവർത്തിക്കുന്നു; പിന്നീട് അവങ്കലേക്ക് തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

﴿11﴾ اللَّهُ يَبْدَأُ അല്ലാഹു ആരംഭിക്കുന്നു, ആദ്യമുണ്ടാക്കുന്നു الْخَلْقَ സൃഷ്ടിയെ, സൃഷ്ടിപ്പ് ثُمَّ പിന്നീട് يُعِيدُهُ അവൻ അതിനെ ആവർത്തിക്കുന്നു, മടക്കിയുണ്ടാക്കുന്നു ثُمَّ إِلَيْهِ പിന്നീട് അവങ്കലേക്ക് തന്നെ تُرْجَعُونَ നിങ്ങൾ മടക്കപ്പെടുന്നു

താഴെ 27-ാം വചനവും അതിന്റെ വിവരണവും നോക്കുക.

وَيَوْمَ تَقُومُ السَّاعَةُ يُبْلِسُ الْمُجْرِمُونَ ﴿١٢﴾

﴿12﴾ അന്ത്യസമയം (ലോകാവസാനഘട്ടം) നിലവിൽ വരുന്ന ദിവസം, കുറ്റവാളികൾ ആശയറ്റുപോകുന്നതാണ്.

وَلَمْ يَكُن لَّهُم مِّن شُرَكَائِهِمْ شُفَعَاؤُا وَكَانُوا بِشُرَكَائِهِمْ كَافِرِينَ ﴿١٣﴾

﴿13﴾ തങ്ങളുടെ (ആരാധ്യൻമാരായ) പങ്കുകാരിൽനിന്ന് അവർക്ക് ശുപാർശക്കാർ ഉണ്ടായിരിക്കയുമില്ല; അവർ തങ്ങളുടെ പങ്കാളികളെത്തന്നെ നിഷേധിക്കുന്നവരായിരിക്കയും ചെയ്യും.

﴿12﴾ وَيَوْمَ تَقُومُ നിലവിൽ വരുന്ന (നിലനിൽക്കുന്ന) ദിവസം السَّاعَةُ ആ ഘട്ടം, (അന്ത്യഘട്ടം, അന്ത്യസമയം) يُبْلِسُ നിരാശപ്പെടും, ആശമുറിയും الْمُجْرِمُونَ കുറ്റവാളികൾ ﴿13﴾ وَلَمْ يَكُن ഉണ്ടായിരിക്കയുമില്ല لَهُمْ അവർക്ക് مِن شُرَكَائِهِمْ അവരുടെ പങ്കുകാരിൽനിന്ന് شُفَعَاءُ ശുപാർശക്കാർ وَكَانُوا അവർ ആകുകയും ചെയ്യും بِشُرَكَائِهِمْ അവരുടെ പങ്കുകാരെ كَافِرِينَ

നിഷേധിക്കുന്നവർ

ആരാധ്യവസ്തുക്കൾ അല്ലാഹുവിന്റെ മുമ്പിൽ തങ്ങൾക്ക് ശുപാർശ ചെയ്യുമെന്നുള്ള അവരുടെ വാദം തനി വിഡ്ഢിത്തമായിരുന്നുവെന്ന് അവർക്ക് അനുഭവപ്പെടും. അവമൂലം യാതൊരു നന്മയും ലഭിക്കുവാനില്ലെന്ന് കാണുമ്പോൾ അവയുമായുള്ള തങ്ങളുടെ ബന്ധത്തെ ത്തന്നെ അവർ നിഷേധിക്കുകയും ചെയ്യും.

وَيَوْمَ تَقُومُ ٱلسَّاعَةُ يَوْمَئِذٍ يَتَفَرَّقُونَ ﴿١٤﴾

﴾14﴿ അന്ത്യസമയം നിലവിൽ വരുന്ന ദിവസം, അന്ന് അവർ വേർപിരിയുന്നതാകുന്നു.

فَأَمَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ فَهُمْ فِى رَوْضَةٍ يُحْبَرُونَ ﴿١٥﴾

﴾15﴿ എന്നാൽ, വിശ്വസിക്കുകയും, സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാകട്ടെ, അവർ (സ്വർഗീയമായ) ഒരു പൂന്തോപ്പിൽ ആനന്ദംകൊള്ളുന്നതാകുന്നു.

وَأَمَّا ٱلَّذِينَ كَفَرُوا۟ وَكَذَّبُوا۟ بِـَٔايَٰتِنَا وَلِقَآئِ ٱلْءَاخِرَةِ فَأُو۟لَٰٓئِكَ فِى ٱلْعَذَابِ مُحْضَرُونَ ﴿١٦﴾

﴾16﴿ എന്നാൽ അവിശ്വസിക്കുകയും, നമ്മുടെ ലക്ഷ്യങ്ങളെയും പരലോകത്തെ കണ്ടുമുട്ടുന്നതിനെയും വ്യാജമാക്കുകയും ചെയ്തിട്ടുള്ളവരോ, അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവരുമായിരിക്കും.

﴾14﴿ وَيَوْمَ تَقُومُ നിലവിൽ വരുന്ന ദിവസം السَّاعَةُ ആ (അന്ത്യ) സമയം يَوْمَئِذٍ അന്ന് يَتَفَرَّقُونَ അവർ വേർപിരിയും ﴾15﴿ فَأَمَّا الَّذِينَ آمَنُوا എന്നാൽ വിശ്വസിച്ചവർ وَعَمِلُوا പ്രവർത്തിക്കയും ചെയ്ത الصَّالِحَاتِ സൽക്കർമ്മങ്ങൾ فَهُمْ എന്നാലവർ فِي رَوْضَةٍ ഒരു പൂന്തോപ്പിൽ, ഉദ്യാനത്തിൽ يُحْبَرُونَ ആനന്ദം നൽകപ്പെടും, സന്തോഷമടയും ﴾16﴿ وَأَمَّا الَّذِينَ كَفَرُوا എന്നാൽ അവിശ്വസിച്ചവർ وَكَذَّبُوا കളവാക്കുകയും ചെയ്ത بِآيَاتِنَا നമ്മുടെ ലക്ഷ്യങ്ങളെ, ദൃഷ്ടാന്തങ്ങളെ وَلِقَاءِ الْآخِرَةِ പരലോകം കണ്ടുമുട്ടുന്നതിനെയും فَأُولَٰئِكَ അക്കൂട്ടർ فِي الْعَذَابِ ശിക്ഷയിൽ مُحْضَرُونَ ഹാജരാക്കപ്പെടുന്നവരാണ്.

ഇങ്ങിനെ രണ്ടു വിഭാഗക്കാരായി മനുഷ്യവർഗം അന്ന് വേർപിരിയും. എനി നല്ലവരും ദുഷ്ടരും ഇടകലർന്നുള്ള ജീവിതം ഉണ്ടാകുകയില്ല. ഇന്ന്മുതൽ അവർക്കിടയിൽ സമ്പർക്കവുമില്ല. സത്യവിശ്വാസികളും സൽക്കർമികളുമായ സജ്ജനങ്ങൾ സ്വർഗീയ പൂങ്കാവനങ്ങളിൽ പൂമൊട്ടറുത്തും, പൂമ്പട്ടുടുത്തും, സംഗീത ഗാനങ്ങളാസ്വദിച്ചും നിത്യാനന്ദം കൊള്ളും. നേരെമറിച്ച് അല്ലാഹുവിൽ അവിശ്വസിച്ചു-തൗഹീദിനെ നിഷേധിച്ചു -റസൂലിനെയും വേദഗ്രന്ഥ

ത്തെയും ധിക്കരിച്ചു- പരലോകജീവിതത്തെയും പുനഃരുത്ഥാനത്തെയും പാടെ അവഗണിച്ചു, കഴിഞ്ഞു കൂടിയിരുന്ന ദുർജ്ജനങ്ങൾ അവർണനീയമായ നരകശിക്ഷ അനുഭവിക്കുകയും ചെയ്യും. അല്ലാഹു നമ്മെയെല്ലാം സജ്ജനങ്ങളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

فَسُبْحَٰنَ ٱللَّهِ حِينَ تُمْسُونَ وَحِينَ تُصْبِحُونَ ﴿١٧﴾

《17》 ആകയാൽ, നിങ്ങൾ (അസ്തമയ) സന്ധ്യാവേളയിലാകുമ്പോഴും, പ്രഭാതവേളയിലാകുമ്പോഴും അല്ലാഹുവിന്റെ പരിശുദ്ധതയെ പ്രകീർത്തനം [തസ്ബീഹ്] ചെയ്യുക.

وَلَهُ ٱلْحَمْدُ فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَعَشِيًّا وَحِينَ تُظْهِرُونَ ﴿١٨﴾

《18》 ആകാശങ്ങളിലും ഭൂമിയിലും (എല്ലാ) സ്തുതിയും അവനു തന്നെ- സായാഹ്ന സമയത്തും, നിങ്ങൾ മധ്യാഹ്നവേളയിലാകുമ്പോഴും (പ്രകീർത്തനം ചെയ്യുക)

《17》 فَسُبْحَانَ اللَّهِ ആകയാൽ അല്ലാഹുവിന്റെ തസ്ബീഹ് നടത്തുക, പ്രകീർത്തനം ചെയ്യുക, പരിശുദ്ധതയെ വാഴ്ത്തുന്നു حِينَ تُمْسُونَ നിങ്ങൾ സന്ധ്യാസമയത്തിലാകുമ്പോൾ (വൈകുന്നേരം) وَحِينَ تُصْبِحُونَ നിങ്ങൾ പ്രഭാത സമയത്താകുമ്പോഴും (കാലത്തും) 《18》 وَلَهُ അവനുതന്നെ الْحَمْدُ സ്തുതി, സ്തോത്രം فِي السَّمَاوَاتِ ആകാശങ്ങളിൽ وَالْأَرْضِ ഭൂമിയിലും وَعَشِيًّا സായാഹ്നവേളയിലും, (സായം കാലത്തും) وَحِينَ تُظْهِرُونَ നിങ്ങൾ മധ്യാഹ്നവേളയിലാകുമ്പോഴും (ഉച്ചസമയത്തും)

سُبْحَانَ اللَّهِ(സുബ്ഹാനല്ലാഹി) എന്ന വാക്കിന് 'അല്ലാഹുവിന്റെ പരിശുദ്ധതയെ പ്രകീർത്തനം ചെയ്യുക' എന്ന് നിർദേശ രൂപത്തിലും, 'പ്രകീർത്തനം ചെയ്യുന്നു' എന്ന് വാർത്താരൂപത്തിലും അർഥം വരാവുന്നതാകുന്നു. *(*)* ഏതർഥം കല്പിച്ചാലും പ്രസ്തുത നാലു സമയങ്ങളിലും മനുഷ്യൻ അല്ലാഹുവിന്റെ സ്തുതികീർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്നാണ് ഈ വചനങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ഈ ആശയം അല്പാൽപ വ്യത്യാസത്തോടുകൂടി മറ്റു പല സ്ഥലത്തും ക്വുർആനിൽ ആവർത്തിച്ചുകാണാം. (ത്വാഹാ. 130; ഇസ്റാഉ് 78; ഇൻസാൻ 25,26 മുതലായവ നോക്കുക)

അല്ലാഹുവിന് സ്തോത്രകീർത്തനങ്ങൾ നടത്തുവാനും, അവന്റെ മഹത്വത്തെ വാഴ്ത്തു

***(*)** سبحان എന്ന പദം سبح എന്ന ക്രിയയുടെ ധാതുരൂപത്തിൽ (مصدر)ആണെങ്കിലും ക്രിയയുടെയും നാമത്തിന്റെയും, അർഥത്തിലും അത് ഉപയോഗിക്കപ്പെടാറുണ്ട്. ചിലപ്പോൾ ആശ്ചര്യ (تعجب)ത്തെയും, വേറെ ചിലപ്പോൾ മഹത്വ (تعظيم)ത്തെയും കുറിക്കുകയും ചെയ്യും. എല്ലാം സന്ദർഭം കൊണ്ട് മനസ്സിലാക്കേണ്ടതാകുന്നു.*

വാനും, ഏതവസരത്തിലും മനുഷ്യൻ ബാധ്യസ്ഥനത്രെ. പക്ഷേ, അവന്റെ പരിസ്ഥിതികളും ജീവിതരീതിയും കണക്കിലെടുക്കുമ്പോൾ, എല്ലാ സമയവും അതിനായി വിനിയോഗിക്കുവാൻ അവന് പ്രയാസമായിത്തീരുന്നു. അതുകൊണ്ട് ചില പ്രത്യേക സമയങ്ങളിൽ ആ കടമ നിർവ്വഹിച്ചുകൊള്ളണമെന്ന് ആജ്ഞാപിക്കപ്പെട്ടിരിക്കുകയാണ്. മനുഷ്യന്റെ സാധാരണ ദിനചര്യകളും, ജോലി സമയങ്ങളും, വിശ്രമവേളകളും പരിഗണിക്കുമ്പോഴും, അനുദിനം രാപ്പകലുകളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രകൃതിമാറ്റങ്ങൾ പരിഗണിക്കുമ്പോഴും ആ നാല് പ്രത്യേക സമയങ്ങൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് വളരെ യുക്തവും പ്രായോഗികവുമായിട്ടുണ്ടെന്ന് കാണാം.

ദൈവകീർത്തനത്തിന്റെ വിവിധ രൂപങ്ങൾ അടങ്ങുന്നതും ആരാധനാകർമങ്ങളിൽ ഏറ്റവും പ്രധാനപ്പട്ടതുമായ നിർബന്ധ നമസ്കാരങ്ങൾ ആ സമയങ്ങളിൽ തന്നെ നിർബന്ധമാക്കിയിട്ടുള്ളതും അതുകൊണ്ടുതന്നെയാണ്. 1-ാമത്തെ സമയം അസ്തമയ സന്ധ്യാവേള (حِينَ تُمْسُونَ)യാണല്ലോ. സൂര്യാസ്തമയം കഴിഞ്ഞ ഉടനെ നിർവഹിക്കേണ്ടുന്ന 'മഗ്‌രിബ്' നമസ്കാരവും അല്പസമയം കൂടി താമസിച്ചശേഷം പാതിരാക്കുമുമ്പായി നിർവഹിക്കേണ്ടതുള്ള 'ഇശാ' നമസ്കാരവും ഈ സമയത്താകുന്നു. 2- ാമത് പറഞ്ഞ സമയം പ്രഭാതവേള (حِينَ تُصْبِحُونَ)യാണ്. ഇതാണ് 'സ്വുബ്ഹ്' നമസ്കാരത്തിന്റെ സമയം. 3-ാമത്തേത് സായാഹ്ന(عَشِيًّا) സമയമാണ്. ഇത് 'അസ്വ്ർ' നമസ്കാരത്തിനുള്ള സമയവുമാകുന്നു. 4-ാമത്തേതു മധ്യാഹ്നവേള. (حِينَ تُظْهِرُونَ) ഇത് 'ളുഹ്റി'ന്റെ സമയവുമത്രെ. ഓരോ സമയവും നിശ്ചയിക്കപ്പെട്ടതിൽ അടങ്ങിയ യുക്തിരഹസ്യങ്ങൾ വിശദീകരിക്കുന്ന പക്ഷം അത് വളരെ ദീർഘിച്ചുപോകുന്നതാണ്.

നിർബന്ധ നമസ്കാരങ്ങൾ അഞ്ചെണ്ണമാണെന്നോ, ഓരോന്നിന്റെയും സമയവും രൂപങ്ങളും ഇന്നിന്നതാണെന്നോ ഖുർആനിൽ വ്യക്തമായി പ്രസ്താവിച്ചിട്ടില്ല. അതേസമയത്ത് നമസ്കാരത്തിന്റെ പ്രധാന വശങ്ങൾ മുഴുവനും ഖുർആന്റെ പല ഭാഗങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്താനും. നബിﷺയുടെ ചര്യയിൽ നിന്നും വചനങ്ങളിൽ നിന്നുമാണ് നിലവിലുള്ള നമസ്കാരക്രമം മുസ്‌ലിം ലോകം അന്നു മുതൽ ഇന്നുവരെ അംഗീകരിച്ചു വന്നിട്ടുള്ളത്. വിശദാംശങ്ങളിൽ കേവലം നിസ്സാരമായ ചില അഭിപ്രായ വ്യത്യാസങ്ങൾ കാണപ്പെട്ടേക്കാമെങ്കിലും പ്രായോഗിക രംഗത്ത് എല്ലാ മുസ്‌ലിംകളും ഒരേ രൂപത്തിൽ തന്നെ അത് ആചരിച്ചുവരുന്നു. മൗലികമോ, പ്രധാനപ്പെട്ടതോ ആയ ഒരു വിഷയത്തിലും അവർക്കിടയിൽ പക്ഷാന്തരമില്ല. അവയത്രയും ഇസ്‌ലാമിൽ അനിവാര്യമായി അറിയപ്പെട്ടതത്രെ. എനി, നിർബന്ധ നമസ്കാരങ്ങളുടെ എണ്ണത്തിലോ, സമയങ്ങളിലോ പ്രത്യക്ഷരൂപത്തിലോ ഏതെങ്കിലും വിഭാഗക്കാർക്ക്- അവർ മുസ്‌ലിംകൾ എന്ന പേരിൽ അറിയപ്പെടുന്നവരാണെങ്കിലും ശരി- ഭിന്നാഭിപ്രായം കാണുന്നുണ്ടെങ്കിൽ, അവർ നബിചര്യക്കും നബിവചനങ്ങൾക്കും പൂർണമായോ, ഭാഗികമായോ സ്ഥാനം കല്പിക്കാത്തവരാണെന്ന് മനസ്സിലാക്കണം. ഇങ്ങിനെയുള്ളവർ ഇസ്‌ലാമിൽ ശരിയായ അംഗത്വം അർഹിക്കാത്തവരാണെന്ന വസ്തുത ഖുർആന്റെ അനേകം പ്രസ്താവനകളിൽ നിന്ന് വ്യക്തമായിട്ടുള്ളതുമാകുന്നു.

يُخْرِجُ ٱلْحَىَّ مِنَ ٱلْمَيِّتِ وَيُخْرِجُ

﴾19﴿ അവൻ നിർജീവമായതിൽ നിന്ന് ജീവിയെ പുറത്തുവരുത്തുന്നു. ജീവിയിൽ നിന്ന് നിർജീവമായതിനെയും പുറത്തുവരുത്തുന്നു.

ٱلْمَيِّتَ مِنَ ٱلْحَىِّ وَيُحْىِ ٱلْأَرْضَ بَعْدَ مَوْتِهَا ۚ وَكَذَٰلِكَ تُخْرَجُونَ ﴿١٩﴾

ഭൂമി നിർജീവമായതിന് ശേഷം അതിനെ ജീവിപ്പിക്കുകയും ചെയ്യു ന്നു. അപ്രകാരം തന്നെ, നിങ്ങളും (മരണ ശേഷം) പുറത്ത് കൊണ്ടുവരപ്പെടും.

﴿19﴾ يُخْرِجُ അവൻ പുറത്ത് വരുത്തുന്നു الْحَيَّ ജീവിയെ, ജീവനുള്ള വസ്തുവെ مِنَ الْمَيِّتِ നിർജീവമായതിൽ നിന്ന്. وَيُخْرِجُ പുറത്തുവരുത്തുകയും ചെയ്യുന്നു الْمَيِّتَ നിർജീവമായതിനെ مِنَ الْحَيِّ ജീവനുള്ളതിൽ നിന്ന് وَيُحْيِي അവൻ ജീവിപ്പിക്കുകയും ചെയ്യുന്നു. الأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അതിന്റെ മരണത്തിന് (നിർജീവാവസ്ഥക്ക്) ശേഷം وَ كَذَٰلِكَ അപ്രകാരം തന്നെ تُخْرَجُونَ നിങ്ങളും പുറത്തുവരുത്തപ്പെടുന്നു, വെളിക്ക് കൊണ്ടുവരപ്പെടുന്നു.

ഇന്ദ്രിയ ബീജത്തിൽ നിന്ന് മനുഷ്യൻ ഉത്ഭവിക്കുന്നു. മുട്ടയിൽ നിന്ന് പറവകൾ പുറത്തു വരുന്നു. മറിച്ച് മനുഷ്യരിൽ നിന്ന് ഇന്ദ്രിയം പുറത്തുവരുന്നു. പക്ഷിയിൽ നിന്ന് മുട്ടയും. ഇങ്ങിനെ, നിർജീവമായതിൽ നിന്ന് ജീവികളും, ജീവികളിൽ നിന്ന് നിർജീവവസ്തുക്കളും പുറത്തുവരുന്നതിന് എത്രയോ ഉദാഹരണങ്ങൾ നമുക്ക് സുപരിചിതമാണ്. ഉണങ്ങിവ രണ്ടു തരിശും, ഉപയോഗശൂന്യവുമായി കിടക്കുന്ന ഭൂമിയിൽ മഴ വർഷിച്ച ശേഷം സസ്യ ലതാദികളാൽ അത് ജീവസ്സുള്ളതും, ചൈതന്യമുള്ളതുമായി മാറുന്നു. ഇതേപ്രകാരം തന്നെ യാണ് മനുഷ്യന്റെ മരണാനന്തര സ്ഥിതിയും. അവൻ മരണമടഞ്ഞശേഷം വീണ്ടും ജീവിപ്പിക്ക പ്പെടുമെന്നും അതിൽ അസാംഗത്യമായി ഒന്നുമില്ലെന്നും ഉള്ളതിന് ഇതെല്ലാം തെളിവാണ്. മാത്രമല്ല, മനുഷ്യന്റെ ഉത്ഭവവും, അവന്റെ പ്രകൃതിയും, മറ്റു പലതും അതിന് തെളിവു നൽകുന്നു. നോക്കുക:-

വിഭാഗം - 3

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَكُم مِّن تُرَابٍ ثُمَّ إِذَآ أَنتُم بَشَرٌ تَنتَشِرُونَ ﴿٢٠﴾

﴿20﴾ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്, മണ്ണിൽ നിന്ന് നിങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നത്. പിന്നീട് നിങ്ങളതാ (ഭൂമിയിൽ) വ്യാപിച്ചുകൊണ്ടിരിക്കുന്ന മനുഷ്യരായിരിക്കുന്നു!

وَمِنْ ءَايَٰتِهِۦٓ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَٰجًا لِّتَسْكُنُوٓا۟ إِلَيْهَا

﴿21﴾ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുതന്നെയാണ്, നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ (ഭാര്യമാരെ) അവൻ സൃഷ്ടിച്ചു തന്നിട്ടുള്ളതും. നിങ്ങൾ അവരുടെ അടുക്കൽ സമാധാനമടയുവാൻ വേണ്ടി.

وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٢١﴾

നിങ്ങൾക്കിടയിൽ അവൻ സ്നേഹബന്ധവും, കാരുണ്യവും ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

وَمِنْ ءَايَٰتِهِۦ خَلْقُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱخْتِلَٰفُ أَلْسِنَتِكُمْ وَأَلْوَٰنِكُمْ ۚ إِنَّ فِى ذَٰلِكَ لَءَايَٰتٍ لِّلْعَٰلِمِينَ ﴿٢٢﴾

《22》 അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുതന്നെയാണ്, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതും, നിങ്ങളുടെ ഭാഷകളും, നിങ്ങളുടെ വർണങ്ങളും വ്യത്യസ്തമായിരിക്കുന്നതും.

നിശ്ചയമായും, അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

《20》 وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് أَنْ خَلَقَكُمْ നിങ്ങളെ അവൻ സൃഷ്ടിച്ചത് مِنْ تُرَابٍ മണ്ണിൽ നിന്ന് ثُمَّ പിന്നീട് إِذَا أَنْتُمْ നിങ്ങളതാ, എന്നിട്ട് നിങ്ങൾ بَشَرٌ മനുഷ്യർ (ആയിരിക്കുന്നു) تَنْتَشِرُونَ വ്യാപിച്ചുകൊണ്ടിരിക്കുന്ന, പരന്നുകിടക്കുന്ന 《21》 وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് أَنْ خَلَقَ അവൻ സൃഷ്ടിച്ചിരിക്കുന്നത് لَكُمْ നിങ്ങൾക്ക് مِنْ أَنْفُسِكُمْ നിങ്ങളിൽ നിന്ന് തന്നെ (നിങ്ങളുടെ വർഗത്തിൽ നിന്ന്) أَزْوَاجًا ഇണകളെ (ഭാര്യമാരെ) لِتَسْكُنُوا നിങ്ങൾ സമാധാനപ്പെടുവാൻ, അടങ്ങുവാൻ إِلَيْهَا അവരിലേക്ക് (അവരുടെ അടുക്കൽ) وَجَعَلَ അവൻ ആക്കുക (ഏർപ്പെടുത്തുക)യും ചെയ്തു بَيْنَكُمْ നിങ്ങൾക്കിടയിൽ مَوَدَّةً സ്നേഹബന്ധം وَرَحْمَةً കരുണയും إِنَّ فِي ذَلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِقَوْمٍ ഒരു ജനതക്ക് يَتَفَكَّرُونَ ചിന്തിക്കുന്ന 《22》 وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടത് തന്നെ خَلْقُ السَّمَاوَاتِ ആകാശങ്ങളെ സൃഷ്ടിച്ചത് وَالْأَرْضِ ഭൂമിയെയും وَاخْتِلَافُ വ്യത്യാസപ്പെട്ടതും أَلْسِنَتِكُمْ നിങ്ങളുടെ ഭാഷകൾ وَأَلْوَانِكُمْ നിങ്ങളുടെ വർണങ്ങളും إِنَّ فِي ذَلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِلْعَالِمِينَ അറിവുള്ളവർക്ക്

ഇവിടെ 'ലാമി' നു അകാരം (فتح) കൊടുത്തു, (عالمين) എന്നും വായനയുണ്ട്. അപ്പോൾ, 'ലോകർക്ക് ദൃഷ്ടാന്തങ്ങളുണ്ട്' എന്ന് അർഥമായിരിക്കും.

ഒരേ മാതാപിതാക്കളിൽനിന്ന് ഉത്ഭവിച്ച മനുഷ്യൻ പെറ്റുപെരുകി ഇന്ന് ഭൂലോകം മുഴുവനും വ്യാപിച്ചു കിടക്കുന്നു. ഇതിനിടയ്ക്ക് എത്രയെത്ര കോടി മനുഷ്യൻ മൺമറഞ്ഞുപോയിരിക്കുമെന്ന് അല്ലാഹുവിനേ അറിഞ്ഞുകൂടൂ. ഇവരെല്ലാവരും മനുഷ്യപ്രകൃതിയിലും, ആകൃതിയിലും യോജിക്കുന്നുവെങ്കിലും വ്യക്തികളുടെ രൂപത്തിലും, ശബ്ദത്തിലും, ഭാഷണ

ശൈലിയിലും വ്യത്യസ്തരായിരിക്കും. അതുപോലെതന്നെ, കറുത്തവർ, വെളുത്തവർ എന്നിങ്ങനെയുള്ള വർഗത്തിൽപ്പെട്ടവരെന്ന് പറയപ്പെടുന്ന വ്യക്തികൾപോലും പരസ്പരം വർണവ്യത്യാസമുള്ളവരാണ്. എനി രൂപങ്ങൾ നോക്കുകയാണെങ്കിൽ, ഒരാളെപ്പോലെ മറ്റൊരാളില്ലതന്നെ. അതുകൊണ്ടാണ് മനുഷ്യർ തമ്മിൽ തമ്മിൽ തിരിച്ചറിയുന്നതും. എല്ലാവരും എല്ലാ വിഷയത്തിലും തികച്ചും സാമ്യമുള്ളവരായിരുന്നുവെങ്കിൽ ലോകത്ത് നേരിടാവുന്ന ബുദ്ധിമുട്ടുകൾ വിവരിക്കുവാൻ പ്രയാസമത്രെ. ആദ്യമനുഷ്യൻ സംസാരിച്ച ഭാഷ തന്നെയായിരിക്കണം അദ്ദേഹത്തിന്റെ ആദ്യസന്തതികളും സംസാരിച്ചിരിക്കുക. എന്നാൽ പിന്നീട് സന്താനപരമ്പരകൾ വർധിച്ചതോടുകൂടി കാലാന്തരത്തിൽ ഭാഷകളും വർധിച്ചുവന്നു. ഇന്ന് ഭൂമിയിൽ അയ്യായിരത്തിൽപരം മനുഷ്യഭാഷകൾ ഉപയോഗിക്കപ്പെടുന്നുവത്രെ. (*) ഇവരെയെല്ലാം ഈ വിധം സൃഷ്ടിച്ച് കൈകാര്യം നടത്തിവരുന്ന സ്രഷ്ടാവ് പരമശക്തനും, അതിമഹാനുംതന്നെ! മനുഷ്യരിൽ മാത്രം നിലകൊള്ളുന്നതും, പ്രഥമദൃഷ്ട്യാ എല്ലാവർക്കും കണ്ടറിയാവുന്നതുമായ ഇത്തരം വസ്തുതകൾ - ഓരോന്നും - അവന്റെ ശക്തിമാഹാത്മ്യങ്ങൾക്ക് തെളിവല്ലയോ? നിശ്ചയമായും അതെ.

وَمِنْ ءَايَـٰتِهِۦ مَنَامُكُم بِٱلَّيْلِ وَٱلنَّهَارِ وَٱبْتِغَآؤُكُم مِّن فَضْلِهِۦٓ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّقَوْمٍ يَسْمَعُونَ ﴿٢٣﴾

﴾23﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതുതന്നെയാണ്, നിങ്ങൾ രാത്രിയും, പകലും ഉറങ്ങുന്നതും, അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ (ഉപജീവനമാർഗം) അന്വേഷിക്കുന്നതും.

നിശ്ചയമായും, അതിൽ കേൾക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുണ്ട്.

وَمِنْ ءَايَـٰتِهِۦ يُرِيكُمُ ٱلْبَرْقَ خَوْفًا وَطَمَعًا وَيُنَزِّلُ مِنَ ٱلسَّمَآءِ مَآءً فَيُحْىِۦ بِهِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ

﴾24﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുതന്നെയാണ്. (നിങ്ങൾക്ക്) ഭയപ്പാടും പ്രത്യാശയുമായിക്കൊണ്ട് അവൻ നിങ്ങൾക്ക് മിന്നൽ കാണിച്ചുതരുന്നതും; ആകാശത്ത്നിന്ന് വെള്ളം ഇറക്കി അത് മൂലം ഭൂമിയെ-അതിന്റെ നിർജ്ജീവാവസ്ഥക്കു ശേഷം- ജീവിപ്പിക്കുന്നതും.

(*) യൂറോപ്പിൽ ഏറെക്കുറെ 580 ഉം, ഏഷ്യയിൽ 900 ഉം, ആഫ്രിക്കയിൽ 275 ഉം, അമേരിക്കയിൽ 1600 ഉം, ഭാഷകളുണ്ടെന്ന് കാണുന്നു. ഇന്ത്യയിലും പാക്കിസ്ഥാനിലും 200 ഓളം ഭാഷകളാണുള്ളത്. വനവാസികളും, മരുഭൂവാസികളും അവർക്കിടയിൽ ഉപയോഗിക്കുന്ന പല ഭാഷകളു, ഉപഭാഷകളും ഇതിന് പുറമെയും!

إِنَّ فِي ذَٰلِكَ لَأَيَٰتٍ لِّقَوْمٍ يَعْقِلُونَ ﴿٢٤﴾

നിശ്ചയമായും, ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്.

﴾23﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് مَنَامُكُم നിങ്ങളുടെ ഉറക്ക് بِاللَّيْلِ രാത്രിയിൽ وَالنَّهَارِ പകലും وَابْتِغَاؤُكُم നിങ്ങൾ അന്വേഷിക്കുന്നതും مِنْ فَضْلِهِ അവന്റെ അനുഗ്രഹത്തിൽ നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِقَوْمٍ ഒരു ജനതക്ക് يَسْمَعُونَ കേൾക്കുന്ന. ﴾24﴿ وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് يُرِيكُمُ അവൻ നിങ്ങൾക്ക് കാണിച്ച് തരുന്നുവെന്നത് الْبَرْقَ മിന്നൽ خَوْفًا ഭയപ്പാടായിക്കൊണ്ട്, ഭയത്തിന്നായി وَطَمَعًا പ്രത്യാശയായും, ആശക്കും وَيُنَزِّلُ അവൻ ഇറക്കുന്നുവെന്നതും مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം فَيُحْيِي എന്നിട്ടവൻ ജീവിപ്പിക്കുന്നു بِهِ അതുകൊണ്ട്, അതുമൂലം الْأَرْضَ ഭൂമിയെ بَعْدَ مَوْتِهَا അതിന്റെ മരണത്തിന് (നിർജീവതക്ക്) ശേഷം إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ, ലക്ഷ്യങ്ങൾ لِقَوْمٍ يَعْقِلُونَ ബുദ്ധികൊടുക്കുന്ന (മനസ്സിരുത്തുന്ന) ജനങ്ങൾക്ക്

മിന്നലേറ്റു അപായം പിണഞ്ഞേക്കുമോ എന്ന ഭയവും, അതോടൊപ്പം മഴ പെയ്തേക്കുമെന്ന പ്രതീക്ഷയുമാണ് 'ഭയപ്പാടും പ്രത്യാശയുമായിക്കൊണ്ട്' (خَوْفًا وَطَمَعًا) എന്നു പറഞ്ഞതിന്റെ താൽപര്യം. ആകാശഭൂമികൾക്കിടയിലും മനുഷ്യർക്കിടയിലും നിത്യേന നടന്നുകൊണ്ടിരിക്കുന്ന വിവിധ ദൃഷ്ടാന്തങ്ങളെക്കുറിച്ച് ഓർമപ്പെടുത്തിയശേഷം പ്രപഞ്ചത്തിന്റെ ഒന്നാകെയുള്ള നിലനിൽപിനെക്കുറിച്ചും ചിന്തിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് അവയിൽ നിന്നെല്ലാം സ്പഷ്ടമായി മനസ്സിലാക്കാവുന്ന ചില യാഥാർഥ്യങ്ങൾ അടുത്ത വചനങ്ങളിൽ അല്ലാഹു മനുഷ്യന്റെ മുമ്പിൽ വെക്കുന്നു. കഴിഞ്ഞ നാല് വചനങ്ങളുടെയും അവസാനത്തെ വാക്യങ്ങൾ പ്രത്യേകം ഒന്ന് ശ്രദ്ധിച്ചു നോക്കുക. മേൽ പ്രസ്താവിച്ച ഓരോ ദൃഷ്ടാന്തത്തിലും അടങ്ങിയ പാഠങ്ങൾ മനസ്സിലാക്കുവാനും, അവയുടെ അടിസ്ഥാനത്തിൽ ജീവിതം നയിക്കുവാനും സാധിക്കേണമെങ്കിൽ ചില ഉപാധികൾ ആവശ്യമാണെന്ന് അവ ചൂണ്ടിക്കാട്ടുന്നു. അതെ, മനുഷ്യൻ ചിന്തിക്കണം, അവന് അറിവുണ്ടായിരിക്കണം, പറയുന്ന കാര്യം അവൻ ശ്രദ്ധ കൊടുത്തു കേൾക്കണം, ബുദ്ധി ഉപയോഗപ്പെടുത്തുകയും വേണം. ഇല്ലാത്തപക്ഷം മനുഷ്യനും ആടുമാടുകളും തമ്മിൽ വ്യത്യാസമില്ലതന്നെ. അല്ല, അവയെക്കാൾ മോശക്കാരനായിരിക്കും മനുഷ്യൻ. (أُولَٰئِكَ كَالْأَنْعَامِ بَلْ هُمْ أَضَلُّ - الاعراف: ١٧٩)

وَمِنْ ءَايَٰتِهِۦٓ أَن تَقُومَ ٱلسَّمَآءُ وَٱلْأَرْضُ بِأَمْرِهِۦ ۚ ثُمَّ إِذَا دَعَاكُمْ

﴾25﴿ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടത് തന്നെയാണ്, അവന്റെ കല്പന പ്രകാരം ആകാശവും ഭൂമിയും നിലനിന്നു വരുന്നതും, പിന്നീട് ഭൂമിയിൽ നിന്ന് നിങ്ങളെ അവൻ ഒരൊറ്റ വിളി

دَعۡوَةٗ مِّنَ ٱلۡأَرۡضِ إِذَآ أَنتُمۡ تَخۡرُجُونَ ﴿٢٥﴾

വിളിച്ചാൽ അപ്പോൾ നിങ്ങളതാ, പുറത്തുവരുന്നതാണ്!

وَلَهُۥ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۖ كُلّٞ لَّهُۥ قَٰنِتُونَ ﴿٢٦﴾

《26》 ആകാശങ്ങളിലും, ഭൂമിയിലുമുള്ളവർ (മുഴുവനും) അവന്റേതാകുന്നു; എല്ലാവരും അവന് കീഴടങ്ങുന്നവരത്രെ.

《25》 وَمِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതുതന്നെ أَنْ تَقُومَ നിലനിൽക്കുന്നത് السَّمَاءُ ആകാശം وَالْأَرْضُ ഭൂമിയും بِأَمْرِهِ അവന്റെ കൽപനപ്രകാരം ثُمَّ പിന്നീട് إِذَا دَعَاكُمْ അവൻ നിങ്ങളെ വിളിച്ചാൽ دَعْوَةً ഒരു വിളി مِنَ الْأَرْضِ ഭൂമിയിൽ നിന്ന് إِذَا أَنْتُمْ അപ്പോൾ നിങ്ങളതാ تَخْرُجُونَ പുറത്ത് വരുന്നു. 《26》 وَلَهُ അവന്നുള്ളതാണ് مَنْ فِي السَّمَاوَاتِ ആകാശങ്ങളിലുള്ളവർ وَالْأَرْضِ ഭൂമിയിലും كُلٌّ എല്ലാവരും لَهُ അവന് قَانِتُونَ കീഴൊതുങ്ങിയവരാണ്, കീഴടങ്ങുന്നവരാണ്.

യാതൊരു തൂണും, പിടിയും, കൂടാതെ ഈ മഹാപ്രപഞ്ചം അതിന്റേതായ ചിട്ടയും വ്യവസ്ഥയും അനുസരിച്ച് കറങ്ങിക്കൊണ്ടിരിക്കുന്നു. ഭൂമി ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. മേഘവും വായുവും അതിനുമീതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ചന്ദ്രൻ അതിനു ചുറ്റും തിരിഞ്ഞുകൊണ്ടിരിക്കുന്നു. ഇവയെല്ലാം ചേർന്നു- മറ്റു ചില ഉപഗ്രഹങ്ങളെപ്പോലെ- സൂര്യഗോളത്തെ വൃത്തം വെച്ചുകൊണ്ടിരിക്കുന്നു. സൂര്യനും, സൂര്യകുടുംബവും ചേർന്നു ആയിരക്കണക്കിലുള്ള ഇതര സൂര്യകുടുംബങ്ങളോടൊപ്പം വേറെ ഏതോ അതിബൃഹത്തായ ചില ഉന്നങ്ങളിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. ഓരോന്നിലും സ്ഥിതി ചെയ്യുന്ന വസ്തുക്കളുടെ സൃഷ്ടി രഹസ്യങ്ങളെയോ, അതതിൽ നടമാടിക്കൊണ്ടിരിക്കുന്ന നിത്യസംഭവങ്ങളെയോ സംബന്ധിച്ചും സ്വന്തം പാർപ്പിടമായ ഭൂമിയെക്കുറിച്ചും അല്പജ്ഞനായ മനുഷ്യന് ഒരു എത്തുംപിടിയുമില്ലതന്നെ. ഒരു വിഘ്നവും പറ്റാതെ ഇതെല്ലാം വ്യവസ്ഥാപിതമായ നിലയിൽ സൃഷ്ടിച്ചു നിലനിർത്തി നിയന്ത്രിച്ചുപോരുന്ന സ്രഷ്ടാവ്, കേവലം നിസ്സാരമായ ഈ ഭൂമിയുടെ നിശ്ചിത കാലാവധി എത്തുമ്പോൾ, അതിലെ നിവാസികളെ ആകമാനം നശിപ്പിക്കുകയും അനന്തരം അവനുദ്ദേശിക്കുമ്പോൾ ഒരൊറ്റ വിളി വിളിച്ചു അവരെയെല്ലാം അവന്റെ മുമ്പിൽ ഹാജരാക്കുകയും ചെയ്യുന്നു.

إِن كَانَتْ إِلَّا صَيْحَةً وَاحِدَةً فَإِذَا هُمْ جَمِيعٌ لَّدَيْنَا مُحْضَرُونَ – يس : ٥٣

(അത് ഒരൊറ്റ അട്ടഹാസമല്ലാതെ-മറ്റൊന്നും ആയിരിക്കില്ല. അപ്പോഴേക്കും അവർ മുഴുവനും തന്നെ നമ്മുടെ അടുക്കൽ ഹാജരാക്കപ്പെടുന്നവരായിരിക്കും)

അല്ലാഹുവിന്റെ നിയമനിശ്ചയങ്ങൾക്ക് വിധേയമായിട്ടല്ലാതെ ജീവിതം, മരണം, രോഗം, ആരോഗ്യം, സുഖം, ദുഃഖം, അടക്കം, ഇളക്കം, കറക്കം ആദിയായ ഏതും സംഭവിക്കുന്നില്ല. എല്ലാം അവന്റെ നിയന്ത്രണത്തിന് വിധേയമാണ്. അതിനെ അതിലംഘിക്കുവാനോ, അതിൽ നിന്ന് കുതറിപ്പോകുവാനോ ഒരാൾക്കും സാധ്യമല്ല. താൽക്കാലികമായ ചില അഭിപ്രായ സ്വാതന്ത്ര്യങ്ങൾ അല്ലാഹു നൽകിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അവന്റെ വിധി വിലക്കുകൾ അനു

സരിക്കാത്ത എത്രയോ ആളുകളുണ്ടെന്നത് വാസ്തവം തന്നെ. എന്നാൽ അതെല്ലാം അവൻ ശരിക്കും കണ്ടറിഞ്ഞുകൊണ്ടിരിക്കുകയാണ്. ആ സ്വാതന്ത്ര്യം അവസാനിക്കുന്നതോടുകൂടി അവരുടെ ആ കഴിവും അവസാനിക്കുന്നു. അല്ലാഹുവിന്റെ ശിക്ഷാ നടപടികൾക്ക് അവർ തികച്ചും കീഴടങ്ങേണ്ടി വരുകയും ചെയ്യുന്നു.

وَهُوَ ٱلَّذِى يَبْدَؤُا۟ ٱلْخَلْقَ ثُمَّ يُعِيدُهُۥ وَهُوَ أَهْوَنُ عَلَيْهِ ۚ وَلَهُ ٱلْمَثَلُ ٱلْأَعْلَىٰ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٢٧﴾

﴾27﴿ അവൻ തന്നെയാണ് സൃഷ്ടിയെ ആദ്യമുണ്ടാക്കുന്നവൻ. പിന്നീട് അവൻ അത് ആവർത്തിക്കുന്നു. അതാകട്ടെ, അവന്റെമേൽ വളരെ എളിയ കാര്യവുമാണ്. ആകാശങ്ങളിലും, ഭൂമിയിലും അത്യുന്നതമായ ഉപമ അവനുണ്ട് താനും. അവൻ പ്രതാപശാലിയാണ്. അഗാധജ്ഞനാണ്.

﴾27﴿ وَهُوَ അവനാണ് الَّذِي يَبْدَأُ ആദ്യമായുണ്ടാക്കുന്നവൻ الْخَلْقَ സൃഷ്ടിയെ ثُمَّ يُعِيدُهُ പിന്നീടതിനെ ആവർത്തിക്കുന്നു. മടക്കിയുണ്ടാക്കുന്നു وَهُوَ അതാകട്ടെ أَهْوَنُ വളരെ (ഏറ്റവും) നിസ്സാരമാണ് عَلَيْهِ അവന് وَلَهُ അവനുണ്ട്(താനും) الْمَثَلُ ഉപമ, ഉപമാനം (ഗുണം, നിലപാട്) الأَعْلَى അത്യുന്നതമായ فِي السَّمَاوَاتِ ആകാശങ്ങളിൽ وَالأَرْضِ ഭൂമിയിലും وَهُوَ അവൻ الْعَزِيزُ പ്രതാപശാലിയാണ് الْحَكِيمُ അഗാധജ്ഞനാണ്

പരമശൂന്യതയിൽ നിന്ന് വാതകമോ ഹേതുകമോ ആയ ഒന്നും തന്നെയില്ലാത്ത ശുദ്ധ നാസ്തിയിൽ നിന്ന് സൃഷ്ടികളെ ആദ്യം സൃഷ്ടിച്ചുണ്ടാക്കി അസ്തിത്വം നൽകിയ അവന് അവ നശിച്ചശേഷം അവയെ പുനർജീവിപ്പിക്കുവാനുണ്ടോ വല്ല വിഷമവും?! അവന് തുല്യനോ സമനോ ആയി എങ്ങും ആരുമില്ല; പങ്കുകാരോ സഹായകരോ ഇല്ല; ഒന്നിനോടും അവനെ ഉപമിപ്പിക്കുവാനോ താരതമ്യപ്പെടുത്തുവാനോ ഇല്ല. എണ്ണത്തിൽ ഒരുവൻ. ഗുണവിശേഷങ്ങളിൽ ഏകൻ. ഉപമയിൽ നിസ്തുലൻ. ശക്തിപ്രതാപങ്ങളിൽ തുണയില്ല, വിജ്ഞാനത്തിൽ ഇണയുമില്ല. അവൻ പരിപൂർണനൻ! അവൻ പരിശുദ്ധൻ! അതെ, അവൻ മാത്രം പരിപൂർണനനും പരമപരിശുദ്ധനും!! അവന്റെ ഏകത്വത്തിന് തെളിവായി ഒരു ഉദാഹരണംകൂടി കാണുക:-

വിഭാഗം - 4

ضَرَبَ لَكُم مَّثَلًا مِّنْ أَنفُسِكُمْ ۖ هَل لَّكُم مِّن مَّا مَلَكَتْ أَيْمَـٰنُكُم مِّن

﴾28﴿ നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഒരു ഉപമ അവൻ വിവരിച്ചു തരുകയാണ്; നിങ്ങൾക്ക് നാം നൽകിയിട്ടുള്ള വസ്തുവിൽ നിങ്ങളുടെ വലംകൈ

شُرَكَآءَ فِي مَا رَزَقْنَٰكُمْ فَأَنتُمْ فِيهِ سَوَآءٌ تَخَافُونَهُمْ كَخِيفَتِكُمْ أَنفُسَكُمْ ۚ كَذَٰلِكَ نُفَصِّلُ ٱلْءَايَٰتِ لِقَوْمٍ يَعْقِلُونَ ﴿٢٨﴾

കൾ ഉടമപ്പെടുത്തിയിട്ടുള്ളതിൽ [അടിമകളിൽ] നിന്ന് വല്ല പങ്കുകാരും നിങ്ങൾക്കുണ്ടോ?

എന്നിട്ട്, നിങ്ങൾ നിങ്ങളെതന്നെ (പരസ്പരം) ഭയപ്പെടുന്നതുപോലെ, അവരെയും ഭയപ്പെട്ടുകൊണ്ടിരിക്കുമാറ് അതിൽ നിങ്ങൾ (ഇരുകൂട്ടരും) സമന്മാരായിരിക്കുക (-ഇങ്ങിനെ ഉണ്ടാകുമോ?! ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക് നാം ഇപ്രകാരം ലക്ഷ്യങ്ങൾ വിവരിച്ചുകൊടുക്കുന്നു. (28)

ضَرَبَ لَكُم നിങ്ങൾക്ക് അവൻ വിവരിച്ചു തരുകയാണ് مَثَلًا ഒരു ഉപമ مِنْ أَنفُسِكُمْ നിങ്ങളിൽ നിന്നുതന്നെ هَل لَّكُم നിങ്ങൾക്കുണ്ടോ مِن مَّا مَلَكَتْ അധീനപ്പെടുത്തിയ (ഉടമയാക്കിയ) തിൽ നിന്ന് أَيْمَانُكُم നിങ്ങളുടെ വലംകൈകൾ مِن شُرَكَاءَ വല്ല പങ്കുകാരും فِي مَا رَزَقْنَاكُمْ നിങ്ങൾക്ക് നാം നൽകിയതിൽ فَأَنتُمْ എന്നിട്ട് നിങ്ങൾ فِيهِ അതിൽ سَوَاءٌ ഒരുപോലെയാണ്, സമമാണ് تَخَافُونَهُمْ നിങ്ങളവരെ ഭയപ്പെടുന്നു كَخِيفَتِكُمْ നിങ്ങൾ ഭയപ്പെടുന്നതുപോലെ أَنفُسَكُمْ നിങ്ങളെതന്നെ (തമ്മതമ്മിൽ) كَذَٰلِكَ അപ്രകാരം نُفَصِّلُ നാം വിവരിക്കുന്നു الْآيَاتِ ദൃഷ്ടാന്തങ്ങളെ لِقَوْمٍ يَعْقِلُونَ ബുദ്ധികൊടുക്കുന്ന ജനങ്ങൾക്ക്

അല്ലാഹു നിങ്ങളുടെ കൈവശം തന്നിട്ടുള്ള സ്വത്തുക്കളിൽ നിങ്ങളുടെ ഉടമസ്ഥതയിലിരിക്കുന്ന നിങ്ങളുടെ അടിമകളും കൂട്ടവകാശികളായിരിക്കുക. എന്നിട്ട് അവരും നിങ്ങളും ഒരുപോലെ അധികാരത്തിലും കൈകാര്യത്തിലും സമന്മാരായിരിക്കുക, സ്വതന്ത്രരും യജമാനന്മാരുമായ നിങ്ങൾ പരസ്പരം മാനിച്ചും പേടിച്ചുംകൊണ്ടിരിക്കുന്ന പ്രകാരം അവരെയും പേടിക്കുകയും മാനിക്കുകയും ചെയ്യുക, ഇതു സത്യമാണോ? ഒരിക്കലുമല്ല. എന്നിരിക്കെ, അല്ലാഹുവിന്റെ ഉടമാവകാശങ്ങളിൽ എങ്ങിനെയാണ് മറ്റുള്ളവർക്ക്- എല്ലാവരും അവന്റെ ഉടമസ്ഥതയിലുള്ളവരാണല്ലോ-പങ്കുണ്ടാവുക?! എന്നത്രെ ആയത്തിന്റെ താൽപര്യം. മനുഷ്യന്റെ സ്വത്ത് വാസ്തവത്തിൽ അല്ലാഹു നൽകിയതാണ്. അടിമകളുടെ മേലുള്ള മനുഷ്യന്റെ അവകാശം ഒരു സാങ്കേതികമായ അവകാശം മാത്രവുമാണ്. സൃഷ്ടികളാകട്ടെ, അല്ലാഹുവിന്റെ ഉടമത്തത്തിൽ നിന്ന് ഒരു വിധേനയും ഒഴിവാകുന്നവരുമല്ല.

മുശ്‌രിക്കുകൾ തങ്ങളുടെ ഹജ്ജ് കർമങ്ങളിൽ ഇങ്ങനെ പറയാറുണ്ടായിരുന്ന لاَ شَرِيكَ لَكَ اِلاَّ شَرِيكاهُوَ لَكَ تَمْلِكُهُ وَمَا مَلَكَ (ഒരു പങ്കുകാരനല്ലാതെ നിനക്ക്-അല്ലാഹുവിന്- പങ്കുകാരില്ല, ആ പങ്കുകാരനും അവന്റെ ഉടമസ്ഥതയിലുള്ളതും നിനക്ക് ഉടമപ്പെടുന്നതും തന്നെയാണ്) തങ്ങൾ ആരാധിച്ചുവരുന്ന വിഗ്രഹത്തെയും, അതിന്റെ പേരിൽ നീക്കിവെച്ച സ്വത്തുക്കളെയും ഉദ്ദേശിച്ചാണ് അവർ ഇങ്ങിനെ പറയുന്നത്. ഈ മുശ്‌രിക്കുകൾ മാത്രമല്ല, ഇവരെപ്പോലുള്ള എല്ലാ മുശ്‌രിക്കുകളും ബുദ്ധികൊടുത്തു ആലോചിക്കുന്നപക്ഷം തങ്ങളുടെ വിഡ്ഢിത്തം ഈ ഒരൊറ്റ ഉപമകൊണ്ട് മനസ്സിലാക്കാം എന്നാണ് ആയത്തിന്റെ അവസാ

നവാക്യം ചൂണ്ടിക്കാട്ടുന്നത്.

'വലങ്കൈകൾ ഉടമപ്പെടുത്തിയവർ' (ما ملكت أيمان) എന്ന വാക്കിന്റെ ഉദ്ദേശ്യം അടിമകളാകുന്നു. (ഈ പ്രയോഗത്തെ സംബന്ധിച്ച് സൂറ: മുഅ്മിനൂന് ശേഷമുള്ള വ്യാഖ്യാനക്കുറിപ്പിൽ വായിച്ച വിശദീകരണം ഓർക്കുക) മേൽവിവരിച്ച ദൃഷ്ടാന്തങ്ങൾ വഴി അവിശ്വാസികൾ സത്യം മനസ്സിലാക്കി സത്യവിശ്വാസം സ്വീകരിക്കാത്തതിന് കാരണം അല്ലാഹു ചൂണ്ടിക്കാട്ടുന്നു:

بَلِ ٱتَّبَعَ ٱلَّذِينَ ظَلَمُوٓا۟ أَهْوَآءَهُم بِغَيْرِ عِلْمٍ ۖ

﴾29﴿ പക്ഷേ, അക്രമം പ്രവർത്തിക്കുന്നവർ യാതൊരു അറിവുമില്ലാതെ തങ്ങളുടെ ഇച്ഛകളെ പിൻപറ്റിയിരിക്കുകയാണ്.

فَمَن يَهْدِى مَنْ أَضَلَّ ٱللَّهُ ۖ وَمَا لَهُم مِّن نَّـٰصِرِينَ ﴿٢٩﴾

എന്നിരിക്കെ, അല്ലാഹു വഴിപിഴപ്പിച്ചവരെ ആരാണ് സന്മാർഗത്തിലാക്കുക?! അവർക്ക് യാതൊരു സഹായിയുമില്ലതാനും.

﴾29﴿ بَلِ പക്ഷേ اتَّبَعَ പിൻപറ്റി, തുടർന്നു الَّذِينَ ظَلَمُوا അക്രമം പ്രവർത്തിക്കുന്നവർ أَهْوَاءَهُمْ തങ്ങളുടെ ഇച്ഛകളെ بِغَيْرِ عِلْمٍ യാതൊരു അറിവുമില്ലാതെ فَمَنْ എന്നിരിക്കെ ആരാണ് يَهْدِي സന്മാർഗം കാണിക്കുന്നത് مَنْ യാതൊരുവർക്ക് أَضَلَّ اللَّهُ അല്ലാഹു വഴിപിഴപ്പിച്ച وَمَا لَهُمْ അവർക്കില്ലതാനും مِنْ نَاصِرِينَ യാതൊരു സഹായികളും, സഹായികളിൽപ്പെട്ട (ആരും)

അല്ലാഹുവിന്റെ ഏകത്വം, അവന്റെ ശക്തിമാഹാത്മ്യങ്ങൾ, മരണാനന്തരജീവിതം ആദിയായവയെ പല ദൃഷ്ടാന്തങ്ങൾ മുഖേനയും സ്ഥാപിച്ചശേഷം പ്രകൃതിമതമായ തൗഹീദിന്റെ മതത്തിലേക്ക് അല്ലാഹു മനുഷ്യനെ ക്ഷണിക്കുന്നു:-

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ ٱللَّهِ ۚ

﴾30﴿ ആകയാൽ, ശുദ്ധമനസ്കനായ നിലയിൽ നീ നിന്റെ മുഖത്തെ (ഈ) മതത്തിലേക്ക് ചൊവ്വാക്കി നിർത്തുക: മനുഷ്യരെ അല്ലാഹു യാതൊരു പ്രകൃതിയിലായി സൃഷ്ടിച്ചിരിക്കുന്നുവോ, അല്ലാഹുവിന്റെ ആ പ്രകൃതി (മതം)! അല്ലാഹുവിന്റെ സൃഷ്ടിപ്പിന് മാറ്റമേ ഇല്ല.

ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَـٰكِنَّ

അതത്രെ (വക്രതയില്ലാതെ) ശരിയായി നിലകൊള്ളുന്ന മതം. എങ്കിലും,

أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٣٠﴾

മനുഷ്യരിൽ അധികമാളും അറിയുന്നില്ല.

۞ مُنِيبِينَ إِلَيْهِ وَٱتَّقُوهُ وَأَقِيمُوا۟ ٱلصَّلَوٰةَ وَلَا تَكُونُوا۟ مِنَ ٱلْمُشْرِكِينَ ﴿٣١﴾

《31》 അവങ്കലേക്ക് [അല്ലാഹുവിങ്കലേക്ക്] മനസ്സ് മടങ്ങിയവരായ നിലയിൽ (അതിനെ അവലംബിച്ചുകൊള്ളുക). അവനെ സൂക്ഷിക്കുകയും, നമസ്കാരം നിലനിറുത്തുകയും ചെയ്യുവിൻ. നിങ്ങൾ 'മുശ്‌രിക്കുകളു' ടെ [പരദൈവവിശ്വാസികളുടെ] കൂട്ടത്തിൽ ആകുകയും അരുത്.

مِنَ ٱلَّذِينَ فَرَّقُوا۟ دِينَهُمْ وَكَانُوا۟ شِيَعًا ۖ

《32》 അതായത്: തങ്ങളുടെ മതത്തെ ഭിന്നിപ്പിക്കുകയും, പല കക്ഷികളായിത്തീരുകയും ചെയ്തവരുടെ കൂട്ടത്തിൽ (ആകരുത്).

كُلُّ حِزْبٍۭ بِمَا لَدَيْهِمْ فَرِحُونَ ﴿٣٢﴾

ഓരോ സംഘവും തങ്ങളുടെ പക്കലുള്ളതിൽ ആഹ്ലാദം കൊള്ളുന്നവരാണ്.

《30》 فَأَقِمْ ആകയാൽ നീ നിലനിറുത്തുക وَجْهَكَ നിന്റെ മുഖം لِلدِّينِ മതത്തിലേക്ക് حَنِيفًا ശുദ്ധമനസ്കനായ നിലയിൽ فِطْرَتَ اللهِ അല്ലാഹുവിന്റെ പ്രകൃതി, സൃഷ്ടിപ്പ് الَّتِي فَطَرَ അവൻ പ്രകൃതം ചെയ്ത, സൃഷ്ടിച്ചതായ النَّاسَ മനുഷ്യരെ عَلَيْهَا അത് പ്രകാരം, അതിന്റെമേൽ لَا تَبْدِيلَ മാറ്റം ഇല്ല, പകരമാക്കലില്ല لِخَلْقِ اللهِ അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ذَٰلِكَ അത്, അതത്രെ الدِّينُ الْقَيِّمُ ശരിയായി നിലനിൽക്കുന്ന (വക്രതയില്ലാത്ത) മതം وَلَٰكِنَّ എങ്കിലും أَكْثَرَ النَّاسِ മനുഷ്യരിൽ അധികമാളും لَا يَعْلَمُونَ അവർ അറിയുന്നില്ല 《31》 مُنِيبِينَ മനസ്സു മടങ്ങിയവരായി, വിനയപ്പെട്ടവരായിട്ട് إِلَيْهِ അവങ്കലേക്ക് وَاتَّقُوهُ നിങ്ങൾ അവനെ സൂക്ഷിക്കുകയും ചെയ്യുവിൻ | وَأَقِيمُوا നിങ്ങൾ നിലനിർത്തുകയും ചെയ്യുവിൻ الصَّلَاةَ നമസ്കാരം | وَلَا تَكُونُوا നിങ്ങൾ ആകുകയും അരുത് مِنَ الْمُشْرِكِينَ മുശ്‌രിക്കുകളിൽപെട്ട (വർ) 《32》 مِنَ الَّذِينَ അതായത് യാതൊരുവരിൽ | فَرَّقُوا അവർ ഭിന്നിപ്പിച്ചിരിക്കുന്നു. دِينَهُمْ തങ്ങളുടെ മതത്തെ | وَكَانُوا അവരാകുകയും ചെയ്തിരിക്കുന്നു شِيَعًا പല കക്ഷികൾ كُلُّ حِزْبٍ എല്ലാ (ഓരോ) സംഘവും بِمَا لَدَيْهِمْ തങ്ങളുടെ പക്കലുള്ളത്കൊണ്ട് فَرِحُونَ ആഹ്ലാദം (അഭിമാനം കൊള്ളുന്നവരാണ്)

മനുഷ്യരെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് പരിശുദ്ധമായ ഒരു പ്രകൃതിയോട്കൂടിയാണ്. ചുറ്റുപാടിന്റെ സമ്മർദ്ദവും പരിതഃസ്ഥിതികളുടെ പ്രേരണയും വിഘാതമല്ലെങ്കിൽ- മനുഷ്യൻ അവന്റെ സാക്ഷാൽ പ്രകൃതിയിൽ വളരുകയാണെങ്കിൽ- ലോകസ്രഷ്ടാവിനെക്കുറിച്ചുള്ള

ബോധത്തിലും, അവന്റെ തൗഹീദിലും അധിഷ്ഠിതമായ സത്യവിശ്വാസം അവനുണ്ടാകാതിരിക്കുകയില്ല. മാനുഷികമായ ധാർമികമൂല്യങ്ങളോട് ഇണങ്ങുന്ന പ്രേരണകളായിരിക്കും അവനിൽ ഉൽഭൂതമാകുന്നതും. അവന്റെ ബുദ്ധിതേടുന്നതും, അവന്റെ നന്മയായി അവൻ കാണുന്നതും അതായിരിക്കും. സ്രഷ്ടാവിന്റെ നിഷേധത്തിനോ, പരദൈവ സങ്കൽപത്തിനോ അവൻ മുതിരുകയില്ല. ഇതേ പ്രകൃതിമതമത്രെ ഇസ്‌ലാം. യാതൊരു വക്രതയും കൂടാതെ, ശുദ്ധമനസ്സോടെ ആ മതത്തിലേക്ക് നേർക്കുനേരെ തിരിഞ്ഞുവരണമെന്നാണ് നിരവധി ദൃഷ്ടാന്തങ്ങൾ നിരത്തിക്കാട്ടിക്കൊണ്ട് അല്ലാഹു മനുഷ്യനെ ആഹ്വാനം ചെയ്യുന്നത്.

ഈ പരിശുദ്ധമായ പ്രകൃതിവിട്ട് മനുഷ്യനെ ഇടവും വലവും തിരിച്ചുവിടുന്നതും, അവരെ വ്യത്യസ്ത മതക്കാരും ജാതികളുമാക്കി തരംതിരിക്കുന്നതും പ്രതികൂലമായ സാഹചര്യങ്ങളും ചുറ്റുപാടുകളുമാണെന്ന വസ്തുത ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം ചൂണ്ടിക്കാട്ടുന്നു:

ما من مولود يولد إلاّ على الفطرة فأبواه يهودانه وينصرانه ويمجسانه كما تنتج البهيمة بهيمة جمعاء هل تحسون فيها من جدعاء ثم يقول (فطرة الله ... الى قوله ذلك الدين القيم) – متفق عليه

സാരം: ' ഏത് കുട്ടിയും ശുദ്ധപ്രകൃതി-ഇസ്‌ലാമിക പ്രകൃതി-യോടുകൂടിയല്ലാതെ ജനിക്കുന്നില്ല. എന്നിട്ട് അവന്റെ മാതാപിതാക്കൾ അവനെ യഹൂദനാക്കുന്നു, അല്ലെങ്കിൽ നസ്രാണിയാക്കുന്നു, അല്ലെങ്കിൽ 'മജൂസി' (അഗ്നിയാരാധകൻ) ആക്കുന്നു. മൃഗങ്ങൾ അവയവം പൂർത്തിയായ മൃഗത്തെ പ്രസവിക്കുന്നത് പോലെതന്നെ. അതിൽ (പ്രസവവേളയിൽ) കാതു മുറിക്കപ്പെട്ടതായി വല്ലതും നിങ്ങൾ കാണാറുണ്ടോ? ഇത്രയും പറഞ്ഞശേഷം തിരുമേനി ഇതിന്ന് തെളിവായി (30-ാം വചനത്തിലെ) فِطْرَتَ اللّٰه എന്ന് തുടങ്ങി ذَلِكَ الدِّينُ الْقَيِّمُ വരെ ഉദ്ധരിക്കുകയും ചെയ്തിരുന്നു. (ബു;മു.) മൃഗക്കുട്ടികൾ ജനിക്കുമ്പോൾ അവ അവയവം പൂർണമായ നിലയിലാണ് ജനിക്കുന്നതെന്നപോലെ മനുഷ്യമക്കൾ ജനിക്കുന്നതും അവരുടെതായ ശുദ്ധപ്രകൃതിയോടെയാണെന്നും, പിന്നീട് മൃഗങ്ങളുടെ കാതുകൾ മനുഷ്യരാൽ മുറിക്കപ്പെടുന്നത് *(*)* പോലെ മനുഷ്യൻ വഴിപിഴച്ചുപോകുന്നതും പുറത്തുനിന്നുള്ള ഇടപെടൽ കൊണ്ടാണെന്നുമാണ് ഹദീഥിന്റെ താൽപര്യം. ഹദീഥിൽ മാതാപിതാക്കൾ എന്നും യഹൂദി-നസ്രാണി- മജൂസി എന്നും പ്രസ്താവിച്ചത് കേവലം ചില ഉദാഹരണങ്ങൾ മാത്രമാണെന്ന് വ്യക്തമാണ്.

ഇസ്‌ലാമിലെ വിശ്വാസങ്ങൾ മാത്രമല്ല; അതിലെ നിയമങ്ങളും അനുഷ്ഠാന മുറകളും എല്ലാം തന്നെ, പരിശോധിച്ചാൽ മനുഷ്യപ്രകൃതിക്ക് തികച്ചും യോജിച്ച ഏകമതം ഇസ്‌ലാമാണെന്നുള്ളതിൽ സംശയമില്ല. ഈ യാഥാർഥ്യം ഇതിനകം തെളിയിക്കപ്പെട്ടു കഴിഞ്ഞതും, ബുദ്ധിമതികളും നിഷ്പക്ഷഹൃദയരുമായ പല ചിന്തകന്മാരാലും സമ്മതിക്കപ്പെട്ടതുമാകുന്നു. ഇവിടെ ഇതിനെപ്പറ്റി കൂടുതൽ സ്പർശിക്കുന്നില്ല. മനുഷ്യപ്രകൃതിക്ക് ഉപയുക്തമല്ലാത്ത ഏതു മതത്തിനും സ്ഥിരതയും നിലനിൽപും ഉണ്ടാകുവാൻ നിവൃത്തിയില്ല. ഒന്നുകിൽ കാലാനുസൃതമായ ഭേദഗതികൾക്ക് വിധേയമാകുക, അല്ലെങ്കിൽ ഭാഗികമായോ പൂർണമായോ പുറംതള്ളപ്പെട്ടു കാലഹരണപ്പെടുക, രണ്ടിലൊന്ന് ആവശ്യമായിരിക്കും. മനുഷ്യപ്രകൃതിക്കനുസരിച്ചതും, കാലദേശ വ്യത്യാസമെന്യെ മനുഷ്യവർഗത്തിന്നാകമാനം പ്രായോഗികമായതുമായ മതം, മനുഷ്യസ്രഷ്ടാവിനാൽ അവതരിപ്പിക്കപ്പെട്ട മതമായിരിക്കുവാനേ നിർവ്വാഹമുള്ളൂ; അതത്രെ ഇസ്‌ലാം. അതുകൊണ്ടാണ് അതിനെക്കുറിച്ച് 'അല്ലാഹു

***(*)* വിഗ്രഹങ്ങൾക്ക് വഴിപാടുനേർന്ന ചില മൃഗങ്ങളുടെ കാത് മുറിക്കുന്ന സമ്പ്രദായം മുശ്‌രിക്കുകളിലുണ്ടായിരുന്നു.**

നൽകിയ പ്രകൃതി' (فِطۡرَةَ ٱللَّهِ) എന്നും പ്രകൃതി മതം (دِينُ الْفِطْرَةِ) എന്നുമൊക്കെ പറയുന്നത്. അതിനു മാത്രമേ യാതൊരു ന്യൂനതയും ബാധിക്കാത്തവണ്ണം സ്വയംപര്യാപ്തതയുള്ളൂ. (ذَٰلِكَ ٱلدِّينُ ٱلۡقَيِّمُ) പക്ഷേ, ക്ഷണികങ്ങളായ താൽപര്യങ്ങളോ ചിന്താശൂന്യതയോ കാരണമായി മിക്ക മനുഷ്യരും ഈ പരമാർഥം മനസ്സിലാക്കാതിരിക്കുകയണ് ചെയ്യുന്നത് (وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ)

لَا تَبۡدِيلَ لِخَلۡقِ ٱللَّهِ (അല്ലാഹുവിന്റെ സൃഷ്ടിപ്പിനു മാറ്റമേയില്ല.) എന്ന വാക്യം ഗൗരവമായ ഒരു യാഥാർഥ്യം ചൂണ്ടിക്കാട്ടുന്നു. അല്ലാഹു ഓരോ വസ്തുവിനും അതതിന്റെ സൃഷ്ടിയിൽ നിശ്ചയിച്ചിട്ടുള്ള പ്രകൃതിക്ക് മാറ്റം വരുന്നതല്ല. അഥവാ ഓരോന്നും അവൻ ഉദ്ദേശിച്ചതും നിർണയിച്ചതുമായ സ്വഭാവത്തോടുകൂടി തന്നെ നിലകൊള്ളും. അതിൽ മാറ്റത്തിരുത്തങ്ങൾ ചെയ്‌വാൻ ആർക്കും സാധ്യമല്ല. അത് മാറ്റം ചെയ്യപ്പെടുവാൻ പറ്റുകയുമില്ല. (ای لا يقدر احد ان يغيره اوما ينبغى ان يغير – كما في البيضاوى) മനുഷ്യപ്രകൃതിക്കനുയോജ്യമായ ഏകമതമാണ് അല്ലാഹു അവനു നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ട് ആ മതം വിട്ടു മറ്റേതു മതവും ആ പ്രകൃതിക്ക് യോജിച്ചതായിരിക്കുകയില്ല. അതേപ്രകൃതി നിലനിൽക്കുന്നേടത്തോളം കാലം–അതിന് ആരാലും മാറ്റം വരുത്തപ്പെടുന്നതല്ലതാനും– ആ മതം മനുഷ്യരിൽ പ്രായോഗികമല്ലാതിരിക്കുകയുമില്ല. ഇതാണതിന്റെ ചുരുക്കം. അതുകൊണ്ടാണ്, ഈ വാക്യത്തിന് 'അല്ലാഹുവിന്റെ മതത്തിന് മാറ്റമില്ല' (ای لا تبديل لدين الله) എന്നു പല മഹാൻമാരും (*) വ്യാഖ്യാനം നൽകിക്കാണുന്നതും, ഇമാം ബുഖാരി അതിനെ സ്ഥിരീകരിച്ചതും. ചില സ്ഥാപിത താൽപര്യക്കാർ– പ്രവാചകൻമാരുടെ കൈക്ക് വെളിപ്പെടുന്ന അസാധാരണ സംഭവങ്ങളെ നിഷേധിക്കേണ്ടുന്ന ആവശ്യാർഥം തങ്ങൾക്ക് തെളിവായി ഉപയോഗപ്പെടുത്തുവാൻ വേണ്ടി– ഈ വാക്യത്തിന് ചിലപ്പോൾ ഇങ്ങിനെ അർഥം കല്പിക്കാറുണ്ട്: 'അല്ലാഹു ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള പ്രത്യേക സ്വഭാവങ്ങളിൽ അവൻ ഒരിക്കലും മാറ്റം വരുത്തുകയില്ല'. ഈ അർഥം ശരിയല്ലെന്നും, ഇത് താൽപര്യപൂർവം കല്പിക്കുന്ന അർഥമാണെന്നും ഇതിന് മുമ്പ് പലതവണ നാം കാര്യകാരണസഹിതം വിവരിച്ചിട്ടുണ്ട്.

പ്രകൃതി മതത്തിലേക്ക് വക്രതയില്ലാത്ത ശുദ്ധമനസ്സോടുകൂടി വരുവാൻ ആഹ്വാനം ചെയ്തതോടൊപ്പം ആ വരവിന്റെ സ്വഭാവം എപ്രകാരമായിരിക്കണമെന്നും ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതെ, ഭക്തിപൂർവം അല്ലാഹുവിലേക്ക് മനസ്സു മടങ്ങിക്കൊണ്ട് (منيبين إليه) ആയിരിക്കണം അത്. ഇല്ലാത്തപക്ഷം അത് കേവലം നാമമാത്രമായിരിക്കും. മതം സ്വീകരിക്കുന്നതോടുകൂടി എല്ലാ കാര്യത്തിലും അല്ലാഹുവിനെ സൂക്ഷിച്ചുപോരേണ്ടതും (واتقوه) അതിന്റെ അംഗീകരണത്താൽ അനിവാര്യമായിത്തീരുന്ന കടമകളിൽ പ്രധാനമായ നമസ്കാരം നിലനിറുത്തേണ്ടതും (وأقيموا الصلوة) ഉണ്ട്. ഇല്ലാത്തപക്ഷം അത് കേവലം കാപട്യവുമായിരിക്കും. ക്രിയാത്മകമായ ഈ നിർബന്ധങ്ങൾക്ക് പുറമെ, നിഷേധാത്മകമായ ചില നിർബന്ധങ്ങളും കൂടിയുണ്ട്. അതിൽവെച്ച് അതിപ്രധാനമായതാണ് ആരാധനകളിൽ മറ്റാരെയും പങ്കുചേർക്കുവാൻ പാടില്ല. (ولا تكونوا من المشركين) എന്നുള്ളത്. പരദൈവങ്ങളെ സ്വീകരിക്കുന്നവരാകട്ടെ, ഒരേ വിഭാഗക്കാരോ ഏകീകൃത സ്വഭാവക്കാരോ അല്ല. അവരിൽ എത്രയോ കക്ഷികളും വിഭാഗക്കാരുമുണ്ട്. ചിലർക്ക് ഒരു വിഗ്രഹം. ചിലർക്ക് മറ്റൊരു വിഗ്രഹം. വേറെ ചിലർക്കു മൂന്ന്ദൈവം. ഇനിയുമൊരു കൂട്ടർക്കു മുപ്പത്തിമുക്കോടി ദൈവങ്ങൾ, അതുപോലെതന്നെ ചിലർ പ്രതിമയെയും, മറ്റു ചിലർ ദേവൻമാരെയും, വേറെ ചിലർ ജീവിച്ചിരിക്കുന്നവരെയും ആരാധിക്കുന്നു. നടപടിക്രമങ്ങളിലുള്ള വ്യത്യാസങ്ങൾ വേറെയും. ഓരോ കക്ഷിയും താന്താ

ങ്ങളുടെ വിശ്വാസവും പ്രവൃത്തിയുമാണ് കൂടുതൽ നല്ലതെന്ന് തൃപ്തിയടയുകയും അതി ലഭിമാനിക്കുകയും ചെയ്യുന്നു. അതുകൊണ്ട് പരദൈവവിശ്വാസത്തിന്റെ (ശിർക്കിന്റെ) ഒരു വകുപ്പിലും ഉൾപ്പെടാതെ സൂക്ഷിക്കേണ്ടതാണെന്ന് പ്രത്യേകം എടുത്തുപറഞ്ഞിരിക്കുകയാണ്.

മതത്തെ ഭിന്നിപ്പിച്ചു കക്ഷികളായിത്തീരുകയും, താന്താങ്ങൾ സ്വീകരിച്ചതിൽ അഭിമാനിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടുപോകരുത് എന്നുള്ള ഈ താക്കീത് ഇന്ന് മുസ്‌ലിം സമുദായംതന്നെ പൊതുവിൽ വിസ്മരിച്ചുകളഞ്ഞിരിക്കുകയാണ്. പ്രത്യക്ഷത്തിൽ ഇസ്‌ലാമിനെ വിട്ട് മറ്റൊരു മതം സ്വീകരിക്കുകയല്ല അവർ ചെയ്യുന്നത്. ഇസ്‌ലാമിൽതന്നെ ഉൾക്കൊള്ളിച്ചുകൊണ്ട് പലരും ശിർക്കുപരമായ പല ആചാരസമ്പ്രദായങ്ങളും നടപ്പാക്കുന്നു. പലരും ചേരികളും കക്ഷികളുമായി പിരിയുന്നു. അങ്ങിനെ ഇസ്‌ലാമിന്റെ പേരിൽ പലതും വെച്ചുകെട്ടുകയും, പലതും അതിൽ നിന്ന് വെട്ടിക്കുറക്കുകയും ചെയ്തിരിക്കയാണ് ഇന്ന് സമുദായം. അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. آمين

وَإِذَا مَسَّ ٱلنَّاسَ ضُرٌّ دَعَوْا۟ رَبَّهُم مُّنِيبِينَ إِلَيْهِ ثُمَّ إِذَآ أَذَاقَهُم مِّنْهُ رَحْمَةً إِذَا فَرِيقٌ مِّنْهُم بِرَبِّهِمْ يُشْرِكُونَ ﴿٣٣﴾

﴾33﴿ മനുഷ്യരെ വല്ല ബുദ്ധിമുട്ടും ബാധിച്ചാൽ, അവർ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് മനസ്സു മടങ്ങിയവരായ നിലയിൽ അവനെ വിളി(ച്ചു പ്രാർഥി)ക്കുന്നതാണ്. പിന്നീട്, അവൻ തന്റെ പക്കൽനിന്ന് വല്ല കാരുണ്യവും അവർക്ക് ആസ്വദിപ്പിച്ചാൽ അപ്പോഴതാ, അവരിൽ നിന്ന് ഒരു വിഭാഗം തങ്ങളുടെ രക്ഷിതാവിനോട് (വേറെ ആരാധ്യൻമാരെ) പങ്കുചേർക്കുന്നു.

لِيَكْفُرُوا۟ بِمَآ ءَاتَيْنَٰهُمْ ۚ فَتَمَتَّعُوا۟ فَسَوْفَ تَعْلَمُونَ ﴿٣٤﴾

﴾34﴿ നാം അവർക്ക് കൊടുത്തിട്ടുള്ളതിന് നന്ദികേട് കാണിക്കുവാനായിട്ടാണ് (അത്). (ഹേ, നന്ദികെട്ടവരേ!) എന്നാൽ നിങ്ങൾ സുഖിക്കുക! അങ്ങനെ വഴിയെ നിങ്ങൾക്കറിയാറാകും!!

أَمْ أَنزَلْنَا عَلَيْهِمْ سُلْطَٰنًا فَهُوَ يَتَكَلَّمُ بِمَا كَانُوا۟ بِهِۦ يُشْرِكُونَ ﴿٣٥﴾

﴾35﴿ അഥവാ, നാം അവർക്ക് വല്ല പ്രമാണവും ഇറക്കിക്കൊടുത്തിട്ട് അവർ പങ്കുചേർത്തു വരുന്നതിനെക്കുറിച്ച് അത് പ്രസ്താവിക്കുന്നുണ്ടോ?!

﴾33﴿ وَإِذَامَسَّ ബാധിച്ചാൽ, സ്പർശിച്ചാൽ النَّاسَ മനുഷ്യരെ ضُرٌّ വല്ല ബുദ്ധിമുട്ടും, ഉപദ്രവവും دَعَوْا അവൻ വിളിക്കും, പ്രാർഥിക്കും رَبَّهُم തങ്ങളുടെ റബ്ബിനെ مُنِيبِينَ മനസ്സു മട ങ്ങിയവരായ നിലയിൽ إِلَيْهِ അവങ്കലേക്ക് ثُمَّ പിന്നെ إِذَاأَذَاقَهُم അവൻ അവർക്ക് ആസ്വദിപ്പി ച്ചാൽ مِنْهُ തന്റെ പക്കൽ നിന്ന് رَحْمَةً വല്ല കാരുണ്യവും إِذَافَرِيقٌ അപ്പോഴതാ ഒരു വിഭാഗം مِنْهُم അവരിൽ നിന്ന് بِرَبِّهِمْ തങ്ങളുടെ റബ്ബിനോട് يُشْرِكُونَ പങ്ക് ചേർക്കുന്നു ﴾34﴿ لِيَكْفُرُوا അവർ നന്ദികേട് കാണിക്കുവാൻ, നന്ദികേടു ചെയ്യട്ടെ بِمَا آتَيْنَاهُمْ നാം അവർക്ക് കൊടുത്ത തിൽ فَتَمَتَّعُوا എന്നാൽ നിങ്ങൾ സുഖിക്കുക فَسَوْفَ എന്നാൽ വഴിയെ تَعْلَمُونَ നിങ്ങൾക്ക റിയാം ﴾35﴿ أَمْ أَنزَلْنَا അഥവാ നാം ഇറക്കിയിരിക്കുന്നുവോ عَلَيْهِمْ അവർക്ക് سُلْطَانًا വല്ല പ്രമാണവും فَهُوَ എന്നിട്ടത് يَتَكَلَّمُ സംസാരി (പ്രസ്താവി) ക്കുന്നു بِمَا യാതൊന്നിനെക്കു റിച്ച് كَانُوابِهِ അതു കൊണ്ട് അവരായിരുന്നു يُشْرِكُونَ പങ്കുചേർക്കും

ആപത്ത് നേരിടുമ്പോൾ ഭക്തിയോടും, വിനയത്തോടുംകൂടി അല്ലാഹുവിനെത്തന്നെ വിളിച്ചു പ്രാർഥിക്കുകയും, ആപത്ത് നീങ്ങിയാൽ വീണ്ടും പഴയപടി ശിർക്ക് തുടരുകയും ചെയ്യുകയെന്നത് ക്വുർആൻ അവതരിക്കുന്ന കാലത്തെ മുശ്‌രിക്കുകളുടെ പതിവായിരുന്നു. ഇന്നത്തെ മുശ്‌രിക്കുകളിലും ഈ പതിവ് ഇല്ലായ്കയില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിക്കുപകരം നന്ദികേട് കാണിക്കുക എന്ന അപരാധം കൂടിയാണ് ഇത്മൂലം അവർ ചെയ്യുന്നത്. തൽക്കാലം അവരെ തങ്ങളുടെ ഇഷ്ടത്തിനൊത്ത് സുഖിച്ചു കഴിഞ്ഞുകൂടുവാൻ വിട്ടിരിക്കുകയാണ്. അതിന്റെ ഫലം താമസിയാതെ അവർക്ക് അനുഭവപ്പെടും എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ശിർക്കിന്റെ ആൾക്കാരുടെ നിലയും ന്യായീകരണങ്ങളും കണ്ടാൽ തങ്ങൾക്ക് അല്ലാഹുവിൽ നിന്ന് ശിർക്കിനെ ന്യായീകരിക്കുന്ന വല്ല പ്രമാണവും വന്നുകിട്ടിയിട്ടുണ്ടെന്ന് തോന്നിയേക്കും.

وَإِذَآ أَذَقْنَا ٱلنَّاسَ رَحْمَةً فَرِحُوا۟ بِهَا ۖ وَإِن تُصِبْهُمْ سَيِّئَةٌۢ بِمَا قَدَّمَتْ أَيْدِيهِمْ إِذَا هُمْ يَقْنَطُونَ ﴿٣٦﴾

﴾36﴿ മനുഷ്യർക്ക് വല്ല കാരുണ്യവും (അഥവാ അനുഗ്രഹവും) നാം ആസ്വദിപ്പിക്കുന്നപക്ഷം, അവരതിൽ ആഹ്ലാദം കൊള്ളും. അവരുടെ കരങ്ങൾ മുൻചെയ്തതിന്റെ ഫലമായി വല്ല തിൻമയും അവർക്ക് ബാധിക്കുന്നുവെങ്കിലോ, അപ്പോഴതാ അവർ നിരാശപ്പെട്ടുപോകുന്നു!

﴾36﴿ وَإِذَاأَذَقْنَا നാം ആസ്വദിപ്പിച്ചാൽ النَّاسَ മനുഷ്യർക്ക് رَحْمَةً വല്ല കാരുണ്യവും (അനുഗ്രഹവും) فَرِحُوا അവർ ആഹ്ലാദിക്കും بِهَا അതിൽ, അതുമൂലം وَإِن تُصِبْهُمْ അവർക്ക് ബാധിച്ചെങ്കിൽ سَيِّئَةٌ വല്ല തിന്മയും بِمَاقَدَّمَتْ മുൻചെയ്തതുകൊണ്ട് أَيْدِيهِمْ അവരുടെ കരങ്ങൾ إِذَاهُمْ يَقْنَطُونَ അപ്പോഴതാ അവർ നിരാശപ്പെടുന്നു.

أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ وَيَقْدِرُ ۚ إِنَّ فِى ذَٰلِكَ لَءَايَـٰتٍ لِّقَوْمٍ يُؤْمِنُونَ ﴿٣٧﴾

《37》 അവർക്ക് കണ്ടുകൂടേ, അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഉപജീവനം വിശാലമാക്കിക്കൊടുക്കുകയും, (അവൻ ഉദ്ദേശിക്കുന്നവർക്ക്) പരിമിതമാക്കുകയും ചെയ്യുന്നതാണെന്ന്?! നിശ്ചയമായും അതിൽ, വിശ്വസിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്.

《37》 أَوَلَمْ يَرَوْا അവർ കാണുന്നില്ലേ أَنَّ اللَّهَ നിശ്ചയമായും അല്ലാഹു يَبْسُطُ വിശാലമാക്കുന്നു الرِّزْقَ ഉപജീവനം, ആഹാരം لِمَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَقْدِرُ പരിമിതമാക്കുക (കുടുസ്സാക്കുക) കണക്കാക്കുക, നിയന്ത്രിക്കുക)യും ചെയ്യുന്നു إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِقَوْمٍ يُؤْمِنُونَ വിശ്വസിക്കുന്ന ജനങ്ങൾക്ക്

നന്മ ലഭിച്ചാൽ ആഹ്ലാദവും, അഹങ്കാരവും, തിന്മ ലഭിച്ചാൽ നിരാശയും, ക്ഷമകേടും. ഇതാണ് മനുഷ്യന്റെ പൊതുനില. എന്നാൽ സത്യവിശ്വാസികളുടെ സ്ഥിതി ഇതിൽ നിന്നും വ്യത്യസ്തമായിരിക്കേണ്ടതാണ്. അഥവാ ആയിരിക്കുകയും ചെയ്യും. കഴിഞ്ഞ സൂ: 5-ാം വചനത്തിന്റെ വിവരണത്തിൽ നാം ഉദ്ധരിച്ച നബിവചനത്തിൽ പ്രസ്താവിച്ചതുപോലെ, സന്തോഷത്തിൽ നന്ദിയും സന്താപത്തിൽ ക്ഷമയും ഉള്ളവരായിരിക്കും സത്യവിശ്വാസികൾ.

മനുഷ്യന്റെ ആസൂത്രണത്തിനും, പ്രയത്നത്തിനും ഉപജീവനമാർഗങ്ങളുടെ ഏറ്റക്കുറവിൽ പങ്കുണ്ടെന്നത് ശരിതന്നെ. പക്ഷേ, അവ രണ്ടിന്റെയും തോതനുസരിച്ചാണോ ഓരോരുത്തനും ഉപജീവനം ലഭിക്കുന്നത്? ഒരിക്കലുമല്ല. ഏറ്റക്കുറവിന് വാസ്തവത്തിൽ നിദാനം അല്ലാഹുവിന്റെ ഉദ്ദേശമാകുന്നു. ആർക്കാണ് ഉപജീവനമാർഗങ്ങളും, സമ്പത്തും വിശാലമാക്കേണ്ടതെന്നും ആർക്കാണവ കുടുസ്സാക്കേണ്ടതെന്നും അവനാണ് നിർണയിക്കുന്നത്. അതിസമർഥരും യോഗ്യരുമായ എത്രയോ ആളുകളെ നിർധനന്മാരായും, കേവലം ഭോഷന്മാരും പാവങ്ങളുമായ എത്രയോ ആളുകളെ വമ്പിച്ച ധനാഢ്യന്മാരായും കണ്ടുവരുന്നത് അതുകൊണ്ടാകുന്നു. അല്ലാഹുവിൽ ശരിക്ക് വിശ്വാസമില്ലാത്തവർ ഇതിനെക്കുറിച്ച് എന്ത് പറഞ്ഞാലും ശരി, ഈ നിലപാട് മാറ്റി പകരം സാർവ്വത്രികവും, പരിപൂർണവുമായ ഒരു സ്ഥിതി സമത്വം മനുഷ്യർക്കിടയിൽ നടപ്പാക്കുവാൻ അവർക്ക് സാധ്യമല്ലതന്നെ. സാധ്യമെന്ന് സങ്കൽപിച്ചാൽ തന്നെ അത് അപ്രായോഗികമായിരിക്കും. അല്ല, വിനാശകരവും കൂടിയായിരിക്കുമെന്ന് അൽപം ആ ലോ ചി ച്ചാ ല റി യാ വുന്നതാണ്. ഇതിനെപ്പറ്റി കൂടുതൽ വിവരം സൂ: സുഖ്റുഫ് (الزخرف) 32-35 ൽ വെച്ചു കാണാം. إِنْ شَاءَ الله

فَـَٔاتِ ذَا ٱلْقُرْبَىٰ حَقَّهُۥ وَٱلْمِسْكِينَ وَٱبْنَ ٱلسَّبِيلِ ۚ ذَٰلِكَ خَيْرٌ لِّلَّذِينَ يُرِيدُونَ وَجْهَ ٱللَّهِ ۖ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٣٨﴾

《38》 ആകയാൽ, കുടുംബബന്ധമുള്ളവന് അവന്റെ അവകാശം നീ കൊടുക്കുക, സാധുവിനും വഴിപോക്കനും (കൊടുക്കുക), അല്ലാഹുവിന്റെ പ്രീതിയെ ഉദ്ദേശിക്കുന്നവർക്ക് അത് ഗുണകരമാണ്. അക്കൂട്ടർ തന്നെയാണ് വിജയികളും.

《38》 فَآتِ ആകയാൽ നീ കൊടുക്കുക ذَاالْقُرْبَى കുടുംബബന്ധമുള്ളവന് حَقَّهُ അവന്റെ അവകാശം وَالْمِسْكِينَ സാധുവിനും وَابْنَ السَّبِيلِ വഴിപോക്കനും ذَٰلِكَ അത് خَيْرٌ ഗുണകരമാണ് لِلَّذِينَ يُرِيدُونَ ഉദ്ദേശിക്കുന്നവർക്ക് وَجْهَ اللَّهِ അല്ലാഹുവിന്റെ മുഖത്തെ (പ്രീതിയെ) وَأُولَٰئِكَ അക്കൂട്ടർ هُمُ അവർ തന്നെയാണ് الْمُفْلِحُونَ വിജയികൾ.

മനുഷ്യന്റെ സാമ്പത്തികമായ കഴിവും, കഴിവുകേടും അല്ലാഹു നിശ്ചയിക്കുന്നതാണെന്ന് പറഞ്ഞുവല്ലോ. എന്നിരിക്കെ, ദാനധർമ്മാദി സൽക്കാര്യങ്ങളിൽ ചിലവഴിക്കുന്നതുകൊണ്ട് ഒരാൾ ദരിദ്രനായി കഷ്ടപ്പെട്ടേക്കുമെന്നോ, ചിലവഴിക്കാതെ കെട്ടിസൂക്ഷിച്ചതുകൊണ്ട് ധനികനായി നിലനിൽക്കുമെന്നോ ഭയപ്പെടേണ്ടതില്ല. ഒരു കവി പറഞ്ഞത് വളരെ ശരിയാണ്:-

فلا الجود يفنيها اذا هى اقبلت ولا البخل يبقيها اذا هي تذهب

'ധനം മുമ്പോട്ട് വരുമ്പോൾ ഔദാര്യം അതിനെ നശിപ്പിക്കുന്നതല്ല; അത് വിട്ടു പോകാൻ ശ്രമിക്കുന്നപക്ഷം ലുബ്ധത അതിനെ ശേഷിപ്പിച്ചു നിർത്തുകയും ഇല്ല' എന്ന് സാരം. ഹദീഥിൽ ما نقصت صدقة من مال الخ – مسلم (ദാനധർമ്മം ഒന്നും തന്നെ ധനത്തിൽ കുറവ് വരുത്തുകയില്ല) എന്ന് വന്നിട്ടുള്ളതും, وما انفقتم من شيئ فهو يخلفه – سبأ ٣٩ (നിങ്ങൾ വല്ലതും ചില ചിലവഴിക്കുന്നതാകയാൽ അവൻ- അല്ലാഹു- അതിനുപകരം നൽകും) എന്ന ക്വുർആൻ വചനവും ഇവിടെ സ്മരണീയമാണ്. അതുകൊണ്ടാണ് 37-ാം വചനത്തെ തുടർന്ന് എല്ലാ ഓരോ വ്യക്തിയെയും അഭിമുഖീകരിച്ചു കൊണ്ട് ഈ വചനത്തിൽ ദാനധർമ്മങ്ങൾക്ക് പ്രേരിപ്പിക്കുന്നത്.

ദാനധർമ്മം നൽകപ്പെടേണ്ടുന്ന മൂന്ന് വിഭാഗക്കാരെയാണ് ഇവിടെ എടുത്തുപറഞ്ഞിട്ടുള്ളത്. ഒന്നാമത്തേത് കുടുംബബന്ധമുള്ളവർ. കുടുംബബന്ധം പാലിക്കുകയും, കുടുംബാംഗങ്ങളെ സഹായിക്കുകയും ചെയ്യുന്നതിന് ഇസ്‌ലാം എത്രമാത്രം പ്രാധാന്യം കല്പിച്ചിട്ടുണ്ടെന്ന് ഇത്പോലുള്ള പല ക്വുർആൻ വാക്യങ്ങളിൽ നിന്നും മനസ്സിലാക്കാം. 'അവന്റെ അവകാശം' (حقه) കൊടുക്കുക എന്നത്രെ അല്ലാഹു ഇവിടെ ഉപയോഗിച്ച വാക്ക്. ഈ ഒരൊറ്റ പ്രയോഗത്തിൽ നിന്ന്തന്നെ അതിന്റെ ഗൗരവം മനസ്സിലാക്കാം. 'സാധു' (المسكين) എന്ന് പറഞ്ഞതിൽ കുടുംബബന്ധമുള്ളവരും ഇല്ലാത്തവരും ഉൾപ്പെടും. കുടുംബബന്ധം ഉള്ളവനും കൂടിയാകുമ്പോൾ അവന്റെ അവകാശം ഇരട്ടിക്കുന്നു. 'വഴിപോക്കൻ' (ابن السبيل) എന്ന് പറഞ്ഞതിൽ സ്വഭവനം വിട്ടുപോയി വഴിമധ്യേ നിരാശരായ യാത്രക്കാരും, ആവശ്യമായ യാത്ര പൂർത്തീകരിക്കുവാൻ കഴിവി

ല്ലാതെ വിഷമിക്കുന്നവരും ഉൾപ്പെടുന്നു. അല്ലാഹുവിങ്കൽ ദാനധർമങ്ങൾക്ക് പുണ്യം ലഭിക്കേണമെങ്കിൽ അത് അല്ലാഹുവിന്റെ പ്രീതിയെമാത്രം ഉദ്ദേശിച്ചതായിരിക്കണം. അഥവാ ഐഹികമായ എന്തെങ്കിലും സ്വാർഥമോ നേട്ടമോ ഉദ്ദേശിച്ചാവരുത്. ഈ വസ്തുതയും ക്വുർആൻ പലപ്പോഴും എടുത്തുപറയാറുള്ളതാണ്. അടുത്ത വചനവും നോക്കുക:

وَمَآ ءَاتَيْتُم مِّن رِّبًا لِّيَرْبُوَا۟ فِىٓ أَمْوَٰلِ ٱلنَّاسِ فَلَا يَرْبُوا۟ عِندَ ٱللَّهِ ۖ وَمَآ ءَاتَيْتُم مِّن زَكَوٰةٍ تُرِيدُونَ وَجْهَ ٱللَّهِ فَأُو۟لَٰٓئِكَ هُمُ ٱلْمُضْعِفُونَ ﴿٣٩﴾

《39》 ജനങ്ങളുടെ സ്വത്തുക്കളിൽവെച്ച് വളർന്നുണ്ടാകുവാൻ വേണ്ടി നിങ്ങൾ വല്ല 'രിബാ' യും [വളർത്തുമുതലും] കൊടുക്കുന്നതായാൽ അത് അല്ലാഹുവിന്റെയടുക്കൽ വളരുന്നതല്ല; അല്ലാഹുവിന്റെ പ്രീതിയെ ഉദ്ദേശിച്ചുകൊണ്ട് വല്ല 'സകാത്തും' [ധർമവും] നിങ്ങൾ കൊടുക്കുന്നതായാൽ, അക്കൂട്ടർ തന്നെയാണ് ഇരട്ടിപ്പിക്കുന്നവർ.

《39》 وَمَا آتَيْتُمْ നിങ്ങൾ കൊടുക്കുന്നത്, കൊടുക്കുന്നതായാൽ مِنْ رِبًا വല്ല 'രിബാ' യും (വളർത്തുമുതലും, പലിശയും) لِيَرْبُوَ അത് വളർന്നുണ്ടാകുവാൻ فِي أَمْوَالِ النَّاسِ മനുഷ്യരുടെ സ്വത്തുക്കളിൽ فَلَا يَرْبُو എന്നാലത് വളരുന്നതല്ല عِنْدَ اللهِ അല്ലാഹുവിങ്കൽ وَمَا آتَيْتُمْ നിങ്ങൾ കൊടുക്കുന്നത്, കൊടുക്കുന്നതായാൽ مِنْ زَكَاةٍ വല്ല 'സക്കാത്തും تُرِيدُونَ നിങ്ങൾ ഉദ്ദേശിച്ചുകൊണ്ട് وَجْهَ اللهِ അല്ലാഹുവിന്റെ മുഖത്തെ (പ്രീതിയെ) فَأُولَئِكَ എന്നാലവർ هُمُ അവർ തന്നെയാണ് الْمُضْعِفُونَ ഇരട്ടിപ്പിക്കുന്നവർ

'രിബാ (رِبَا) എന്ന പദത്തിന്റെ ക്രിയാരൂപം 'റബാ' (رَبَا) എന്നാണ്. 'വളർന്നു, വർധിച്ചു, ചീർത്തു, പൊന്തി, കവിഞ്ഞു' എന്നൊക്കെ അതിന് അർഥം വരും. ഇതേ ഭൂതക്രിയയുടെ ഭാവിക്രിയാരൂപമാണ് ഈ ആയത്തിൽ കാണുന്ന 'യർബൂ' (يربو) എന്ന വാക്ക്. അപ്പോൾ, 'രിബാ' എന്ന വാക്കിന് 'വളർച്ച, വർധനവ്' എന്നൊക്കെയാണ് ഭാഷാർഥം. മൂലധനത്തിന്റെ വർധനവായതുകൊണ്ട് 'പലിശ' ക്കും 'രിബാ' എന്ന് പറയുന്നു. കൂടുതൽ വല്ലതും തിരിച്ചു കിട്ടണമെന്ന പ്രതീക്ഷയോടുകൂടി ആർക്കെങ്കിലും എന്തെങ്കിലും- ദാനമായോ ഇനാമായോ -കൊടുക്കുന്നതാണ് ഇവിടെ 'രിബാ' കൊണ്ടുദ്ദേശ്യം എന്നത്രെ മിക്കവാറും ക്വുർആൻ വ്യാഖ്യാതാക്കൾ പ്രസ്താവിക്കുന്നത്. അതുകൊണ്ടാണ് 'വളർത്തുമുതൽ' എന്ന് നാം 'രിബാ' ക്ക് ഇവിടെ അർഥം നൽകുന്നത്. ഇങ്ങിനെ കൊടുക്കുന്നത് കേവലം കുറ്റകരമാണെന്ന് പറഞ്ഞുകൂടാ. പക്ഷേ, അത് അല്ലാഹുവിന്റെ പ്രീതിയെയും പ്രതിഫലത്തെയും ഉദ്ദേശിച്ചു ചെയ്യുന്ന കർമമല്ലാത്തതുകൊണ്ട് അതിന് അല്ലാഹുവിങ്കൽ വളർച്ചയും, അഭിവൃദ്ധിയും ഉണ്ടാകുകയില്ല. അഥവാ ഒരു പുണ്യകർമമായി അല്ലാഹു അതിനെ കണക്കാക്കുകയില്ല. ഇത്തരം ദാനധർമങ്ങൾ ചെയ്യരുതെന്ന് നബിﷺ തിരുമേനിക്ക് ക്വുർആൻ പ്രത്യേകം നിർദേശം നൽകിയിട്ടുണ്ട് ولا تمنن تستكثر - المدثر (അധികം കിട്ടണമെന്നുദ്ദേശിച്ചുകൊണ്ട് നീ ഉപകാരം ചെയ്യരുത്.) പലിശ ലഭിക്കേണമെന്ന ഉദ്ദേശ്യത്തോടുകൂടി അന്യന് കൊടുക്കുന്ന

സ്വത്താണ് ഇവിടെ ഉദ്ദേശ്യമെന്നും, പലിശ വാങ്ങുന്ന ആൾക്ക് അവന്റെ ഇടപാടുകാരൻ കൊടുക്കുന്ന സാധാരണ പലിശ തന്നെയാണുദ്ദേശ്യമെന്നും ചുരുക്കം ചിലരും പ്രസ്താവിച്ചുകാണുന്നു. ഈ രണ്ടു ഇടപാടും തന്നെ അല്ലാഹുവിങ്കൽ വളർച്ചയില്ലാത്തതാണെന്ന് മാത്രമല്ല, കുറ്റകരം കൂടിയാണെന്ന് പറയേണ്ടതില്ലല്ലോ. والله اعلم

'സകാത്ത്' (زكاة) എന്ന പദത്തിനും ഏറെക്കുറെ 'രിബാ' യുടെ അർഥം തന്നെ വരുമെന്ന് പറയാം. 'വളർച്ച, പരിശുദ്ധത, അഭിവൃദ്ധി' എന്നെല്ലാം അതിനും അർഥമുണ്ട്. പക്ഷേ, ആന്തരികമായ വളർച്ചക്കും പരിശുദ്ധിക്കുമാണ് 'സകാത്ത്' ഉപയോഗിക്കുക. ബാഹ്യമായ അഭിവൃദ്ധിയും വളർച്ചയുമാണ് 'രിബാ' കുറിക്കുന്നത്. ദാനധർമങ്ങൾക്ക് പൊതുവിലും, ഇസ്‌ലാമിലെ നിർബന്ധധർമത്തിന് പ്രത്യേകിച്ചും 'സകാത്ത്' എന്ന് ഉപയോഗിക്കുന്നു. അവ ധനത്തെ ശുദ്ധീകരിക്കുകയും, ഉടമസ്ഥന് ആത്മീയ പരിശുദ്ധിയുണ്ടാക്കുകയും ചെയ്യുന്നതാണ തിന് കാരണം. ഇവിടെ ഈ രണ്ടർഥവും ഉദ്ദേശിക്കപ്പെടാവുന്നതാണ്. സ്വത്തിൽ വർധനവുണ്ടാകുവാൻ വേണ്ടി- കടമായോ, ധർമമായോ-കൊടുക്കുന്ന 'രിബാ 'യെപ്പോലെയല്ല 'സകാത്താ' യി കൊടുക്കുന്നതിന്റെ ഫലം. അടിയാൻ അല്ലാഹുവിന് നൽകിയ ഒരു കടം പോലെയാണ് അവൻ അതിനെ കണക്കാക്കുന്നത്. അത് തിരിച്ചുകൊടുക്കുമ്പോൾ അനേകം ഇരട്ടിയായി അവൻ തിരിച്ചുകൊടുക്കുകയും ചെയ്യും. പക്ഷേ, അല്ലാഹുവിന്റെ പ്രീതിയും പ്രതിഫലനവും ലക്ഷ്യംവെച്ചുകൊണ്ടായിരിക്കണം അത് ചെയ്തിരിക്കുന്നത്. അല്ലാഹു പറയുന്നു:

من ذالذى يقرض الله قرضا حسنا فيضاعفه له اضعافا كثيرة – البقرة

(ആരാണ് അല്ലാഹുവിന് നല്ല കടം കൊടുക്കുന്നവർ? എന്നാലവന് വളരെ ഇരട്ടികളായി അവൻ ഇരട്ടിപ്പിച്ചു കൊടുക്കുന്നതാണ്. (അൽബഖറഃ 245) ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പറയുന്നു: 'ഒരാൾ പരിശുദ്ധമായ സമ്പാദ്യത്തിൽ നിന്ന് ഒരു കാരക്ക സമാനമുള്ളത് ദാനം ചെയ്താൽ -പരിശുദ്ധമായതിനെയല്ലാതെ അല്ലാഹു സ്വീകരിക്കുകയില്ലതാനും- എന്നാലതിനെ അല്ലാഹു അവന്റെ വലങ്കൈകൊണ്ട് (സന്തോഷത്തോടുകൂടി) സ്വീകരിക്കുന്നതാണ്. പിന്നീട് അതിന്റെ ആൾക്ക് വേണ്ടി, നിങ്ങളിലൊരാൾ തന്റെ കുതിരക്കുട്ടിയെ വളർത്തിവരുന്നത് പോലെ, അവൻ അതിനെ വളർത്തിക്കൊണ്ടിരിക്കും. അങ്ങനെ അതു ഒരു പർവ്വതംപോലെ ആയിത്തീരും.' (ബു; മു.)

ٱللَّهُ ٱلَّذِى خَلَقَكُمْ ثُمَّ رَزَقَكُمْ ثُمَّ يُمِيتُكُمْ ثُمَّ يُحْيِيكُمْ ۖ هَلْ مِن شُرَكَآئِكُم مَّن يَفْعَلُ مِن ذَٰلِكُم مِّن شَىْءٍ ۚ سُبْحَـٰنَهُۥ وَتَعَـٰلَىٰ عَمَّا يُشْرِكُونَ ﴿٤٠﴾

﴾40﴿ നിങ്ങളെ സൃഷ്ടിച്ചു പിന്നീട് നിങ്ങൾക്ക് ഉപജീവനവും തന്നു, പിന്നീട് നിങ്ങളെ മരണപ്പെടുത്തുകയും, പിന്നെ ജീവിപ്പിക്കുകയും ചെയ്യുന്നവനത്രെ അല്ലാഹു. അതിൽ നിന്ന് ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവരും നിങ്ങളുടെ പങ്കുകാരിൽ [ആരാധ്യൻ] ഉണ്ടോ? അവൻ എത്രയോ പരിശുദ്ധൻ! അവർ പങ്കുചേർക്കുന്നതിൽ നിന്ന് അവൻ ഉന്നതനായുള്ളവനുമാകുന്നു!

വിഭാഗം - 5

ظَهَرَ ٱلْفَسَادُ فِى ٱلْبَرِّ وَٱلْبَحْرِ بِمَا كَسَبَتْ أَيْدِى ٱلنَّاسِ لِيُذِيقَهُم بَعْضَ ٱلَّذِى عَمِلُوا۟ لَعَلَّهُمْ يَرْجِعُونَ ﴿٤١﴾

《41》 മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു; തങ്ങൾ പ്രവർത്തിച്ചതിൽ ചിലത് [ചിലതിന്റെ ഫലം] അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയാണ് (അത്); അവർ മടങ്ങിയേക്കാമല്ലോ.

قُلْ سِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ ٱلَّذِينَ مِن قَبْلُ ۚ كَانَ أَكْثَرُهُم مُّشْرِكِينَ ﴿٤٢﴾

《42》 (നബിയേ) പറയുക: ‘നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കുവിൻ, എന്നിട്ട് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങിനെയായിരുന്നുവെന്ന് നോക്കുവിൻ’! അവരിൽ അധികമാളുകളും ‘മുശ്‌രിക്കുകൾ’ [പരദൈവ വിശ്വാസികൾ] ആയിരുന്നു.

《40》 ٱللَّهُ അല്ലാഹു ٱلَّذِي خَلَقَكُمْ നിങ്ങളെ സൃഷ്ടിച്ചവൻ ثُمَّ رَزَقَكُمْ പിന്നീട് നിങ്ങൾക്ക് ഉപജീവനം നൽകി ثُمَّ يُمِيتُكُمْ പിന്നീട് നിങ്ങളെ അവൻ മരണപ്പെടുത്തുകയും ചെയ്യുന്നു ثُمَّ يُحْيِيكُمْ പിന്നീട് നിങ്ങളെ അവൻ ജീവിപ്പിക്കുകയും ചെയ്യുന്നു هَلْ مِن شُرَكَائِكُم നിങ്ങളുടെ പങ്കുകാരിലുണ്ടോ مَن يَفْعَلُ ചെയ്യുന്നവർ مِن ذَٰلِكُم അതിൽ നിന്ന് مِن شَيْءٍ ഏതെങ്കിലുമൊരു കാര്യം سُبْحَانَهُ അവൻ മഹാപരിശുദ്ധൻ അവൻ وَتَعَالَىٰ ഉന്നതനാകുകയും ചെയ്തിരിക്കുന്നു عَمَّا يُشْرِكُونَ അവർ പങ്കുചേർക്കുന്നതിൽ നിന്ന് 《41》 ظَهَرَ വെളിപ്പെട്ടു, പ്രത്യക്ഷമായി ٱلْفَسَادُ കുഴപ്പം, നാശം فِي ٱلْبَرِّ കരയിൽ وَٱلْبَحْرِ സമുദ്രത്തിലും بِمَا كَسَبَتْ പ്രവർത്തിച്ചത് നിമിത്തം أَيْدِي ٱلنَّاسِ മനുഷ്യരുടെ കൈകൾ لِيُذِيقَهُم അവൻ അവർക്ക് ആസ്വദിപ്പിക്കുവാൻ بَعْضَ ചിലത് ٱلَّذِي عَمِلُوا അവർ പ്രവർത്തിച്ച لَعَلَّهُمْ അവരായേക്കാം, ആകുവാൻ يَرْجِعُونَ മടങ്ങും 《42》 قُلْ നീ പറയുക. سِيرُوا നിങ്ങൾ നടക്കുവിൻ, സഞ്ചരിക്കുവിൻ فِي ٱلْأَرْضِ ഭൂമിയിൽ فَٱنظُرُوا എന്നിട്ട് നിങ്ങൾ നോക്കുവിൻ كَيْفَ كَانَ എങ്ങനെയായിരുന്നു عَاقِبَةُ പര്യവസാനം, കലാശം ٱلَّذِينَ مِن قَبْلُ മുമ്പുള്ളവരുടെ كَانَ أَكْثَرُهُم അവരിലധികവും ആയിരുന്നു مُشْرِكِينَ മുശ്‌രിക്കുകൾ, പരദൈവ വിശ്വാസികൾ

കരയിലും, കടലിലും മനുഷ്യരുടെ പ്രവൃത്തിദോഷങ്ങൾ നിമിത്തമാണ് കുഴപ്പവും നാശവും ഉണ്ടായിത്തീർന്നിരിക്കുന്നത്; എന്നാൽ അവയുടെ മുഴുവൻ ഫലവും അവർക്ക് ഇവിടെ വെച്ച് അല്ലാഹു അനുഭവിപ്പിക്കുന്നില്ല; അവർ ചിന്തിച്ചു പാഠം പഠിച്ചു മടങ്ങുവാനായി ചുരുക്കം ചില പ്രവർത്തനഫലങ്ങൾ മാത്രമേ അനുഭവിപ്പിക്കുന്നുള്ളൂ എന്നാണ് അല്ലാഹു പ്രസ്താവിക്കുന്നത്. തുടർന്നുകൊണ്ട് അല്ലാഹുവിന്റെ ഏകത്വത്തിൽ വിശ്വസിക്കാതെയും

അവന്റെ നിയമനിർദേശങ്ങൾ സ്വീകരിക്കാതെയും ഇരുന്നതിനാൽ പല സമുദായങ്ങൾക്കും നേരിട്ട ശിക്ഷകളും, അവരുടെ പര്യവസാനങ്ങളും ആലോചിച്ചുനോക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ശിർക്ക്, അവിശ്വാസം, അക്രമം, ദേഹേഛകൾ ആദിയായവയാണ് ലോകത്തുണ്ടാകുന്ന എല്ലാവിധ നാശനഷ്ടങ്ങൾക്കും കാരണമെന്ന് അൽപം ആലോചിച്ചാൽ അറിയാവുന്നതാണ്. ഉൽപന്നങ്ങളുടെ കുറവ്, അതിവർഷം, വരൾച്ച ആദിയായവയും സമാധാനജീവിതം താറുമാറാകുന്നതുമെല്ലാം തന്നെ മനുഷ്യപ്രവർത്തനങ്ങളാൽ സംഭവിക്കുന്നവയാണ്. അവയിൽ ചിലതിന്റെ കാരണങ്ങൾ നമുക്ക് പ്രത്യക്ഷത്തിൽതന്നെ അറിയാൻ കഴിഞ്ഞേക്കും. ചിലതിന്റെ കാരണങ്ങൾ പ്രത്യക്ഷത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നും വന്നേക്കും. അത്രമാത്രം. പ്രകൃതികോപങ്ങൾ എന്നോ, യാദൃശ്ചിക സംഭവങ്ങൾ എന്നോ നാം വിശേഷിപ്പിക്കാറുള്ള ആപത്തുകൾപോലും ഇതിൽ നിന്ന് ഒഴിവല്ലതന്നെ. അല്ലാഹു പറയുന്നതു നോക്കുക:-

ولو يؤاخذ الله الناس بظلمهم.........................ولا يستقدمون – النحل

മനുഷ്യർ ചെയ്യുന്ന അക്രമം കാരണം അല്ലാഹു അവരെ പിടികൂടുകയായിരുന്നുവെങ്കിൽ അതിന്റെ- ഭൂമിയുടെ-മുകളിൽ യാതൊരു ജീവിയെയും അവൻ ബാക്കി വിട്ടേക്കുമായിരുന്നില്ല. പക്ഷേ, ഒരു നിർണയിക്കപ്പെട്ട അവധി വരേക്കും അവരെ അവൻ താമസിപ്പിക്കുകയാണ് ചെയ്യുന്നത്. അവരുടെ ആ അവധി വന്നു കഴിഞ്ഞാൽ അവർ ഒരു നാഴികനേരം പിന്നോട്ടു പോകുന്നതോ മുന്നോട്ടു പോകുന്നതോ അല്ല' (നഹ്ൽ 61)

ولو ان اهل القرى امنوا.........................الا القوم الخاسرون – الاعراف

ആ രാജ്യക്കാർ -മുമ്പ് നശിപ്പിക്കപ്പെട്ട സമുദായങ്ങൾ-വിശ്വസിക്കുകയും, സൂക്ഷിക്കുകയും ചെയ്തിരുന്നുവെങ്കിൽ നാം അവർക്ക് ആകാശത്തുനിന്നും, ഭൂമിയിൽ നിന്നും ബർക്കത്തുകൾ-അഭിവൃദ്ധി മാർഗങ്ങൾ- തുറന്നുകൊടുത്തിരുന്നു. പക്ഷേ, അവർ വ്യാജമാക്കി, അപ്പോൾ അവർ പ്രവർത്തിച്ചുവെച്ചതിന്റെ ഫലമായി നാം അവരെ പിടിച്ചു ശിക്ഷിച്ചു. തങ്ങൾ ഉറങ്ങിക്കൊണ്ടിരിക്കെ രാത്രി സമയത്ത് നമ്മുടെ ശിക്ഷ തങ്ങൾക്ക് വന്നെത്തുന്നതിനെപ്പറ്റി ആ രാജ്യക്കാർ നിർഭയരായിപ്പോയോ? തങ്ങൾ വിളയാടിക്കൊണ്ടിരിക്കെ പൂർവ്വാഹ്ന- ളയുച്ച-സമയത്ത് നമ്മുടെ ശിക്ഷ തങ്ങൾക്ക് വന്നെത്തുന്നതിനെപ്പറ്റി ആ രാജ്യക്കാർ നിർഭയരായിപ്പോയോ? അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി അവർ നിർഭയരായോ?!!! എന്നാൽ, നഷ്ടക്കാരായ ജനങ്ങളല്ലാതെ അല്ലാഹുവിന്റെ തന്ത്രത്തെപ്പറ്റി നിർഭയരാകുന്നതല്ല. (അഅ്റാഫ് 96-99) നൂഹ് നബി (അ) തന്റെ ജനങ്ങൾക്ക് നൽകിയ ഉപദേശങ്ങളിൽ അല്ലാഹു ഉദ്ധരിക്കുന്നു:-

فقلت استغفروا ربكم.............................ويجعل لكم انهارا – نوح

ഞാൻ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുവിൻ. നിശ്ചയമായും അവൻ വളരെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് ആകാശത്തെ -മഴയെ- തുടർച്ചയായി അയച്ചുതരും. സമ്പത്തുകളെക്കൊണ്ടും മക്കളെക്കൊണ്ടും അവൻ നിങ്ങളെ പോഷിപ്പിക്കുകയും ചെയ്യും. നിങ്ങൾക്ക് തോട്ടങ്ങൾ ഉണ്ടാക്കിത്തരുകയും ചെയ്യും.' (സൂ: നൂഹ് 10-12) ഇതുപോലെ പല ഖുർആൻ വചനങ്ങളും ഇവിടെ സ്മരണീയമാണ്.

വേണ്ടത്ര താക്കീതുകളും, ഉപദേശങ്ങളും നൽകിയിട്ടും ജനങ്ങൾ ദുഷ്പ്രവൃത്തികളിൽ നിന്ന് പിൻമാറുന്നില്ലെങ്കിൽ അവർ അവരുടെ പാട്ടിന് നടന്നുകൊള്ളട്ടെ എന്നുവെച്ച് സത്യവിശ്വാസികൾ തങ്ങളുടെ കാര്യം നോക്കിക്കൊള്ളുവാൻ അടുത്ത വചനങ്ങളിൽ അല്ലാഹു നിർദേശിക്കുന്നു:-

فَأَقِمْ وَجْهَكَ لِلدِّينِ ٱلْقَيِّمِ مِن قَبْلِ أَن يَأْتِيَ يَوْمٌ لَّا مَرَدَّ لَهُۥ مِنَ ٱللَّهِ ۖ يَوْمَئِذٍ يَصَّدَّعُونَ ﴿٤٣﴾

《43》 ആകയാൽ, അല്ലാഹുവിൽ നിന്ന് യാതൊരു തടവും ഉണ്ടായിരിക്കാത്ത ഒരു ദിവസം വരുന്നതിന് മുമ്പായി നീ നിന്റെ മുഖം (വക്രത കൂടാതെ) ശരിയായി നിൽക്കുന്ന (ഈ) മതത്തിലേക്ക് നേരെയാക്കി നിർത്തിക്കൊള്ളുക. അന്നേ ദിവസം അവർ പിളർന്നു പിരിയുന്നതാകുന്നു.

《43》 فَأَقِمْ അതുകൊണ്ട് ശരിക്ക് നിറുത്തുക وَجْهَكَ നിന്റെ മുഖം لِلدِّينِ മതത്തിലേക്ക് الْقَيِّمِ ശരിയായി നിലകൊള്ളുന്ന (വക്രതയില്ലാത്ത) مِن قَبْلِ أَن يَأْتِيَ വരുന്നതിന് മുമ്പ് يَوْمٌ ഒരു ദിവസം لَا مَرَدَّ യാതൊരു തടവും (പ്രതിരോധവും) ഇല്ലാത്ത لَهُ അതിന് مِنَ اللَّهِ അല്ലാഹുവിൽ നിന്ന് يَوْمَئِذٍ അന്നത്തെ ദിവസം يَصَّدَّعُونَ അവർ പിളരുന്നതാണ്, പിരിയും

തടവില്ലാത്ത ദിവസം എന്ന് പറഞ്ഞത് ഖിയാമത്ത് നാളിനെ ഉദ്ദേശിച്ചാകുന്നു. അന്ന് മനുഷ്യർ, നല്ലവരും, ചീത്തപ്പെട്ടവരും എന്നിങ്ങനെ വേർപിരിയുന്നതും, ഒരു വിഭാഗം സ്വർഗത്തിലും, മറ്റേ വിഭാഗം നരകത്തിലും പ്രവേശിക്കുന്നതുമാണ്.

مَن كَفَرَ فَعَلَيْهِ كُفْرُهُۥ ۖ وَمَنْ عَمِلَ صَٰلِحًا فَلِأَنفُسِهِمْ يَمْهَدُونَ ﴿٤٤﴾

《44》 ആർ അവിശ്വസിച്ചുവോ അവന്റെ അവിശ്വാസം അവന്റെ മേൽ തന്നെയായിരിക്കും. (ദോഷം ചെയ്യുക). ആർ സൽക്കർമം പ്രവർത്തിച്ചുവോ അവർ തങ്ങൾക്ക്തന്നെ സൗകര്യമൊരുക്കുകയും ചെയ്യുന്നു.

لِيَجْزِىَ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ مِن فَضْلِهِۦٓ ۚ إِنَّهُۥ لَا يُحِبُّ ٱلْكَٰفِرِينَ ﴿٤٥﴾

《45》 വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക്(അല്ലാഹു) അവന്റെ അനുഗ്രഹത്തിൽ നിന്ന് പ്രതിഫലം കൊടുക്കുവാൻ വേണ്ടിയാണ് (അത്). നിശ്ചയമായും അവൻ അവിശ്വാസികളെ ഇഷ്ടപ്പെടുന്നതല്ല.

وَمِنْ ءَايَٰتِهِۦٓ أَن يُرْسِلَ ٱلرِّيَاحَ مُبَشِّرَٰتٍ وَلِيُذِيقَكُم مِّن رَّحْمَتِهِۦ

《46》 അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ്, സന്തോഷവാർത്ത അറിയിക്കുവാനായിക്കൊണ്ട് കാറ്റുകളെ അവൻ അയക്കുന്നത്.

അവന്റെ കാരുണ്യത്തിൽ നിന്ന് (ചിലത്) നിങ്ങൾക്ക് ആസ്വദിപ്പിക്കുവാനും,

وَلِتَجۡرِيَ ٱلۡفُلۡكُ بِأَمۡرِهِۦ وَلِتَبۡتَغُواْ مِن فَضۡلِهِۦ وَلَعَلَّكُمۡ تَشۡكُرُونَ ﴿٤٦﴾

അവന്റെ കല്പനപ്രകാരം കപ്പലുകൾ സഞ്ചരിക്കുവാനും, അവന്റെ അനുഗ്രഹത്തിൽ നിന്നും നിങ്ങൾ (ഉപജീവനം) അന്വേഷിക്കുവാനും വേണ്ടിയാകുന്നു (അത്), നിങ്ങൾ നന്ദികാണിക്കുവാൻ വേണ്ടിയുമാണ്

﴾44﴿ مَنۡ كَفَرَ ആർ വിശ്വസിച്ചു فَعَلَيۡهِ എന്നാൽ അവന്റെമേൽ തന്നെയാണ് كُفۡرُهُ അവന്റെ അവിശ്വാസം وَمَنۡ عَمِلَ ആർ പ്രവർത്തിച്ചു صَالِحًا സൽക്കർമ്മം, നല്ലത് فَلِأَنفُسِهِمۡ എന്നാൽ അവർക്ക് തന്നെ يَمۡهَدُونَ അവർ സൗകര്യമൊരുക്കുന്നു, തയ്യാറാക്കിവെക്കുന്നു. ﴾45﴿ لِيَجۡزِيَ അവൻ പ്രതിഫലം കൊടുക്കുവാൻ വേണ്ടി الَّذِينَ آمَنُوا വിശ്വസിച്ചവർക്ക് وَعَمِلُوا الصَّالِحَاتِ സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്ത مِنۡ فَضۡلِهِ അവന്റെ അനുഗ്രഹത്തിൽ നിന്ന്, അനുഗ്രഹത്താൽ إِنَّهُ നിശ്ചയമായും അവൻ لَا يُحِبُّ ഇഷ്ടപ്പെടുന്നതല്ല, സ്നേഹിക്കുന്നില്ല الۡكَافِرِينَ അവിശ്വാസികളെ ﴾46﴿ وَمِنۡ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാണ് أَنۡ يُرۡسِلَ അവൻ അയക്കുന്നത് الرِّيَاحَ കാറ്റുകളെ مُبَشِّرَاتٍ സന്തോഷവാർത്ത അറിയിക്കുന്നവയായിട്ട് وَلِيُذِيقَكُمۡ നിങ്ങൾക്ക് ആസ്വദിപ്പിക്കുവാനും مِنۡ رَحۡمَتِهِ അവന്റെ കാരുണ്യത്തിൽനിന്ന് وَلِتَجۡرِيَ നടക്കുവാനും, സഞ്ചരിക്കുവാനും الۡفُلۡكُ കപ്പൽ بِأَمۡرِهِ അവന്റെ കൽപനപ്രകാരം وَلِتَبۡتَغُوا നിങ്ങൾ അന്വേഷിക്കുവാനും, തേടുവാനും, مِنۡ فَضۡلِهِ അവന്റെ അനുഗ്രഹത്തിൽ നിന്ന് وَلَعَلَّكُمۡ നിങ്ങൾ ആയേക്കുവാനും, ആയേക്കാം تَشۡكُرُونَ നന്ദി ചെയ്യുന്ന, നന്ദി കാണിക്കുന്ന(വർ)

മഴ വർഷിക്കുവാൻ പോകുന്നുവെന്നും, ഉല്പന്നങ്ങൾ ഉണ്ടാക്കുവാൻ അടുത്തിരിക്കുന്നുവെന്നും സൂചിപ്പിക്കുന്നവയാണല്ലോ കാറ്റുകൾ. അതുകൊണ്ടാണ് അവയെപ്പറ്റി مُبَشِّرَاتٍ (സന്തോഷവാർത്ത അറിയിക്കുന്നവ) എന്ന് പറഞ്ഞത്. ആവിയന്ത്രക്കപ്പലുകൾ ഉണ്ടാകുന്നതിന് മുമ്പ് കടലിൽ സഞ്ചരിക്കുന്ന എല്ലാതരം കപ്പലുകൾക്കും കാറ്റിന്റെ സഹായം അനിവാര്യമാണ്. യന്ത്രക്കപ്പലുകൾക്ക് കാറ്റിനെ സാധാരണയായി അവലംബിക്കേണ്ടതില്ലെങ്കിലും, കാറ്റിന്റെ ഗതിയും വേഗതയും പാകം തെറ്റാതിരിക്കുന്നത് അതിനും ആവശ്യംതന്നെ. അതുകൊണ്ടാണ് അവന്റെ കല്പനപ്രകാരം കപ്പലുകൾ സഞ്ചരിക്കുവാനും എന്ന് പ്രസ്താവിച്ചത്. കാറ്റുകൊണ്ടുണ്ടാകുന്ന പല പ്രയോജനങ്ങളും ഓർമിപ്പിച്ചശേഷം 'നിങ്ങൾ നന്ദി ചെയ്‌വാൻ വേണ്ടിയും' (وَلَعَلَّكُمۡ تَشۡكُرُونَ) എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു.

وَلَقَدۡ أَرۡسَلۡنَا مِن قَبۡلِكَ رُسُلًا إِلَىٰ قَوۡمِهِمۡ فَجَآءُوهُم بِٱلۡبَيِّنَٰتِ

﴾47﴿ നിനക്ക് മുമ്പ് പല റസൂലുകളെ [ദൈവദൂതൻമാരെ] യും അവരുടെ ജനതയിലേക്ക് നാം അയക്കുകയുണ്ടായിട്ടുണ്ട്.എന്നിട്ട് അവർ അവർക്ക് വ്യക്തമായ തെളിവുകളും കൊണ്ടു ചെന്നു. (അവരത് നിഷേധിച്ചു)

فَٱنتَقَمْنَا مِنَ ٱلَّذِينَ أَجْرَمُوا۟ ۖ وَكَانَ حَقًّا عَلَيْنَا نَصْرُ ٱلْمُؤْمِنِينَ ﴿٤٧﴾

അപ്പോള്‍, കുറ്റം പ്രവര്‍ത്തിച്ചവരോട് നാം പ്രതികാര നടപടിയെടുത്തു. നമ്മുടെ മേല്‍ കടമയായിരുന്നു സത്യവിശ്വാസികളെ സഹായിക്കല്‍. (അത് നാം നിര്‍വ്വഹിച്ചു.)

ٱللَّهُ ٱلَّذِى يُرْسِلُ ٱلرِّيَٰحَ فَتُثِيرُ سَحَابًا فَيَبْسُطُهُۥ فِى ٱلسَّمَآءِ كَيْفَ يَشَآءُ وَيَجْعَلُهُۥ كِسَفًا فَتَرَى ٱلْوَدْقَ يَخْرُجُ مِنْ خِلَٰلِهِۦ ۖ فَإِذَآ أَصَابَ بِهِۦ مَن يَشَآءُ مِنْ عِبَادِهِۦٓ إِذَا هُمْ يَسْتَبْشِرُونَ ﴿٤٨﴾

﴾48﴿ അല്ലാഹുവത്രെ കാറ്റുകളെ അയക്കുന്നവന്‍. എന്നിട്ട് അവ മേഘത്തെ ഇളക്കിവിടുന്നു; അങ്ങനെ അവന്‍ ഉദ്ദേശിക്കുന്ന പ്രകാരം ആകാശത്തില്‍ അതിനെ അവന്‍ പരത്തുന്നു; അതിനെ തുണ്ടങ്ങളാക്കുകയും ചെയ്യുന്നു. അപ്പോള്‍, അതിനിടയില്‍ നിന്ന് മഴ പുറത്തുവരുന്നതായി നിനക്കു കാണാം. എന്നിട്ട് തന്റെ അടിയാന്മാരില്‍ നിന്ന് താന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് അവന്‍ അതിനെ എത്തിച്ചുകൊടുത്താല്‍ അപ്പോഴതാ അവര്‍ സന്തോഷം പ്രകടിപ്പിക്കുന്നു!

وَإِن كَانُوا۟ مِن قَبْلِ أَن يُنَزَّلَ عَلَيْهِم مِّن قَبْلِهِۦ لَمُبْلِسِينَ ﴿٤٩﴾

﴾49﴿ നിശ്ചയമായും അവരില്‍ അത് [മഴ] ഇറക്കപ്പെടുന്നതിന് മുമ്പ്- ഇതിന് മുമ്പായി അവര്‍ -നിരാശപ്പെട്ടവരായിരുന്നു.

﴾47﴿ وَلَقَدْ أَرْسَلْنَا നാം അയക്കുകയുണ്ടായിട്ടുണ്ട് مِن قَبْلِكَ നിനക്ക് മുമ്പ് رُسُلًا പല റസൂലുകളെയും إِلَىٰ قَوْمِهِمْ അവരുടെ ജനതയിലേക്ക് فَجَاءُوهُم എന്നിട്ടവര്‍ അവരുടെ അടുക്കല്‍ ചെന്നു بِالْبَيِّنَاتِ തെളിവുകളും കൊണ്ട് فَانتَقَمْنَا അപ്പോള്‍ നാം പ്രതികാര നടപടി എടുത്തു مِنَ الَّذِينَ أَجْرَمُوا കുറ്റം പ്രവര്‍ത്തിച്ചവരോട് وَكَانَ ആയിരുന്നു, ആകുന്നു حَقًّا കടമ, മുറ عَلَيْنَا നമ്മുടെ മേല്‍ نَصْرُ الْمُؤْمِنِينَ സത്യവിശ്വാസികളെ സഹായിക്കല്‍ ﴾48﴿ اللَّهُ الَّذِي അല്ലാഹു യാതൊരുവനത്രെ يُرْسِلُ അയക്കുന്നു الرِّيَاحَ കാറ്റുകളെ فَتُثِيرُ എന്നിട്ടവ ഇളക്കി വിടുന്നു سَحَابًا മേഘത്തെ فَيَبْسُطُهُ എന്നിട്ടതിനെ അവന്‍ പരത്തുന്ന فِي السَّمَاءِ ആകാശത്തില്‍ كَيْفَ يَشَاءُ അവന്‍ ഉദ്ദേശിക്കുന്ന പ്രകാരം وَيَجْعَلُهُ അതിനെ അവന്‍ ആക്കുകയും ചെയ്യുന്നു كِسَفًا തുണ്ടങ്ങള്‍ فَتَرَى അപ്പോള്‍ നീ കാണും, നിനക്ക് കാണാം الْوَدْقَ മഴ يَخْرُجُ പുറത്തുവരുന്നതായി مِنْ خِلَالِهِ അതിന്റെ ഇടയില്‍ നിന്ന് فَإِذَا أَصَابَ എന്നിട്ടവന്‍

എത്തിച്ചാൽ, ബാധിപ്പിച്ചാൽ, بِهِۦ അതിനെ مَن يَشَآءُ അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِۦٓ തന്റെ അടിയാന്മാരിൽ നിന്ന് إِذَا هُمْ അപ്പോഴതാ അവർ يَسْتَبْشِرُونَ സന്തോഷം പ്രകടിപ്പിക്കുന്നു
﴾49﴿ وَإِن كَانُوا۟ നിശ്ചയമായും അവരായിരുന്നു مِن قَبْلِ മുമ്പ് أَن يُنَزَّلَ അത് ഇറക്കപ്പെടുന്ന തിന് عَلَيْهِم അവരിൽ مِّن قَبْلِهِۦ ഇതിനു മുമ്പായി لَمُبْلِسِينَ നിരാശപ്പെട്ടവർ തന്നെ.

فَٱنظُرْ إِلَىٰٓ ءَاثَٰرِ رَحْمَتِ ٱللَّهِ كَيْفَ يُحْىِ ٱلْأَرْضَ بَعْدَ مَوْتِهَآ ۚ إِنَّ ذَٰلِكَ لَمُحْىِ ٱلْمَوْتَىٰ ۖ وَهُوَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٥٠﴾

﴾50﴿ അപ്പോൾ, അല്ലാഹുവിന്റെ കാരുണ്യത്തിന്റെ ഫലങ്ങളിലേക്ക് നോക്കുക; ഭൂമി നിർജീവമായിരുന്നതിന് ശേഷം എങ്ങിനെയാണ് അവൻ അതിനെ ജീവിപ്പിക്കുന്നതെന്ന്! നിശ്ചയമായും, (അത് പ്രവർത്തിച്ച) അവൻ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെയാണ്; അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനുമാകുന്നു.

وَلَئِنْ أَرْسَلْنَا رِيحًا فَرَأَوْهُ مُصْفَرًّا لَّظَلُّوا۟ مِنۢ بَعْدِهِۦ يَكْفُرُونَ ﴿٥١﴾

﴾51﴿ നാം ഒരു കാറ്റ് അയച്ചിട്ട് (അത് കൃഷിയെ നശിപ്പിച്ചു) മഞ്ഞ വർണം പൂണ്ടതായി അവർ കണ്ടുവെങ്കിലോ, തീർച്ചയായും അതിന് [ആ സന്തോഷത്തിനു] ശേഷം അവർ നന്ദികേട് കാണിക്കുന്നവരായിത്തീരുന്നതാണ്.

﴾50﴿ فَٱنظُرْ അപ്പോൾ നീ നോക്കുക (ആലോചിക്കുക) إِلَىٰٓ ءَاثَٰرِ ഫലങ്ങളിലേക്ക്, അടയാളങ്ങളിലേക്ക് رَحْمَتِ ٱللَّهِ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ كَيْفَ എപ്രകാരം يُحْىِ അവൻ ജീവിപ്പിക്കുന്നു ٱلْأَرْضَ ഭൂമിയെ بَعْدَ مَوْتِهَآ അതിന്റെ നിർജീവതക്ക് ശേഷം إِنَّ ذَٰلِكَ നിശ്ചയമായും (അങ്ങിനെയുള്ള) അവൻ لَمُحْىِ ٱلْمَوْتَىٰ മരണപ്പെട്ടവരെ ജീവിപ്പിക്കുന്നവൻ തന്നെ
وَهُوَ അവൻ عَلَىٰ كُلِّ شَىْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിവുള്ളവനാണ്
﴾51﴿ وَلَئِنْ أَرْسَلْنَا നാം അയച്ചുവെങ്കിലോ رِيحًا ഒരു കാറ്റ് فَرَأَوْهُ എന്നിട്ടതിനെ അവർ കണ്ടു مُصْفَرًّا മഞ്ഞവർണമുള്ളതായി لَّظَلُّوا۟ തീർച്ചയായും അവർ ആയിത്തീരും مِنۢ بَعْدِهِۦ അതിന് ശേഷം يَكْفُرُونَ നന്ദികേട് കാണിക്കും.

കാറ്റുകൾ മേഘത്തെ ഇളക്കിവിട്ടശേഷം ചിലപ്പോൾ ആകാശത്തിൽ വ്യാപിച്ചു ഉപരിഭാഗം മൂടി ധാരാളം മഴ വർഷിക്കുന്നു. ചിലപ്പോൾ മേഘം പല തുണ്ടങ്ങളായി അവിടവിടെ ചിന്നിച്ചിതറിപ്പോകുകയും ചെയ്യുന്നു. ഇതിനെപ്പറ്റിയാണ് 48-ാം വചനത്തിൽ അവൻ ഉദ്ദേശിക്കുന്ന പ്രകാരം അതിനെ ആകാശത്തിൽ പരത്തുന്നുവെന്നും, തുണ്ടങ്ങളാക്കുന്നുവെന്നും പ്രസ്താവിച്ചത്. മഴയുടെ ആവശ്യം ഉള്ളവർക്കെല്ലാം മഴ ലഭിച്ചുകൊള്ളണമെന്നില്ല.

ആർക്കെല്ലാമാണ് ആ അനുഗ്രഹം എത്തിച്ചുകൊടുക്കേണ്ടതെന്ന കാര്യം അല്ലാഹുവാണ് നിശ്ചയിക്കുന്നത്. അതിൽ മറ്റാർക്കും കയ്യില്ല. ഈ വസ്തുതയാണ്, തന്റെ അടിയാന്മാരിൽ താൻ ഉദ്ദേശിക്കുന്നവർക്ക് അതിനെ എത്തിച്ചാൽ (فأذا اصاب به من يشاء من عباده) എന്ന് പറഞ്ഞത്. മഴക്ക്വേണ്ടി കാത്തിരുന്നും, മഴകിട്ടാതെ വിഷമിച്ചും നിരാശയടഞ്ഞശേഷം മഴ വർഷിക്കുമ്പോഴാണല്ലോ കൂടുതൽ സന്തോഷം ഉണ്ടാകുക. അതാണ് 49-ാം വചനം ചൂണ്ടിക്കാട്ടുന്നത്. മഴ പെയ്തതിനെ തുടർന്നു ഭൂമി ജീവസ്സുള്ളതാകുകയും, സസ്യലതാദികൾ ഉണ്ടാവുകയും ചെയ്യുന്നതുപോലെ, മനുഷ്യൻ മരണമടഞ്ഞശേഷം അല്ലാഹു അവനെ പുനരുജ്ജീവിപ്പിക്കുമെന്നും ഇത് അതിന് തെളിവ് നൽകുന്നുവെന്നും 50- ാം വചനത്തിൽ പ്രസ്താവിക്കുന്നു.

51 ൽ മനുഷ്യന്റെ ഒരു ദുഃസ്വഭാവത്തെയാണ് ചൂണ്ടിക്കാട്ടുന്നത്. മേൽപറഞ്ഞതുപോലെ അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ കാണുകയും ചെയ്തുകൊണ്ടിരിക്കുന്ന മനുഷ്യന് എപ്പോഴെങ്കിലും ഒരു കാറ്റ് ഉപദ്രവം വരുത്തുകയും, അത്മൂലം അവന്റെ വിളവുകൾ നശിക്കുകയും, ചെയ്തുപോയെങ്കിൽ, അവൻ അല്ലാഹുവിന്റെ നിത്യാനുഗ്രഹങ്ങളെല്ലാം മറന്നുകൊണ്ട് നന്ദികെട്ടവനായിത്തീരുന്നു. എന്നിട്ടവൻ അല്ലാഹുവിന്റെ പേരിൽ ആക്ഷേപവും പുറപ്പെടുവിക്കും. കാറ്റിനെ പഴിക്കും, 'പ്രകൃതി' യെ ദുഷിക്കും, നഷ്ടം കണക്ക്കൂട്ടി കുപിതനാകും, അങ്ങിനെ പലതും. പക്ഷേ, യഥാർഥ വിശ്വാസികളിൽ നിന്ന് ഇങ്ങിനെ സംഭവിക്കുകയില്ല. നബിﷺ പറഞ്ഞതുപോലെ അവർ സന്തോഷത്തിൽ നന്ദിയുള്ളവരും, സന്താപത്തിൽ ക്ഷമയുള്ളവരുമായിരിക്കും. വിളകൾക്ക് ഉണക്കം, പഴുപ്പ് മുതലായ നാശങ്ങൾ ബാധിക്കുവാൻ കാറ്റ് കാരണമാകുന്നതുകൊണ്ടാണ് 'അത് മഞ്ഞവർണം പൂണ്ടതായി കണ്ടു' (فرأوه مصفرا) എന്നു പറഞ്ഞിരിക്കുന്നത്.

فَإِنَّكَ لَا تُسْمِعُ ٱلْمَوْتَىٰ وَلَا تُسْمِعُ ٱلصُّمَّ ٱلدُّعَآءَ إِذَا وَلَّوْا۟ مُدْبِرِينَ ﴿٥٢﴾

﴿52﴾ **(നബിയേ) എന്നാൽ, മരണപ്പെട്ടവരെ നീ കേൾപ്പിക്കുകയില്ല; ബധിരൻമാരെയും -അവർ പിന്നോട്ട് തിരിഞ്ഞുപോയാൽ- നീ വിളി കേൾപ്പിക്കുന്നതല്ല.**

وَمَآ أَنتَ بِهَٰدِ ٱلْعُمْىِ عَن ضَلَٰلَتِهِمْ ۖ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِـَٔايَٰتِنَا فَهُم مُّسْلِمُونَ ﴿٥٣﴾

﴿53﴾ **അന്ധൻമാരെ, അവരുടെ പിഴവിൽ നിന്നു (മാറ്റി) നേർവഴി കാട്ടുന്നവനുമല്ല നീ. നമ്മുടെ ലക്ഷ്യങ്ങളിൽ വിശ്വസിക്കുകയും, അങ്ങനെ തങ്ങൾ 'മുസ്‌ലിംകൾ' [കീഴൊതുക്കമുള്ളർ] ആയിരിക്കുകയും ചെയ്യുന്നവർക്കല്ലാതെ നീ കേൾപ്പിക്കുന്നതല്ല.**

﴿52﴾ فَإِنَّكَ എന്നാൽ നിശ്ചയമായും നീ لَا تُسْمِعُ കേൾപ്പിക്കുകയില്ല الْمَوْتَىٰ മരണപ്പെട്ടവരെ وَلَا تُسْمِعُ നീ കേൾപ്പിക്കുന്നതുമല്ല الصُّمَّ ബധിരൻമാരെ الدُّعَاءَ വിളി إِذَا وَلَّوْا അവർ തിരിഞ്ഞുപോയാൽ مُدْبِرِينَ പിന്നോക്കം വെച്ചവരായി ﴿53﴾ وَمَا أَنْتَ നീ അല്ലതാനും بِهَادِ الْعُمْيِ അന്ധൻമാരെ നേർവഴിക്കാക്കുന്നവൻ عَنْ ضَلَالَتِهِمْ അവരുടെ വഴിപിഴവിൽ നിന്ന്

إِنْ تُسْمِعُ നീ കേൾപ്പിക്കയില്ല إِلَّا مَنْ يُؤْمِنُ വിശ്വസിക്കുന്നവരെയല്ലാതെ بِآيَاتِنَا നമ്മുടെ ലക്ഷ്യങ്ങളിൽ, ദൃഷ്ടാന്തങ്ങളിൽ فَهُمْ എന്നിട്ടവൻ مُسْلِمُونَ മുസ്‌ലിംകളാണ് (അങ്ങിനെയുള്ള)

സൂറത്തുന്നംല് 80, 81 എന്നീ വചനങ്ങളും അവയുടെ വിവരണവും നോക്കുക. അവിടെ പ്രസ്താവിച്ചതെല്ലാം ഇവിടെയും ഓർക്കേണ്ടതാണ്.

വിഭാഗം - 6

۞ ٱللَّهُ ٱلَّذِى خَلَقَكُم مِّن ضَعْفٍ ثُمَّ جَعَلَ مِنۢ بَعْدِ ضَعْفٍ قُوَّةً ثُمَّ جَعَلَ مِنۢ بَعْدِ قُوَّةٍ ضَعْفًا وَشَيْبَةً ۚ يَخْلُقُ مَا يَشَآءُ ۖ وَهُوَ ٱلْعَلِيمُ ٱلْقَدِيرُ ﴿٥٤﴾

﴿54﴾ നിങ്ങളെ ബലഹീനതയിൽ നിന്ന് സൃഷ്ടിച്ചുണ്ടാക്കിയവനത്രെ അല്ലാഹു. പിന്നീട്, ബലഹീനതക്ക് ശേഷം അവൻ (നിങ്ങൾക്ക്) ശക്തിയുണ്ടാക്കി; പിന്നെ, ശക്തിക്ക് ശേഷം ബലഹീനതയും, നരയും ഉണ്ടാക്കി. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു; സർവ്വജ്ഞനും സർവശക്തനുമായുള്ളവൻ അവൻ തന്നെ.

﴿54﴾ اللَّهُ الَّذِي അല്ലാഹു യാതൊരുവനത്രെ خَلَقَكُمْ അവൻ നിങ്ങളെ സൃഷ്ടിച്ചു مِنْ ضَعْفٍ ബലഹീനത (ദുർബലത)യിൽ നിന്ന് ثُمَّ جَعَلَ പിന്നെ അവൻ ഉണ്ടാക്കി مِنْ بَعْدِ ضَعْفٍ ബലഹീനതക്ക് ശേഷം قُوَّةً ശക്തി ثُمَّ جَعَلَ പിന്നെ അവൻ ഉണ്ടാക്കി مِنْ بَعْدِ قُوَّةٍ ശക്തിക്ക് ശേഷം ضَعْفًا ബലഹീനത وَشَيْبَةً നരയും يَخْلُقُ അവൻ സൃഷ്ടിക്കുന്നു مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് وَهُوَ അവൻ തന്നെ, അവനത്രെ الْعَلِيمُ സർവ്വജ്ഞൻ, അറിവുള്ളവൻ الْقَدِيرُ സർവശക്തൻ, കഴിവുള്ളവൻ

ضَعْف എന്നും ضُعْف എന്നും ഈ ആയത്തിൽ വായനയുണ്ട്. അർഥം ഒന്നുതന്നെ. പക്ഷിമൃഗാദികൾ ജനിക്കുമ്പോൾ അവയ്ക്ക് അത്യാവശ്യമായി ചില കഴിവുകളെല്ലാം നൽകപ്പെട്ടിരിക്കുന്നത് കാണാം. എന്നാൽ കേവലം സൃഷ്ടികളിൽ ഉന്നതസ്ഥാനം വഹിക്കുന്ന മനുഷ്യനോ? യാതൊരു കഴിവും അറിവും ഇല്ലാത്തവനായിട്ടാണ് അവൻ പിറക്കുന്നത്. ക്രമേണ അവൻ അറിവും, ശക്തിയും ആർജ്ജിക്കുകയും ലോകസൃഷ്ടികളുടെ നേതൃത്വം അവകാശപ്പെടുവാൻ തക്കവണ്ണം യോഗ്യനായിത്തീരുകയും ചെയ്യുന്നു. കുറേ കഴിയുമ്പോൾ വീണ്ടും ഗതി കീഴ്പോട്ടുവെക്കുന്നു. ഒടുക്കം പിറന്നപ്പോഴത്തെ അവസ്ഥയിലേക്ക് തന്നെ തിരിച്ചുചെല്ലുന്നു. മനുഷ്യന്റെ പുനരുത്ഥാനത്തിനും അവന്റെ സ്രഷ്ടാവായ അല്ലാഹുവിന്റെ സർവജ്ഞതക്കും അപാരമായ കഴിവിനും ഇതു മതിയായ തെളിവുതന്നെ. ഈ യാഥാർഥ്യത്തെ നിഷേധിക്കുന്നവർക്ക് പുനരുത്ഥാനദിവസം എത്രമാത്രം ഭയങ്കരമായിരിക്കുമെന്ന് അടുത്തവചനം ചൂണ്ടിക്കാട്ടുന്നു:-

وَيَوْمَ تَقُومُ ٱلسَّاعَةُ يُقْسِمُ ٱلْمُجْرِمُونَ مَا لَبِثُوا۟ غَيْرَ سَاعَةٍ ۚ كَذَٰلِكَ كَانُوا۟ يُؤْفَكُونَ ﴿٥٥﴾

《55》 അന്ത്യസമയം നിലനിൽക്കുന്ന ദിവസം കുറ്റവാളികൾ സത്യം ചെയ്യും; 'ഒരു നാഴിക നേരമല്ലാതെ തങ്ങൾ (ഇഹത്തിൽ) കഴിഞ്ഞുകൂടിയിട്ടില്ല' എന്ന്! അപ്രകാരമായിരുന്നു അവർ (സത്യത്തിൽ) തിരിക്കപ്പെട്ടിരുന്നത്.

《55》 وَيَوْمَ تَقُومُ നിലനിൽക്കുന്ന ദിവസം السَّاعَةُ അന്ത്യസമയം يُقْسِمُ സത്യം ചെയ്യും الْمُجْرِمُونَ കുറ്റവാളികൾ مَا لَبِثُوا അവർ കഴിഞ്ഞുകൂടിയിട്ടില്ല, താമസിച്ചിട്ടില്ല എന്ന് غَيْرَ سَاعَةٍ ഒരു നാഴികയല്ലാതെ كَذَٰلِكَ അപ്രകാരം كَانُوا അവരായിരുന്നു يُؤْفَكُونَ തിരിക്കപ്പെടുക, നുണയിലകപ്പെടുക.

അന്ത്യനാളിലെ അതിഭയങ്കരങ്ങളായ അറ്റമില്ലാത്ത അനുഭവങ്ങൾ കാണുമ്പോൾ കുറ്റവാളികളായ ആളുകൾക്ക് തങ്ങളുടെ ഇഹലോകവാസക്കാലം വളരെ നിസ്സാരമായിരുന്നുവെന്ന് തോന്നും. വാസ്തവത്തിൽ കുറേ കൊല്ലങ്ങൾ അവർ ഇതിനുമുമ്പ് കഴിച്ചുകൂട്ടിയിട്ടുണ്ടെങ്കിലും പരിഭ്രാന്തിയുടെ ആധിക്യം നിമിത്തം സത്യാവസ്ഥ ഓർമിക്കുവാൻ അവർക്ക് സാധിക്കുന്നതല്ല. ഇതുപോലെതന്നെയാണ് മുമ്പ് ഇഹത്തിൽവെച്ച് അവർ സത്യത്തിൽ നിന്ന് വ്യതിചലിച്ചു കുറ്റവാളികളായിത്തീർന്നതും. എന്നാൽ സത്യവിശ്വാസികളായ സജ്ജനങ്ങളുടെ നില ഇതായിരിക്കുകയില്ല, അല്ലാഹു പറയുന്നു:-

وَقَالَ ٱلَّذِينَ أُوتُوا۟ ٱلْعِلْمَ وَٱلْإِيمَـٰنَ لَقَدْ لَبِثْتُمْ فِى كِتَـٰبِ ٱللَّهِ إِلَىٰ يَوْمِ ٱلْبَعْثِ ۖ فَهَـٰذَا يَوْمُ ٱلْبَعْثِ وَلَـٰكِنَّكُمْ كُنتُمْ لَا تَعْلَمُونَ ﴿٥٦﴾

《56》 അറിവും, സത്യവിശ്വാസവും നൽകപ്പെട്ടിട്ടുള്ളവർ പറയുന്നതാണ്; 'അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ (രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം) പുനരുത്ഥാന ദിവസംവരേക്കും തീർച്ചയായും നിങ്ങൾ കഴിഞ്ഞുകൂടിയിട്ടുണ്ട്. എന്നാൽ, ഇതാ പുനരുത്ഥാനദിവസം. പക്ഷേ, നിങ്ങൾ (അതിനെപ്പറ്റി) അറിയാതിരിക്കുകയായിരുന്നു;

فَيَوْمَئِذٍ لَّا يَنفَعُ ٱلَّذِينَ ظَلَمُوا۟ مَعْذِرَتُهُمْ وَلَا هُمْ يُسْتَعْتَبُونَ ﴿٥٧﴾

《57》 അപ്പോൾ, അക്രമം പ്രവർത്തിച്ചവർക്ക് അന്നത്തെ ദിവസം അവരുടെ ഒഴികഴിവ് ഉപകാരം ചെയ്യുകയില്ല; അവരോട് (ഖേദിച്ചുമടങ്ങി) തൃപ്തിപ്പെടുത്തുവാനാവശ്യപ്പെടുന്നതുമല്ല. (അഥവാ മടക്കം അനുവദിക്കപ്പെടുകയില്ല.)

﴾56﴿ وَقَالَ الَّذِينَ യാതൊരു കൂട്ടർ പറയും أُوتُوا الْعِلْمَ അറിവു നൽകപ്പെട്ട وَالْإِيمَانَ
സത്യവിശ്വാസവും لَقَدْ لَبِثْتُمْ തീർച്ചയായും നിങ്ങൾ കഴിഞ്ഞുകൂടിയിട്ടുണ്ട് فِي كِتَابِ اللَّهِ അല്ലാ
ഹുവിന്റെ ഗ്രന്ഥത്തിൽ, രേഖയിൽ إِلَىٰ يَوْمِ الْبَعْثِ പുനരുത്ഥാനത്തിന്റെ (എഴുന്നേൽപിന്റെ)
ദിവസം വരെ فَهَٰذَا എന്നാലിതാ يَوْمُ الْبَعْثِ പുനരുത്ഥാന ദിവസം وَلَٰكِنَّكُمْ പക്ഷേ
നിങ്ങൾ كُنتُمْ നിങ്ങളായിരുന്നു لَا تَعْلَمُونَ നിങ്ങളറിയാതെ ﴾57﴿ فَيَوْمَئِذٍ അപ്പോൾ അന്ന്
لَا يَنفَعُ ഉപകാരം ചെയ്കയില്ല الَّذِينَ ظَلَمُوا അക്രമം ചെയ്തവർക്ക് مَعْذِرَتُهُمْ അവരുടെ ഒഴി
കഴിവ് وَلَا هُمْ അവരല്ലതാനും يُسْتَعْتَبُونَ അവരോട് തൃപ്തിപ്പെടുത്തുവാൻ (മടക്കം പ്രകടി
പ്പിക്കുവാൻ) ആവശ്യപ്പെടുക (ഇല്ല)

സത്യവിശ്വാസവും പരലോകത്തെ സംബന്ധിച്ചുള്ള അറിവും ഉള്ളവർക്കറിയാം: മരണത്തിന് മുമ്പ് കുറേക്കാലം ഭൂമിയിൽ ജീവിച്ചിരുന്നിട്ടുണ്ട്. അതിന് ശേഷം അല്ലാഹു നിശ്ചയിച്ചകാലം ക്വബ്റുകളിൽ കഴിഞ്ഞുകൂടിയിട്ടുണ്ട്. അതെല്ലാം അല്ലാഹു രേഖപ്പെടുത്തിവെച്ചിട്ടുമുണ്ട് എന്നൊക്കെ. കിയാമത്ത്നാളിൽ എല്ലാവരും വീണ്ടും എഴുന്നേൽപിക്കപ്പെടുമെന്നും ഇഹത്തിൽവെച്ച് ഓരോരുത്തനും ചെയ്ത കർമങ്ങൾക്ക് അവനവൻ ഉത്തരവാദിയാകുമെന്നും അവർ വിശ്വസിക്കുകയും ചെയ്തിരുന്നു അതനുസരിച്ച് അവർ പ്രവർത്തിക്കുകയും ചെയ്തു. ഇതെല്ലാം അറിയാതെയും ഇതിൽ വിശ്വസിക്കാതെയും ഇരുന്നതുകൊണ്ടാണ് നിങ്ങൾക്ക് ഇപ്പോൾ ഇത്തരം അനുഭവങ്ങൾ നേരിടേണ്ടി വന്നത്. എന്നിങ്ങനെ അവർ കുറ്റവാളികളെ ഓർമിപ്പിക്കുകയാണ്. പക്ഷേ, എനി ഖേദിച്ചിട്ട് ഫലമില്ല. യാതൊരു വിധത്തിലുള്ള ഒഴിവുകഴിവും അവിടെ സ്വീകാര്യമല്ല. വന്നുപോയതിനെപ്പറ്റി ഖേദം പ്രകടിപ്പിച്ച് തൃപ്തിപ്പെടുത്തുവാനുള്ള അവസരവും അവിടെ ലഭിക്കുന്നതല്ല. സ്വന്തം കർമഫലം അനുഭവിച്ചുകൊള്ളുക മാത്രമേ എനി നിവൃത്തിയുള്ളൂ.

وَلَقَدْ ضَرَبْنَا لِلنَّاسِ فِي هَٰذَا الْقُرْءَانِ مِن كُلِّ مَثَلٍ ۚ وَلَئِن جِئْتَهُم بِـَٔايَةٍ لَّيَقُولَنَّ الَّذِينَ كَفَرُوٓا۟ إِنْ أَنتُمْ إِلَّا مُبْطِلُونَ ﴿٥٨﴾

﴾58﴿ തീർച്ചയായും, മനുഷ്യർക്കു വേണ്ടി ഈ ക്വുർആനിൽ എല്ലാ (വിധ) ഉപമയും നാം വിവരിച്ചിട്ടുണ്ട്. അവരുടെ അടുക്കൽ നീ വല്ല ദൃഷ്ടാന്തവുമായി ചെന്നാൽ (ആ) അവിശ്വസിച്ചവർ നിശ്ചയമായും പറയും: 'നിങ്ങൾ വ്യർഥവാദികളല്ലാതെ മറ്റൊന്നും അല്ല' എന്ന്!

كَذَٰلِكَ يَطْبَعُ اللَّهُ عَلَىٰ قُلُوبِ الَّذِينَ لَا يَعْلَمُونَ ﴿٥٩﴾

﴾59﴿ അപ്രകാരം, യാഥാർഥ്യം അറിയാത്തവരുടെ ഹൃദയങ്ങളിൽ അല്ലാഹു മുദ്രവെക്കുന്നു.

فَٱصۡبِرۡ إِنَّ وَعۡدَ ٱللَّهِ حَقٌّۖ وَلَا يَسۡتَخِفَّنَّكَ ٱلَّذِينَ لَا يُوقِنُونَ ﴿٦٠﴾

﴾60﴿ ആകയാൽ (നബിയേ) ക്ഷമിച്ചുകൊള്ളുക. നിശ്ചയമായും, അല്ലാഹുവിന്റെ വാഗ്ദാനം യാഥാർ ഥ്യമാകുന്നു. (വിശ്വാസം) ഉറപ്പിക്കാത്ത ആളുകൾ നിശ്ചയമായും (നിന്റെ സ്ഥൈര്യം-നശിപ്പിച്ച്) നിനക്ക് ചാഞ്ചല്യം വരുത്താതെയുമിരിക്കട്ടെ!

﴾58﴿ وَلَقَدۡ ضَرَبۡنَا തീർച്ചയായും നാം വിവരിച്ചിട്ടുണ്ട് لِلنَّاسِ മനുഷ്യർക്ക് فِي هَٰذَا ٱلۡقُرۡءَانِ ഈ ഖുർആനിൽ مِن كُلِّ مَثَلٍ എല്ലാ(വിധ) ഉപമയും, ഉപമയിൽ നിന്നും وَلَئِن جِئۡتَهُم നീ അവരുടെ അടുക്കൽ ചെന്നുവെങ്കിൽ بِـَٔايَةٍ വല്ല ദൃഷ്ടാന്തവുമായി لَّيَقُولَنَّ നിശ്ചയമായും പറയും ٱلَّذِينَ كَفَرُوٓاْ അവിശ്വസിച്ചവർ إِنۡ أَنتُمۡ നിങ്ങൾ അല്ല إِلَّا مُبۡطِلُونَ വ്യർഥവാദികളല്ലാതെ, വേണ്ടാവൃത്തിക്കാരല്ലാതെ ﴾59﴿ كَذَٰلِكَ അപ്രകാരം يَطۡبَعُ ٱللَّهُ അല്ലാഹു മുദ്രവെക്കും عَلَىٰ قُلُوبِ ഹൃദയങ്ങളിൽ ٱلَّذِينَ لَا يَعۡلَمُونَ അറിയാത്തവരുടെ ﴾60﴿ فَٱصۡبِرۡ ആകയാൽ ക്ഷമിക്കുക, സഹിക്കുക إِنَّ وَعۡدَ ٱللَّهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദാനം حَقٌّ യഥാർഥമാണ്,സത്യമാണ് وَلَا يَسۡتَخِفَّنَّكَ നിന്നെ നിസ്സാരമാക്കാതെ (ചാഞ്ചല്യം വരുത്താതെ, ലഘുവായി ഗണിക്കാതെ)യുമിരിക്കട്ടെ ٱلَّذِينَ لَا يُوقِنُونَ ദൃഢവിശ്വാസം കൊള്ളാത്തവർ.

'അറിയാത്തവർ' (ٱلَّذِينَ لَا يَعۡلَمُونَ) എന്ന് പറഞ്ഞത്-ഇമാം ബൈളാവി (റ) ചൂണ്ടിക്കാണിച്ചതുപോലെ -സത്യം അറിയുവാൻ ഒട്ടും ശ്രമം നടത്താതെ കേട്ടുകേൾവികളെയും, പാരമ്പര്യ വിശ്വാസങ്ങളെയും മാത്രം മുറുകെ പിടിച്ചുകൊണ്ടിരിക്കുന്ന മൂഢജനങ്ങളെക്കുറിച്ചാകുന്നു. ഇങ്ങിനെയുള്ള മർക്കടമുഷ്ടിക്കാരുടെ ഹൃദയത്തിലേക്ക് സത്യത്തിന്റെ വെളിച്ചം പ്രവേശിക്കുവാൻ മാർഗമില്ലല്ലോ.

അല്ലാഹുവിന്റെ വാഗ്ദാനങ്ങളിൽ ദൃഢമായി വിശ്വാസം ഉറപ്പിച്ചുകൊണ്ട് ക്ഷമയോടും, സ്ഥിരചിത്തതയോടുംകൂടി ഇരുന്നുകൊള്ളണമെന്നും, ദൃഷ്ടാന്തങ്ങൾ കണ്ടിട്ടും ഉപദേശങ്ങൾ കേട്ടിട്ടും കാര്യബോധം വരാത്തവണ്ണം ഹൃദയം മരവിച്ചുപോയിട്ടുള്ള ആ ജനതയുടെ ചെയ്തികൾ നിമിത്തം ഒട്ടും ഹൃദയചാഞ്ചല്യമോ, അസ്വാസ്ഥ്യമോ ഉണ്ടാവരുതെന്നും നബി ﷺ തിരുമേനിയെ ഉപദേശിക്കുന്നതാണ് അവസാനത്തെ വചനം. അല്ലാഹു നമ്മെ എല്ലാവരെയും ക്ഷമയും സ്ഥിരചിത്തതയുമുള്ള സത്യവിശ്വാസികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തട്ടെ - ആമീൻ.

والحمد لله اوّلا وآخرا– وله المنة والفضل

سورة لقمن

31. സൂറത്തു ലുക്വ്മാൻ

മക്കഃയിൽ അവതരിച്ചത് – വചനങ്ങൾ 34 – വിഭാഗം (റുകൂഉ്) 7

(27 മുതൽ മൂന്ന് വചനങ്ങൾ മദീനയിൽ അവതരിച്ചതാണെന്നും പക്ഷമുണ്ട്.)

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

الٓمٓ ﴿١﴾

(1) 'അലിഫ്- ലാം- മീം' (*)

تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡحَكِيمِ ﴿٢﴾

(2) വിജ്ഞാനപ്രദമായ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാണിവ.

هُدٗى وَرَحۡمَةٗ لِّلۡمُحۡسِنِينَ ﴿٣﴾

(3) നന്മ പ്രവർത്തിക്കുന്നവർക്ക് മാർഗദർശനവും കാരുണ്യവുമായിട്ടത്രെ (അത് സ്ഥിതി ചെയ്യുന്നത്).

ٱلَّذِينَ يُقِيمُونَ ٱلصَّلَوٰةَ وَيُؤۡتُونَ ٱلزَّكَوٰةَ وَهُم بِٱلۡأٓخِرَةِ هُمۡ يُوقِنُونَ ﴿٤﴾

(4) അതായത്: നമസ്കാരം നിലനിറുത്തുകയും സകാത്ത് കൊടുക്കുകയും ചെയ്യുന്നവർക്ക്. അവരാകട്ടെ, പരലോകത്തിൽ വിശ്വാസമുറപ്പിക്കുകയും ചെയ്യുന്നു (അങ്ങിനെയുള്ളവർക്ക്).

---

(1) الم 'അലിഫ്-ലാം-മീം' (2) تِلْكَ അവ, ഇവ, അത് آيَاتُ الْكِتَابِ വേദഗ്രന്ഥത്തിലെ സൂക്തങ്ങളാണ്, ലക്ഷ്യങ്ങളാണ് الْحَكِيمِ വിജ്ഞാനപ്രദമായ, യുക്തിപൂർണമായ (3) هُدًى മാർഗദർശനമായിട്ട് وَرَحْمَةً കാരുണ്യമായിട്ടും لِلْمُحْسِنِينَ നന്മ ചെയ്യുന്നവർക്ക്,

---

(*) ഇത്തരം അക്ഷരങ്ങളെക്കുറിച്ച് ഇതിന് മുമ്പ് പ്രതിപാദിച്ചിട്ടുണ്ട്.

സൽഗുണവാന്മാർക്ക് ﴾4﴿ الَّذِينَ അതായത് യാതൊരു കൂട്ടർ يُقِيمُونَ الصَّلَاةَ നമസ്കാരം നിലനിറുത്തുന്നു وَيُؤْتُونَ الزَّكَاةَ സകാത്ത് കൊടുക്കുകയും ചെയ്യുന്നു وَهُمْ അവരാകട്ടെ بِالْآخِرَةِ പരലോകത്തെക്കുറിച്ച് هُمْ يُوقِنُونَ അവർ വിശ്വാസമുറപ്പിക്കുന്നു, ഉറച്ചു വിശ്വസിക്കുന്നു

أُولَٰئِكَ عَلَىٰ هُدًى مِّن رَّبِّهِمْ ۖ وَأُولَٰئِكَ هُمُ الْمُفْلِحُونَ ﴿٥﴾

﴾5﴿ **അക്കൂട്ടർ, തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള നേർമാർഗത്തിലായിരിക്കും. അക്കൂട്ടർ, അവർ തന്നെയാണ് വിജയികളും.**

﴾5﴿ أُولَٰئِكَ അക്കൂട്ടർ عَلَىٰ هُدًى നേർമാർഗത്തിലാണ്, മാർഗദർശനമനുസരിച്ചാണ് مِّن رَّبِّهِمْ തങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള അക്കൂട്ടർ هُمُ അവർ തന്നെയാണ് الْمُفْلِحُونَ വിജയികൾ

വിശുദ്ധ ക്വുർആനിൽ നിരവധി വിജ്ഞാനങ്ങളും, യുക്തിതത്വങ്ങളും പ്രതിപാദിക്കപ്പെട്ടിട്ടുള്ളതുകൊണ്ടാണ് അതിന് الكتاب الحكيم (വിജ്ഞാനപ്രദമായ ഗ്രന്ഥം) എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഈ അധ്യായത്തിന്റെ ആരംഭത്തിൽ ക്വുർആനിന് ഈ വിശേഷണം നൽകിയത് ഈ അധ്യായത്തിൽ ചില പ്രത്യേക വിജ്ഞാന തത്വങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. മനുഷ്യർക്ക് ആകമാനം മാർഗദർശനം നൽകുവാൻ വേണ്ടിയാണ് ക്വുർആൻ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും, അവരിൽ നന്മ പ്രവർത്തിക്കുവാൻ സന്നദ്ധതയുള്ള സൽഗുണവാൻമാർക്ക് മാത്രമേ അതിന്റെ മാർഗദർശനം പ്രായോഗികഫലം ചെയ്യുകയുള്ളൂവെന്നത് സ്വാഭാവികമാണ്. നേരെമറിച്ച് ഹൃദയം കടുത്തവരും, പ്രവർത്തനം ദുഷിച്ചവരുമായ ആളുകൾക്ക് ക്വുർആൻ മുഖേന യാതൊരു നേട്ടവും ലഭിക്കുവാനില്ല. ഈ വസ്തുതയാണ് രണ്ടാമത്തെ വചനം ചൂണ്ടിക്കാട്ടുന്നത്. പ്രസ്തുത സൽഗുണവാന്മാരുടെ പ്രധാന ലക്ഷണങ്ങൾ മൂന്നാം വചനത്തിൽ വിവരിക്കുന്നു. അഞ്ചാമത്തെ വചനം അവരുടെ നേട്ടങ്ങളുടെ രത്നച്ചുരുക്കം വിവരിക്കുകയാണ്. എന്നാൽ, ക്വുർആന്റെ മാർഗദർശനം ലഭിക്കുവാനുള്ള ഭാഗ്യം ലഭിക്കാത്തവർ ആരായിരിക്കും? ഇത് അടുത്ത വചനങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.:-

وَمِنَ النَّاسِ مَن يَشْتَرِي لَهْوَ الْحَدِيثِ لِيُضِلَّ عَن سَبِيلِ اللَّهِ بِغَيْرِ عِلْمٍ وَيَتَّخِذَهَا هُزُوًا ۚ أُولَٰئِكَ لَهُمْ عَذَابٌ مُّهِينٌ ﴿٦﴾

﴾6﴿ **മനുഷ്യരിലുണ്ട് ചില ആളുകൾ: യാതൊരറിവും കൂടാതെ, അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) വഴിപിഴപ്പിക്കുകയും, അതിനെ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്വാനായി അവർ വിനോദവാർത്ത(കളെ) വാങ്ങുന്നു. അക്കൂട്ടരാകട്ടെ, അവർക്ക് നിന്ദ്യകരമായ ശിക്ഷയുണ്ട്.**

وَإِذَا تُتْلَىٰ عَلَيْهِ ءَايَٰتُنَا وَلَّىٰ مُسْتَكْبِرًا كَأَن لَّمْ يَسْمَعْهَا كَأَنَّ فِىٓ أُذُنَيْهِ وَقْرًا ۖ فَبَشِّرْهُ بِعَذَابٍ أَلِيمٍ ﴿٧﴾

﴾7﴿ (അങ്ങിനെയുള്ള) അവന് നമ്മുടെ 'ആയത്തുകൾ' ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, അവൻ ഗർവ്വ് നടിച്ചുകൊണ്ട് തിരിഞ്ഞുപോകുന്നതുമാണ്; അവനത് കേട്ടിട്ടില്ലാത്തത് പോലെ- (അഥവാ) അവന്റെ ഇരുകാതുകളിലും ഒരു (തരം) കട്ടിയുള്ളത്പോലെ! എന്നാൽ, (നബിയേ) വേദനയേറിയ ശിക്ഷയെപ്പറ്റി അവന് സന്തോഷവാർത്ത അറിയിക്കുക!

﴾6﴿ وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَن يَشْتَرِي വാങ്ങുന്ന ചിലർ لَهْوَ الْحَدِيثِ വിനോദവാർത്തയെ, അനാവശ്യ വർത്തമാനം لِيُضِلَّ അവൻ പിഴപ്പിക്കുവാൻ വേണ്ടി عَن سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് بِغَيْرِ عِلْمٍ യാതൊരറിവുമില്ലാതെ وَيَتَّخِذَهَا അതിനെ ആക്കുവാനും هُزُوًا പരിഹാസം, പരിഹാസ്യം أُولَٰئِكَ അക്കൂട്ടർ لَهُمْ അവർക്കുണ്ട് عَذَابٌ ശിക്ഷ مُهِينٌ നിന്ദ്യകരമായ, അപമാനപ്പെടുത്തുന്ന ﴾7﴿ وَإِذَا تُتْلَىٰ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ عَلَيْهِ അവന് آيَاتُنَا നമ്മുടെ ആയത്തുകൾ (ലക്ഷ്യങ്ങൾ, വേദവാക്യങ്ങൾ) وَلَّىٰ അവൻ തിരിഞ്ഞുപോകും مُسْتَكْبِرًا ഗർവ്വ് (അഹംഭാവം) നടിച്ചുകൊണ്ട് كَأَن لَّمْ يَسْمَعْهَا അവനത് കേൾക്കാത്തതുപോലെ كَأَنَّ فِي أُذُنَيْهِ അവന്റെ രണ്ട് കാതുകളിലുള്ള പ്രകാരം وَقْرًا ഒരു കട്ടി, ഭാരം فَبَشِّرْهُ എന്നാൽ അവന് സന്തോഷമറിയിക്കുക بِعَذَابٍ ശിക്ഷയെക്കുറിച്ച് أَلِيمٍ വേദനയേറിയ

لَهْو (ലഹ്‌വ്) എന്ന പദത്തിനാണ് ഇവിടെ 'വിനോദം' എന്ന് വിവർത്തനം നൽകിയിരിക്കുന്നത് . അത്യാവശ്യമായ കാര്യങ്ങളിൽ നിന്ന് ശ്രദ്ധയെ തിരിച്ചുവിടുന്നതോ, കേവലം രസത്തിനും ആനന്ദത്തിനും വേണ്ടി നടത്തപ്പെടുന്നതോ ആയ എല്ലാ കാര്യങ്ങൾക്കും ഉപയോഗിക്കുന്ന വാക്കാണ് 'ലഹ്‌വ്'. (*) രാക്കഥകൾ, നോവലുകൾ, പ്രേമസാഹിത്യങ്ങൾ, ചിരിക്കോപ്പുകൾ, വീണവാദ്യങ്ങൾ, സംഗീതാലാപങ്ങൾ, നൃത്തങ്ങൾ മുതലായവയും, നാടകങ്ങൾ, കഥകളികൾ, ഇന്നത്തെ ചലച്ചിത്രപ്രദർശനങ്ങൾ ആദിയായവയുമെല്ലാം 'വിനോദവാർത്ത' (لَهْوَ الْحَدِيثِ) കളിൽ ഉൾപ്പെടുന്നു. ഇബ്നു മസ്ഊദ് (റ), ഇബ്നു അബ്ബാസ് (റ), ജാബിർ (റ), ഇക്‌രിമഃ (റ), സഈദുബ്നു ജുബൈർ (റ), മുജാഹിദ് (റ), മക്ഹൂൽ (റ), അംറുബ്നു ശുഅയ്ബ് (റ), ഹസൻ (റ) തുടങ്ങിയ 'സ്വഹാബി'കളിലും 'താബിഉ'കളിലും ഉൾപ്പെട്ട പല മഹാന്മാരുടെയും പ്രസ്താവനകൾ പരിശോധിച്ചാൽ ഈ വാസ്തവം

(*) اللهو: ما يشغل الإنسان عما يعنيه ويهمه. (مفردات الراغب) مالهوت به وشغلك من هوى وطرب ونحوهما الشيء الذى يتلذذ به الإنسان فيلهيه (المنجد)

അറിയാവുന്നതാണ്. വേണ്ട, നാം ഇപ്പോൾ വായിച്ച ഇതേ ക്വുർആൻ വചനങ്ങൾ ഒന്ന് മനസ്സിരുത്തി വായിക്കുന്ന ഏതൊരു നിഷ്പക്ഷഹൃദയനും അത് ബോധ്യപ്പെടുന്നതാണ്. പക്ഷേ, ഈ ഉദാഹരണങ്ങളിൽ ചിലത് ചിലതിനെക്കാൾ ഗൗരവം കൂടിയതോ കുറഞ്ഞതോ ആയിരിക്കുമെന്നു മാത്രം.

'വിനോദവാർത്തയെ വാങ്ങുന്നവർ' (مَن يَشْتَرِي لَهْوَ الْحَدِيثِ) എന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട് അത് വിലക്ക് മേടിക്കുന്നവരോ, അതിനായി മുതൽമുടക്കുന്നവരോ മാത്രമാണ് ഉദ്ദേശ്യമെന്ന് കരുതേണ്ടതില്ല. ക്വത്താദഃ (റ) ചൂണ്ടിക്കാട്ടുന്നതുപോലെ, വിനോദത്തിൽ ഏർപ്പെടുന്നവർ എന്നേ അതിനർഥമുള്ളൂ. വില മുടക്കലുംകൂടി ഉണ്ടാകുന്നപക്ഷം അത് കൂടുതൽ ആക്ഷേപാർഹമായിരിക്കുകയും ചെയ്യും. ഏതായാലും, വിനോദങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നവർ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ക്രമേണ അകന്നുപോകുകയും, അതിനെ പുച്ഛവും പരിഹാസവുമാക്കിത്തീർക്കുകയും ചെയ്യുമെന്നത് സ്വാഭാവികം മാത്രമാണ്. അങ്ങിനെ സ്വയം ദുർമാർഗത്തിൽ ആപതിക്കുകയും, അചിരേണ മറ്റുള്ളവരെക്കൂടി വഴിപിഴപ്പിക്കുകയും ചെയ്യും. ഇത് കേവലം സങ്കൽമല്ല, അനുഭവങ്ങൾ സാക്ഷീകരിക്കുന്ന യാഥാർഥ്യം മാത്രമാകുന്നു. ഇങ്ങിനെയുള്ളവരെപ്പറ്റി 7-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ച സംഗതികൾ നോക്കുക! അതെ, അല്ലാഹുവിന്റെ വിധിവിലക്കുകളും, നിയമനിർദ്ദേശങ്ങളും നോക്കുവാനോ, അതനുസരിക്കുവാനോ അവർ തയ്യാറാകുന്നതല്ല. അത് കേൾക്കുന്നതുതന്നെ അവർക്ക് അറപ്പും വെറുപ്പുമായിരിക്കും. അതിന്റെ നേരെ പരിഹാസവും പ്രതിഷേധവും പ്രകടിപ്പിക്കുകയും ചെയ്യും. അതുകൊണ്ട് അല്ലാഹുവിന്റെ ഭാഗത്ത് നിന്ന് അവർക്ക് സന്തോഷവാർത്തയായി ലഭിക്കുവാൻ വല്ലതുമുണ്ടെങ്കിൽ അത് ഒരേ ഒരു കാര്യം മാത്രമാണ്. അതത്രെ നിന്ദ്യകരവും, വേദനയേറിയതുമായ ശിക്ഷ! അല്ലാഹു നമ്മെ രക്ഷിക്കട്ടെ. ആമീൻ.

ഈ വചനങ്ങളുടെ അവതരണ ഹേതുവായി പല മുഫസ്സിറുകളും ഉദ്ധരിക്കാറുള്ള ഒരു സംഭവത്തിന്റെ ചുരുക്കം ഇതാണ്: നള്റുബ്നുൽ ഹർഥ് (النضربن الحرث) കച്ചവടാർത്ഥം പേർഷ്യയിൽ പോകാറുണ്ടായിരുന്നു. അയാൾ അവിടെ നിന്ന് പല കഥാകൃതികളും വാങ്ങി കൊണ്ടുവരും. മുഹമ്മദ് നിങ്ങൾക്ക് ആദ്-സമൂദ് മുതലായവരുടെ കഥകൾ പറഞ്ഞു തരുന്നു വല്ലോ. എന്നാൽ, ഞാൻ നിങ്ങൾക്ക് കൊസ്റൂമാരുടെയും, റുസ്തം, ഇസ്ഫൻദിയാർ മുതലായ രാജാക്കളുടെയും കഥകൾ കേൾപ്പിക്കാം' എന്നും മറ്റും പ്രസ്താവിച്ചുകൊണ്ട് ക്വുറൈശികളുടെ സദസ്സിൽ അവ വായിപ്പിച്ച് കേൾപ്പിക്കും. വിശുദ്ധ ക്വുർആൻ കേൾക്കുന്നതിൽ നിന്ന് അവരുടെ ശ്രദ്ധ തിരിക്കുകയായിരുന്നു നള്റിന്റെ ഉദ്ദേശം. യഥാർത്ഥത്തിൽ അവതരണ ഹേതു എന്തുതന്നെ ആയികൊള്ളട്ടെ ആയത്തുകളുടെ വ്യക്തമായ അർത്ഥവ്യാപ്തിയിൽ ഉൾകൊള്ളുന്ന എല്ലാവിധ വിനോദങ്ങളും അതിൽ ഉൾപ്പെടുമെന്നതിൽ തർക്കമില്ല. കല, സൗന്ദര്യം, വിനോദം, സാഹിത്യം ആദിയായവയുടെ പേര് പറഞ്ഞുംകൊണ്ട് ഇന്ന് നമ്മുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന മിക്ക വിഷയങ്ങളും- അവയുടെ കർത്താക്കളും, ആരാധകൻമാരും, അനുഭാവികളും അവക്ക് എന്ത് ന്യായീകരണങ്ങൾ അവതരിപ്പിച്ചാലും, ശരി- മനുഷ്യന്റെ ധാർമിക ബോധവും, സ്വഭാവ ഗുണങ്ങളും നശിപ്പിച്ചു അവനെ മൃഗപ്രായമാക്കുന്നവയത്രെ. പക്ഷേ, അല്ലാഹുവിനെ കുറിച്ചും, സനാതന തത്വങ്ങളെ കുറിച്ചും ബോധ

വും, ബഹുമാനവുമുള്ളവർക്കേ ഈ നാശത്തിന്റെ ആഴം കണ്ടെത്തുവാൻ കഴിയുകയുള്ളൂ.

ഇന്നത്തെ കലാവിനോദങ്ങളിൽ കൂടുതൽ ആകർഷകങ്ങളായി ഗണിക്കപ്പെടുന്നത് അവയിലെ നാട്യം, അഭിനയം, നൃത്തം, കൃത്രിമ വേഷം, നഗ്നവേഷം, സംഗീതം ആദിയായവയാണല്ലോ. ഇവയെ സംബന്ധിച്ച് വന്നിട്ടുള്ള ചില പ്രമാണങ്ങൾ ഇവിടെ ഓർക്കുന്നത് സന്ദർഭോചിതമായിരിക്കും;

(١) عن ابن عباس رضي الله عنه قال لعن رسول الله ﷺ المتشبهين من الرجال بالنساء والمتشبهات من النساء بالرجال - البخاري

(٢) عن أبى هريره رضي الله عنه قال لعن رسول الله ﷺ الرجل يلبس لبسة المرأة والمرأة تلبس لبسة الرجل - أبو دود

(٣) عن أبى هريرة رضي الله عنه قال : قال رسول الله ﷺ صنفان من أهل النار لم أرهما قوم معهم سياط كأذناب البقر يضربون بها الناس وَ نِساء كاسيات عاريات مائلات مميلات رؤوسهن كأسنمة البخت المائلة لا يدخلن الجنة ولا يجدن ريحها.....- مسلم

സാരം: 1) ഇബ്നു അബ്ബാസ് (റ) പറയുന്നു: 'സ്ത്രീകളോട് സാദൃശ്യം വഹിക്കുന്ന-സ്ത്രീവേഷം ധരിക്കുന്ന-പുരുഷന്മാരെയും, പുരുഷൻമാരോട് സാദൃശ്യം വഹിക്കുന്ന-പുരുഷവേഷം സ്വീകരിക്കുന്ന-സ്ത്രീകളെയും റസൂൽ ﷺ തിരുമേനി ശപിച്ചിരിക്കുന്നു.' -ബുഖാരി,

2) അബൂഹുറയ്റഃ (റ) പറയുന്നു: 'സ്ത്രീകൾ ധരിക്കുന്ന പ്രകാരം വസ്ത്രധാരണം ചെയ്യുന്ന പുരുഷനെയും, പുരുഷൻ ധരിക്കുന്ന പ്രകാരം വസ്ത്രധാരണം ചെയ്യുന്ന സ്ത്രീയെയും റസൂൽ ﷺ ശപിച്ചിരിക്കുന്നു.'- അബൂദാവൂദ്.

3) റസൂൽ ﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ) ഉദ്ധരിക്കുന്നു: 'നരകത്തിന്റെ ആൾക്കാരിൽപെട്ട രണ്ടുതരക്കാരെ ഞാൻ കാണുകയുണ്ടായിട്ടില്ല. (അവർ പിന്നീട് വരാനിരിക്കുന്നു.) പശുക്കളുടെ വാലുപോലെയുള്ള (തലപ്പത്ത് ഒരുതരം പൊടുപ്പുവെച്ച) ചമ്മട്ടികൾ കൈവശംവെച്ച് അവകൊണ്ട് ജനങ്ങളെ അടിക്കുന്ന ജനതയാണ് (അക്രമികളായ അധികാരസ്ഥൻമാരാണ്) ഒന്ന്. വസ്ത്രംധരിച്ച നഗ്നകളും (നാമമാത്ര വസ്ത്രധാരിണികളും) കുണുങ്ങി നടക്കുന്നവരും, വശീകരിക്കുന്നവരുമായ സ്ത്രീകളാണ് മറ്റൊന്ന്. ഇവരുടെ തലകൾ (വികൃത വേഷം നിമിത്തം) തടിച്ച ഒട്ടകത്തിന്റെ (കൊഴുത്തു) മറിഞ്ഞ പൂഞ്ഞകൾ പോലെയായിരിക്കും. ഇവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല; അതിന്റെ പരിമളം അവർക്ക് ലഭിക്കുകയുമില്ല.... മുസ്ലിം).

കൃത്രിമ മുടി കൂട്ടിച്ചേർക്കുകയോ, ചേർത്തുകൊടുക്കുവാനാവശ്യപ്പെടുകയോ ചെയ്യുന്ന

സ്ത്രീകളെയും, പച്ചകുത്തുക, ഭംഗിക്കുവേണ്ടി പല്ലുകൾ രാവി വിടവുണ്ടാക്കുക മുതലായ പ്രവൃത്തികൾ മുഖേന അല്ലാഹു നൽകിയ പ്രകൃതിരൂപത്തിന് വ്യത്യാസം വരുത്തുന്ന സ്ത്രീകളെയും നബി ﷺ ശപിച്ചിട്ടുള്ളതായി അബ്ദുല്ലാഹിബ്നു ഉമർ (റ), അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) എന്നീ സ്വഹാബികളുടെ പ്രസ്താവന ഇമാം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്. വെള്ളം കൃഷിയെ ഉല്പാദിപ്പിക്കുന്ന പ്രകാരം സംഗീതം ഹൃദയത്തിൽ കപടവിശ്വാസത്തെ ഉൽപാദിപ്പിക്കുന്നതാണ്' എന്ന് നബി ﷺ പ്രസ്താവിച്ചതായി ജാബിർ (റ) പറഞ്ഞുവെന്ന് ഇമാം ബൈഹകി **شعب الإيمان** ൽ ഉദ്ധരിച്ചിരിക്കുന്നു. ഇമാം അഹ്മദ് (റ) ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം പറഞ്ഞതായി കാണാം: 'എന്നെ ലോകർക്ക് കാരുണ്യമായും, ലോകർക്ക് മാർഗദർശനമായും അല്ലാഹു നിയോഗിച്ചിരിക്കുന്നു. കൊട്ടുമേളങ്ങളെയും, കുഴൽവാദ്യങ്ങളെയും, വിഗ്രഹങ്ങളെയും, കുരിശുകളെയും തുടച്ചുനീക്കുവാനും എന്നോട് കൽപിച്ചിരിക്കുന്നു..... ' ഈ ആയത്തിൽ പ്രസ്താവിച്ച 'വിനോദവാർത്ത' (لَهْوَ ٱلْحَدِيثِ) യെക്കുറിച്ച് ചോദിക്കപ്പെട്ടപ്പോൾ ഇബ്നു മസ്ഊദ് (റ) സത്യം ചെയ്തുകൊണ്ട് പറഞ്ഞ മറുപടി **الغناء**(അത് സംഗീതമാണ്.) എന്നായിരുന്നു. (رواه ابن جرير) അതിലെ പ്രധാന ഇനം അതാണെന്ന് സാരം.

സംഗീതത്തെക്കുറിച്ച് യസീദ്ബ്നുൽവലീദ് (يزيدبن الوليد الناقص) ന്റെ ഒരു പ്രസ്താവന എത്ര വാസ്തവം! അദ്ദേഹം തന്റെ ഗോത്രക്കാരോടായി പറയുകയാണ്: ഉമയ്യഃ ഗോത്രമേ, സംഗീതത്തെ സൂക്ഷിച്ചുകൊള്ളുക! അത് ലജ്ജയെ ക്ഷയിപ്പിക്കുന്നു, ദേഹേച്ഛയെ വർധിപ്പിക്കുന്നു, മനുഷ്യത്വം നശിപ്പിക്കുന്നു, മദ്യത്തെ പ്രതിനിധീകരിക്കുന്നു, മത്തൻമാരെപ്പോലെ പ്രവർത്തിപ്പിക്കുന്നു! കൂടാതെ കഴിയാത്തപക്ഷം, സ്ത്രീകളെയെങ്കിലും അതിൽ സംബന്ധിക്കാനനുവദിക്കരുത്. (رواه البيهقي وابن ابى الدنيا) സ്ത്രീപുരുഷ സമ്പർക്കത്തോടുകൂടിയതും, കാമവികാരങ്ങളെ ഇളക്കിത്തീർക്കുന്നതും, മനുഷ്യന്റെ മാനവും, ഉൽകൃഷ്ടവുമായ സ്വഭാവഗുണങ്ങളെ ഹനിച്ചുകളയുന്നതുമായ വിഷയങ്ങളെ ആക്ഷേപിക്കുന്ന മഹദ്വാക്യങ്ങളും, ഉദ്ധരണികളും പലതും കാണാം. ദൈർഘ്യം ഭയന്ന് മതിയാക്കുകയാണ്. വിവാഹം, പെരുന്നാൾ, മുതലായ സന്ദർഭങ്ങളിൽ പരിമിതമായ അളവിൽ വിനോദങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടെന്നത് വാസ്തവമത്രെ. ഇതൊഴിവാക്കിയാൽ, വിനോദങ്ങളെ പൊതുവിൽ നിരുൽസാഹപ്പെടുത്തുകയാണ് ഇസ്‌ലാം ചെയ്തിട്ടുള്ളത് എന്ന് കാണാം. അവയിൽ കൂടുതൽ ദോഷകരമായതിനെ തീരെ വിരോധിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നത് നോക്കുക:

وَمَا الْحَيَاةُ الدُّنْيَا إِلاّ لَعِبٌ وَلَهْوٌ وَلَلدّارُ الآخِرَةُ خَيْرٌ لِلّذِينَ يَتَّقُونَ أَفَلاَ تَعْقِلُونَ– الأنعام

(ഐഹിക ജീവിതമെന്നത് വിളയാട്ടും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. സൂക്ഷിക്കുന്ന ആളുകൾക്ക് പരലോകമത്രെ ഉത്തമമായത്. അപ്പോൾ നിങ്ങൾ ബുദ്ധി കൊടുക്കുന്നില്ലേ?!) വിനോദങ്ങളിലൊന്നും ലയിക്കാതെ സൽക്കർമങ്ങൾ സമ്പാദിച്ചുവെക്കുന്നവർക്ക് ആനന്ദത്തിന്റെ അനുഗൃഹീത സ്വർഗം അല്ലാഹു വാഗ്ദത്തം ചെയ്യുന്നു.

إِنَّ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَهُمْ جَنَّٰتُ ٱلنَّعِيمِ ﴿٨﴾

﴾8﴿ നിശ്ചയമായും, വിശ്വസിക്കുകയും, സല്‍ക്കര്‍മ്മങ്ങള്‍ പ്രവര്‍ത്തിക്കുകയും ചെയ്തിട്ടുള്ളവരാകട്ടെ, അവര്‍ക്ക് സുഖാനുഭൂതിയുടെ സ്വര്‍ഗങ്ങളുണ്ട്:-

خَٰلِدِينَ فِيهَا ۖ وَعْدَ ٱللَّهِ حَقًّا ۚ وَهُوَ ٱلْعَزِيزُ ٱلْحَكِيمُ ﴿٩﴾

﴾9﴿ അവരതില്‍ നിത്യവാസികളായിക്കൊണ്ട് (ജീവിക്കും). അല്ലാഹുവിന്‍റെ യഥാര്‍ഥമായ വാഗ്ദാനം! അവനത്രെ പ്രതാപശാലിയും, അഗാധജ്ഞാനിയുമായുള്ളവന്‍.

خَلَقَ ٱلسَّمَٰوَٰتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ وَأَلْقَىٰ فِى ٱلْأَرْضِ رَوَٰسِىَ أَن تَمِيدَ بِكُمْ

﴾10﴿ നിങ്ങള്‍ക്ക് കാണാവുന്ന തൂണുകളൊന്നും കൂടാതെ അവന്‍ ആകാശങ്ങളെ സൃഷ്ടിച്ചിരിക്കുന്നു. ഭൂമി നിങ്ങളെയും കൊണ്ട് ചരിഞ്ഞുപോകുമെന്നതിനാല്‍, ഉറച്ച മലകളെ അതില്‍ അവന്‍ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു.

وَبَثَّ فِيهَا مِن كُلِّ دَآبَّةٍ ۚ وَأَنزَلْنَا مِنَ ٱلسَّمَآءِ مَآءً فَأَنۢبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿١٠﴾

അതില്‍ എല്ലാ (തരം) ജീവജന്തുക്കളെയും വിതരണം ചെയ്കയും ചെയ്തിരിക്കുന്നു. ആകാശത്തുനിന്ന് നാം [അല്ലാഹു] വെള്ളം ഇറക്കി; എന്നിട്ട് മാന്യമായ [വിശിഷ്ടമായ] എല്ലാ ഇണകളെയും നാം അതില്‍ മുളപ്പിക്കുകയും ചെയ്തു.

هَٰذَا خَلْقُ ٱللَّهِ فَأَرُونِى مَاذَا خَلَقَ ٱلَّذِينَ مِن دُونِهِۦ ۚ بَلِ ٱلظَّٰلِمُونَ فِى ضَلَٰلٍ مُّبِينٍ ﴿١١﴾

﴾11﴿ ഇത് (ഒക്കെയും) അല്ലാഹുവിന്‍റെ സൃഷ്ടിയാകുന്നു. എന്നാല്‍, അവന് പുറമെയുള്ളവര്‍ സൃഷ്ടിച്ചിട്ടുള്ളതെന്താണെന്ന് നിങ്ങളെനിക്ക് കാണിച്ചുതരിക! പക്ഷേ, അക്രമകാരികള്‍ വ്യക്തമായ ദുര്‍മാര്‍ഗത്തിലാകുന്നു.

﴾8﴿ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ آمَنُوا വിശ്വസിച്ചു وَعَمِلُوا പ്രവർത്തിക്കു
കയും ചെയ്തു الصَّالِحَاتِ സൽക്കർമ്മങ്ങൾ لَهُمْ അവർക്കുണ്ട് جَنَّاتُ النَّعِيمِ സുഖാനുഭൂതിയുടെ
(അനുഗ്രഹവർഷത്തിന്റെ) സ്വർഗങ്ങൾ ﴾9﴿ خَالِدِينَ فِيهَا അതിൽ നിത്യവാസികളായ നില
യിൽ وَعْدَ اللَّهِ അല്ലാഹുവിന്റെ വാഗ്ദാനം حَقًّا യഥാർഥമായ, സത്യമായും وَهُوَ അവൻ
الْعَزِيزُ പ്രതാപശാലിയത്രെ الْحَكِيمُ അഗാധജ്ഞനായ, തത്വജ്ഞനായ ﴾10﴿ خَلَقَ السَّمَاوَاتِ
ആകാശങ്ങളെ അവൻ സൃഷ്ടിച്ചിരിക്കുന്നു بِغَيْرِ عَمَدٍ തൂണുകളൊന്നും കൂടാതെ تَرَوْنَهَا
നിങ്ങൾ കാണുന്ന وَأَلْقَىٰ അവൻ ഇടുക (സ്ഥാപിക്കുക) യും ചെയ്തു فِي الْأَرْضِ ഭൂമിയിൽ
رَوَاسِيَ ഉറച്ച മലകളെ, ആണികളെ أَنْ تَمِيدَ അത് ചരിഞ്ഞുപോകുമെന്നതിനാൽ (മറിഞ്ഞുപോ
കാതിരിക്കുന്നതിന്) بِكُمْ നിങ്ങളെയും കൊണ്ട് وَبَثَّ فِيهَا അതിൽ പരത്തുക (വിത
രണം ചെയ്യുക)യും ചെയ്തു مِنْ كُلِّ دَابَّةٍ എല്ലാ ജന്തുക്കളെയും, ജന്തുക്കളിൽനിന്ന് وَأَنْزَلْنَا
നാം ഇറക്കുകയും ചെയ്തു مِنَ السَّمَاءِ ആകാശത്തുനിന്ന് مَاءً വെള്ളം, ജലം فَأَنْبَتْنَا എന്നിട്ട്
നാം മുളപ്പിച്ചു, ഉൽപാദിപ്പിച്ചു فِيهَا അതിൽ مِنْ كُلِّ زَوْجٍ എല്ലാ ഇണകളെയും, ഇണക
ളിൽനിന്നും كَرِيمٍ മാന്യമായ, വിശേഷപ്പെട്ട ﴾11﴿ هَٰذَا ഇത് خَلْقُ اللَّهِ അല്ലാഹുവിന്റെ
സൃഷ്ടിയാണ് فَأَرُونِي എന്നാൽ നിങ്ങളെനിക്ക് കാട്ടിത്തരുക مَاذَا خَلَقَ എന്ത് സൃഷ്ടിച്ചു
വെന്ന് الَّذِينَ യാതൊരു കൂട്ടർ مِنْ دُونِهِ അവന് പുറമെയുള്ള بَلِ പക്ഷേ, എങ്കിലും الظَّالِمُونَ
അക്രമകാരികൾ فِي ضَلَالٍ ദുർമാർഗത്തിലാണ്, വഴിപിഴവിലാണ് مُبِينٍ വ്യക്തമായ

'നിങ്ങൾക്ക് കാണാവുന്ന തൂണുകൾ കൂടാതെ (بِغَيْرِ عَمَدٍ تَرَوْنَهَا) എന്ന് പറയുമ്പോൾ കാണപ്പെടാത്ത ഏതോ തൂണുണ്ടാവാമെന്ന് വരുന്നു. അതെ, അല്ലാഹുവിന്റെ ശക്തി (القدرة) യാകുന്ന തൂണിന്മേലത്രെ അഖിലാണ്ഡം സ്ഥിതി ചെയ്യുന്നത്. ഓരോ ആകാശവും, ഓരോ ഗോളവും അല്ലാഹു അതതിന് നിശ്ചയിച്ചിട്ടുള്ള വെപ്പും നിലയും തെറ്റാതെ നില കൊള്ളുന്നു. ശാസ്ത്രജ്ഞന്മാർ ഈ തൂണിന് ആകർഷണശക്തി എന്ന് പറഞ്ഞു തൃപ്തിയട യുന്നു. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം പ്രസ്തുത തൂൺ നഷ്ടപ്പെടുകയും, അവയുടെ നില അവതാളത്തിലാകുകയും ചെയ്യും. ഭൂമിക്ക് ചരിവും, മറിവും ബാധിക്കാതിരിക്കുവാനാ യിട്ടത്രെ അല്ലാഹു അതിൽ വമ്പിച്ച പർവ്വതങ്ങളെ സ്ഥാപിച്ചു തൂക്കം ശരിപ്പെടുത്തിവെച്ചിരിക്കു ന്നത്. ഇത് ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്ന ഒരു തത്വമാണ്.

ജീവിതത്തിന് അത്യന്താപേക്ഷിതവും, മനുഷ്യൻ സദാ ആസ്വദിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളിൽ വളരെ പ്രധാനവുമാണല്ലോ മഴവർഷവും സസ്യോൽപാദനവും. ഈ അനുഗ്രഹങ്ങളെക്കുറിച്ച് പ്രസ്താവിക്കുമ്പോഴൊക്കെ -വാചകഘടന പ്രഥമപുരുഷ (غائب) രൂപത്തിലാകുമ്പോഴും- 'നാം ഇറക്കി', 'നാം മുളപ്പിച്ചു' (فَأَنْبَتْنَا) എന്നിങ്ങിനെ ഉത്തമ (متكلم) രൂപത്തിലാണ് ഖുർആൻ അത് പ്രസ്താവിക്കാറുള്ളത്. പ്രസ്തുത അനുഗ്രഹത്തെ ക്കുറിച്ച് മനുഷ്യന് നന്ദിയും അല്ലാഹുവിനെക്കുറിച്ചുള്ള ഓർമയും ഉണ്ടായിരിക്കണമെന്നത്രെ ആ പ്രയോഗം സൂചിപ്പിക്കുന്നത്.

വിഭാഗം - 2

وَلَقَدْ ءَاتَيْنَا لُقْمَٰنَ ٱلْحِكْمَةَ أَنِ ٱشْكُرْ لِلَّهِ ۚ وَمَن يَشْكُرْ فَإِنَّمَا يَشْكُرُ لِنَفْسِهِۦ ۖ وَمَن كَفَرَ فَإِنَّ ٱللَّهَ غَنِىٌّ حَمِيدٌ ﴿١٢﴾

﴾12﴿ ലുക്വ്മാന്ന് നാം വിജ്ഞാനം നൽകുകയുണ്ടായിട്ടുണ്ട്- 'അല്ലാഹുവിന്ന് നീ നന്ദി ചെയ്യണം'. എന്ന്.

ആർ (അല്ലാഹുവിന്) നന്ദി കാണിക്കുന്നുവോ അവൻ തനിക്കുവേണ്ടിത്തന്നെയാണ് നന്ദി കാണിക്കുന്നത്. ആരെങ്കിലും നന്ദികേട് കാണിക്കുന്നതായാലോ, എന്നാൽ നിശ്ചയമായും അല്ലാഹു ധന്യനാണ്, സ്തുത്യർഹനാണ്.

﴾12﴿ وَلَقَدْ آتَيْنَا തീർച്ചയായും നാം കൊടുക്കുകയുണ്ടായി لُقْمَانَ ലുക്വ്മാന് الْحِكْمَةَ വിജ്ഞാനം,തത്വജ്ഞാനം أَنِ اشْكُرْ നീ നന്ദി ചെയ്യണമെന്ന് لِلَّهِ അല്ലാഹുവിന് وَمَنْ يَشْكُرْ ആരെങ്കിലും നന്ദി ചെയ്യുന്നതായാൽ فَإِنَّمَا يَشْكُرُ എന്നാൽ അവൻ നിശ്ചയമായും നന്ദി ചെയ്യുന്നു لِنَفْسِهِ തനിക്കുവേണ്ടിതന്നെ وَمَنْ كَفَرَ ആരെങ്കിലും നന്ദികേട് ചെയ്താൽ, അവിശ്വസിച്ചാൽ فَإِنَّ اللَّهَ എന്നാൽ നിശ്ചയമായും അല്ലാഹു غَنِيٌّ ധന്യനാണ്, അനാശ്രയനാണ് حَمِيدٌ സ്തുത്യർഹനാണ്.

'ലുക്വ്മാനുൽ ഹകീം' (لقمان الحكيم) അഥവാ വിജ്ഞാനിയായ ലുക്വ്മാൻ എന്ന പേർ പരക്കെ ഇന്നും പ്രചാരത്തിലുണ്ട്. ക്വുർആൻ അവതരിച്ച കാലത്തും ആ നാമം പ്രചാരത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിജ്ഞാനമൊഴി (*) കളായി പല നീതിവാക്യങ്ങളും ഗ്രന്ഥങ്ങളിൽ സ്ഥലംപിടിച്ചുകാണാം. ഇദ്ദേഹം ഏത് കാലക്കാരനും ദേശക്കാരനുമായിരുന്നുവെന്നുള്ളതിൽ പല അഭിപ്രായങ്ങൾ കാണാം. പക്ഷേ ഒന്നിനും മതിയായ തെളിവുകളില്ല. ഏതായാലും ബുദ്ധിയും, വിവേകവും, ജ്ഞാനവും തികഞ്ഞ ഒരു മഹാനായിരുന്നു അദ്ദേഹമെന്നതിൽ സംശയമില്ല.

അദ്ദേഹം ഒരു പ്രവാചകനായിരുന്നുവെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും അതിനും സ്വീകാര്യമായ തെളിവുകൾ ഒന്നും കാണുന്നില്ല. പ്രവാചകനായിരുന്നില്ല-മഹാവിജ്ഞാനിയായിരുന്ന ഒരു മഹാനായിരുന്നു-എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. ലുക്വ്മാന് നാം വിജ്ഞാനം നൽകിയിട്ടുണ്ടെന്ന് അല്ലാഹു നൽകിയ കീർത്തിപത്രവും തുടർന്നുള്ള ആയത്തുകളിൽ അദ്ദേഹത്തെക്കുറിച്ച് ചെയ്ത പ്രസ്താവനകളും അദ്ദേഹത്തിന്റെ മഹത്വത്തിന് ധാരാളം മതിയായ ലക്ഷ്യങ്ങളാണ്. സൂറത്തുൽ ബക്വറഃയിൽ അല്ലാഹു പറയുന്നു:

(*) 'മൗനം ഒരു വിജ്ഞാനമാണ്. അത് പ്രവർത്തനത്തിൽ വരുത്തുന്നവർ കുറവാണ്' (الصمت حكمة وقليل فاعله) എന്നും, 'മകനേ, നീ മധുരമായിരിക്കരുത്-നിന്നെ വിഴുങ്ങിയേക്കും, നീ കയ്പുമായിരിക്കരുത്-നിന്നെ തുപ്പിക്കളഞ്ഞേക്കും' (يا بنى لا تكن حلوا فتبتلع ولا تكن مرا فتلفظ) എന്നും മറ്റും അദ്ദേഹത്തിന്റെ മൊഴികളായി രേഖപ്പെടുത്തപ്പെടുന്നു.

يُؤْتِي ٱلْحِكْمَةَ مَن يَشَآءُ ۚ وَمَن يُؤْتَ ٱلْحِكْمَةَ فَقَدْ أُوتِيَ خَيْرًا كَثِيرًا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَٰبِ-البقرة: ٢٦٩

(അവൻ-അല്ലാഹു-ഉദ്ദേശിക്കുന്നവർക്ക് അവൻ വിജ്ഞാനം നൽകുന്നു. ആർക്ക് വിജ്ഞാനം നൽക പ്പെടുന്നുവോ അവന് അധികരിച്ച നന്മ നൽകപ്പെട്ടുപോയി!)

ലുക്വ്മാൻ (റ) ന്ന് ലഭിച്ച വിജ്ഞാനവും തത്വചിന്തയും-ഇന്നറിയപ്പെടുന്ന പല തത്വ ശാസ്ത്ര നിപുണന്മാരെപ്പോലെ-അദ്ദേഹത്തെ എത്തിച്ചത് ദൈവനിഷേധത്തിലേക്കോ, ആദ്ധ്യാത്മിക ചിന്താനിരാകരണത്തിലേക്കോ ആയിരുന്നില്ല. നേരെമറിച്ച് അദ്ദേഹത്തിന്റെ വിജ്ഞാനം അദ്ദേഹത്തെ നയിച്ചത് അല്ലാഹുവിന്റെ മഹത്വങ്ങളും, അവന്റെ പ്രീതിമാർഗവും മനസ്സിലാക്കുന്നതിലേക്കും, അവനോട് കൂറും ഭക്തിയും കാണിക്കുന്നതിലേക്കുമായിരുന്നു. ആ വിജ്ഞാനത്തിന്റെ രത്നച്ചുരുക്കം- അഥവാ ആകെത്തുക-അല്ലാഹുവിന് നന്ദിചെയ്യണം (ان اشكر لله) എന്നുള്ളതായിരുന്നു. കൂടുതലുള്ളതെല്ലാം ഈ മൂലവിജ്ഞാനത്തിന്റെ വിശദാംശങ്ങ ളാകുന്നു. ലോകസ്രഷ്ടാവിന്റെ നിഷേധത്തിൽ അധിഷ്ഠിതമായ ആധുനിക സാങ്കേതിക തത്വശാസ്ത്രക്കാരുടെ നന്ദികെട്ട വിജ്ഞാനവും, ലുക്വ്മാന്റെ നന്ദിയുടെ നന്ദിയാകുന്ന വിജ്ഞാ നവും തമ്മിലുള്ള അന്തരത്തെക്കുറിച്ച് ആയത്തിലെ തുടർന്നുള്ള രണ്ട് കനത്ത വാക്യങ്ങളിൽ അല്ലാഹു ചൂണ്ടിക്കാട്ടിയത് നോക്കുക! ലുക്വ്മാൻ (റ) തന്റെ മകന് നൽകിയ ഏതാനും സാരോപദേശങ്ങൾ അടുത്ത ചില വചനങ്ങളിൽ അല്ലാഹു ഉദ്ധരിക്കുന്നു.

وَإِذْ قَالَ لُقْمَٰنُ لِٱبْنِهِۦ وَهُوَ يَعِظُهُۥ يَٰبُنَيَّ لَا تُشْرِكْ بِٱللَّهِ ۖ إِنَّ ٱلشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾

﴾13﴿ ലുക്വ്മാൻ, തന്റെ മകനോട് അദ്ദേഹം അവന് സദുപദേശം നൽകി ക്കൊണ്ടിരിക്കവെ പറഞ്ഞ സന്ദർഭം (ഓർക്കുക): 'എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവിനോട് പങ്കുചേർക്കരുത്. നിശ്ച യമായും (അവനോട്) പങ്കുചേർക്കൽ വമ്പിച്ച അക്രമമത്രെ.'

﴾13﴿ وَإِذْقَالَ പറഞ്ഞ സന്ദർഭം, പറഞ്ഞപ്പോൾ لُقْمَانُ ലുക്വ്മാൻ لِابْنِهِ തന്റെ മകനോട് وَهُوَ അദ്ദേഹം يَعِظُهُ അവന് സദുപദേശം നൽകിക്കൊണ്ടിരിക്കെ يَابُنَيَّ എന്റെ കുഞ്ഞു (ഓമന) മകനേ لَاتُشْرِكْ നീ പങ്കുചേർക്കരുത്, ശിർക്ക് ചെയ്യരുത് بِاللَّهِ അല്ലാഹുവിൽ إِنَّ الشِّرْكَ നിശ്ചയ മായും ശിർക്ക് لَظُلْمٌ അക്രമം തന്നെ عَظِيمٌ വമ്പിച്ച

ഉപദേശങ്ങളിൽ വെച്ച് ഏറ്റവും പ്രധാനപ്പെട്ടത് ശിർക്കിൽ അകപ്പെടാതിരിക്കുവാനും, തൗഹീദിൽ ചരിക്കുവാനുമുള്ള ഉപദേശമാകുന്നു. തൗഹീദിന്റെ അടിസ്ഥാനത്തിലല്ലാതെയുള്ള ഏത് നന്മയും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. അതുകൊണ്ടാണ് ലുക്വ്മാൻ (റ) തന്റെ മകനോട് ഒന്നാമതായി ഈ ഉപദേശം നൽകുന്നത്. മാതാപിതാക്കൾ തങ്ങളുടെ സന്താന ങ്ങൾക്ക് സദുപദേശങ്ങൾ വഴി മതശിക്ഷണം നൽകിക്കൊണ്ടിരിക്കേണ്ടതിന്റെ ആവശ്യകത, അവരുടെ ആദ്ധ്യാത്മിക നില നന്നാക്കുന്നതിൽ മാതാപിതാക്കൾക്കുള്ള കടമ, ഉപദേശങ്ങളിൽ മുൻഗണന നൽകേണ്ടുന്ന കാര്യങ്ങൾ, ഉപദേശവേളയിൽ അനുവർത്തിക്കേണ്ടുന്ന നയവും സൗമ്യതയും എന്നിങ്ങനെ പലതും അദ്ദേഹത്തിന്റെ ഉപദേശങ്ങളിൽ നിന്ന് നമുക്ക് മനസ്സി ലാക്കാം. ഓരോ വിഷയവും അദ്ദേഹം മകന്റെ മുമ്പിൽ വെക്കുന്നത്, 'എന്റെ കുഞ്ഞുമകനേ' (يا بني) എന്ന സംബോധനയോടുകൂടിയാണ്. ഓരോന്നും അവതരിപ്പിക്കുന്നത്, ഹൃദ്യ മായ ഭാഷയിലും, ഓരോന്നിന്റെയും സമാപനമാകട്ടെ, യുക്തിപൂർവം കാര്യകാരണത്തോ ടുകൂടിയും! (13, 16, 17, 18, 19 വചനങ്ങൾ നോക്കുക.) ഹാ, എത്ര ആകർഷണീയം! എന്തൊരു മാതൃക!

മാതാപിതാക്കൾ മക്കളുടെ ജനയിതാക്കളും രക്ഷിതാക്കളുമാണ്. അവർക്ക് പ്രകൃത്യാ മക്കളോട് അളവറ്റ വാൽസല്യവും കൃപയും ഉണ്ടായിരിക്കും. ആകയാൽ, അവർ മറ്റാരെക്കാളും അവരുടെ ഗുണകാംക്ഷികളായിരിക്കുമെന്നതും സ്വാഭാവികമാണ്. പക്ഷേ, മാതാപിതാക്കളുടെ സ്ഥിതിഗതികൾക്കനുസരിച്ച് അതിന്റെ നിർവ്വഹണത്തിലും, പ്രയോഗത്തിലും വ്യത്യാസം ഉണ്ടായിരിക്കുമെന്ന് മാത്രം. എന്നാൽ, മാതാപിതാക്കളിൽ പ്രകൃത്യാ നൽകപ്പെട്ടിരിക്കുന്ന ആ പ്രേരണകൊണ്ട് ഇസ്‌ലാം മതിയാക്കുന്നില്ല. മക്കൾക്ക് വേണ്ടുന്ന ശിക്ഷണങ്ങളും, മാർഗദർശനങ്ങളും നൽകുന്നതും, അവരെ സൽപന്ഥാവിൽ വളർത്തുന്നതും മതദൃഷ്ട്യാ രക്ഷിതാക്കളുടെ ഒഴിച്ചുകൂടാത്ത കടമകൂടിയാകുന്നു. ഈ വസ്തുത പല ക്വുർആൻ വാക്യങ്ങളിൽ നിന്നും, നബിവാക്യങ്ങളിൽ നിന്നും പരക്കെ അറിയപ്പെട്ടിട്ടുള്ളതാണല്ലോ.

ഇതിന് ഒരു മറുവശമുണ്ട്. മക്കളുടെ പേരിൽ മാതാപിതാക്കൾക്കുള്ള വാത്സല്യത്തിന്റെയും, ഗുണകാംക്ഷയുടെയും ആഴമാകട്ടെ, തങ്ങൾക്കുവേണ്ടി അവർ അനുഭവിക്കേണ്ടി വന്നിട്ടുള്ള യാതനകളുടെ അളവുകളാകട്ടെ ശരിക്കു മനസ്സിലാക്കുവാൻ മക്കൾക്ക് സാധിക്കുന്നതല്ല. സാധിച്ചാൽ തന്നെയും അതിന് തികച്ചും അനുയോജ്യമായ പ്രതിഫലം നൽകി ആ കടപ്പാട് തീർക്കുവാൻ അവർക്ക് അസാധ്യമാവുന്നു. മാതാപിതാക്കളെ വല്ലവരുടെയും അടിമകളായി കണ്ടെത്തുകയും, അപ്പോൾ അവരെ വിലകൊടുത്തു വാങ്ങി സ്വതന്ത്രരാക്കി വിടുകയും ചെയ്യുന്നതായാലല്ലാതെ, മാതാപിതാക്കൾക്ക് പ്രതിഫലം കൊടുക്കുവാൻ മക്കൾക്ക് സാധ്യമല്ല' എന്ന നബിവചനം (لا يجزى ولد والدا الا ان يجده مملوكا فيشتريه فيعتقه - رواه مسلم) ഇവിടെ സ്മരണീയമാകുന്നു.

ചുരുക്കിപ്പറഞ്ഞാൽ മാതാപിതാക്കളുടെ പേരിലുള്ള കടപ്പാടിനെക്കാൾ എത്രയോ വമ്പിച്ചതാണ് മക്കൾക്ക് അവരുടെ നേരെയുള്ള കടപ്പാട്. അതുകൊണ്ടാണ് ഈ വശത്തെക്കുറിച്ച് ക്വുർആനും, നബിവചനങ്ങളും കൂടുതൽ ശക്തമായ ഭാഷയിൽ ആവർത്തിച്ചാവർത്തിച്ചു ഉൽബോധനം നൽകുന്നതും. പലപ്പോഴും ശിർക്കിനെക്കുറിച്ച് താക്കീത് ചെയ്തതിന്റെ തൊട്ടടുത്ത വാചകം ക്വുർആനിൽ മാതാപിതാക്കളെ സംബന്ധിച്ച ഉപദേശമായിരിക്കും. മാത്രമല്ല, ചിലപ്പോൾ അല്ലാഹുവിന്റെ ഒരു പ്രത്യേക ആജ്ഞാനിർദേശം (വസ്വിയ്യത്ത്) കൂടിയാണതെന്ന മുഖവുരയും അതൊന്നിച്ചു കാണാം. (അടുത്ത ആയത്തും, സൂ: ഇസ്റാഉ് 23; സൂ: അൻകബൂത്ത് 8:സൂ: അഹ്ക്വാഫ് 15 എന്നിവയും ഇതിന് ഉദാഹരണമാണ്.) ലുക്വ്മാൻ (റ) ചെയ്ത ഒന്നാമത്തെ ഉപദേശം ഉദ്ധരിച്ചശേഷം -അടുത്ത ഉപദേശം ഉദ്ധരിക്കുന്നതിന് മുമ്പായി-അല്ലാഹു മനുഷ്യരോടാകമാനം ചെയ്യുന്ന വസ്വിയ്യത്തിൽ മാതാപിതാക്കൾക്ക് കൽപിക്കുന്ന സ്ഥാനം എന്തുമാത്രമാണെന്ന് പരിശോധിച്ചു നോക്കുക!-

وَوَصَّيْنَا ٱلْإِنسَـٰنَ بِوَٰلِدَيْهِ حَمَلَتْهُ أُمُّهُۥ وَهْنًا عَلَىٰ وَهْنٍ وَفِصَـٰلُهُۥ فِى عَامَيْنِ أَنِ ٱشْكُرْ لِى وَلِوَٰلِدَيْكَ إِلَىَّ ٱلْمَصِيرُ ﴿١٤﴾

﴾14﴿ മനുഷ്യനോട് അവന്റെ മാതാപിതാക്കളെപ്പറ്റി നാം 'വസ്വിയ്യത്ത്' [ആജ്ഞാ നിർദ്ദേശം] നൽകിയിരിക്കുന്നു: അവന്റെ മാതാവ് ക്ഷീണത്തിനുമേൽ ക്ഷീണത്തോടെ അവനെ (ഗർഭം) ചുമന്നു; അവന്റെ (മുലകുടി അവസാനിപ്പിച്ചുള്ള) വേർപാടാകട്ടെ, രണ്ടു വർഷം കൊണ്ട് മാത്രമാണ്; 'എനിക്കും, നിന്റെ മാതാപിതാക്കൾക്കും നീ നന്ദി ചെയ്യണം. എന്റെ അടുക്കലേക്കാണ് നിങ്ങളുടെ തിരിച്ചുവരവ്.

بِوَالِدَيْهِ നാം വസിയ്യത്ത് (ആജ്ഞാ നിർദേശം) നൽകി الْإِنسَانَ മനുഷ്യന് وَوَصَّيْنَا ﴿14﴾ അവന്റെ മാതാപിതാക്കളെപ്പറ്റി حَمَلَتْهُ അവനെ (ഗർഭം) ചുമന്നു أُمُّهُ അവന്റെ മാതാവ് وَهْنًا ക്ഷീണത്തോടെ, ബലഹീനമായി عَلَىٰ وَهْنٍ ക്ഷീണത്തിനുമേൽ وَفِصَالُهُ അവന്റെ വേർപാട് (മുലകുടി മാറ്റൽ) فِي عَامَيْنِ രണ്ടു വർഷത്തിനകമായിരിക്കും, രണ്ട് കൊല്ലംകൊണ്ടായിരിക്കും, أَنِ اشْكُرْ നീ നന്ദി ചെയ്യണമെന്ന് لِي എനിക്ക് وَلِوَالِدَيْكَ നിന്റെ മാതാപിതാക്കൾക്കും إِلَيَّ എന്റെ അടുക്കലേക്കാണ് الْمَصِيرُ തിരിച്ചുവരവ്

وَإِن جَاهَدَاكَ عَلَىٰٓ أَن تُشْرِكَ بِى مَا لَيْسَ لَكَ بِهِۦ عِلْمٌ فَلَا تُطِعْهُمَا ۖ

﴾15﴿ 'നിനക്ക് (യഥാർഥത്തിൽ) യാതൊരു അറിവുമില്ലാത്ത ഏതെങ്കിലുമൊന്നിനെ എന്നോട് നീ പങ്ക് ചേർക്കുവാൻ അവർ നിന്നെ ബുദ്ധിമുട്ടിക്കുന്നപക്ഷം, അപ്പോൾ നീ അവരെ അനുസരിക്കരുത്.

وَصَاحِبْهُمَا فِى ٱلدُّنْيَا مَعْرُوفًا ۖ وَٱتَّبِعْ سَبِيلَ مَنْ أَنَابَ إِلَىَّ ۚ ثُمَّ إِلَىَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٥﴾

ഇഹത്തിൽ നീ അവരോട് സദാചാരമനുസരിച്ച് (നല്ല നിലക്ക്) സഹവസിക്കുകയും ചെയ്യണം; എന്റെ അടുക്കലേക്ക് (ഖേദിച്ചു) മടങ്ങിയവരുടെ മാർഗം പിൻപറ്റുകയും ചെയ്യുക. പിന്നീട്, നിങ്ങളുടെ (എല്ലാവരുടെയും) മടക്കം എന്റെ അടുക്കലേക്ക് തന്നെ. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ ബോധ്യപ്പെടുത്തുന്നതാണ്.

عَلَىٰٓ أَن تُشْرِكَ അവർ രണ്ടാളും നിന്നെ ബുദ്ധിമുട്ടിച്ചാൽ, നിർബന്ധിച്ചാൽ وَإِن جَاهَدَاكَ ﴿15﴾ നീ പങ്കുചേർക്കുവാൻ بِي എന്നോട്, എന്നിൽ مَا لَيْسَ ഇല്ലാത്ത യാതൊന്നിനെ لَكَ നിനക്ക് بِهِ അതിനെപ്പറ്റി عِلْمٌ ഒരറിവും فَلَا تُطِعْهُمَا അപ്പോൾ നീ അവരെ അനുസരിക്കരുത് وَصَاحِبْهُمَا നീ അവരോട് സഹവസിക്കയും ചെയ്യണം فِي الدُّنْيَا ഇഹത്തിൽ مَعْرُوفًا സദാചാരപ്രകാരം (നല്ല നിലയിൽ) وَاتَّبِعْ നീ പിൻപറ്റുകയും ചെയ്യുക سَبِيلَ مَنْ യാതൊരുവരുടെ മാർഗം أَنَابَ إِلَيَّ എന്നിലേക്ക് മടങ്ങിയ, ഖേദിച്ചുവന്ന ثُمَّ إِلَيَّ പിന്നെ എന്റെ അടുക്കലേക്കാണ് مَرْجِعُكُمْ നിങ്ങളുടെ മടങ്ങിവരവ് فَأُنَبِّئُكُمْ അപ്പോൾ ഞാൻ നിങ്ങളെ ബോധ്യപ്പെടുത്തും, അറിയിച്ചുതരും بِمَا യാതൊന്നിനെപ്പറ്റി كُنتُمْ تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചുവന്നിരുന്ന

മാതാപിതാക്കളോടുള്ള കടമകൾക്ക് ഇസ്‌ലാം കൽപിക്കുന്ന ഗൗരവവും, മറ്റു പല കാര്യങ്ങളും ഈ വചനങ്ങളിൽനിന്ന് മനസ്സിലാക്കുവാൻ കഴിയും:

1) പിതാവിനെ അപേക്ഷിച്ച് മാതാവിനോടുള്ള കടമയാണ് കൂടുതൽ ശക്തമായത്. കാരണം വ്യക്തമാണ്. ഏതാണ്ട് പത്ത് മാസത്തോളം അവൾ ഗർഭം ചുമന്ന് ബുദ്ധിമുട്ടി. അനന്തരം പ്രസവവേദനയും സഹിക്കേണ്ടിവന്നു. പ്രസവശേഷം കുറേ മാസങ്ങളോളം ഊണിനും ഉറക്കിനും പോലും സമയം കിട്ടാത്തവിധം ശിശുവിന് മുലകൊടുത്തും ശുശ്രൂഷിച്ചും അവൾ കഴിച്ചുകൂട്ടേണ്ടിവന്നു. ഇതുകൊണ്ടും അവസാനിച്ചില്ല. മുലകുടി മാറ്റിയ ശേഷം പിന്നെയും കുറേകാലം അവൾ കുഞ്ഞിനുവേണ്ടി കഷ്ടപ്പെടേണ്ടതുണ്ട്. പിതാവാകട്ടെ, രക്ഷിതാവെന്ന നിലയിൽ മക്കളെ സംബന്ധിച്ച് അവനുള്ള ബാധ്യതകളും വിഷമതകളും വളരെ വമ്പിച്ചത് തന്നെ. എങ്കിലും മാതാവിന്റെ ത്യാഗങ്ങൾ അതിനെക്കാൾ എത്രയോ വമ്പിച്ചതത്രെ. അതുകൊണ്ടാണ് നബിﷺയോട്: 'ഞാൻ നന്നായി സഹവസിക്കുവാൻ ഏറ്റവും അവകാശപ്പെട്ടവർ ആരാണ്' എന്ന് ഒരാൾ ചോദിച്ചപ്പോൾ അവിടുന്ന്: أمك (നിന്റെ ഉമ്മയാണ്) എന്ന് ഉത്തരം പറഞ്ഞത്. 'പിന്നെ ആരാണ്?' എന്ന് ചോദ്യകർത്താവ് വീണ്ടും ചോദിച്ചു. അപ്പോഴും അതേ ഉത്തരം തന്നെ അവിടുന്ന് പറഞ്ഞു. മൂന്നാമത് ചോദിച്ചപ്പോഴും അതേ ഉത്തരം തന്നെ നൽകി. നാലാമത്തെ പ്രാവശ്യത്തിൽ തിരുമേനി പറഞ്ഞു: أبوك ثم ادناك ثم ادناك (നിന്റെ ബാപ്പയാണ്. പിന്നെ നിന്നോട് കൂടുതൽ അടുത്തുവരും, പിന്നെ കൂടുതൽ അടുത്തവരുമായിരിക്കും. (ബു.മു.)

2) ശിശുക്കളുടെ മുലകുടികാലം രണ്ട് കൊല്ലമാണ്. പക്ഷേ, സംഗതിവശാൽ അതിൽ ഏറ്റക്കുറവ് വരുത്തേണ്ടി വരുകയോ, മാതാവല്ലാത്തവരെക്കൊണ്ട് അത് നടത്തേണ്ടിവരികയോ ചെയ്യുന്നപക്ഷം മാതാപിതാക്കൾ അന്യോന്യം ആലോചിച്ചു വേണ്ടതുപോലെ ചെയ്യാമെന്നും മറ്റുമുള്ള വിശദവിവരം സൂറത്തുൽ ബകΑറഃ 233-ാം വചനത്തിൽ അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്.

3) മാതാപിതാക്കളോട് മക്കൾ എപ്പോഴും നന്ദിയും കൂറും ഉള്ളവരായിരിക്കണം. 'എനിക്കും നിന്റെ മാതാപിതാക്കൾക്കും നന്ദി ചെയ്യുക' (أن أشكرلى ولوالديك) എന്ന്-അല്ലാഹുവിനോടൊപ്പം മാതാപിതാക്കളെയും ചേർത്തുകൊണ്ട് - പറഞ്ഞ വാക്യം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. എന്നാൽ, അല്ലാഹുവിനോടുള്ള കൂറും ഭക്തിയും മറ്റാരോടുള്ളതിനെക്കാളും പ്രാധാന്യമർഹിക്കുന്നുവെന്നത് വിസ്മരിച്ചുകൂടാ.

4) മാതാപിതാക്കളെ അനുസരിക്കലും, അവർക്ക് നന്ദി ചെയ്യലും വമ്പിച്ച കടമയാണെന്നു വെച്ച് അവർ കൽപിക്കുന്നതെന്തും അനുസരിക്കാമെന്ന് വിചാരിക്കാവതല്ല. തൗഹീദിനെതിരായി ശിർക്ക്പരമായ വിശ്വാസമോ പ്രവൃത്തിയോ സ്വീകരിക്കുവാൻ അവർ നിർബന്ധിക്കുന്ന പക്ഷം അതനുസരിക്കുവാൻ പാടില്ലാത്തതാകുന്നു. നബി ﷺ പറയുന്നു: لا طاعة لمخلوق في معصية الخالق – شرح السنة സ്രഷ്ടാവിന്റെ കൽപനക്ക് വിപരീതമായി ഒരു സൃഷ്ടിയെയും അനുസരിച്ചുകൂടാ എന്ന് സാരം.

5) മാതാപിതാക്കൾ ആദർശത്തിൽ യോജിക്കാത്തവരോ, അമുസ്ലിംകളോ ആയിരുന്നാലും-ശിർക്ക് ചെയ്വാൻ നിർബന്ധിക്കുന്നവരായിരുന്നാൽ പോലും - അവരുടെ മരണം വരെ അവരോട് നന്നായി പെരുമാറേണ്ടതാകുന്നു. എന്നിരിക്കെ, സ്വഭാവദോഷത്തിന്റെയൊ, അറിവില്ലായ്മയുടെയൊ, വാർധക്യസഹജമായുണ്ടാകുന്ന സ്വഭാവ വൈകല്യങ്ങളുടെയോ പേരിൽ മാതാപിതാക്കളെ വെറുക്കുന്നതും അവരോട് അപമര്യാദയായി വർത്തിക്കുന്നതും എത്രമാത്രം അക്രമമായിരിക്കും?! അവരോട് പരുഷമായി സംസാരിക്കരുതെന്നും, മാന്യമായ വാക്കുകൾ പറയണമെന്നും, താഴ്മയോടെ പെരുമാറണമെന്നും, അവർക്കുവേണ്ടി പ്രാർഥിക്കണമെന്നും സൂ: ഇസ്റാഉ്: 23, 24 വചനങ്ങളിൽ അല്ലാഹു വ്യക്തമായി പ്രസ്താ

വിച്ചിട്ടുള്ളതാണ്.

'നിനക്ക് യാതൊരു അറിവും ഇല്ലാത്തതിനെ എന്നോട് പങ്കുചേർക്കുവാൻ....' എന്ന് പറഞ്ഞതിന്റെ താൽപര്യവും, ഈ ആയത്തുമായി ബന്ധപ്പെട്ട മറ്റു ചില സംഗതികളും സൂ: അൻകബൂത്ത് 8-ാം വചനത്തിന്റെ വിവരണത്തിൽ കഴിഞ്ഞുപോയിട്ടുണ്ട്. അതിവിടെ ഓർമിക്കാം. മക്കൾക്കുവേണ്ടി മാതാക്കൾ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ ഏറിയകൂറും അവരുടെ ശൈശവത്തിലായിരിക്കുമല്ലോ. അതുകൊണ്ട് മക്കൾക്ക് മിക്കവാറും അതിനെക്കുറിച്ച് വേണ്ടത്ര മനസ്സിലാക്കുവാൻ അവസരം കിട്ടുകയില്ല. പിതാക്കൾ മക്കൾക്കുവേണ്ടി അനുഭവിക്കുന്ന വിഷമങ്ങൾ ഏറെക്കുറെ മനസ്സിലാക്കുവാൻ മക്കൾക്ക് അവസരം ലഭിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടായിരിക്കാം, പിതാവിന്റെ ത്യാഗത്തെക്കുറിച്ച് വിശേഷിച്ചൊന്നും ഇവിടെ എടുത്തുപറഞ്ഞു കാണാത്തത്. الله اعلم അടുത്ത വചനങ്ങളിൽ ലുക്വ്മാൻ (റ) ന്റെ സദുപദേശം തുടരുന്നു:-

يَـٰبُنَىَّ إِنَّهَآ إِن تَكُ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ فَتَكُن فِى صَخْرَةٍ أَوْ فِى ٱلسَّمَـٰوَٰتِ أَوْ فِى ٱلْأَرْضِ يَأْتِ بِهَا ٱللَّهُ ۚ إِنَّ ٱللَّهَ لَطِيفٌ خَبِيرٌ ﴿١٦﴾

﴾16﴿ (ലുക്വ്മാൻ പറഞ്ഞു:) 'എന്റെ കുഞ്ഞുമകനേ, നിശ്ചയമായും (ഒരു) കാര്യം-അതൊരു കടുക് മണിയുടെ തൂക്കമായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലി (ന്റെ ഉള്ളി)ലോ, ആകാശങ്ങളിലോ, ഭൂമിയിലോ (എവിടെയെങ്കിലും) ആയിരിക്കുകയും ചെയ്താലും, അല്ലാഹു അത് (രംഗത്ത്) കൊണ്ടുവരുന്നതാണ്. നിശ്ചയമായും അല്ലാഹു നിഗൂഢജ്ഞനും, സൂക്ഷ്മജ്ഞനുമാകുന്നു.

يَـٰبُنَىَّ أَقِمِ ٱلصَّلَوٰةَ وَأْمُرْ بِٱلْمَعْرُوفِ وَٱنْهَ عَنِ ٱلْمُنكَرِ وَٱصْبِرْ عَلَىٰ مَآ أَصَابَكَ ۖ إِنَّ ذَٰلِكَ مِنْ عَزْمِ ٱلْأُمُورِ ﴿١٧﴾

﴾17﴿ 'എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം നിലനിറുത്തണം; സദാചാരംകൊണ്ട് കൽപിക്കുകയും, ദുരാചാരത്തെക്കുറിച്ച് വിരോധിക്കുകയും ചെയ്യണം; നിനക്ക് ബാധിക്കുന്നതിൽ [ആപത്തുകളിൽ] നീ ക്ഷമ കൈക്കൊള്ളുകയും വേണം. നിശ്ചയമായും അത് (എല്ലാംതന്നെ) ഖണ്ഡിതമായ [ഒഴിച്ചുകൂടാത്ത] കാര്യങ്ങളിൽപെട്ടതാകുന്നു.

﴾16﴿ يَابُنَيَّ എന്റെ കുഞ്ഞുമകനേ إِنَّهَا നിശ്ചയമായും അത് (ഒരു കാര്യം) إِنْ تَكُ അതായിരുന്നാൽ مِثْقَالَ حَبَّةٍ ഒരു (ധാന്യ) മണിയുടെ തൂക്കം مِنْ خَرْدَلٍ കടുകിൽ നിന്നുള്ള فَتَكُنْ എന്നിട്ട് അതായിരിക്കുകയും (ചെയ്താൽ) فِي صَخْرَةٍ ഒരു പാറക്കല്ലിൽ أَوْ فِي السَّمَاوَاتِ അല്ലെങ്കിൽ ആകാശങ്ങളിൽ أَوْ فِي الْأَرْضِ അല്ലെങ്കിൽ ഭൂമിയിൽ يَأْتِ بِهَا അതിനെ കൊണ്ടുവരും اللَّهُ അല്ലാഹു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَطِيفٌ നിഗൂഢജ്ഞാനിയാണ്, സൗമ്യനാണ് خَبِيرٌ സൂക്ഷ്മമായറിയുന്നവനാണ്

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِي ٱلْأَرْضِ مَرَحًا ۖ إِنَّ ٱللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿١٨﴾

وَٱقْصِدْ فِي مَشْيِكَ وَٱغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ ٱلْأَصْوَٰتِ لَصَوْتُ ٱلْحَمِيرِ ﴿١٩﴾

《18》 'നീ മനുഷ്യരോട് നിന്റെ കവിൾ കോട്ടരുത് [മുഖം തിരിക്കരുത്] അഹന്ത കാട്ടി ഭൂമിയിൽകൂടി നടക്കുകയും അരുത്. നിശ്ചയമായും ദുരഭിമാനിയായ എല്ലാ (ഓരോ) അഹങ്കാരിയെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല.

《19》 'നിന്റെ നടത്തത്തിൽ കരുതിക്കൊള്ളുക [മിതത്വം പാലിക്കുക]യും, നിന്റെ ശബ്ദത്തിൽനിന്ന് (അൽപമൊന്ന്) താഴ്ത്തുകയും ചെയ്യുക. നിശ്ചയമായും ശബ്ദങ്ങളിൽ വെച്ച് ഏറ്റവും വെറുപ്പായത് കഴുതകളുടെ ശബ്ദമത്രെ.'

《17》 يَابُنَيَّ എന്റെ കുഞ്ഞുമകനേ أَقِمِ الصَّلَاةَ നീ നമസ്കാരം നിലനിറുത്തുക وَأْمُرْ
നീ കൽപിക്കുകയും ചെയ്യുക بِالْمَعْرُوفِ സദാചാരംകൊണ്ട്, നല്ല കാര്യത്തെക്കുറിച്ച് وَانْهَ
നീ വിരോധിക്കുകയും ചെയ്യുക عَنِ الْمُنكَرِ ദുരാചാരത്തെ (വെറുക്കപ്പെട്ടതിനെ)ക്കുറിച്ച് وَاصْبِرْ
നീ ക്ഷമിക്കുകയും ചെയ്യുക عَلَىٰ مَا أَصَابَكَ നിനക്ക് ബാധിച്ചതിൽ, ആപത്ത് വന്നതിൽ إِنَّ ذَٰلِكَ
നിശ്ചയമായും അത് مِنْ عَزْمِ الْأُمُورِ ഖണ്ഡിതമായ (ഒഴിച്ചുകൂടാത്ത, ദൃഢതരമായ) കാര്യ
ങ്ങളിൽപെട്ടതാണ്. 《18》 وَلَا تُصَعِّرْ നീ കോട്ടുക (ചരിക്കുക, തിരിക്കുക, ചുളിക്കുക) യും
അരുത് خَدَّكَ നിന്റെ കവിൾ (മുഖം) لِلنَّاسِ മനുഷ്യരോട് وَلَا تَمْشِ നീ നടക്കുകയും ചെയ്യ
രുത് فِي الْأَرْضِ ഭൂമിയിൽ مَرَحًا അഹങ്കരിച്ചുകൊണ്ട് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു لَا يُحِبُّ
ഇഷ്ടപ്പെടുന്നതല്ല, സ്നേഹിക്കുകയില്ല كُلَّ مُخْتَالٍ എല്ലാ (ഓരോ) അഹങ്കാരിയെയും,
പത്രാസ് നടിക്കുന്നവനെയും فَخُورٍ ദുരഭിമാനിയായ, യോഗ്യത നടിക്കുന്ന, അന്തസ്സ് കാണി
ക്കുന്ന 《19》 وَاقْصِدْ നീ കരുതുക (മിതത്വം പാലിക്കുക) യും ചെയ്യണം فِي مَشْيِكَ നിന്റെ
നടത്തത്തിൽ وَاغْضُضْ നീ താഴ്ത്തുക (കുറക്കുകയും) ചെയ്യുക مِن صَوْتِكَ നിന്റെ ശബ്ദ
ത്തിൽ നിന്ന് (അൽപം) إِنَّ أَنكَرَ നിശ്ചയമായും കൂടുതൽ വെറുപ്പായത് الْأَصْوَاتِ ശബ്ദങ്ങ
ളിൽ لَصَوْتُ ശബ്ദം തന്നെ الْحَمِيرِ കഴുതകളുടെ

അഹംഭാവം മൂലം ജനങ്ങളുടെ നേരെ മുഖം ചുളിക്കുകയോ, അവഗണന നിമിത്തം അവരിൽനിന്ന് മുഖം തിരിക്കുകയോ ചെയ്യാതെ, പ്രസന്നമുഖത്തോടും, വിനയത്തോടും കൂടി പെരുമാറണമെന്നാണ് ولا تصعر خدك للناس (മനുഷ്യരോട് കവിൾ കോട്ടരുത്) എന്ന് പറഞ്ഞതിന്റെ സാരം. ഉറക്കെ ശബ്ദമുണ്ടാക്കിയും, അനാവശ്യമായി സംസാരിച്ചും മറ്റുള്ളവരെ ശല്യപ്പെടുത്തുന്ന വായാടികൾക്ക് വമ്പിച്ചൊരു താക്കീതാണ് അവരുടെ ശബ്ദത്തെ കഴുതയുടെ ശബ്ദത്തോട് ഉപമിച്ചതിൽ അടങ്ങിയിരിക്കുന്നത്. ശ്രോതാവിന്റെ ഹിതം നോക്കാതെ

ഉച്ചത്തിൽ ശബ്ദമിടുന്നത് ഒരു യോഗ്യതയാണെങ്കിൽ, ആ യോഗ്യത കഴുതക്കാണല്ലോ കൂടുതൽ അവകാശപ്പെടാവുന്നത്.

ലുക്മാൻ (റ) ന്റെ ഉപദേശങ്ങൾ ഇതോടെ അവസാനിച്ചു. ഓരോന്നിന്റെയും താൽപര്യം യാതൊരു വ്യാഖ്യാനമോ, വിവരണമോ കൂടാതെത്തന്നെ വ്യക്തമാണ്. ചുരുക്കത്തിൽ, മനുഷ്യൻ അല്ലാഹുവുമായി ഇടപെടേണ്ടതെങ്ങിനെയെന്നും, ജനങ്ങളുമായുള്ള പെരുമാറ്റം എങ്ങിനെയായിരിക്കണമെന്നും അദ്ദേഹം ഇതിൽ മകനെ ഓർമിപ്പിച്ചിരിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, വിശ്വാസപരമായും, കർമപരമായും, സ്വഭാവസംബന്ധമായുമുള്ള പല തത്വോപദേശങ്ങളുടെയും സമാഹാരമത്രെ അവ. ഓരോ വ്യക്തിയും നിത്യം ഓർമിച്ചിരിക്കേണ്ടുന്ന ഉപദേശങ്ങളായത് കൊണ്ടുതന്നെയാണ് അല്ലാഹു ക്വുർആനിൽ അവയെ ഉദ്ധരിച്ചതും. അവയെ മാതൃകയാക്കി ജീവിക്കുന്ന സജ്ജനങ്ങളിൽ അല്ലാഹു നമ്മെയെല്ലാം ഉൾപ്പെടുത്തട്ടെ. ആമീൻ.

വിഭാഗം - 3

أَلَمْ تَرَوْا۟ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلسَّمَـٰوَٰتِ وَمَا فِى ٱلْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُۥ ظَـٰهِرَةً وَبَاطِنَةً ۗ وَمِنَ ٱلنَّاسِ مَن يُجَـٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَـٰبٍ مُّنِيرٍ ﴿٢٠﴾

﴿20﴾ ആകാശങ്ങളിലുള്ളതും, ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾ ക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നത് നിങ്ങൾ കാണുന്നില്ലേ?! അവന്റെ അനുഗ്രഹങ്ങൾ പ്രത്യക്ഷമായും, പരോക്ഷമായും നിങ്ങൾക്ക് അവൻ വിശാലപ്പെടുത്തിത്തരുകയും ചെയ്തിരിക്കുന്നു! അല്ലാഹുവിന്റെ കാര്യത്തിൽ-യാതൊരു അറിവാകട്ടെ, മാർഗദർശനമാകട്ടെ, വെളിച്ചം നൽകുന്ന ഗ്രന്ഥമാകട്ടെ (ഒന്നും തന്നെ) ഇല്ലാതെ-തർക്കം നടത്തുന്ന ചിലർ മനുഷ്യരിലുണ്ട്.

وَإِذَا قِيلَ لَهُمُ ٱتَّبِعُوا۟ مَآ أَنزَلَ ٱللَّهُ قَالُوا۟ بَلْ نَتَّبِعُ مَا وَجَدْنَا عَلَيْهِ ءَابَآءَنَآ ۚ أَوَلَوْ كَانَ ٱلشَّيْطَـٰنُ يَدْعُوهُمْ إِلَىٰ عَذَابِ ٱلسَّعِيرِ ﴿٢١﴾

﴿21﴾ 'അല്ലാഹു ഇറക്കിയിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുവിൻ' എന്ന് അവരോട് പറയപ്പെട്ടാൽ അവർ പറയും; 'ഇല്ല-) എങ്കിലും ഞങ്ങളുടെ പിതാക്കളെ ഏതൊരു പ്രകാരത്തിൽ കണ്ടെത്തിയിരിക്കുന്നുവോ അതിനെ ഞങ്ങൾ പിൻപറ്റുന്നതാണ്.' പിശാച് അവരെ ജ്വലിക്കുന്ന നരകശിക്ഷയിലേക്ക് ക്ഷണിക്കുകയായിരുന്നുവെങ്കിലുമോ (-എന്നാലും അവരെത്തന്നെയാണോ പിൻപറ്റുക)?!

﴾20﴿ أَلَمْ تَرَوْا നിങ്ങൾ കണ്ടില്ലേ, കാണുന്നില്ലേ أَنَّ اللَّهَ നിശ്ചയമായും അല്ലാഹു سَخَّرَ അധീനമാക്കി, വിധേയമാക്കി (എന്ന്) لَكُم നിങ്ങൾക്ക് مَّا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَمَا فِي الْأَرْضِ ഭൂമിയിലുള്ളതും وَأَسْبَغَ അവൻ വിശാലപ്പെടുത്തുകയും ചെയ്തു عَلَيْكُمْ നിങ്ങളിൽ, നിങ്ങൾക്ക് نِعَمَهُ അവന്റെ അനുഗ്രഹങ്ങളെ ظَاهِرَةً പ്രത്യക്ഷമായിട്ട്, വ്യക്തമായ നിലയിൽ وَبَاطِنَةً പരോക്ഷമായിട്ടും, മറഞ്ഞ നിലയിലും وَمِنَ النَّاسِ മനുഷ്യരിലുണ്ട് مَن يُجَادِلُ തർക്കം നടത്തുന്നവർ فِي اللَّهِ അല്ലാഹുവിന്റെ കാര്യത്തിൽ بِغَيْرِ عِلْمٍ യാതൊരറിവുമില്ലാതെ وَلَا هُدًى ഒരു മാർഗദർശനവുമില്ലാതെ وَلَا كِتَابٍ ഒരു ഗ്രന്ഥവുമില്ലാതെ مُّنِيرٍ പ്രകാശം(വെളിച്ചം) നൽകുന്ന ﴾21﴿ وَإِذَا قِيلَ പറയപ്പെട്ടാൽ لَهُمُ അവരോട് اتَّبِعُوا നിങ്ങൾ പിൻപറ്റുവിൻ (എന്ന്) مَا أَنزَلَ ഇറക്കിയതിനെ, അവതരിപ്പിച്ചതിനെ اللَّهُ അല്ലാഹു قَالُوا അവർ പറയും بَلْ എങ്കിലും, എന്നാൽ نَتَّبِعُ ഞങ്ങൾ പിൻപറ്റും, പിൻപറ്റുന്നു مَا യാതൊന്നിനെ وَجَدْنَا ഞങ്ങൾ കണ്ടെത്തി عَلَيْهِ അതുപ്രകാരം, അതിൻമേൽ آبَاءَنَا ഞങ്ങളുടെ പിതാക്കളെ أَوَلَوْ كَانَ ആയിരുന്നാലുമോ الشَّيْطَانُ പിശാച് يَدْعُوهُمْ അവരെ ക്ഷണിക്കുക, വിളിക്കുക إِلَىٰ عَذَابِ ശിക്ഷയിലേക്ക് السَّعِيرِ ജ്വലിക്കുന്ന നരകത്തിന്റെ, അഗ്നിയുടെ

ആകാശത്ത് സ്ഥിതി ചെയ്യുന്ന സൂര്യ ചന്ദ്രനക്ഷത്രാദി ഗോളങ്ങളെയും, മേഘം, മഴ, മഞ്ഞ്, വായു മുതലായവയെയും, ഭൂമിയിലെ ജീവികൾ, സസ്യലതാദികൾ, പർവ്വതങ്ങൾ, നദികൾ ഖനനവസ്തുക്കൾ തുടങ്ങിയ നിരവധി വസ്തുക്കളെയും മനുഷ്യന് ഓരോ തരത്തിൽ അല്ലാഹു ഉപയോഗപ്പെടുത്തിക്കൊടുത്തിരിക്കുന്നു. വിശപ്പിന് ഭക്ഷണം, ദാഹത്തിന് വെള്ളം, താമസത്തിന് സ്ഥലസൗകര്യം, കാഴ്ച, കേൾവി, സംസാരം എന്നിങ്ങനെയുള്ള എണ്ണമറ്റ അനുഗ്രഹങ്ങൾ പ്രത്യക്ഷത്തിൽ അറിയപ്പെടാവുന്നതാണ്. വിശേഷബുദ്ധി, ജ്ഞാനം സമ്പാദിക്കുവാനുള്ള മാർഗങ്ങൾ, വേദഗ്രന്ഥങ്ങളും ദൈവദൂതൻമാരും മുഖേനയുള്ള മാർഗദർശനങ്ങൾ, പ്രാർഥനക്ക് ഉത്തരം നൽകൽ എന്നിങ്ങനെ പ്രത്യക്ഷത്തിൽ കാണപ്പെടാത്ത എത്രയോ അനുഗ്രഹങ്ങളും അവൻ മനുഷ്യനു ചെയ്തുകൊടുത്തിട്ടുണ്ട്. നിത്യം ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്. അങ്ങിനെ, ഓരോ വിനാഴികയിലും അല്ലാഹുവിന്റെ കണക്കറ്റ അനുഗ്രഹങ്ങൾ ആസ്വദിച്ചും, കണ്ടറിഞ്ഞുംകൊണ്ടിരിക്കുകയുമാണ് മനുഷ്യവർഗം. എന്നിട്ടും അവരിൽ ഒരു വിഭാഗം അല്ലാഹുവിലും, അവന്റെ തൗഹീദിലും വിശ്വസിക്കുന്നില്ല; അവനോട് കൂറും ഭക്തിയും കാണിക്കുന്നുമില്ല. നേരെമറിച്ച് തർക്കത്തിനും, നിഷേധത്തിനും ഒരുമ്പെടുകയാണ് അവർ ചെയ്യുന്നത്. അല്ലാഹുവിന്റെ അസ്തിത്വത്തെതന്നെ ചോദ്യം ചെയ്യുന്നവരും, അവന്റെ ഏകത്വത്തെയും ഉൽകൃഷ്ടഗുണങ്ങളെയും നിഷേധിക്കുന്നവരും, അവന്റെ നിയമനിർദേശങ്ങളെ വിമർശിക്കുന്നവരും-ഇങ്ങിനെ പല തരക്കാരും- ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു.

ആകാശഭൂമികളെ സൃഷ്ടിച്ചതും, മഴവർഷിപ്പിച്ചതും കായ്കനികളെ ഉൽപാദിപ്പിച്ചതും സമുദ്രവും നദികളും ഉപയോഗപ്പെടുത്തിയതും, സൂര്യചന്ദ്രൻമാരെയും രാപ്പകലുകളെയും ഉപയോഗപ്പെടുത്തിയതും ഓർമിപ്പിച്ചശേഷം സൂറത്തു ഇബ്റാഹിമിൽ അല്ലാഹു പറയുന്നു: وآتاكم من كل....لظلوم كفار – ابراهيم :٣٤ സാരം: നിങ്ങൾ അവനോട്-അല്ലാഹുവിനോട്-ആവശ്യപ്പെടുന്നതിൽ നിന്നെല്ലാം തന്നെ അവൻ നിങ്ങൾക്ക് നൽകുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾ എണ്ണിയാൽ തീരുന്നതല്ല. നിശ്ചയമായും മനുഷ്യൻ

അക്രമകാരിയും നന്ദികെട്ടവനും തന്നെ. (സൂ: ഇബ്റാഹീം 34) ഈ ആശയംതന്നെയാണ് അല്ലാഹു ഈ വചനങ്ങളിലും ചൂണ്ടിക്കാട്ടുന്നത്.

എന്നാൽ, അല്ലാഹുവിന്റെ കാര്യത്തിൽ- അവന്റെ തൗഹീദിന്റെയും മാർഗദർശനങ്ങളുടെയും നിയമനിർദേശങ്ങളുടെയും കാര്യങ്ങളിൽ- തർക്കം നടത്തുന്നവർക്ക് അല്ലാഹുവിന്റെ സന്ദേശങ്ങൾക്കും നിർദേശങ്ങൾക്കും എതിരിൽ തങ്ങളുടെ വാദങ്ങളെ സ്ഥാപിക്കുവാൻ എന്തെങ്കിലും തെളിവുകൾ ഹാജരാക്കുവാനുണ്ടോ? ഇല്ലതന്നെ. കാരണം ആ യാഥാർഥ്യങ്ങൾക്ക് മുമ്പിൽ വാസ്തവവിരുദ്ധമല്ലാത്ത ഏതെങ്കിലും അറിവിന്റെ ശകലമോ, ദൈവികമാർഗദർശനമോ വേദഗ്രന്ഥങ്ങളുടെ സാക്ഷ്യമോ ഒന്നും അവർക്ക് സമർപ്പിക്കുവാനില്ല. ഉണ്ടായിരിക്കുവാൻ അവകാശവുമില്ലല്ലോ. അവരുടെ ഏകാവലംബം തങ്ങളുടെ പൂർവ്വികൻമാരുടെ പാരമ്പര്യവും, അവരോടുള്ള അന്ധമായ അനുകരണവും മാത്രമായിരിക്കും. ആ പൂർവ്വികൻമാരുടെ നിലയോ? വാസ്തവത്തിൽ അവർ പിശാചിന്റെ കാലടികളെ പിൻപറ്റി വഴിപിഴച്ചുപോയിരിക്കയാണ്. പിശാച് അവരെ നയിച്ചിരുന്നത് നരകശിക്ഷയിലേക്ക് മാത്രമാണ്. ഇതേ അനുഭവം തന്നെ തങ്ങൾക്കും വേണമെന്നാണോ ഇക്കൂട്ടരും വിചാരിക്കുന്നത്? ഇതാണ് അല്ലാഹു അവരോട് ഗൗരവപൂർവ്വം ചോദിക്കുന്നത്. തുടർന്നുകൊണ്ട് ഇരുകൂട്ടരുടെയും- അല്ലാഹുവിനെക്കുറിച്ചു നന്ദിയും വിശ്വാസവും ഉള്ളവരുടെയും, ഇല്ലാത്തവരുടെയും അവസ്ഥ വിവരിക്കുന്നു:-

۞ وَمَن يُسْلِمْ وَجْهَهُۥٓ إِلَى ٱللَّهِ وَهُوَ مُحْسِنٌ فَقَدِ ٱسْتَمْسَكَ بِٱلْعُرْوَةِ ٱلْوُثْقَىٰ ۗ وَإِلَى ٱللَّهِ عَـٰقِبَةُ ٱلْأُمُورِ ﴿٢٢﴾

﴿22﴾ ആരെങ്കിലും- അവൻ സൽഗുണവാനായിക്കൊണ്ട്- തന്റെ മുഖത്തെ അല്ലാഹുവിങ്കലേക്ക് വിട്ടുകൊടുക്കുന്ന [കീഴ്പ്പെടുത്തുന്ന] തായാൽ, തീർച്ചയായും അവൻ ഏറ്റവും ബലവത്തായ കൈപ്പിടിയെ മുറുകെ പിടിച്ചിരിക്കുകയാണ്. അല്ലാഹുവിലേക്കത്രെ കാര്യങ്ങളുടെ (യെല്ലാം) പര്യവസാനം.

وَمَن كَفَرَ فَلَا يَحْزُنكَ كُفْرُهُۥٓ ۚ إِلَيْنَا مَرْجِعُهُمْ فَنُنَبِّئُهُم بِمَا عَمِلُوٓا۟ ۚ إِنَّ ٱللَّهَ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٢٣﴾

﴿23﴾ ആരെങ്കിലും അവിശ്വസിച്ചുവെങ്കിലോ, അവന്റെ അവിശ്വാസം (നബിയേ) നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ:- (കാരണം) നമ്മുടെ അടുക്കലേക്കാണ് അവരുടെ മടങ്ങിയെത്തൽ. അപ്പോൾ, അവർ പ്രവർത്തിച്ചതിനെക്കുറിച്ച് നാം അവരെ ബോധ്യപ്പെടുത്തിക്കൊടുക്കും. നിശ്ചയമായും അല്ലാഹു നെഞ്ചുകളിൽ [ഹൃദയങ്ങളിൽ] ഉള്ളതിനെക്കുറിച്ച് അറിയുന്നവനാകുന്നു.

نُمَتِّعُهُمْ قَلِيلًا ثُمَّ نَضْطَرُّهُمْ إِلَىٰ عَذَابٍ غَلِيظٍ ﴿٢٤﴾

﴿24﴾ നാം അവർക്ക് അൽപം സുഖം അനുഭവിപ്പിക്കുന്നു; പിന്നീട് കഠോരമായ ശിക്ഷയിലേക്ക് നാം അവരെ നിർബന്ധിച്ചു കൊണ്ടുവരുന്നതുമാകുന്നു.

﴿22﴾ وَمَن يُسْلِمْ ആരെങ്കിലും വിട്ടുകൊടുത്താൽ, കീഴ്പ്പെടുത്തിയാൽ وَجْهَهُ തന്റെ മുഖത്തെ إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَهُوَ അവൻ ആയിക്കൊണ്ട് مُحْسِنٌ സൽഗുണവാൻ, നന്മ പ്രവർത്തിക്കുന്നവൻ فَقَدِ اسْتَمْسَكَ എന്നാൽ തീർച്ചയായും അവൻ മുറുകെ പിടിച്ചു بِالْعُرْوَةِ കൈപ്പിടിയെ, പിടിക്കയറ് الْوُثْقَىٰ ഏറ്റവും ബലവത്തായ وَإِلَى اللَّهِ അല്ലാഹുവിങ്കലേക്കാണ് عَاقِبَةُ الْأُمُورِ കാര്യങ്ങളുടെ പര്യവസാനം, കലാശം ﴿23﴾ وَمَن كَفَرَ ആരെങ്കിലും അവിശ്വസിച്ചെങ്കിൽ فَلَا يَحْزُنكَ എന്നാൽ നിന്നെ ദുഃഖിപ്പിക്കാതിരിക്കട്ടെ كُفْرُهُ അവന്റെ അവിശ്വാസം إِلَيْنَا നമ്മുടെ അടുക്കലേക്കാണ് مَرْجِعُهُمْ അവരുടെ മടക്കം فَنُنَبِّئُهُم അപ്പോൾ നാം അവരെ ബോധ്യപ്പെടുത്തും بِمَا عَمِلُوا അവർ പ്രവർത്തിച്ചതിനെപ്പറ്റി إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ അറിയുന്നവനാണ് بِذَاتِ الصُّدُورِ നെഞ്ചുകളി (ഹൃദയങ്ങളി)ലുള്ളതിനെപ്പറ്റി ﴿24﴾ نُمَتِّعُهُمْ നാം അവർക്ക് സുഖമനുഭവിപ്പിക്കും, സുഖജീവിതം നൽകും قَلِيلًا കുറച്ച്, അൽപം ثُمَّ പിന്നീട് نَضْطَرُّهُمْ നാം അവരെ നിർബന്ധിച്ചുകൊണ്ടുവരും, നിർബന്ധിതരാക്കും إِلَىٰ عَذَابٍ ഒരു ശിക്ഷയിലേക്ക് غَلِيظٍ കഠോരമായ, കനത്ത

നിഷ്കളങ്കമായ നിലയിൽ അല്ലാഹുവിന് കീഴ്പ്പെടുകയും അവന്റെ വിധി വിലക്കുകൾ അനുസരിക്കുകയും ചെയ്യുന്നവന് ശിക്ഷയെ ഭയപ്പെടേണ്ടതില്ലെന്നും അവന് രക്ഷാമാർഗം ലഭിച്ചിരിക്കുന്നുവെന്നുമാണ് ആദ്യത്തെ വചനത്തിന്റെ താൽപര്യം. 'നൻമ ചെയ്യുക, പുണ്യം ചെയ്യുക' എന്നും മറ്റും അർഥമുള്ള 'ഇഹ്സാൻ' (احسان) എന്ന ധാതുവിന്റെ കർത്തൃരൂപമാണ് 'മുഹ്സിൻ' (محسن) എന്ന വാക്ക്. ഇമാം മുസ്‌ലിം (റ) ഉദ്ധരിക്കുന്ന പ്രസിദ്ധമായ ഒരു ഹദീഥിൽ നബി ﷺ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട് الإحسان أن تعبد الله كأنك تراه فإن لم تكن تراه فإنه يراك – مسلم ('ഇഹ്സാൻ' എന്നാൽ, അല്ലാഹുവിനെ നീ കാണുന്നുണ്ടെന്നപോലെ അവനെ നീ ആരാധിക്കുകയാണ്. നീ അവനെ കാണുന്നില്ലെങ്കിലും നിശ്ചയമായും അവൻ നിന്നെ കാണുന്നുണ്ട്.) യഥാർഥ 'മുഹ്സിൻ' ആരാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. അവിശ്വാസികൾക്കുള്ള കനത്ത താക്കീതാണ് ഒടുവിലത്തെ രണ്ടു വചനങ്ങളുടെ ഉള്ളടക്കം. 'അവർക്ക് നാം അൽപം സുഖം അനുഭവിപ്പിക്കും' എന്നു പറഞ്ഞത് അവരുടെ ഇഹലോക ജീവിതത്തെ ഉദ്ദേശിച്ചാകുന്നു. സത്യവിശ്വാസത്തിന്റെയും, അവിശ്വാസത്തിന്റെയും സാക്ഷാൽ ഫലം അനുഭവിക്കുക പരലോകത്തുവെച്ചാണല്ലോ. കഠോരമായ ശിക്ഷയിലേക്ക് അവരെ നിർബന്ധിച്ചുകൊണ്ടുവരുമെന്ന് പറഞ്ഞത് അതിനെ ഉദ്ദേശിച്ചാകുന്നു.

وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ لَيَقُولُنَّ ٱللَّهُ ۚ قُلِ ٱلْحَمْدُ لِلَّهِ ۚ بَلْ أَكْثَرُهُمْ لَا يَعْلَمُونَ ﴿٢٥﴾

﴾25﴿ ആകാശങ്ങളെയും ഭൂമിയെയും, സൃഷ്ടിച്ചത് ആരാണെന്ന് നീ അവരോട് ചോദിച്ചുവെങ്കിൽ, നിശ്ചയമായും അവൻ പറയും: 'അല്ലാഹു' എന്ന് പറയുക: അല്ലാഹുവിനാണ് സ്തുതി!' എങ്കിലും അവരിൽ അധികമാളും അറിയുന്നില്ല.

﴾25﴿ وَلَئِنْ سَأَلْتَهُمْ നീ അവരോട് ചോദിച്ചുവെങ്കിൽ مَنْ خَلَقَ ആർ സൃഷ്ടിച്ചു എന്ന് السَّمَاوَاتِ ആകാശങ്ങൾ وَالْأَرْضَ ഭൂമിയും لَيَقُولُنَّ നിശ്ചയമായും അവർ പറയും اللهُ അല്ലാഹു എന്ന് قُلِ പറയുക الْحَمْدُ സ്തുതി, സ്തോത്രം لِلَّهِ അല്ലാഹുവിനാണ് بَلْ എങ്കിലും, പക്ഷേ أَكْثَرُهُمْ അവരിൽ അധികമാളുകളും لَا يَعْلَمُونَ അറിയുന്നില്ല.

لِلَّهِ مَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ إِنَّ ٱللَّهَ هُوَ ٱلْغَنِىُّ ٱلْحَمِيدُ ﴿٢٦﴾

﴾26﴿ അല്ലാഹുവിന്റേതാണ് ആകാശങ്ങളിലും ഭൂമിയിലുമുള്ളത് (മുഴുവനും). നിശ്ചയമായും അല്ലാഹു തന്നെയാണ് ധന്യനും (അഥവാ അനാശ്രയനും) സ്തുത്യർഹനുമായുള്ളവൻ.

﴾26﴿ لِلَّهِ അല്ലാഹുവിനാണ്, അല്ലാഹുവിന്റേതാണ് مَا فِي السَّمَاوَاتِ ആകാശങ്ങളിലുള്ളത് وَالْأَرْضِ ഭൂമിയിലും إِنَّ اللهَ നിശ്ചയമായും അല്ലാഹു هُوَ അവൻ തന്നെ الْغَنِيُّ ധന്യൻ, അനാശ്രയൻ الْحَمِيدُ സ്തുത്യർഹൻ.

അല്ലാഹു അല്ലാതെയുള്ളവരെ ആരാധിക്കുന്നത് അബദ്ധവും, അന്യായവുമാണെന്നുള്ളതിന് ഏറ്റവും അടിസ്ഥാനപരമായ കാരണം ലോകസ്രഷ്ടാവ് അല്ലാഹുവാണെന്നുള്ളതാണല്ലോ. ഈ യാഥാർഥ്യം ബഹുദൈവ വിശ്വാസികളും സമ്മതിക്കുന്നു. അങ്ങനെ അവർക്കെതിരിൽ അവർതന്നെ ന്യായം സ്ഥാപിച്ചു കഴിഞ്ഞിരിക്കയാണ്. അതുകൊണ്ടാണ് അതിന്റെ പേരിൽ അല്ലാഹുവിനെ സ്തുതിക്കാൻ നബി ﷺ യോട് കൽപിക്കുന്നത്. എന്നാൽ, അവരിൽ അധികമാളുകളും- ചിന്തയുടെയും കാര്യബോധത്തിന്റെയും അഭാവം നിമിത്തം-ഈ പരമാർഥം, മനസ്സിലാക്കുന്നില്ല. ആകയാൽ, പൂർവ്വിക പാരമ്പര്യത്തെ അനുകരിച്ചു തൃപ്തി അടയുകയാണവർ ചെയ്യുന്നത്.

وَلَوْ أَنَّمَا فِى ٱلْأَرْضِ مِن شَجَرَةٍ أَقْلَٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَٰتُ ٱللَّهِ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ﴿٢٧﴾

﴾27﴿ ഭൂമിയിൽ വൃക്ഷമായിട്ടുള്ളത് (മുഴുവനും) പേനകളായിരുന്നാലും (നിലവിലുള്ള) സമുദ്രം- അതിന് പുറമെ ഏഴു സമുദ്രങ്ങളും-അതിന് പോഷണം, നൽകി (മഷിയായി) ക്കൊണ്ടിരിക്കുകയും ചെയ്താലും, അല്ലാഹുവിന്റെ വചനങ്ങൾ (എഴുതി) തീരുന്നതല്ല. നിശ്ചയമായും, അല്ലാഹു പ്രതാപശാലിയും, അഗാധജ്ഞനുമാകുന്നു.

﴿27﴾ وَلَوْ أَنَّ ആയിരുന്നാലും مَا فِي الْأَرْضِ ഭൂമിയിലുള്ളത് مِن شَجَرَةٍ വൃക്ഷമായിട്ട്, മരത്തിൽ നിന്ന് أَقْلَامٌ പേനകൾ وَالْبَحْرُ സമുദ്രവും (ഉണ്ടായിരുന്നാലും) يَمُدُّهُ അതിന് പോഷണം നൽകിക്കൊണ്ട് مِن بَعْدِهِ അതിന് ശേഷം (പുറമെ) سَبْعَةُ أَبْحُرٍ ഏഴ് സമുദ്രങ്ങൾ مَا نَفِدَتْ തീരുന്നതല്ല, കഴിയുന്നതല്ല كَلِمَاتُ اللَّهِ അല്ലാഹുവിന്റെ വചനങ്ങൾ, വാക്കുകൾ إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَزِيزٌ പ്രതാപശാലിയാണ് حَكِيمٌ അഗാധജ്ഞനാണ്, ജ്ഞാനയുക്തനാണ്.

ഭൂമിയിലെ വൃക്ഷങ്ങളെല്ലാം പേനകളായും, നിലവിലുള്ള സമുദ്രവും അതിന് പുറമെ ഒരേഴു സമുദ്രങ്ങളും മഷിയായും ഉപയോഗപ്പെടുത്തിയാലും അല്ലാഹുവിന്റെ ജ്ഞാനവാർത്തകളെയും, അവന്റെ ഉൽകൃഷ്ടഗുണങ്ങളെയും എഴുതി അവസാനിപ്പിക്കുക സാധ്യമല്ല. അഥവാ അവയ്ക്കു കണക്കും ഒടുക്കവുമില്ലാത്തതാണ് എന്ന് സാരം. 'ഏഴു സമുദ്രങ്ങൾ' (سبعة ابحر) എന്നു പറഞ്ഞത് കുറേ അധികം എന്ന ഉദ്ദേശ്യത്തിൽ പറഞ്ഞതാകുന്നു. എട്ടോ അതിലധികമോ സമുദ്രമുണ്ടായാൽ അവസാനിപ്പിക്കാമെന്ന അർഥത്തിലല്ല. അധികത്തെ ഉദ്ദേശിച്ചുകൊണ്ട് മലയാളക്കാർ പത്തും നൂറുമെല്ലാം എന്ന് പറയാറുള്ളതുപോലെ, അറബികൾ ഏഴും എഴുപതും എഴുന്നൂറും എന്ന് ഉപയോഗിക്കുക പതിവുണ്ട്. സൂറത്തുൽ കഹ്ഫ് 109-ാം ആയത്തിന്റെ വിവരണത്തിൽ നാം വായിച്ചതെല്ലാം ഇവിടെയും ഓർമിക്കാവുന്നതാണ്.

مَّا خَلْقُكُمْ وَلَا بَعْثُكُمْ إِلَّا كَنَفْسٍ وَاحِدَةٍ ۗ إِنَّ اللَّهَ سَمِيعٌ بَصِيرٌ ﴿٢٨﴾

﴿28﴾ നിങ്ങളെ (മുഴുവനും) സൃഷ്ടിക്കുന്നതും, നിങ്ങളെ പുനർജ്ജീവിപ്പിക്കുന്നതും ഒരേ ദേഹത്തിന്റേതു പോലെയല്ലാതെ (കൂടുതൽ പ്രയാസമൊന്നും അല്ല. നിശ്ചയമായും അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, കാണുന്നവനാണ്.

﴿28﴾ مَا خَلْقُكُمْ നിങ്ങളെ സൃഷ്ടിക്കുന്നതല്ല وَلَا بَعْثُكُمْ നിങ്ങളെ പുനർജജീവിപ്പിക്കലും അല്ല إِلَّا كَنَفْسٍ ഒരു ദേഹത്തിന്റേ (ആളുടെ)തു പോലെയല്ലാതെ وَاحِدَةٍ ഒരേ ഒരു إِنَّ اللَّهَ നിശ്ചയമായും അല്ലാഹു سَمِيعٌ കേൾക്കുന്നവനാണ് بَصِيرٌ കാണുന്നവനാണ്.

അഥവാ ഒരാളുടെ കാര്യവും കൂടുതൽ ആളുടെ കാര്യവും അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരുപോലെ നിസ്സാരമാണ്. കാരണം, ഏതൊരു കാര്യവും ഉണ്ടാവണമെന്നു അവൻ ഉദ്ദേശിച്ചാൽ അതിനെക്കുറിച്ച് 'ഉണ്ടാവുക' എന്ന് അവൻ പറയുകയേ വേണ്ടൂ, അത് ഉണ്ടാകുന്നതാണ്. (انما امره اذا اراد شيئا ان يقول له كن فيكون - يس) എന്നിരിക്കെ എണ്ണവണ്ണങ്ങളുടെ ഏറ്റക്കുറവ് അവന്റെ അടുക്കൽ ഒരു പ്രശ്നമേ അല്ല.

أَلَمۡ تَرَ أَنَّ ٱللَّهَ يُولِجُ ٱلَّيۡلَ فِي ٱلنَّهَارِ وَيُولِجُ ٱلنَّهَارَ فِي ٱلَّيۡلِ وَسَخَّرَ ٱلشَّمۡسَ وَٱلۡقَمَرَ كُلّٞ يَجۡرِيٓ إِلَىٰٓ أَجَلٖ مُّسَمّٗى وَأَنَّ ٱللَّهَ بِمَا تَعۡمَلُونَ خَبِيرٞ ٢٩

﴿29﴾ നീ കാണുന്നില്ലേ, അല്ലാഹു രാത്രിയെ പകലിൽ കടത്തുകയും പകലിനെ രാത്രിയിൽ കടത്തുകയും ചെയ്തു വരുന്നത്? ! സൂര്യനെയും ചന്ദ്രനെയും അവൻ അധീനപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം (തന്നെ) ഒരു നിർണയിക്കപ്പെട്ട അവധി വരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണെന്നും (കണ്ടറിയുന്നില്ലേ)?!

﴿29﴾ أَلَمۡ تَرَ നീ കാണുന്നില്ലേ, കണ്ടില്ലേ أَنَّ ٱللَّهَ നിശ്ചയമായും അല്ലാഹു يُولِجُ കടത്തുന്നു ٱلَّيۡلَ രാത്രിയെ فِي ٱلنَّهَارِ പകലിൽ وَيُولِجُ ٱلنَّهَارَ പകലിനെ കടത്തുന്നു എന്നും فِي ٱلَّيۡلِ രാത്രിയിൽ وَسَخَّرَ അവൻ അധീനമാക്കുക (കീഴ്പ്പെടുത്തുക)യും ചെയ്തിരിക്കുന്നു ٱلشَّمۡسَ وَٱلۡقَمَرَ സൂര്യനെയും, ചന്ദ്രനെയും كُلّٞ എല്ലാം (ഓരോന്നും) يَجۡرِي സഞ്ചരിക്കുന്നു إِلَىٰٓ أَجَلٖ ഒരു അവധിവരെ مُّسَمّٗى നിർണയിക്കപ്പെട്ട وَأَنَّ ٱللَّهَ അല്ലാഹു ആണെന്നും بِمَا تَعۡمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി خَبِيرٞ സൂക്ഷ്മമായറിയുന്നവൻ

പകൽ സമയത്തിൽ വരുന്ന കുറവിനെ രാത്രിയിലും, രാത്രി സമയത്തിൽ വരുന്ന കുറവിനെ പകലിലും അവൻ വർധിപ്പിക്കുന്നു. രാത്രി വരുമ്പോൾ പകലിനെ അതിലും, പകൽ വരുമ്പോൾ രാത്രിയെ അതിലും ലയിപ്പിക്കുന്നു. ദിവസക്കണക്കിലും, മാസക്കണക്കിലും, വർഷക്കണക്കിലും സൂര്യചന്ദ്രൻമാർക്ക് നിർണയിക്കപ്പെട്ട ചലനമാർഗങ്ങൾ തെറ്റാതെ ക്വിയാമത്ത് നാൾ വരെ അവ ചലിച്ചുകൊണ്ടിരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ ശക്തിമാഹാത്മ്യത്തെയും, സൃഷ്ടിവൈഭവത്തെയും, ജ്ഞാനവിശാലതയെയും വിളിച്ചോതുന്നു. ഇതിന് കാരണമെന്താണെന്നോ?–

ذَٰلِكَ بِأَنَّ ٱللَّهَ هُوَ ٱلۡحَقُّ وَأَنَّ مَا يَدۡعُونَ مِن دُونِهِ ٱلۡبَٰطِلُ وَأَنَّ ٱللَّهَ هُوَ ٱلۡعَلِيُّ ٱلۡكَبِيرُ ٣٠

﴿30﴾ അല്ലാഹു തന്നെയാണ് സ്ഥിരമായി നിലകൊള്ളുന്നവൻ എന്നുള്ളത് കൊണ്ടാണത്; അവന് പുറമെ അവർ വിളിച്ചു (പ്രാർഥിച്ചു) വരുന്നവ വ്യർഥമാണെന്നും, അല്ലാഹു തന്നെയാകുന്നു വലിയ (മഹാനായ) ഉന്നതനെന്നും (ഉള്ളതുകൊണ്ടാണ്).

വിഭാഗം - 4

أَلَمْ تَرَ أَنَّ ٱلْفُلْكَ تَجْرِى فِى ٱلْبَحْرِ بِنِعْمَتِ ٱللَّهِ لِيُرِيَكُم مِّنْ ءَايَـٰتِهِۦٓ ۚ إِنَّ فِى ذَٰلِكَ لَـَٔايَـٰتٍ لِّكُلِّ صَبَّارٍ شَكُورٍ ﴿٣١﴾

﴾31﴿ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സമുദ്രത്തിൽ കൂടി കപ്പലുകൾ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ, അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് (ചിലത്) നിങ്ങൾക്ക് കാണിച്ചുതരുവാൻ വേണ്ടി?! നിശ്ചയമായും, കൃതജ്ഞരായ എല്ലാ ക്ഷമാശീലൻമാർ ക്കും അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

﴾30﴿ ذَٰلِكَ അത് بِأَنَّ اللهَ അല്ലാഹുവാണെന്നതുകൊണ്ടാണ് هُوَ അവൻ തന്നെ الْحَقُّ സത്യമായുള്ളവൻ, وَأَنَّ مَا يَدْعُونَ അവർ വിളിച്ചു (പ്രാർഥിച്ചു) വരുന്നവയാണെന്നും, مِنْ دُونِهِ അവന്ന് പുറമെ الْبَاطِلُ വ്യർഥമായത്, അയഥാർഥമായത് وَأَنَّ اللهَ അല്ലാഹുവാണെന്നതും هُوَ അവൻ തന്നെ الْعَلِيُّ ഉന്നതൻ, ഉയർന്നവൻ الْكَبِيرُ വലിയ, മഹാൻ ﴾31﴿ أَلَمْ تَرَ നീ കണ്ടില്ലേ أَنَّ الْفُلْكَ കപ്പലുകൾ (ആണെന്ന്) تَجْرِي സഞ്ചരിക്കുന്നു فِي الْبَحْرِ സമുദ്രത്തിൽ بِنِعْمَةِ اللهِ അല്ലാഹുവിന്റെ അനുഗ്രഹത്താൽ لِيُرِيَكُمْ നിങ്ങൾക്കവൻ കാണിച്ചുതരുവാൻ വേണ്ടി مِنْ آيَاتِهِ അവന്റെ ദൃഷ്ടാന്തങ്ങളിൽ നിന്ന് إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَآيَاتٍ പല ദൃഷ്ടാന്തങ്ങൾ لِكُلِّ صَبَّارٍ എല്ലാ ക്ഷമാശീലന്മാർക്കും شَكُورٍ നന്ദിയുള്ളവരായ

സത്യവിശ്വാസികൾ നിർവഹിക്കേണ്ടതുള്ള കാര്യങ്ങൾ ആകമാനം പരിശോധിച്ചാൽ അവ ഒന്നുകിൽ ക്ഷമ, അല്ലെങ്കിൽ നന്ദി എന്നീ രണ്ടിലൊരു ഇനത്തിൽപെട്ടതായി കാണാം. അതായത്; വിഷയങ്ങളിലും നാശനഷ്ടങ്ങളിലും ക്ഷമയും സഹനവും പ്രകടമാക്കുക; സുഖസന്തോഷങ്ങളിലും നേട്ടങ്ങളിലും നന്ദിയും കൂറും പ്രകടമാക്കുക. ഇതാണവന്റെ കർമങ്ങളുടെ പശ്ചാത്തലം. സത്യവിശ്വാസമെന്നത് രണ്ടു പകുതിയാണ്: ഒരു പകുതി ക്ഷമയും, ഒരു പകുതി നന്ദിയും.'(الإيمان نصفان نصف صبر ونصف شكر) എന്ന് ചില ഹദീഥുകളിലും മറ്റും കാണുന്നതിന്റെ താൽപര്യം അതാകുന്നു. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ മനസ്സിരുത്തി ചിന്തിക്കുവാനുള്ള ക്ഷമയും, അതിൽ നിന്ന് ലഭിക്കുന്ന ജ്ഞാനലബ്ധ്യങ്ങളിൽ നന്ദിയും സത്യവിശ്വാസികളുടെ ലക്ഷണമായിരിക്കും. അവർക്കേ ദൃഷ്ടാന്തങ്ങൾ ഉപയോഗപ്രദമാകുകയുള്ളൂ

وَإِذَا غَشِيَهُم مَّوْجٌ كَٱلظُّلَلِ دَعَوُا۟ ٱللَّهَ مُخْلِصِينَ لَهُ ٱلدِّينَ

﴾32﴿ കുന്നുകൾപോലെയുള്ള (വമ്പിച്ച) തിരമാല അവരെ മൂടിക്കളഞ്ഞാൽ, അനുസരണം [അഥവാ കീഴ്വണക്കം] അല്ലാഹുവിനു മാത്രമാക്കി നിഷ്കളങ്കരായിക്കൊണ്ട് അവർ അവനെ വിളി(ച്ചു പ്രാർഥി) ക്കുന്നതാണ്.

فَلَمَّا نَجَّىٰهُمْ إِلَى ٱلْبَرِّ فَمِنْهُم مُّقْتَصِدٌ ۚ وَمَا يَجْحَدُ بِـَٔايَـٰتِنَآ إِلَّا كُلُّ خَتَّارٍ كَفُورٍ ﴿٣٢﴾

എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോഴോ, അപ്പോൾ അവരിൽ (ചിലർ) മിതത്വം സ്വീകരിച്ചവരുണ്ടായിരിക്കും. (ചിലർ നിഷേധികളും) നന്ദികെട്ട എല്ലാ അതിവഞ്ചകൻമാരുമല്ലാതെ (മറ്റാരും) നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.

﴾32﴿ وَإِذَا غَشِيَهُمْ അവരെ മൂടിയാൽ, ബാധിച്ചാൽ مَوْجٌ തിരമാല كَالظُّلَلِ കുന്നുകളെ (മലകളെ)പ്പോലുള്ള دَعَوُا اللهَ അവർ അല്ലാഹുവിനെ വിളിക്കും, പ്രാർത്ഥിക്കും مُخْلِصِينَ നിഷ്കളങ്കരാക്കിക്കൊണ്ട് لَهُ അവന് الدِّينَ അനുസരണം, കീഴ്വണക്കം (ഭക്തി) فَلَمَّا نَجَّاهُمْ എന്നാൽ അവൻ അവരെ രക്ഷപ്പെടുത്തുമ്പോഴോ إِلَى الْبَرِّ കരയിലേക്ക് فَمِنْهُمْ അപ്പോൾ അവരിലുണ്ടായിരിക്കും, അവരിൽ നിന്ന് (ചിലർ) مُقْتَصِدٌ മധ്യനിലക്കാർ, മിതത്വമുള്ളവൻ وَمَا يَجْحَدُ നിഷേധിക്കയില്ല بِآيَاتِنَا നമ്മുടെ ദൃഷ്ടാന്തങ്ങളെ, ലക്ഷ്യങ്ങളെ, إِلَّا كُلُّ خَتَّارٍ എല്ലാ അതിവഞ്ചകൻമാരുമല്ലാതെ كَفُورٍ നന്ദികെട്ട, കൃതഘ്നരായ

സമുദ്രയാത്രകൾക്കിടയിൽ കടൽക്ഷോഭമുണ്ടാകുകയും, കുന്നുകൾ കണക്കെ വമ്പിച്ച തിരമാലകളിലകപ്പെടുകയും ചെയ്യുന്ന ആപൽഘട്ടങ്ങൾ വരുമ്പോൾ മുശ്‌രിക്കുകൾ തങ്ങളുടെ ആരാധ്യവസ്തുക്കളായ എല്ലാ ദൈവങ്ങളെയും മറന്നുകളയുന്നു. അല്ലാഹുവിൽമാത്രം ഭയഭക്തി അർപ്പിച്ചുകൊണ്ട് നിഷ്കളങ്ക ഹൃദയത്തോടെ അവനെ മാത്രം വിളിച്ചു അവർ രക്ഷക്ക്‌വേണ്ടി പ്രാർത്ഥിക്കും. ആപത്തൊഴിഞ്ഞു കരയിൽ എത്തിക്കഴിഞ്ഞാൽ അവരിൽ ചുരുക്കം ചിലർ മാത്രം ഒരു വിധം മിതമായ നിലക്കാരുണ്ടായിരിക്കും. അഥവാ ശിർക്കിന്റെ പ്രവർത്തനങ്ങൾ പാടെ ഉപേക്ഷിക്കുന്നില്ലെങ്കിലും, അതോടുകൂടി അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും നന്ദിയും കുറച്ചൊക്കെ അവരിൽ അവശേഷിച്ചുകൊണ്ടിരിക്കും. മറ്റുള്ളവരാകട്ടെ, തങ്ങൾ ആപൽഘട്ടത്തിൽ അഭയം പ്രാപിക്കയും, തങ്ങളെ രക്ഷപ്പെടുത്തുകയും ചെയ്ത അല്ലാഹുവിനെക്കുറിച്ചു ബോധമോ, ഓർമയോ, നന്ദിയോ ഒന്നുംതന്നെ അവർക്കുണ്ടായിരിക്കയില്ല. ഒട്ടും നന്ദിയില്ലാത്ത തനി നിഷേധികളായ വഞ്ചകരത്രെ ഇവർ.

തൗഹീദിന്റെ ദൃഷ്ടാന്തങ്ങളിൽ പലതും വിവരിച്ചശേഷം, പരമകാരുണികനായ അല്ലാഹു മനുഷ്യരെ ആകമാനം സംബോധന ചെയ്തുകൊണ്ട് അടുത്ത വചനത്തിൽ ഇങ്ങിനെ ഉപദേശിക്കുന്നു:

يَـٰٓأَيُّهَا ٱلنَّاسُ ٱتَّقُوا۟ رَبَّكُمْ وَٱخْشَوْا۟ يَوْمًا لَّا يَجْزِى وَالِدٌ عَن وَلَدِهِۦ وَلَا مَوْلُودٌ هُوَ جَازٍ عَن وَالِدِهِۦ شَيْـًٔا ۚ إِنَّ وَعْدَ ٱللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ ٱلْحَيَوٰةُ ٱلدُّنْيَا وَلَا يَغُرَّنَّكُم بِٱللَّهِ ٱلْغَرُورُ ﴿٣٣﴾

﴾33﴿ ഹേ, മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ റബ്ബിനെ സൂക്ഷിക്കുവിൻ, ഒരു ദിവസത്തെ ഭയപ്പെടുകയും ചെയ്യുവിൻ; (അന്ന്) ഒരു ജനയിതാവും [മാതാവോ പിതാവോ] തന്റെ സന്താനത്തിന് (യാതൊന്നും) പ്രയോജനം ചെയ്യുന്നതല്ല, ഒരു സന്താനവും തന്നെ, തന്റെ ജനയിതാവിനും യാതൊരു പ്രയോജനവും ചെയ്യുന്നവനായിരിക്കയില്ല (അങ്ങിനെയുള്ള ഒരു ദിവസം). നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദത്തം യഥാർഥമാകുന്നു. ആകയാൽ, ഐഹിക ജീവിതം തീർച്ചയായും നിങ്ങളെ വഞ്ചിതരാക്കാതിരിക്കട്ടെ; അല്ലാഹുവിനെ സംബന്ധിച്ച് (ആ) മഹാവഞ്ചകനും [പിശാചും] നിങ്ങളെ വഞ്ചിക്കാതിരുന്നുകൊള്ളട്ടെ!

﴾33﴿ يَا أَيُّهَا النَّاسُ ഹേ മനുഷ്യരേ, اتَّقُوا നിങ്ങൾ സൂക്ഷിക്കുവിൻ, കാത്തുകൊള്ളുവിൻ رَبَّكُمْ നിങ്ങളുടെ റബ്ബിനെ وَاخْشَوْا നിങ്ങൾ ഭയപ്പെടുകയും ചെയ്യുവിൻ يَوْمًا ഒരു ദിവസത്തെ لَا يَجْزِي പ്രതിഫലം നൽകാത്ത, പര്യാപ്തമാക്കാത്ത (പ്രയോജനം ചെയ്യാത്ത) وَالِدٌ ഒരു ജനയിതാവും (മാതാവോ പിതാവോ) عَنْ وَلَدِهِ തന്റെ സന്താനത്തിന് (മക്കൾക്ക്) وَلَا مَوْلُودٌ ഒരു സന്താനവും (മക്കളും) ആയിരിക്കാത്ത, هُوَ അവൻ جَازٍ പ്രതിഫലം നൽകുന്നവൻ (പ്രയോജനം ചെയ്യുന്നവൻ) عَنْ وَالِدِهِ തന്റെ ജനയിതാവിന് شَيْئًا യാതൊന്നും ഒരു കാര്യവും إِنَّ وَعْدَ اللهِ നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദത്തം حَقٌّ യഥാർഥമാണ് فَلَا تَغُرَّنَّكُمُ ആകയാൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ الْحَيَاةُ الدُّنْيَا ഐഹികജീവിതം وَلَا يَغُرَّنَّكُمْ നിങ്ങളെ വഞ്ചിക്കാതെയുമിരിക്കട്ടെ بِاللهِ അല്ലാഹുവിനെ സംബന്ധിച്ച് الْغَرُورُ മഹാവഞ്ചകൻ

അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിച്ചുകൊണ്ട് അവനോട് ഭയഭക്തിയുള്ളവരായിരിക്കുക എന്നത്രെ അല്ലാഹുവിനെ സൂക്ഷിക്കുന്നത് കൊണ്ടുള്ള വിവക്ഷ. മാതാപിതാക്കൾ മക്കൾക്കോ, മക്കൾ മാതാപിതാക്കൾക്കോ യാതൊരു പ്രയോജനവും ചെയ്യാത്ത– അഥവാ എന്തെങ്കിലും ഗുണം ചെയ്യുവാനോ, ദോഷം തടുക്കുവാനോ സാധ്യമാകാത്ത–ദിവസം ക്വിയാമത്ത്നാളാണെന്ന് വ്യക്തമാകുന്നു. മനുഷ്യൻ തന്റെ സഹോദരനെയും തന്റെ മാതാവിനെയും, തന്റെ പിതാവിനെയും, തന്റെ ഇണ (ഭാര്യ)യെയും, തന്റെ മക്കളെയും– എല്ലാം തന്നെ –വിട്ട് ഓടിക്കളയുന്ന ദിവസമാണത്. കാരണം, അന്ന് ഓരോ മനുഷ്യനും അവന്ന് മതിയാവോളം (സ്വന്തം) കാര്യമുണ്ടായിരിക്കും.

(يوم يفر المرء من أخيه – إلى قوله: شأن يغنيه–عبس) ഓരോ മനുഷ്യനും അവനവൻ ചെയ്ത കർമ ത്തിന് പണയമായിരിക്കും. (كل امرئ بما كسب رهين – الطور) അന്നത്തെ അധികാരം മുഴു വനും അല്ലാഹുവിന്ന് മാത്രം. (والأمر يومئذ لله – الإنفطار) പ്രതിഫലത്തിന്റെയും വിചാരണ യുടെയും ദിവസമായ അന്നേക്കുവേണ്ടി സൽക്കർമങ്ങൾ ചെയ്‌വാനും പാപങ്ങളിൽ നിന്ന് പശ്ചാത്തപിക്കുവാനും ശ്രദ്ധിക്കുക എന്നത്രെ ഈ ദിവസത്തെ ഭയപ്പെടുക എന്ന് പറഞ്ഞതിന്റെ താൽപര്യം.

അല്ലാഹുവിനെ സൂക്ഷിക്കുന്നതിനും, ക്വിയാമത്ത് നാളിനെക്കുറിച്ച് ഭയപ്പാടുണ്ടാകുന്ന തിനും മനുഷ്യർക്ക് വിഘാതമായി നിൽക്കുന്നത് പ്രധാനമായും രണ്ട് കാരണങ്ങളാകുന്നു:

1. ഐഹിക ജീവിതസുഖങ്ങളിൽ ലയിച്ചുപോകുക: പാരത്രിക ജീവിതത്തിൽ വിശ്വ സിക്കാത്തവരുടെ ജീവിതലക്ഷ്യം ഭൗതികസുഖം മാത്രമായിരിക്കുമെന്ന് പറയേണ്ടതില്ല. എന്നാൽ, കേവലം പരലോകത്തെക്കുറിച്ച് വിശ്വസിക്കുന്നവരിൽപോലും ഭൗതിക ജീവിത ത്തിന് പ്രാധാന്യം നൽകി ഭാവി ജീവിതത്തിന് വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരാണ് മിക്ക മനുഷ്യരും. (بل تؤثرون الحيوة الدنيا –الأعلى)

2. പിശാചിന്റെ ദുരുപദേശങ്ങളും വാഗ്ദാനങ്ങളും: അല്ലാഹുവിൽ വിശ്വാസമില്ലാത്ത വരെ സംബന്ധിച്ചിടത്തോളം അവർ, പിശാചിന്റെ പ്രേരണകളും വാഗ്ദാനങ്ങളും മാത്രം ആധാരമാക്കിയാണ് ജീവിതം നയിക്കുകയെന്ന് സ്പഷ്ടമാണ്. എന്നാൽ അല്ലാഹുവിലും പരലോകത്തിലും പൊതുവിൽ വിശ്വാസമുള്ളതോടൊപ്പം തന്നെ പിശാചിന്റെ വലയിൽ മനു ഷ്യൻ കുടുങ്ങുന്നു. 'അല്ലാഹു പൊറുക്കുന്നവനാണ്, പരമകാരുണികനാണ്, സൽക്കർമങ്ങൾ ചെയ്‌വാനും, പാപങ്ങളിൽ നിന്ന് പിൻമടങ്ങുവാനും എനിയും കാലമുണ്ട്. എന്നിങ്ങനെ പലതും പിശാച് തോന്നിപ്പിച്ചുകൊണ്ടിരിക്കും. അതെ, പല വാഗ്ദാനങ്ങളും അവൻ ചെയ്യും; പലതും അവൻ വ്യാമോഹിപ്പിക്കുകയും ചെയ്യും. പക്ഷേ, എല്ലാം വഞ്ചനമാത്രമായിരിക്കും താനും. (يعدهم ويمنيهم وما يعدهم الشيطان الأغرورا– النسآء ١٢٠) ഇത് കാരണമായിട്ടാണ് ഐഹിക ജീവിതവും വഞ്ചകനായ പിശാചും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ എന്ന് അല്ലാഹു മനു ഷ്യരെ താക്കീത് ചെയ്യുന്നത്. പ്രസ്തുത രണ്ട് വഞ്ചനകളിലും അകപ്പെടാതെ അല്ലാഹു നമ്മെ കാത്തു രക്ഷിക്കട്ടെ. ആമീൻ.

إِنَّ ٱللَّهَ عِندَهُۥ عِلْمُ ٱلسَّاعَةِ وَيُنَزِّلُ ٱلْغَيْثَ وَيَعْلَمُ مَا فِى ٱلْأَرْحَامِ ۖ وَمَا تَدْرِى نَفْسٌ مَّاذَا تَكْسِبُ غَدًا ۖ وَمَا تَدْرِى نَفْسٌۢ بِأَىِّ أَرْضٍ تَمُوتُ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌۢ ﴿٣٤﴾

﴾34﴿ നിശ്ചയമായും അല്ലാഹുവിന്റെ പക്കലത്രെ അന്ത്യസമയത്തിന്റെ അറിവ്. അവൻ മഴ ഇറക്കുകയും ചെയ്യുന്നു; ഗർഭാശയങ്ങളിലുള്ളതിനെ അറിയുകയും ചെയ്യുന്നു.

നാളെ എന്താണ് താൻ പ്രവർത്തി ക്കുകയെന്നുള്ളത് ഒരാളും അറിയുന്ന തല്ല; ഏത് നാട്ടിൽവെച്ചാണ് താൻ മര ണമടയുകയെന്നും ഒരാളും അറിയു ന്നതല്ല. നിശ്ചയമായും അല്ലാഹു സർവ്വജ്ഞ നാണ്, സൂക്ഷ്മജ്ഞനാണ്.

﴾34﴿ إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു عِندَهُۥ അവന്റെ പക്കലാണ് عِلْمُ ٱلسَّاعَةِ അന്ത്യ സമയത്തിന്റെ അറിവ് وَيُنَزِّلُ അവൻ ഇറക്കുകയും ചെയ്യുന്നു ٱلْغَيْثَ മഴയെ وَيَعْلَمُ അവന റിയുകയും ചെയ്യുന്നു مَا فِى ٱلْأَرْحَامِ ഗർഭാശയങ്ങളിലുള്ളത് وَمَا تَدْرِى അറിയുന്നതല്ല نَفْسٌ ഒരാളും, ഒരു ആത്മാവും مَّاذَا تَكْسِبُ അതെന്ത് പ്രവർത്തിക്കുമെന്നത് غَدًا നാളെ وَمَا تَدْرِى അറിയുന്നതുമല്ല نَفْسٌۢ ഒരാളും بِأَىِّ أَرْضٍ ഏത് ഭൂമിയിലാണ് (നാട്ടിലാണ്) تَمُوتُ അത് മരിക്കുന്നത് (എന്നും) إِنَّ ٱللَّهَ നിശ്ചയമായും അല്ലാഹു عَلِيمٌ സർവ്വജ്ഞനാണ് خَبِيرٌۢ സൂക്ഷ്മജ്ഞ നാണ്.

അല്ലാഹുവല്ലാതെ മറ്റാരും അറിയാത്ത അഞ്ച് അദൃശ്യകാര്യങ്ങളാണ് ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്.

1) ലോകാവസാനഘട്ടം-അത് എപ്പോഴാണെന്നുള്ളത്.

2) മഴ വർഷിക്കൽ -അത് എപ്പോഴാണ്, എവിടെയൊക്കെയാണ്, എങ്ങിനെയൊക്കെയായിരിക്കും എന്നുള്ളത്.

3) ഗർഭത്തിലിരിക്കുന്ന ശിശു-അത് ആണോ പെണ്ണോ പൂർണശിശുവോ, അപൂർണ ശിശുവോ, വെളുത്തതോ, കറുത്തതോ, സൽസ്വഭാവിയോ, ദുഃസ്വഭാവിയോ, ദീർഘായുസ്സുള്ളതോ, ഇല്ലാത്തതോ എന്നിത്യാദിയുള്ളത്.

4) ഒരാൾ നാളെ എന്തൊക്കെ ചെയ്യുമെന്നത്- അഥവാ നാളത്തെ സംഭവങ്ങൾ.

5) ഒരാൾ എവിടെവെച്ച് മരിക്കും- അഥവാ അത് എപ്പോഴാണ്, എങ്ങിനെയാണ് എന്നൊക്കെ. ഈ അഞ്ചിനുപുറമെ വേറെയും എത്രയോ അദൃശ്യകാര്യങ്ങൾ-അല്ലാഹുവിനല്ലാതെ അറിയാവതല്ലാത്ത കാര്യങ്ങൾ-നിലവിലുണ്ട്. കേവലം ചില ഉദാഹരണങ്ങൾ മാത്രമായ ഈ അഞ്ചെണ്ണം ഇവിടെ ഒന്നിച്ചു പ്രസ്താവിച്ചുകാണുവാൻ കാരണം ഈ വചനം അവതരിപ്പിച്ചത് താഴെപറയുന്ന സന്ദർഭത്തിലായത് കൊണ്ടായിരിക്കും. الله أعلم

വാരിഥുബ്നു അംറ് (وارث بن عمرو) എന്ന് പേരായ ഒരാൾ നബി ﷺ യോട് ചോദിക്കുകയുണ്ടായി: ‘മുഹമ്മദേ, എപ്പോഴാണ് അന്ത്യസമയം ഉണ്ടാവുക? ഞങ്ങളുടെ നാട് (മഴ കിട്ടാതെ) വരൾച്ച പ്രാപിച്ചിരിക്കുകയാണ്. എപ്പോഴാണ് (മഴ പെയ്തു) ക്ഷേമമുണ്ടായിത്തീരുക? ഞാൻ പോരുമ്പോൾ എന്റെ ഭാര്യക്ക് ഗർഭമുണ്ട്. അവൾ എന്ത് കുട്ടിയെയാണ് പ്രസവിക്കുക? ഞാൻ ഇന്ന് പ്രവർത്തിച്ചത് എനിക്കറിയാം. എന്നാൽ നാളെ ഞാൻ എന്തൊക്കെ പ്രവർത്തിക്കും? ഞാൻ ജനിച്ചത് ഏത് നാട്ടിലാണെന്ന് എനിക്കറിയാം. എന്നാൽ ഞാൻ ഏത് നാട്ടിലാണ് മരണമടയുക? ഇതിനെത്തുടർന്നാണ് ഈ ആയത്ത് അവതരിപ്പിച്ചതെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. (*) ‘അദൃശ്യജ്ഞാനത്തിന്റെ താക്കോലുകൾ’- അഥവാ ഖജനാക്കൾ- (مفاتيح الغيب) എന്ന് പ്രസ്താവിച്ചുകൊണ്ട് ഒരിക്കൽ നബി ﷺ ഈ വചനം ഓതുകയുണ്ടായെന്ന് ഇബ്നുഉമർ നിവേദനം ചെയ്തിരിക്കുന്നു. (ബു; മു.)

നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്കും, ബുദ്ധിക്കും തികച്ചും അതീതമായ കാര്യങ്ങൾക്കാണ് അദൃശ്യജ്ഞാനം(الغيب) എന്ന് പറയപ്പെടുന്നത്. സാധാരണ പതിവനുസരിച്ചോ, ലക്ഷണങ്ങൾ

(*) رواه المنذرى وذكر البغوى وغيره ونحوه

മുഖേനയോ ലഭിക്കുന്ന അനുമാനങ്ങൾ–അവ യഥാർഥമായി പുലർന്നാലും– അദൃശ്യജ്ഞാനമല്ല. അതുപോലെതന്നെ പഞ്ചേന്ദ്രിയങ്ങളുടെ ഗ്രഹണശക്തിയെ ഏതെങ്കിലും തരത്തിൽ സഹായിക്കുന്ന യന്ത്രങ്ങൾ മുതലായ ഉപകരണങ്ങൾ വഴി സിദ്ധിക്കുന്ന അറിവുകളും അതിൽ ഉൾപ്പെടുന്നതല്ല. ഉദാഹരണമായി കാറ്റ്, മേഘം, താപം, ഊർജം ആദിയായവ പരിശോധിച്ചു ഇന്നിന്ന സ്ഥലങ്ങളിൽ ഇന്ന സമയം മഴ പെയ്തേക്കുമെന്ന് കാലാവസ്ഥാ നിരീക്ഷകൻമാർ അഭിപ്രായപ്പെടുന്നു. വൈദ്യശാസ്ത്രം, ആരോഗ്യശാസ്ത്രം, ശരീരശാസ്ത്രം മുതലായവയിൽ വൈദഗ്ധ്യവും, പരിചയവും സിദ്ധിച്ചവർ ഗർഭത്തിലിരിക്കുന്ന കുട്ടിയെയും, രോഗിയുടെ മരണത്തെയും കുറിച്ച് ചില അഭിപ്രായങ്ങളും അനുമാനങ്ങളും പുറപ്പെടുവിക്കുന്നു. ഇതെല്ലാം പലപ്പോഴും തെറ്റായും, പലപ്പോഴും ശരിയായുമിരിക്കും. പക്ഷേ അൽപ സ്വൽപ വ്യത്യാസത്തോടുകൂടിയല്ലാതെ തികച്ചും സൂക്ഷ്മമായും കൃത്യമായും സംഭവിക്കുക കേവലം വിരളമാണ്.

ഇതുപോലെതന്നെ, ചില ജ്യോൽസ്യൻമാരും, ചില ശാസ്ത്രജ്ഞൻമാരും– ചിലതത്വങ്ങളെ അടിസ്ഥാനമാക്കി– ഈ ലോകഘടന താറുമാറായിപ്പോകുന്ന ഒരു മഹാപ്രളയത്തെക്കുറിച്ച് ചില സന്ദർഭങ്ങളിൽ പ്രവചിക്കുന്നത് കാണാം. കാലനിർണയം ചെയ്തുകൊണ്ടുള്ള അത്തരം പ്രവചനങ്ങൾക്കൊന്നും തനി അനുമാനമെന്നതിൽ കവിഞ്ഞു യാതൊരു സ്ഥാനവും ഇല്ലതന്നെ. ചിലതെല്ലാം തെറ്റാണെന്ന് ഇതിനകം ലോകം കണ്ടുകഴിഞ്ഞു. ബാക്കിയുള്ളവയും അങ്ങിനെ തെറ്റായി പുലരുകയും ചെയ്യും. നാളെ ഞാൻ ഇന്ന കാര്യം ചെയ്യുമെന്ന് പരിപാടിയിടലും, അഭിമാനിക്കലും സാധാരണ മനുഷ്യന്റെ പതിവാണ്. പലപ്പോഴും അതിനു നേരെ വിപരീതമായ കാര്യങ്ങൾ സംഭവിക്കുന്നു. മാത്രമല്ല, പരിപാടി പ്രകാരം സംഭവം നടന്നാൽ തന്നെയും സംഭവത്തിന്റെ നാനാവശങ്ങളെയും പരിശോധിക്കുമ്പോൾ അതിൽ പല ഏറ്റപ്പറ്റുകളും വന്നിട്ടുണ്ടായിരിക്കുകയും ചെയ്യും. അതിരിക്കട്ടെ, വരാനിരിക്കുന്ന ഏതെങ്കിലും ഒരു ദിവസത്തിന്റെ ആദ്യംതൊട്ട് അവസാനം വരെയുള്ള സമയങ്ങളിൽ–വേണ്ടാ, നാഴികയിലും വിനാഴികയിലും– എന്തൊക്കെയാണ്, എങ്ങിനെയൊക്കെയാണ് തന്നിൽ സംഭവിക്കുകയെന്ന് ആർക്കെങ്കിലും മുൻകൂട്ടി കണക്കാക്കുവാൻ സാധിക്കുമോ? ഒരിക്കലുമില്ല. ചുരുക്കത്തിൽ മേൽ പ്രസ്താവിച്ച അഞ്ചു കാര്യങ്ങളെക്കുറിച്ചു പരിപൂർണവും സൂക്ഷ്മവുമായ അറിവ് അല്ലാഹുവിനല്ലതെ മറ്റാർക്കും ഇല്ലതന്നെ. നിശ്ചയമായും അവൻ സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. (إن الله عليم خبير)

പഞ്ചേന്ദ്രിയങ്ങൾ വഴി മനുഷ്യന് നേരിൽ കണ്ടെത്താവുന്ന ബാഹ്യമായ കാര്യങ്ങൾക്കപ്പുറം വല്ലതും അവന് അറിയുവാൻ കഴിയുന്നത് കാര്യകാരണ ബന്ധത്തിന്റെ അടിസ്ഥാനത്തിലാണല്ലോ. എന്നാൽ ഒരേ കാര്യത്തിന്തന്നെ നിരവധി കാരണങ്ങൾ സമ്മേളിക്കേണ്ടതുണ്ടായിരിക്കും. അവയെ പരിപൂർണമായും സൂക്ഷ്മമായും മനസ്സിലാക്കുവാൻ പ്രയാസവുമായിരിക്കും. ബാഹ്യമായ സാധാരണ കാരണങ്ങൾക്ക് നിദാനമായി മറ്റു ചില കാര്യകാരണങ്ങളുമുണ്ടാകാം. നിത്യസംഭവങ്ങളായ ചെറുതരം കാര്യങ്ങളിൽപ്പോലും അവയുടെ പൂർണപട്ടിക തയ്യാറാക്കുവാൻ മനുഷ്യന് കഴിവില്ല. അതുകൊണ്ടാണ് വമ്പിച്ച പരിശ്രമങ്ങളും, അനേകം നിരീക്ഷണ പരീക്ഷണങ്ങളും നടത്തിയതിന്റെ വെളിച്ചത്തിൽ മനുഷ്യൻ ചെയ്യുന്ന ആസൂത്രണങ്ങൾ പലപ്പോഴും ആശ്ചര്യമാംവണ്ണം പിഴച്ചു പരാജയപ്പെട്ടുപോകുന്നതും. ഇപ്പറഞ്ഞതെല്ലാം ഈ ഭൗതികലോകത്തെ നിത്യയാഥാർഥ്യങ്ങളാണ്. എന്നിരിക്കെ, ആത്മീയലോകത്തെയും, പരലോകത്തെയും കാര്യങ്ങളെക്കുറിച്ചു–അല്ലാഹു അറിയിച്ചു തന്ന

ാലല്ലാതെ- മനുഷ്യന് എന്താണ് അറിയുവാൻ കഴിയുക?! وما أوتيتم من العلم إلا قليلا (നിങ്ങൾക്ക് അറിവിൽ നിന്നും അൽപം അല്ലാതെ നൽകപ്പെട്ടിട്ടില്ല- (17:85)

'ഒരാളുടെ മരണം ഇന്ന നാട്ടിൽവെച്ചായിരിക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചാൽ അവന് അങ്ങോട്ട് പോകേണ്ടുന്ന ഒരാവശ്യം അല്ലാഹു ഉണ്ടാക്കുന്നു' എന്ന് നബി ﷺ ഒരു ഹദീഥിൽ അരുളിച്ചെയ്തിരിക്കുന്നു. (തി; ത്വ) 'എന്റെ അറിവും, താങ്കളുടെ അറിവും, സൃഷ്ടികളുടെ എല്ലാംകൂടിയുള്ള അറിവും ചേർന്നാലും, അല്ലാഹുവിന്റെ അറിവിനെ അപേക്ഷിച്ചു ഈ കുരുവിയുടെ കൊക്ക് സമുദ്രത്തിൽ വരുത്തിയ കുറവ് പോലെയല്ലാതെ അതിൽ കവിഞ്ഞൊന്നും അതിൽ കുറവ് വരുത്തുകയില്ല. എന്ന് ഖിള്ർ (അ) മൂസാനബി(അ)യോട് പറഞ്ഞതായി ബുഖാരിയും, മുസ്‌ലിമും (റ) മറ്റും ഉദ്ധരിച്ച ദീർഘമായ ഒരു ഹദീഥിൽ കാണാം. അല്ലാഹു പറയുന്നു: (പറയുക: അല്ലാഹുവല്ലാതെ-ആകാശ ഭൂമികളിലുള്ളവർ- അദൃശ്യകാര്യത്തെ അറിയുകയില്ല. (قل لا يعلم من في السموات والأرض الغيب الا الله – النمل ٦٥)

الله اعلم وإليه المرجع والمآب وله الفضل والمنة